SUPREME AUDIT INSTITUTION OF INDIA

लोकहितार्थ सत्यनिष्ठा

Dedicated to Truth in Public Interest

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്

# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**കേരളസർക്കാർ**

2026ലെ റിപ്പോർട്ട് നമ്പർ 4

# ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ
# 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ റിപ്പോർട്ട്
# തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

**കേരളസർക്കാർ**

**2026ലെ റിപ്പോർട്ട് നമ്പർ 4**

## ഉള്ളടക്കം


| വിവരണം | അനുബന്ധം | |
|---|---|---|
| | ഖണ്ഡിക | പേജ് |
| ആമുഖം | - | iii |
| ഉപരിവീക്ഷണം | - | v |
| **അദ്ധ്യായം I** | | |
| സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം | | 1 |
| **ഭാഗം I – പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ** | | |
| **അദ്ധ്യായം II** | | |
| പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം | | 7 |
| **അദ്ധ്യായം III – പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്** | | |
| പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം | 3.1 | 21 |
| പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കീഴിലെ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും | 3.2 | 34 |
| **ഭാഗം II – നഗര തദ്ദേശ സ്ഥാപനങ്ങൾ** | | |
| **അദ്ധ്യായം IV** | | |
| നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം | | 47 |
| **അദ്ധ്യായം V – വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്** | | |
| നഗര തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കൽ | | 61 |
| **അദ്ധ്യായം VI – നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ** | | |
| രണ്ട് നഗര തദ്ദേശ സ്ഥാപനങ്ങളിൽ വസ്തുനികുതി നിർണ്ണയിക്കാത്തതു മൂലം ഉണ്ടായ വരുമാന നഷ്ടം/വരുമാനം ലഭ്യമാകാതിരിക്കൽ | 6.1 | 91 |
| ജിഎസ്ടി ഇനത്തിൽ കരാറുകാരന് ₹27.72 ലക്ഷം നൽകിയതു മൂലമുണ്ടായ ഒഴിവാക്കാമായിരുന്ന ചെലവ് | 6.2 | 94 |
| കണ്ടിൻജന്റ് സ്റ്റാഫ് ക്വാർട്ടേഴ്സിലെ അനധികൃത താമസവും അനുവദനീയമല്ലാതെ വീട്ടുവാടക അലവൻസ് ആയി ക്വാർട്ടേഴ്സിൽ താമസിച്ച കണ്ടിൻജന്റ് ജീവനക്കാർക്ക് ₹1.44 കോടി നൽകിയതും | 6.3 | 95 |
| തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ അംഗീകാരമില്ലാത്ത സ്ഥാപനം വഴി പ്ലാൻ പ്രോജക്ടുകൾ നടപ്പിലാക്കിയത് | 6.4 | 97 |
| തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ കുടിവെള്ള പദ്ധതിയിൽ ₹71.41 ലക്ഷത്തിന്റെ നിഷ്ഫലമായ ചെലവ് | 6.5 | 103 |
| **അദ്ധ്യായം VII – നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്** | | |
| നഗര തദ്ദേശ സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം | | 107 |

## അനുബന്ധങ്ങൾ



| അനുബന്ധം നമ്പർ | വിവരണം | പേജ് |
|---|---|---|
| 1.1 | പതിനൊന്നാമത്തെ പട്ടിക (അനുഛേദം 243ജി) | 119 |
| 1.2 | പന്ത്രണ്ടാമത്തെ പട്ടിക (അനുഛേദം 243ഡബ്ല്യു) | 120 |
| 2.1 | പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പരിശോധന റിപ്പോർട്ടുകളുടേയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ | 121 |
| 3.1 | പ്രവർത്തനാധിഷ്ഠിത ഓഡിറ്റിനായി തിരഞ്ഞെടുത്ത പിആർഐകളുടെ പട്ടിക | 122 |
| 4.1 | നഗര തദ്ദേശ സ്ഥാപനങ്ങളുടെ പരിശോധനാ റിപ്പോർട്ടുകളുടേയും ഖണ്ഡികകളുടെയും കുടിശ്ശികയുടെ വിശദാംശങ്ങൾ | 123 |
| 5.1 | വിശദമായ ഓഡിറ്റിനായി തിരഞ്ഞെടുത്ത നഗര തദ്ദേശ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക | 124 |
| 5.2 | ഫ്ലോർ ഏരിയ വർദ്ധിച്ചതിനാൽ അധിക എഫ്എസ്ഐയിൽ ഉണ്ടായ അധിക ഫീസ് കുറച്ച് പിരിച്ചത് | 125 |
| 5.3 | സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയ കെഎംബിആർ ലംഘനങ്ങൾ | 127 |
| 5.4 | അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പത്രിക | 138 |
| 5.5 | അനധികൃത കൂട്ടിച്ചേർക്കൽ/മാറ്റം വരുത്തലിന്റെ വിശദാംശങ്ങൾ കാണിക്കുന്ന പത്രിക | 139 |
| 5.6 | ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കാതെ കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ | 140 |
| 6.1 | ഐഡി കാർഡ് പ്രോജക്ടിനായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ നിന്ന് എച്ച്ആർഐഡിസി ഈടാക്കുന്ന നിരക്കുകളുടെ വിശദാംശങ്ങൾ | 142 |

# ആമുഖം

*ഭരണഘടനയുടെ 151(2)-ാം അനുച്ഛേദപ്രകാരം നിയമസഭയുടെ മുൻപാകെ വയ്ക്കുന്നതിനായി കേരളസംസ്ഥാന ഗവർണർക്ക് സമർപ്പിക്കാൻ വേണ്ടിയാണ് 2024 മാർച്ചിൽ അവസാനിച്ച കാലയളവിലെ ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.*

*സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലും നഗര തദ്ദേശ സ്ഥാപനങ്ങളിലും നടത്തിയ ഓഡിറ്റിന്റെ പ്രധാനപ്പെട്ട ഫലങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.*

*2023-24 കാലയളവിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ടവയും മുൻ വർഷങ്ങളിൽ ശ്രദ്ധയിൽപ്പെട്ടതും എന്നാൽ മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടുത്താൻ സാധിക്കാതെ പോയതുമായ വിഷയങ്ങളും ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

*ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് ഓഡിറ്റ് നടത്തിയിട്ടുള്ളത്.*

*റിപ്പോർട്ടിന്റെ മലയാളം പരിഭാഷയിൽ ആശയ വൈരുദ്ധ്യം തോന്നുന്നപക്ഷം ഇംഗ്ലീഷിലുള്ള അസ്സൽ റിപ്പോർട്ടിനെ ആധികാരികമായി കരുതേണ്ടതാണ്.*

# ഉപരിവീക്ഷണം

## ഉപരിവീക്ഷണം

ഈ റിപ്പോർട്ടിൽ ഏഴ് അദ്ധ്യായങ്ങൾ ഉൾപ്പെടുന്നു. അതിൽ ഒന്നാം അദ്ധ്യായത്തിൽ സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള ഒരു ആമുഖം അടങ്ങിയിരിക്കുന്നു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെയും (പിആർഐ) നഗര തദ്ദേശ സ്ഥാപനങ്ങളുടെയും (യുഎൽബി) അവലോകനം യഥാക്രമം IIഉം IVഉം അധ്യായങ്ങളിൽ ഉൾക്കൊള്ളുന്നു. അദ്ധ്യായങ്ങൾ III-ലും VII-ലും യഥാക്രമം പിആർഐകളുടെയും യുഎൽബികളുടെയും പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് കണ്ടെത്തലുകൾ ഉൾക്കൊള്ളുന്നു. അദ്ധ്യായങ്ങൾ V-ലും VI-ലും യുഎൽബികളുടെ ഒരു വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റും അഞ്ച് അനുവർത്തന ഓഡിറ്റ് ഖണ്ഡികകളും ഉൾക്കൊള്ളുന്നു. കരട് ഓഡിറ്റ് ഖണ്ഡികകളുടെ പകർപ്പുകൾ സർക്കാരിന് അയക്കുകയും ലഭിച്ച മറുപടികളെല്ലാം ഈ റിപ്പോർട്ടിൽ യഥാവിധി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള ആമുഖവും അവലോകനവും

ഉത്പാദന മേഖലക്കായി 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ ചെലവഴിച്ച തുക 10.28 ശതമാനം മുതൽ 12.67 ശതമാനം വരെയും നഗര തദ്ദേശ സ്ഥാപനങ്ങൾ ചെലവഴിച്ച തുക 4.61 ശതമാനം മുതൽ 8.04 ശതമാനം വരെയുമാണ്. ഉത്പാദന മേഖലകളായ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായം തുടങ്ങിയവയ്ക്ക് കുറഞ്ഞ മുൻഗണനയാണ് പിആർഐകളും യുഎൽബികളും നല്കിയിട്ടുള്ളതെന്നാണ് ഇത് സൂചിപ്പിക്കുന്നത്. കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി പദ്ധതികൾ നടപ്പാക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വയംഭരണ അധികാരത്തെ ദുർബലപ്പെടുത്തുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് അനുവദിച്ച ₹9135.94 കോടിയിൽ ₹3367.92 കോടിയും (36.86 ശതമാനം) നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ച ₹2318.95 കോടിയിൽ ₹495.83 കോടിയും (21.38 ശതമാനം) 2023-24 സാമ്പത്തിക വർഷത്തിൽ കാലഹരണപ്പെട്ടു. പിആർഐകളിൽ മെയിന്റനൻസ് ഫണ്ട് (റോഡ്)-ന്റെ 71.07 ശതമാനവും മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ന്റെ 49.76 ശതമാനവും യുഎൽബികളിൽ മെയിന്റനൻസ് ഫണ്ട് (റോഡ്)-ന്റെ 67.68 ശതമാനവും, മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ന്റെ 56.42 ശതമാനവും ഉപയോഗിക്കപ്പെടാതെ കിടന്നതായും കാലഹരണപ്പെട്ടതായും ഓഡിറ്റ് നിരീക്ഷിച്ചു. 2023-24 കാലയളവിൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പൊതു ആവശ്യ ഫണ്ട് എന്നിവയുടെ വിതരണത്തിൽ യഥാക്രമം 117ഉം, 114ഉം, 89ഉം ദിവസത്തിന്റെ കാലതാമസം ഉണ്ടായിരുന്നു.

***(അദ്ധ്യായങ്ങൾ I, II, IV)***

### പിആർഐകളുടെയും യുഎൽബികളുടെയും പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്

'കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം' എന്ന പ്രവർത്തനാധിഷ്ഠിത ഓഡിറ്റിൽ തിരഞ്ഞെടുത്ത പിആർഐകളും യുഎൽബികളും കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും തുടങ്ങുകയോ നിർദ്ദേശിക്കുകയോ ചെയ്തിട്ടില്ലെന്ന് വെളിപ്പെട്ടു. ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയിലെയും ചക്കുപള്ളം, അയ്യപ്പൻകോവിൽ ജിപികളിലെയും കശാപ്പുശാലകൾ ജിപികൾ/എഫ്എസ്എസ്എഐ/കെഎസ്പിസിബി എന്നിവയുടെ നിയമപരമായ ലൈസൻസോ അനുമതിയോ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്. കൂടാതെ സംസ്ഥാനം/സിപിസിബി നിശ്ചയിച്ചിട്ടുള്ള നിയമപരമായ സൗകര്യങ്ങളും ഇല്ലായിരുന്നു. ചട്ട വ്യവസ്ഥകൾ ലംഘിച്ച് ഈ കശാപ്പുശാലകളിൽ തറയിലിട്ട് അശാസ്ത്രീയമായി കശാപ്പ് നടത്തിയിരുന്നു. ചെക്ക് പോസ്റ്റിൽ കന്നുകാലികളുടെ ആരോഗ്യനില ഉറപ്പാക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമായിരുന്നു. പ്രസക്തമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിൽ നിർദ്ദേശിച്ചിട്ടുള്ള നിയമപരമായ വെറ്ററിനറി പരിശോധനകൾ കശാപ്പുശാലയിൽ നടത്തിയിരുന്നില്ല. മാലിന്യ സംസ്കരണ സൗകര്യങ്ങൾ പോലുള്ള

അവശ്യ അടിസ്ഥാന സൗകര്യങ്ങളും ഇല്ലായിരുന്നു. കൂടാതെ, തിരഞ്ഞെടുത്ത 19 പിആർഐകളിലായി 61 അനധികൃത ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നതായി കണ്ടിരുന്നു. ജിപികൾ/ഫുഡ് സേഫ്റ്റി ഓഫീസർമാർ/കെഎസ്‌പിസിബി തുടങ്ങിയവർ അറവുശാലകളുടെ/മാംസ വിൽപന കേന്ദ്രങ്ങളുടെ പതിവ് പരിശോധനകൾ നടത്തിയിരുന്നില്ല. അതിന്റെ ഫലമായി വിൽക്കുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടാതെയും നിയന്ത്രണമില്ലാതെയും തുടർന്നു. നാല് യുഎൽബികളിലായി പ്രവർത്തിക്കുന്ന 24 അനധികൃത ഇറച്ചിക്കടകൾ അടച്ചുപൂട്ടാൻ ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചില്ല. പിആർഐ/യുഎൽബി-കളിൽ ഒന്നിലും പന്നികൾക്കായി പ്രത്യേക അറവുശാല ഉണ്ടായിരുന്നില്ല. പന്നി ഫാമുകളിൽ നിന്നും പന്നിയിറച്ചി ലഭ്യമാക്കിയിരുന്നതിനാൽ പന്നിയിറച്ചിയുടെ ഭക്ഷ്യയോഗ്യത പരിശോധിക്കപ്പെട്ടിരുന്നില്ല.

'പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതുശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും' എന്ന പ്രവർത്തനാധിഷ്ഠിത ഓഡിറ്റിൽ ഗണ്യമായ തുക അനുവദിച്ചിട്ടും അപര്യാപ്തമായ ആസൂത്രണം, തെറ്റായ സ്ഥലം തിരഞ്ഞെടുക്കൽ, വൈദ്യുതിയും വെള്ളവും പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, കൃത്യമായ പരിപാലന സംവിധാനങ്ങളുടെ അഭാവം എന്നിവ കാരണം പല പദ്ധതികളും പൂർത്തിയാകാതെയും പ്രവർത്തനരഹിതമായും തുടരുകയാണ് എന്ന് വെളിപ്പെട്ടു. തിരക്കേറിയ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന ശുചിമുറികളിൽ പോലും, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അപര്യാപ്തമായ പരിപാലനത്തെത്തുടർന്നുണ്ടായ അനാരോഗ്യകരമായ സാഹചര്യവും നിലനില്ക്കുന്നതായി ഓഡിറ്റിൽ വെളിപ്പെട്ടു. ഫലപ്രദമല്ലാത്ത ആസൂത്രണം, പദ്ധതി നടപ്പിലാക്കുന്നതിലെ വ്യവസ്ഥാപരമായ പോരായ്മകൾ, വിഭവങ്ങളുടെ അപൂർണ്ണമായ വിനിയോഗം എന്നിവയാണ് ഈ വീഴ്ചകൾ പ്രതിഫലിപ്പിക്കുന്നത്. ഇത് ആത്യന്തികമായി പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നു.

**ശിപാർശകൾ**

- ***പിആർഐകളിലെ/യുഎൽബികളിലെ ദൈനംദിന മാംസ ആവശ്യകതയ്ക്ക് അനുസൃതമായി, പ്രതിദിനം പത്തിൽ താഴെ മൃഗങ്ങളെ കൈകാര്യം ചെയ്യാൻ കഴിയുന്ന മൈക്രോ കശാപ്പുശാലകൾ സ്ഥാപിക്കുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

- ***അനധികൃത കശാപ്പുശാലകൾക്കും മാംസ വിൽപന കേന്ദ്രങ്ങൾക്കുമെതിരെ ശിക്ഷാ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിശ്ചയിക്കേണ്ടതാണ്.***

- ***കന്നുകാലികളുടെ ആരോഗ്യവും മാംസത്തിന്റെ ഗുണനിലവാരവും സാക്ഷ്യപ്പെടുത്തുന്നതിന് കശാപ്പുശാലകളിൽ വെറ്ററിനറി സർജന്റെ സേവനം ഉറപ്പാക്കേണ്ടതാണ്.***

- ***സുരക്ഷാ, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പാക്കുന്നതിന് വകുപ്പുതല നിരീക്ഷണം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനു പുറമെ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധനകളും നടത്തുന്നത് പരിഗണിക്കേണ്ടതാണ്.***

- ***ശൗചാലയങ്ങൾ നിർമ്മിക്കാൻ ആസൂത്രണം ചെയ്യുമ്പോൾ, ഉപയോക്താക്കൾ എത്തുന്ന മേഖലകൾ, ഉപയോഗ രീതികൾ, ചെലവ്, വരുമാന സാധ്യത എന്നിവ മനസ്സിലാക്കുന്നതിനായി ആവശ്യകത വിലയിരുത്തൽ സർവേകൾ നടത്താൻ സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.***

- ***പൊതുശൗചാലയങ്ങളുടെയും അവയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും കൃത്യമായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കാൻ ഒരു സംവിധാനം ഏർപ്പെടുത്താൻ സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.***

- ***എല്ലാ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളിലും, പ്രത്യേകിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ, ഭിന്നശേഷിക്കാർക്കായുള്ള ശൗചാലയ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

- ***വൃത്തിഹീനമായതോ പ്രവർത്തനരഹിതമായതോ ആയ ടോയ്‌ലറ്റുകളെക്കുറിച്ച് പരാതിപ്പെടാനും അവയുടെ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാനുമായി പൊതുജനങ്ങൾക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം അല്ലെങ്കിൽ മൊബൈൽ ആപ്പ് അവതരിപ്പിക്കുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

***(അദ്ധ്യായങ്ങൾ III, VII)***

**നഗര തദ്ദേശ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പിലാക്കുന്നതിനെക്കുറിച്ചുള്ള വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്**

കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിൽ പൊതുവെ 44 മുതൽ 474 ദിവസം വരെ താമസമുണ്ടായിരുന്നു. മൂന്ന് യുഎൽബികളിൽ എഫ്എസ്ഐക്കു മേൽ അധിക ഫീസ് വസൂലാക്കുന്നതിൽ ₹54.37 ലക്ഷം കുറവുണ്ടായതായി ഓഡിറ്റിൽ കണ്ടു. തിരഞ്ഞെടുത്ത യുഎൽബികളിൽ അനധികൃത നിർമ്മാണങ്ങളിൽ നടപടിയെടുക്കുന്നതിന് ക്രമാതീതമായ താമസം ഉണ്ടായതായി ഓഡിറ്റിൽ ശ്രദ്ധിക്കപ്പെട്ടു. കൊച്ചി കോർപ്പറേഷനും ആലുവ, വർക്കല, മുക്കം മുനിസിപ്പാലിറ്റികൾക്കും കെഎംബിആർ, 2019ന്റെ ലംഘനം 28 കെട്ടിടങ്ങളിൽ ഉണ്ടായതായി അറിവ് ഉണ്ടായിട്ടും ഈ കെട്ടിടങ്ങൾ ഒരു കെട്ടിടനിർമ്മാണ അനുമതിയോ ഒക്യുപൻസി സർട്ടിഫിക്കറ്റോ ഇല്ലാതെ പ്രവർത്തിച്ചു വരികയായിരുന്നിട്ടും സെക്രട്ടറിമാർ കെഎം നിയമം, 1994ലെ സെക്ഷൻ 406 ഉം, കെഎംബിആർ, 2019ലെ ചട്ടം 96ഉം പ്രയോഗിച്ച് പ്രസ്തുത കെട്ടിടങ്ങൾ ക്രമവൽക്കരിക്കുകയോ ഇടിച്ചു കളയുകയോ ചെയ്തില്ല. ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള എൻഒസി ഉറപ്പാക്കാതെ മൂന്ന് യുഎൽബികൾ 10 നിർമ്മാണങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ്/നിർമ്മാണ അനുമതി നൽകി. നാല് യുഎൽബികളിൽ 10 അനധികൃത നിർമ്മാണങ്ങളും തിരഞ്ഞെടുത്ത യുഎൽബികളിൽ 193 അനധികൃത കൂട്ടിച്ചേർക്കലും മാറ്റം വരുത്തലുകളും സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയത് ചൂണ്ടിക്കാണിക്കുന്നത് യുഎൽബികളിലെ മേൽനിരീക്ഷണ സംവിധാനത്തിലെ ന്യൂനതകളാണ്. തിരഞ്ഞെടുത്ത യുഎൽബികളിൽ 1,058 മൊബൈൽ ടവറുകൾ അനധികൃതമായി നിലനിൽക്കുകയും ഈ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള ഫീസായി കുറഞ്ഞത് ₹2.12 കോടിയുടെ വരുമാന നഷ്ടം സംഭവിക്കുകയുമുണ്ടായി. ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചതിനു ശേഷം കെഎംബിആർ വകുപ്പുകൾ ലംഘിച്ച് വിനിയോഗത്തിൽ അനധികൃതമാറ്റങ്ങൾ വരുത്തുകയും ഇത് വിനോദ സ്ഥലം, ലിഫ്റ്റ് സൗകര്യം, സെറ്റ്ബാക്ക് മുതലായവയുടെ അപര്യാപ്തതയ്ക്ക് ഇടയാക്കുകയും ചെയ്തതായി ഓഡിറ്റിൽ കണ്ടു. പാർക്കിംഗ് സ്ഥലം പരിവർത്തനപ്പെടുത്തുകയും അനധികൃത കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്തതുമൂലം 123 കെട്ടിടങ്ങളിൽ 1,210 കാർപാർക്കിംഗ് സ്ഥലത്തിന്റെ കുറവു വന്നതായി ഓഡിറ്റിൽ കണ്ടെത്തി. ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റിന്റെ അഭാവത്തിൽ, ഈ ലംഘനങ്ങൾ യുഎൽബികൾക്ക് കണ്ടുപിടിക്കാൻ കഴിയാതെ തുടർന്നു.

**ശിപാർശകൾ**

- ***കെഎംബിആറിൽ നിർദ്ദേശിച്ചിരിക്കുന്ന നിർബന്ധിത വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ യുഎൽബികൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.***

- ***അനധികൃത നിർമ്മാണങ്ങളും അംഗീകരിച്ച വിനിയോഗത്തിൽ നിന്നുള്ള വ്യതിയാനങ്ങളും ഫലപ്രദമായി കണ്ടുപിടിക്കുന്നതിനായി ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റുകളും സ്ക്വാഡ് പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതാണ്.***

- ***അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും ഇടിച്ചുകളയുന്നതിനും വേണ്ട നടപടി ആരംഭിക്കാൻ കാലതാമസം വരുത്തുന്ന യുഎൽബികളിലെ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തം ചുമത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും ഇടിച്ചുകളയുന്നതിനും ഒരു സമയപരിധി നിശ്ചയിക്കുന്നതും സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതാണ്.***

- ***കെട്ടിട നിർമ്മാണം നിരീക്ഷിക്കുന്നതിനും ട്രാക്ക് ചെയ്യുന്നതിനും ഒരു ജിയോഗ്രഫിക് ഇൻഫർമേഷൻ സംവിധാനം (ജിഐഎസ്) വികസിപ്പിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും പൗരൻമാർക്കായി മൊബൈൽ ആപ്ലിക്കേഷൻ പോലുള്ള ഡിജിറ്റൽ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും യുഎൽബികൾ നടപടികൾ ആരംഭിക്കേണ്ടതാണ്.***

- ***പൊതുജനസുരക്ഷ ഉറപ്പാക്കുന്നതിനായി മെക്കാനിക്കൽ പാർക്കിംഗ് സംവിധാനങ്ങളുടെ ഉയരം, വലിപ്പം, സങ്കീർണ്ണത എന്നിവ അടിസ്ഥാനമാക്കി പ്രത്യേക വ്യവസ്ഥകളോ നിയന്ത്രണങ്ങളോ ഉൾപ്പെടുത്തുന്നതിനായി ചട്ടങ്ങൾ സർക്കാർ പുനഃപരിശോധിക്കേണ്ടതാണ്.***

***(അദ്ധ്യായം V)***

## നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

കൊല്ലം, കൊച്ചി കോർപ്പറേഷനുകളുടെ പരിധിയിൽ വരുന്ന വസ്തുക്കൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഇരു കോർപ്പറേഷനുകളുടെയും ഭാഗത്തുനിന്നുണ്ടായ ജാഗ്രതക്കുറവ് വരുമാന നഷ്ടം/ വരുമാനം ലഭ്യമാകാതിരിക്കൽ എന്നിവയ്ക്ക് കാരണമായി.

***(ഖണ്ഡിക 6.1)***

ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയ സേവനത്തിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് ജിഎസ്ടി നൽകിയതിലൂടെ ഉണ്ടായ ഒഴിവാക്കാവുന്ന ₹27.72 ലക്ഷത്തിന്റെ ചെലവ്.

***(ഖണ്ഡിക 6.2)***

കണ്ടിൻജന്റ് സ്റ്റാഫ് ക്വാർട്ടേഴ്സ് പരിപാലിക്കുന്നതിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തുണ്ടായ വീഴ്ച, സർക്കാർ ക്വാർട്ടേഴ്സ് അംഗീകാരമില്ലാതെ കൈവശം വയ്ക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന കണ്ടിൻജന്റ് ജീവനക്കാർക്ക് അനുവദനീയമല്ലാത്ത വീട്ടുവാടക അലവൻസ് ഇനത്തിൽ ₹1.44 കോടി നൽകുന്നതിനും കാരണമായി.

***(ഖണ്ഡിക 6.3)***

ഓപ്പൺ ടെൻഡർ സമ്പ്രദായം സ്വീകരിക്കാതെ, അംഗീകാരമില്ലാത്ത 'ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആൻഡ് ഡെവലപ്മെന്റ് സെന്റർ' (എച്ച്ആർഇഡിസി) മുഖേന തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്ലാൻ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പദ്ധതികളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുകയും ₹1.13 കോടിയുടെ അനാവശ്യ ചെലവിന് ഇടയാക്കുകയും ചെയ്തു.

***(ഖണ്ഡിക 6.4)***

തിരുവനന്തപുരം നഗരസഭ നടപ്പാക്കിയ കുടിവെള്ള പദ്ധതിയിൽ ആവശ്യമായ സാധ്യതാ പഠനം നടത്താതിരുന്നതും അപര്യാപ്തമായ ആസൂത്രണവും നിർവഹണത്തിലെ അലംഭാവവും മൂലം സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ കുടിവെള്ളം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാകാതെ, ₹71.41 ലക്ഷത്തിന്റെ പദ്ധതി ചെലവ് നിഷ്ഫലമായി.

***(ഖണ്ഡിക 6.5)***

# അദ്ധ്യായം I

## സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം

# അദ്ധ്യായം I

# സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അതിന്റെ ഓഡിറ്റിനെയും കുറിച്ചുള്ള ആമുഖം

## 1.1 ആമുഖം

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിമൂന്നും എഴുപത്തിനാലും ഭേദഗതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകുകയും അവയ്ക്ക് ഏകീകൃത ഘടന, ക്രമമായ തിരഞ്ഞെടുപ്പ്, നിയതമായ ധനാഗമം എന്നിവ വ്യവസ്ഥാപിതമാക്കുകയും ചെയ്തു. ഈ ഭേദഗതികളെ തുടർന്ന് മൂന്നാംതല സർക്കാരായി പ്രവർത്തിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനായി സംസ്ഥാന നിയമസഭ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമവും (കെപിആർ നിയമം, 1994) 1994ലെ കേരള മുനിസിപ്പാലിറ്റി നിയമവും (കെഎം നിയമം, 1994) പാസാക്കി. ഭരണഘടനാ ഭേദഗതികളിലൂടെ അവതരിപ്പിച്ച പതിനൊന്നാമത്തെയും പന്ത്രണ്ടാമത്തെയും പട്ടികകൾ പ്രകാരം സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന തരത്തിലുള്ള അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും സംസ്ഥാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചു. ഭരണഘടനയും വിവിധ നിയമങ്ങളും നൽകിയ അധികാരങ്ങൾ നിറവേറ്റുന്നതിന്, ഭരണഘടനയുടെ പതിനൊന്നും പന്ത്രണ്ടും പട്ടികകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ ഉൾപ്പെടെ, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്ക് രൂപരേഖകൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കർത്തവ്യമാണ്. ഭരണഘടനയും നിയമങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തന മേഖലയിൽ സ്വയം ഭരണാവകാശവും സ്വാതന്ത്ര്യവും നൽകുമ്പോൾ, ദേശീയ സംസ്ഥാന നയങ്ങൾക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതു മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന് അധികാരമുണ്ട്.

## 1.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപരേഖ

2025 ആഗസ്റ്റിൽ കേരളത്തിൽ 1,200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ടായിരുന്നു. ഇതിൽ 941 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ ഉൾപ്പെടുന്നു. അവയുടെ വിസ്തീർണ്ണം, വാർഡുകൾ/ഡിവിഷനുകൾ, ജനസംഖ്യ മുതലായവയുടെ വിശദാംശങ്ങൾ **പട്ടിക 1.1**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.1: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിസ്തീർണ്ണം, ജനസംഖ്യ, ജനസാന്ദ്രത മുതലായവ**

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലം | എണ്ണം | വാർഡു കളുടെ എണ്ണം | വിസ്തീർണ്ണം (ചതുരശ്ര കി.മീ) | ജനസംഖ്യ 2011 സെൻസസ് പ്രകാരം (ലക്ഷത്തിൽ) | ഒരു ചതുരശ്ര കി.മീറ്ററിലെ ജനസാന്ദ്രത |
|---|---|---|---|---|---|---|
| 1 | മുനിസിപ്പൽ കോർപ്പറേഷനുകൾ | 6 | 414 | 682.55 | 31.17 | 4566.70 |
| 2 | മുനിസിപ്പാലിറ്റികൾ | 87 | 3113 | 2374.57 | 45.09 | 1898.87 |
| 3 | ജില്ലാ പഞ്ചായത്തുകൾ | 14 | 331 | 35805.39 | 258.41 | 721.71 |
| 4 | ബ്ലോക്ക് പഞ്ചായത്തുകൾ | 152 | 2080 | | | |
| 5 | ഗ്രാമ പഞ്ചായത്തുകൾ | 941 | 15962 | | | |

*(ഉറവിടം: സാമ്പത്തിക അവലോകനം 2024 കേരളം, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

## 1.3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള ഫണ്ടിന്റെ വരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനത് വരുമാനം; സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകളായ പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്; കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ; സംസ്ഥാന സർക്കാരിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേരളസർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റുകൾ നൽകുന്നു. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 1.2**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 1.2: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾ**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| ആകെ തനതു വരുമാനം | 1504.03 | 1581.64 | 1603.47 | 2200.93 | 2643.41 |
| ആകെ സംസ്ഥാന ഫണ്ട് | 11208.53 | 12707.77 | 11684.95 | 13435.97 | 13177.68 |
| ആകെ കേന്ദ്രസർക്കാർ ഗ്രാന്റുകൾ | 6046.39 | 8228.34 | 7197.93 | 7298.53 | 6515.20 |
| മറ്റ സ്രോതസ്സുകളിൽ നിന്നുള്ള വരുമാനം: വായ്പകൾ | 1045.54 | 403.68 | 168.42 | 375.17 | 995.77 |
| **ആകെ വരുമാനം** | **19804.49** | **22921.55** | **20654.77** | **23310.60** | **23332.06** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം), സംസ്ഥാന ഫിനാൻസ് കമ്മീഷൻ സെൽ (എസ്എഫ്സി), തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി) കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവരിൽ നിന്ന് ലഭിച്ച വിവരങ്ങൾ)*

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങളുടെ ഘടന ശതമാനാടിസ്ഥാനത്തിൽ **ചാർട്ട് 1.1**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 1.1: എൽഎസ്ജിഐകളുടെ വിഭവങ്ങൾ**




*(ഉറവിടം: ഐകെഎം, എസ്എഫ്സി സെൽ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കെയുആർഡിഎഫ്സി, കുടുംബശ്രീ എന്നിവിടങ്ങളിൽ നിന്നു ശേഖരിച്ച വിവരങ്ങൾ)*

- 2023-24 കാലയളവിൽ, മൊത്തം വരുമാനത്തിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനങ്ങളുടെയും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരുമാനങ്ങളുടെയും ശതമാനം യഥാക്രമം 56.48, 27.92, 11.33, 4.27 ആയിരുന്നു.
- ആകെ വരുമാനത്തിൽ കേന്ദ്രസർക്കാർ ഗ്രാന്റിന്റെ വിഹിതം 2022-23ൽ 31.31 ശതമാനത്തിൽ നിന്ന് 2023-24ൽ 27.92 ശതമാനമായി കുറഞ്ഞു.

പിആർഐകളുടെയും യുഎൽബികളുടെയും വിഭവങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ യഥാക്രമം അദ്ധ്യായം IIലും അദ്ധ്യായം IVലും നൽകിയിരിക്കുന്നു.

## 1.4 ചുമതലകളുടെ കൈമാറ്റത്തിന്റെ സ്ഥിതിയും തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത മറ്റ് പ്രധാന പ്രവർത്തനങ്ങളും

കെപിആർ നിയമം, 1994-ഉം, കെഎം നിയമം, 1994-ഉം അനുസരിച്ച് ഈ നിയമങ്ങളുടെ പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാരപരിധിയിലുള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. കൂടാതെ പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണ്ണമായ ഭരണാധികാരം അവർക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വളർച്ചയ്ക്കും സാമൂഹിക നീതിക്കും ആവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണെന്നും വ്യവസ്ഥ ചെയ്യുന്നു.

സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യണമെന്ന് ഈ നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. ഓരോ തലത്തിലും കൈമാറിയ ചുമതലകൾ പരസ്പരം അതിക്രമിക്കാത്ത വിധത്തിലായിരിക്കണം വിവിധ തലങ്ങളിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതലകൾ കൈമാറേണ്ടത്.

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പിആർഐകളുമായി ബന്ധപ്പെട്ട 29 ചുമതലകൾ (**അനുബന്ധം 1.1**) ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ 28 ചുമതലകൾ സർക്കാർ പൂർണ്ണമായോ/ഭാഗികമായോ പിആർഐകൾക്ക് കൈമാറി (1995 സെപ്റ്റംബർ). അതുപോലെ, ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ യുഎൽബികളുമായി ബന്ധപ്പെട്ട 18 ചുമതലകൾ (**അനുബന്ധം 1.2**) ഉൾപ്പെട്ടിരിക്കുന്നു. അതിൽ 17 ചുമതലകൾ സർക്കാർ പൂർണ്ണമായോ/ഭാഗികമായോ കൈമാറിയിട്ടുണ്ട്. പിആർഐകൾക്കും യുഎൽബികൾക്കുമുള്ള ചുമതലകളുടെ കൈമാറ്റത്തെക്കുറിച്ച് യഥാക്രമം II-ാം അദ്ധ്യായത്തിലും IV-ാം അദ്ധ്യായത്തിലും വിശദമായി ചർച്ച ചെയ്തിട്ടുണ്ട്.

ഭരണപരവും ചുമതലാപരവുമായ അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി പൊതുജനസേവന സ്ഥാപനങ്ങളായ വിദ്യാലയങ്ങൾ, ഡിസ്പെൻസറികൾ, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, ആശുപത്രികൾ, അംഗനവാടികൾ, ജില്ലാ ഫാമുകൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾക്കും പ്രവർത്തനങ്ങൾക്കും പുറമേ, വികസന പരിപാടികൾ നടപ്പാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാറുണ്ട്. എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും ക്ഷേമപെൻഷൻ പദ്ധതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടപ്പാക്കുന്നത്.

## 1.5 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരവും രീതിയും

### 1.5.1 ഓഡിറ്റ് ചെയ്യുന്നതിനുള്ള അധികാരം

#### *1.5.1.1 ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ്*

ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന് (സിഎജി) ഓഡിറ്റ് ചെയ്യാനുള്ള അധികാരം ലഭിച്ചിരിക്കുന്നത് ഇന്ത്യൻ ഭരണഘടനയുടെ 149-ഉം 151-ഉം അനുച്ഛേദങ്ങൾ അനുസരിച്ചും 1971-ലെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (ചുമതലകൾ, അധികാരങ്ങൾ, സേവനവ്യവസ്ഥകൾ) നിയമവുമനുസരിച്ചാണ് (സിഎജിയുടെ ഡിപിസി നിയമം). സിഎജിയുടെ ഡിപിസി നിയമത്തിലെ സെക്ഷൻ 14, 15, 20(1) എന്നിവ[1] സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്താൻ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിനെ അധികാരപ്പെടുത്തുന്നു. വിവിധതരം ഓഡിറ്റുകളുടെ തത്വങ്ങളും രീതിശാസ്ത്രങ്ങളും സിഎജി പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡ്സിലും ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സിഎജിയുടെ ഡിപിസി നിയമത്തിലെ സെക്ഷൻ 20(1)ഉം 2020ലെ ഓഡിറ്റിന്റെയും അക്കൗണ്ടുകളുടെയും റെഗുലേഷൻസിലെ സെക്ഷൻ 120ഉം അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിനുള്ള ചുമതല സിഎജിയെ ഏൽപ്പിച്ചിരിക്കുന്നു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകാനുള്ള ചുമതല സിഎജിയെ 2024 മാർച്ച് മാസം വരെ കേരളസർക്കാർ ഏൽപ്പിച്ചു. അതിനുശേഷം സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകാനുള്ള ചുമതല കേരളസർക്കാർ നീട്ടി നൽകിയിട്ടില്ല.

#### *1.5.1.2 പ്രാഥമിക ഓഡിറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റ്*

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1994, (എൽഎഫ്എ നിയമം) കെപിആർ നിയമം, 1994, കെഎം നിയമം, 1994 എന്നിവ പ്രകാരം, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ (കെഎസ്എഡി) ഡയറക്ടർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയമപ്രകാരമുള്ള ഓഡിറ്ററാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുടെ ഓഡിറ്റ് നടത്തുന്നതിന് ആവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം കെഎസ്എഡിയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996, (എൽഎഫ്എ ചട്ടങ്ങൾ) ഓഡിറ്റ് നടത്തേണ്ട രീതി, ഓഡിറ്റ് റിപ്പോർട്ടുകളുടെ രൂപവും ഉള്ളടക്കവും, ചാർജിനും സർചാർജിനുമുള്ള നടപടിക്രമം എന്നിവ വ്യവസ്ഥചെയ്യുന്നു. കേരളസർക്കാരിന്റെ ധനകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലാണ് കെഎസ്എഡി പ്രവർത്തിക്കുന്നത്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ അടങ്ങിയ വാർഷിക ധനകാര്യ പത്രികകൾ തയ്യാറാക്കുകയും അടുത്ത സാമ്പത്തിക വർഷത്തിലെ ജൂലായ് 31ന് മുൻപ് അവരുടെ അക്കൗണ്ടുകൾ കെഎസ്എഡിയിൽ സമർപ്പിക്കുകയും വേണം. അക്കൗണ്ടുകൾ ലഭിച്ച് ആറ് മാസത്തിനുള്ളിൽ കെഎസ്എഡി അക്കൗണ്ടുകളുടെ ഓഡിറ്റ് പൂർത്തിയാക്കുകയും ഓഡിറ്റ് പൂർത്തിയായ തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ ഓഡിറ്റ് റിപ്പോർട്ട് നൽകുകയും വേണം. 2024 ഡിസംബറോടെ കെഎസ്എഡി 1,114 തദ്ദേശ സ്വയംഭരണ

---

1 സെക്ഷൻ 14: കേന്ദ്രത്തിൽ നിന്നോ സംസ്ഥാനത്തിൽ നിന്നോ ഗണ്യമായി ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങളുടെയോ അതോറിറ്റികളുടെയോ വരവുകളുടെയും ചെലവുകളുടെയും ഓഡിറ്റ്
സെക്ഷൻ 15: മറ്റ് അതോറിറ്റികൾക്കോ സ്ഥാപനങ്ങൾക്കോ നൽകുന്ന ധനസഹായങ്ങളുടെയോ വായ്പകളുടെയോ കാര്യത്തിൽ സിഎജിയുടെ ചുമതലകൾ
സെക്ഷൻ 20(1): ഏതാനും അതോറിറ്റികളുടെയോ സ്ഥാപനങ്ങളുടെയോ അക്കൗണ്ടുകളുടെ ഓഡിറ്റ്

സ്ഥാപനങ്ങളുടെ (1,107 പിആർഐകളും 17 യുഎൽബികളും) അക്കൗണ്ടുകൾ ഓഡിറ്റ് ചെയ്യുകയും 890 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ (890 പിആർഐകളും 0 യുഎൽബികളും) ഓഡിറ്റ് റിപ്പോർട്ട് പുറത്തിറക്കുകയും ചെയ്തു.

എൽഎഫ്എ നിയമം, 1994 (സെക്ഷൻ 23), എൽഎഫ്എ ചട്ടങ്ങൾ, 1996 (ചട്ടം 25) എന്നിവ പ്രകാരം, എല്ലാ വർഷവും സെപ്റ്റംബർ 30നകം ഡയറക്ടർ മുൻ സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ചെയ്ത അക്കൗണ്ടുകളുടെ ഒരു സമാഹൃത റിപ്പോർട്ട്, സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തി സർക്കാരിന് സമർപ്പിക്കണം. 2023-24 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2025 ഫെബ്രുവരി 13-ന് നിയമസഭയിൽ സമർപ്പിച്ചു.

### 1.5.2 ഓഡിറ്റിന്റെ രീതി

#### *1.5.2.1 ഓഡിറ്റിന്റെ ചുമതലകൾ അടിസ്ഥാനമാക്കിയുള്ള സേവന വിതരണ അധിഷ്ഠിത സമീപനം*

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് നിലവിൽ പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് നൽകിയിട്ടുള്ള ചുമതലകൾ നിറവേറ്റുന്നതിന്റെ നിലവാരം വിലയിരുത്തുന്നതിനും, ഈ സേവനങ്ങൾ അവയുടെ അധികാര പരിധിയിലുള്ള അടിസ്ഥാനതലത്തിലുള്ള പൗരൻമാരെ എത്രത്തോളം അനുകൂലമായി സ്വാധീനിച്ചുവെന്ന് വിലയിരുത്തുന്നതിനുമാണ്.

ഒരു ജില്ലാ കേന്ദ്രീകൃത സമീപനം സ്വീകരിച്ചുകൊണ്ടാണ് ഇതിനായി ശ്രമിച്ചത്. ഒരു ജില്ലയിലെ എല്ലാ തലത്തിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സേവന വിതരണം ആഴത്തിൽ വിലയിരുത്തി ഓഡിറ്റിനായി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പിൾ യൂണിറ്റുകളുടെ സേവന വിതരണവുമായി താരതമ്യം ചെയ്താണ് സമഗ്രമായ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് ശ്രദ്ധിച്ച പ്രാധാന്യമുള്ള മറ്റ് പ്രശ്നങ്ങളും ആവശ്യമായ പരിഹാര നടപടികൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുപുറമേ, വലിയ മുനിസിപ്പൽ കോർപ്പറേഷനുകളെ, ഒറ്റപ്പെട്ട സ്ഥാപനങ്ങളായി കണ്ട് അവയുടെ പ്രവർത്തനങ്ങൾ, കാര്യക്ഷമത, അനുവർത്തന വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ബാധകമായതെല്ലാം ഓഡിറ്റ് ചെയ്തിട്ടുണ്ട്.

## 1.6 റിപ്പോർട്ടിന്റെ ഘടന

റിപ്പോർട്ട് താഴെപ്പറയുന്ന അദ്ധ്യായങ്ങളായി ക്രമീകരിച്ചിരിക്കുന്നു

| | | |
|---|---|---|
| ഭാഗം I | : | പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ |
| അദ്ധ്യായം II | : | പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം |
| അദ്ധ്യായം III | : | പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്<br>3.1 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം<br>3.2 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതുശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും |
| ഭാഗം II | : | നഗര തദ്ദേശ സ്ഥാപനങ്ങൾ |
| അദ്ധ്യായം IV | : | നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം |
| അദ്ധ്യായം V | : | വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്<br>നഗര തദ്ദേശ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നടപ്പാക്കൽ |
| അദ്ധ്യായം VI | : | നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ |

| | | |
|---|---|---|
| അദ്ധ്യായം VII | : | നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് നഗര തദ്ദേശ സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം |

## 1.7 ഓഡിറ്റിന്റെ മാനദണ്ഡങ്ങളും വ്യാപ്തിയും

ഓഡിറ്റിന്റെ പ്രധാന ലക്ഷ്യം (i) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്കുള്ള ചുമതലകളുടെ വികേന്ദ്രീകരണത്തിന്റെയും ഫണ്ടുകളുടെ ഒഴുക്കിന്റെയും അവസ്ഥ (ii) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും (iii) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം (iv) യുഎൽബികളിലെ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കൽ എന്നിവ വിശകലനം ചെയ്യുകയായിരുന്നു.

ഓഡിറ്റ് മാനദണ്ഡങ്ങൾ പ്രധാനമായും താഴെ പറയുന്നവയിൽ നിന്നാണ് ഉരുത്തിരിഞ്ഞത്:

- കേരള പഞ്ചായത്ത് രാജ് നിയമം, 1994
- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2008
- കേരള പഞ്ചായത്ത് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011
- സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകൾ
- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999, 2019
- ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖകളും
- കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) – ചട്ടങ്ങൾ, 1996
- കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ (അറവുശാല) ചട്ടങ്ങൾ, 2001

## 1.8 കൃതജ്ഞത

ഓഡിറ്റിന്റെ സുഗമമായ നടത്തിപ്പിനായി കേരളസർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, പരിശോധന നടത്തിയ യുഎൽബികൾ, പിആർഐകൾ എന്നിവർ നൽകിയ സഹായത്തിനും സഹകരണത്തിനും ഓഡിറ്റ് കൃതജ്ഞത രേഖപ്പെടുത്തുന്നു.

# ഭാഗം I

## പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ

# അദ്ധ്യായം II
# പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ അവലോകനം

## 2.1 ആമുഖം

1992ലെ എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിനിയമം രാജ്യത്തെ ഗ്രാമീണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി നൽകി. പഞ്ചായത്ത് രാജ് സംവിധാനം എന്നത് ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ ഉൾപ്പെടുന്ന ഗ്രാമീണ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ത്രിതല സംവിധാനമാണ്. എഴുപത്തിമൂന്നാം ഭരണഘടനാ ഭേദഗതി നിയമത്തിന്റെ അടിസ്ഥാനത്തിൽ, കേരളസർക്കാർ 1994ൽ കേരള പഞ്ചായത്ത് രാജ് നിയമം (കെപിആർ നിയമം, 1994) നടപ്പിലാക്കി. ഇത് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് (പിആർഐ) സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും ആസൂത്രിത വികസനത്തിനും തദ്ദേശ ഭരണ കാര്യങ്ങളിൽ ജനങ്ങളുടെ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ഉതകുന്ന അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകി. എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതി നിയമം പതിനൊന്നാം പട്ടിക അവതരിപ്പിക്കുകയും അതിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങൾ പിആർഐകളെ ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു.

സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും ഉണ്ട്. സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള പിആർഐകളുടെ എണ്ണം ജനസംഖ്യ, പ്രതിശീർഷ വരുമാനം എന്നിവ **പട്ടിക 2.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: ജില്ല തിരിച്ചുള്ള പിആർഐകളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ജില്ല | ഗ്രാമീണ ജനസംഖ്യ (ലക്ഷത്തിൽ) | പ്രതിശീർഷ വരുമാനം (₹) (ജില്ല) | പിആർഐകളുടെ വിശദാംശങ്ങൾ | | |
|---|---|---|---|---|---|---|
| | | | | ഗ്രാമ പഞ്ചായത്തുകൾ | ബ്ലോക്ക് പഞ്ചായത്തുകൾ | ജില്ലാ പഞ്ചായത്തുകൾ |
| 1 | തിരുവനന്തപുരം | 15.30 | 179231 | 73 | 11 | 1 |
| 2 | കൊല്ലം | 14.48 | 220354 | 68 | 11 | 1 |
| 3 | പത്തനംതിട്ട | 10.65 | 139995 | 53 | 8 | 1 |
| 4 | ആലപ്പുഴ | 9.79 | 236305 | 72 | 12 | 1 |
| 5 | കോട്ടയം | 14.09 | 212921 | 71 | 11 | 1 |
| 6 | ഇടുക്കി | 10.57 | 186407 | 52 | 8 | 1 |
| 7 | എറണാകുളം | 10.48 | 238986 | 82 | 14 | 1 |
| 8 | തൃശ്ശൂർ | 10.25 | 195125 | 86 | 16 | 1 |
| 9 | പാലക്കാട് | 21.33 | 144010 | 88 | 13 | 1 |
| 10 | മലപ്പുറം | 22.96 | 115288 | 94 | 15 | 1 |
| 11 | കോഴിക്കോട് | 10.13 | 155738 | 70 | 12 | 1 |
| 12 | വയനാട് | 7.88 | 119128 | 23 | 4 | 1 |
| 13 | കണ്ണൂർ | 8.82 | 164601 | 71 | 11 | 1 |
| 14 | കാസർഗോഡ് | 7.98 | 141130 | 38 | 6 | 1 |
| | **ആകെ** | **174.71** | | **941** | **152** | **14** |

*(ഉറവിടം: 2024ലെ സാമ്പത്തിക അവലോകനവും 2024-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരിച്ച തദ്ദേശകവും)*

## 2.2 സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനം

കെപിആർ നിയമം, 1994 നടപ്പിലാക്കിയതിനെത്തുടർന്ന് പഞ്ചായത്തിന്റെ പൊതുവായ വികസനത്തിനായി ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ[2], വികസന സെമിനാറുകൾ[3] എന്നിവയിലൂടെ എല്ലാ വിഭാഗം ജനങ്ങളുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കി വികസന പരിപാടികൾ താഴെത്തട്ടിൽ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും പിആർഐകൾ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. എല്ലാ വർഷവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർന്നുള്ള വർഷത്തേക്കുള്ള ഒരു വികസന പദ്ധതി തയ്യാറാക്കുകയും, അത് ജില്ലാ ആസൂത്രണ സമിതിയുടെ (ഡിപിസി) അംഗീകാരത്തിനായി സമർപ്പിക്കുകയും വേണം. വികേന്ദ്രീകൃത ആസൂത്രണ സംവിധാനത്തിൽ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമസഭകൾ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഡിപിസി, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരാണ് പദ്ധതി രൂപീകരണപ്രക്രിയയിലും അതിന്റെ നടത്തിപ്പിലും ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങൾ അഥവാ ഗ്രൂപ്പുകൾ.

കെപിആർ നിയമം, 1994 അനുസരിച്ച്, നിയമത്തിന്റെ ബന്ധപ്പെട്ട പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് തങ്ങളുടെ അധികാര പരിധിയിൽ ഉള്ള പ്രദേശങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റേണ്ട ചുമതല പിആർഐകൾക്കാണ്. പട്ടികകളിൽ വിവരിച്ചിരിക്കുന്ന വിഷയങ്ങളുടെ പൂർണ്ണമായ ഭരണാധികാരം പിആർഐകൾക്ക് മാത്രമാണെന്നും അതുമായി ബന്ധപ്പെട്ട് സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കേണ്ടതും നടപ്പിലാക്കേണ്ടതും പിആർഐകൾ ആണെന്നും വ്യവസ്ഥ ചെയ്യുന്നു.

## 2.3 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുമായി (പിആർഐകൾ) ബന്ധപ്പെട്ട 29 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു (**അനുബന്ധം 1.1**). സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണമെന്ന് കെപിആർ നിയമം, 1994 വിഭാവനം ചെയ്യുന്നു. കെപിആർ നിയമം, 1994 അധികാരപ്പെടുത്തിയതനുസരിച്ച് ഇതിലെ 28 ചുമതലകൾ പൂർണ്ണമായോ, ഭാഗികമായോ സർക്കാർ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് കൈമാറി എന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഓഗസ്റ്റ്). ചെറുകിട വനവിഭവങ്ങൾ എന്ന ചുമതല ഇനിയും പിആർഐകൾക്ക് കൈമാറാനുണ്ട്. കൂടാതെ, വൈദ്യുതി വിതരണം, ഭൂപരിഷ്കരണം നടപ്പിലാക്കൽ എന്നീ ചുമതലകൾ ഭാഗികമായി കൈമാറ്റം ചെയ്തു. 1995 ഒക്ടോബർ 02 മുതൽ പ്രാബല്യത്തിൽ വരുന്ന തരത്തിൽ ഉദ്യോഗസ്ഥരോടൊപ്പം കൈമാറ്റം ചെയ്ത ചുമതലകളുമായി ബന്ധപ്പെട്ട ആസ്തികൾ, ബാധ്യതകൾ, സ്ഥാപനങ്ങൾ, പദ്ധതികൾ എന്നിവയും സർക്കാർ പഞ്ചായത്തുകൾക്ക് കൈമാറി. എന്നിരുന്നാലും, കൈമാറ്റം ചെയ്യപ്പെട്ട 28 ചുമതലകളിൽ അഞ്ചെണ്ണത്തിൽ മാത്രമേ പിആർഐകൾക്ക് പൂർണ്ണ ഉത്തരവാദിത്തമുണ്ടായിരുന്നുള്ളൂവെന്നും 14 ചുമതലകളിൽ അവർക്ക് പരിമിതമായ പങ്കോ അല്ലെങ്കിൽ ഒരു പങ്കുമില്ലാതിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഒൻപത് ചുമതലകളിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും സമാന്തരമായി

---

2 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, സർക്കാർ ഉദ്യോഗസ്ഥർ, വിഷയ വിദഗ്ദ്ധർ, എസ്‌സി/എസ്‌ടി/വനിതാ അംഗങ്ങൾ തുടങ്ങിയവർ വർക്കിംഗ് ഗ്രൂപ്പുകളിൽ ഉൾപ്പെടുന്നു. പൗരൻമാരിൽ നിന്നുള്ള ആവശ്യങ്ങൾ/ നിർദ്ദേശങ്ങൾ ശേഖരിക്കുകയും ഏകീകരിക്കുകയും ചെയ്യുക, പങ്കാളികൾ, വിഷയ വിദഗ്ദ്ധർ എന്നിവരുമായി മീറ്റിംഗുകൾ ഏകോപിപ്പിക്കുക, ഗ്രാമസഭയിൽ കരട് പദ്ധതി അവതരിപ്പിക്കുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു

3 ഗ്രാമസഭകൾ അംഗീകരിക്കുന്ന ആവശ്യങ്ങൾ/നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് ഒരു കരട് വാർഷിക പദ്ധതി തയ്യാറാക്കുകയും പഞ്ചായത്ത് കമ്മിറ്റി/മുനിസിപ്പൽ കൗൺസിൽ അത് വികസന സെമിനാറിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. മുൻഗണനകൾ, വിഭവലഭ്യത, വികസന ആവശ്യകതകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വികസന സെമിനാറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി അന്തിമമാക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ, എസ്‌സി/എസ്‌ടി പ്രമോട്ടർമാർ, വിഷയ വിദഗ്ദ്ധർ, ഗ്രാമസഭ പ്രതിനിധികൾ തുടങ്ങിയവർ വികസന സെമിനാറിൽ പങ്കെടുക്കുന്നു

പദ്ധതികൾ നടപ്പിലാക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. വിശദാംശങ്ങൾ **പട്ടിക 2.2**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.2: പിആർഐകൾക്ക് ചുമതലകൾ കൈമാറിയതിന്റെ സ്ഥിതി**

| ക്രമ നമ്പർ | ഉത്തരവാദിത്തം | ചുമതലകൾ |
|---|---|---|
| 1 | **പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം** | 1. റോഡുകളും കലുങ്കുകളും പാലങ്ങളും കടത്തുകളും ജലമാർഗ്ഗങ്ങളും മറ്റു വാർത്താവിനിമയ മാർഗ്ഗങ്ങളും<br>2. പൊതുമുതൽ സംരക്ഷണം<br>3. ഗ്രാമീണ ഭവന നിർമ്മാണം<br>4. ദാരിദ്ര്യ ഉപശമന പദ്ധതി<br>5. ചന്തകളും മേളകളും |
| 2 | **പരിമിതമായ സ്ഥാനം** | 1. ചെറുകിട ജലസേചനവും, ജലമാനേജ്മെന്റും വാട്ടർഷെഡ് ഡെവലപ്പ്മെന്റും<br>2. മത്സ്യബന്ധനം<br>3. ചെറുകിട വ്യവസായങ്ങൾ, ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുൾപ്പെടെ<br>4. ഖാദി, ഗ്രാമ, കുടിൽ വ്യവസായങ്ങൾ<br>5. കുടിവെള്ളം<br>6. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ<br>7. സാങ്കേതിക പരിശീലനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും<br>8. വയോജന വിദ്യാഭ്യാസവും അനൗപചാരിക വിദ്യാഭ്യാസവും<br>9. ഗ്രന്ഥശാലകൾ<br>10. കുടുംബക്ഷേമം<br>11. ദുർബല വിഭാഗങ്ങളുടെ ക്ഷേമം, പ്രത്യേകിച്ച് പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും<br>12. ഭൂവികസനവും ഭൂപരിഷ്ക്കരണം നടപ്പിലാക്കലും ഭൂമി സഞ്ചയിച്ചു ഭദ്രപ്പെടുത്തലും മണ്ണുസംരക്ഷണവും<br>13. ഗ്രാമീണ വൈദ്യുതീകരണം, വൈദ്യുതവിതരണമുൾപ്പെടെ |
| 3 | **സ്ഥാനമില്ല** | 1. പൊതുവിതരണ സംവിധാനം |
| 4 | **അധികാരപരിധിയുടെ ഓവർലാപ്പിംഗ് – പിആർഐകളും സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പാക്കുന്ന പദ്ധതികൾ** | 1. കൃഷി, കൃഷിവ്യാപനമുൾപ്പെടെ<br>2. മൃഗസംരക്ഷണവും ക്ഷീരവ്യവസായവും കോഴിവളർത്തലും<br>3. സാമൂഹികവനവൽക്കരണവും കൃഷിയിടങ്ങളിലെ വനവൽക്കരണവും<br>4. ഇന്ധനവും കാലിത്തീറ്റയും<br>5. വിദ്യാഭ്യാസം, പ്രൈമറി സ്കൂളുകളും സെക്കണ്ടറി സ്കൂളുകളുമുൾപ്പെടെ<br>6. സാംസ്കാരിക പ്രവർത്തനങ്ങൾ<br>7. ആരോഗ്യവും ശുചീകരണവും, ആശുപത്രികൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, വൈദ്യശാല എന്നിവയുൾപ്പെടെ<br>8. സ്ത്രീകളുടെയും കുട്ടികളുടെയും അഭിവൃദ്ധി<br>9. സാമൂഹിക ക്ഷേമം, ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്നവരുടേതുൾപ്പടെ |
| 5 | **കൈമാറാത്ത ചുമതലകൾ** | 1. ചെറുകിട വനവിഭവങ്ങൾ |

*(ഉറവിടം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

### 2.3.1 പദ്ധതികളുടെ സമാന്തര നിർവ്വഹണം

പ്രവർത്തനങ്ങളുടെ വ്യക്തമായ അതിർത്തി നിർണ്ണയത്തിന്റെ അഭാവത്തിൽ ചുമതലകളുടെ ഓവർലാപ്പിംഗ് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പിആർഐകളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്ത് കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി

നടപ്പിലാക്കി. പിആർഐകൾ വഴി നടപ്പിലാക്കുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നിവയുമായി ബന്ധപ്പെട്ട മിക്കവാറും എല്ലാ പ്രവർത്തനങ്ങളും അതത് വകുപ്പുകളും സമാന്തരമായി നടപ്പിലാക്കി.

ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അതത് വാർഡ് പ്രദേശത്തെ യോഗ്യരായ അപേക്ഷകരെ കണ്ടെത്തി ഉൾപ്പെടുത്തേണ്ട ചുമതല വാർഡ് സഭകൾക്കാണെന്ന് കെപിആർ നിയമം, 1994 അനുശാസിക്കുന്നു. പദ്ധതികൾ സർക്കാർ സമാന്തരമായി നടപ്പിലാക്കുന്നതിന്റെ ഫലമായി വകുപ്പുതല പദ്ധതികൾക്കായി ഗുണഭോക്താക്കളെ വകുപ്പുതല ഉദ്യോഗസ്ഥർ തിരഞ്ഞെടുക്കുന്നു. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികകൾ വാർഡ് സഭകളുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കാത്തതിനാൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്. പിആർഐകളും സർക്കാർ വകുപ്പുകളും സമാനസ്വഭാവമുള്ള പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നത്, പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ പിആർഐകളുടെയും വകുപ്പുകളുടെയും ഉത്തരവാദിത്തം ദുർബ്ബലമാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽ ഉൾപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത്, പിആർഐകളുടെ സ്വയംഭരണ അധികാരം കുറയ്ക്കുന്നതിലൂടെ വികേന്ദ്രീകരണ ആദർശങ്ങൾക്ക് എതിരാണ്.

### 2.3.2 പിആർഐകളുടെ അധികാരങ്ങളുടെയും ചുമതലകളുടെയും കാര്യത്തിലുള്ള അവ്യക്തത

കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പിആർഐകളുടെ അധികാരങ്ങളും ചുമതലകളും സംസ്ഥാനം വ്യക്തമായി നിശ്ചയിച്ചിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച നല്കിയ ചുമതലകൾ നിർവ്വഹിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും പാരാസ്റ്റാറ്റലുകൾക്കും തമ്മിലുള്ള ബന്ധത്തിന്റെ കാര്യത്തിൽ വ്യക്തതയില്ല. കൈമാറ്റം ചെയ്യപ്പെട്ട എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും മാതൃ സർക്കാർ വകുപ്പിന്റെ ഭരണപരമായ നിയന്ത്രണത്തിലാണ്. ജീവനക്കാരെ നിയമിക്കുന്നതും സ്ഥലം മാറ്റുന്നതും അവരുടെ ശമ്പളം നൽകുന്നതും സർക്കാരാണ്. അതിനാൽ കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ഭരണത്തിൽ പിആർഐകളുടെയും മാതൃവകുപ്പുകളുടെയും ഇരട്ട നിയന്ത്രണം നിലനിൽക്കുന്നു.

### 2.3.3 ഉദ്യോഗസ്ഥരുടെ കൈമാറ്റം

കൈമാറ്റം ചെയ്ത ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളതും പരിശീലനം ലഭിച്ചതുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും 2000 ജൂലൈയിൽ കണക്കാക്കിയത് പ്രകാരം 152ഉം 70ഉം ക്ലറിക്കൽ തസ്തികകൾ വേണമായിരുന്നെങ്കിലും, 2024 ഡിസംബറിൽ യഥാക്രമം 60ഉം 33ഉം ജീവനക്കാരുടെ കുറവുണ്ട്. സാമൂഹ്യനീതി വകുപ്പും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ജീവനക്കാരെ ആരെയും വിന്യസിച്ചിട്ടില്ല (2024 ഡിസംബർ).

## 2.4 പിആർഐകളുടെ സംഘടനാ രൂപം

സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിൽ, ഓരോ തലവും മറ്റൊന്നിൽ നിന്ന് സ്വതന്ത്രമായി പ്രവർത്തിക്കുന്നു. ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് നിർവ്വഹണം, പദ്ധതികളുടെ രൂപീകരണം, സ്ഥലങ്ങളുടെയും ഗുണഭോക്താക്കളുടെയും തിരഞ്ഞെടുപ്പ്, ഗ്രാമസഭയുടെ ശരിയായ പ്രവർത്തനം, ക്ഷേമപരിപാടികൾ, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ സംസ്ഥാന നയങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ട പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ തദ്ദേശ സ്വയംഭരണ

വകുപ്പിന് അധികാരമുണ്ട്. പ്രസിഡന്റ് ആണ് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മുഖ്യ ഭരണത്തലവൻ. ഓരോ പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെയും മുഖ്യ നിർവ്വഹണ ഉദ്യോഗസ്ഥൻ അതിന്റെ സെക്രട്ടറിയാണ്. പിആർഐകളിലെ ഓരോ തലത്തിലെയും അംഗങ്ങളാണ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്.

സർക്കാർ 2022 ഒക്ടോബറിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറെ തലവനാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളായ, പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര-ഗ്രാമാസൂത്രണവകുപ്പ്, തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയും മുനിസിപ്പൽ കോമൺ സർവ്വീസും സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് കോമൺ സർവ്വീസ് രൂപീകരിച്ചു. ഗ്രാമവികസന കമ്മീഷണറേറ്റ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നിവ സംയോജിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറേറ്റ് (അർബൻ) എന്നീ രണ്ട് വിഭാഗങ്ങൾ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്പ്മെന്റ് ആന്റ് എഞ്ചിനീയറിംഗ് വിഭാഗം എന്നും നഗര-ഗ്രാമാസൂത്രണ വിഭാഗത്തെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ് വിഭാഗം എന്നും പുനർനാമകരണം ചെയ്തു. സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന **ചാർട്ട് 2.1**ൽ നൽകിയിരിക്കുന്നു.

**ചാർട്ട് 2.1: സർക്കാർ തലത്തിലും പിആർഐ തലത്തിലുമുള്ള സംഘടനാഘടന**



## 2.5 വിവിധ കമ്മിറ്റികളുടെ രൂപീകരണം

കെപിആർ നിയമം, 1994ലെ 162-ാം വകുപ്പ് ഓരോ പഞ്ചായത്തിലെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും, 162ബി ഓരോ പഞ്ചായത്തിലെയും സ്റ്റിയറിംഗ് കമ്മിറ്റികളുടെ രൂപീകരണത്തെക്കുറിച്ചും പ്രതിപാദിക്കുന്നു.

### സ്റ്റാന്റിംഗ് കമ്മിറ്റികൾ

പഞ്ചായത്ത് സമിതികളിൽ പ്രശ്നങ്ങളും നിർദ്ദേശങ്ങളും തീരുമാനമെടുക്കുന്നതിനായി പരിഗണിക്കുന്നതിന് മുമ്പ് അവ സ്റ്റാന്റിംഗ് കമ്മിറ്റികൾ[4] വിശകലനം ചെയ്യുന്നു. ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും നാല്[5] സ്റ്റാന്റിംഗ് കമ്മിറ്റികൾ വീതവും ജില്ലാ പഞ്ചായത്തിന് അഞ്ച്[6] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ തീരുമാനവും പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ അടുത്ത പഞ്ചായത്ത് സമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്. ആവശ്യമെങ്കിൽ, പഞ്ചായത്ത് സമിതിക്ക് തീരുമാനങ്ങളിൽ ഭേദഗതി വരുത്താം.

### സ്റ്റിയറിംഗ് കമ്മിറ്റി

സ്റ്റിയറിംഗ് കമ്മിറ്റി സാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു. പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവർ ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി.

### ജില്ലാ ആസൂത്രണ സമിതി

ഇന്ത്യൻ ഭരണഘടനയുടെ എഴുപത്തിനാലാം ഭേദഗതിയിലൂടെ ഉൾപ്പെടുത്തിയ ആർട്ടിക്കിൾ 243ഇസഡ്ഡി, ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കിയ പദ്ധതികൾ ഏകീകരിക്കുന്നതിനും ജില്ലയ്ക്ക് മൊത്തത്തിൽ ഒരു കരട് വികസന പദ്ധതി തയ്യാറാക്കുന്നതിനുമായി ഓരോ സംസ്ഥാനത്തും ജില്ലാ തലത്തിൽ ഒരു ജില്ലാ ആസൂത്രണ സമിതി രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ആർട്ടിക്കിൾ 243ഇസഡ്ഡി പ്രകാരം ഉൾപ്പെടുത്തിയ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 53-ാം വകുപ്പ്, ഓരോ ജില്ലയിലേയും പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകീകരിക്കുന്നതിനായി ഒരു ജില്ലാ ആസൂത്രണ സമിതി (ഡിപിസി) രൂപീകരിക്കുന്നത് അനുശാസിക്കുന്നു. ഡിപിസിയുടെ കാലാവധി അഞ്ചു വർഷമാണ്.

പതിനഞ്ച് അംഗങ്ങൾ[7] അടങ്ങിയതാണ് ഡിപിസി അതിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാകളക്ടർ മെമ്പർ സെക്രട്ടറിയുമായിരിക്കും. ബന്ധപ്പെട്ട ജില്ലയെ പ്രതിനിധീകരിക്കുന്ന പാർലമെന്റ് അംഗവും (എംപി) നിയമസഭാ അംഗവും (എംഎൽഎ) ആ ജില്ലയിലെ ജില്ലാ ആസൂത്രണ സമിതിയുടെ സ്ഥിരം ക്ഷണിതാക്കളും സർക്കാർ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ കമ്മിറ്റിയുടെ ജോയിന്റ് സെക്രട്ടറിമാരും ആയിരിക്കും. എല്ലാ വർഷവും സെപ്റ്റംബർ 30ന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ജില്ലയ്ക്കുള്ള പൂർണ്ണമായ കരട് വികസന പദ്ധതി

---

4 തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്നും അവർ തിരഞ്ഞെടുക്കുന്ന അംഗങ്ങളാണ് സ്റ്റാന്റിംഗ് കമ്മിറ്റിയിലുള്ളത്

5 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി

6 (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (4) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (5) ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി

7 ജില്ലാപഞ്ചായത്ത് പ്രസിഡന്റ്, ജില്ലാകളക്ടർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആസൂത്രണ നടത്തിപ്പിൽ ഗണ്യമായ പരിചയമുള്ള ഒരാൾ, ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ജനസംഖ്യ തമ്മിലുള്ള അനുപാതത്തിന് അനുസൃതമായി, ജില്ലയിലെ പഞ്ചായത്തുകളിൽ നിന്നും മുനിസിപ്പാലിറ്റികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളിൽ നിന്ന് പന്ത്രണ്ട് അംഗങ്ങൾ

ഡിപിസികൾ തയ്യാറാക്കേണ്ടതാണെങ്കിലും 2018-19 മുതൽ ജില്ലാ പദ്ധതികൾ തയ്യാറാക്കിയിട്ടില്ല.

## 2.6 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിക്കുന്ന പരിശോധന റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട് എത്രയും വേഗം മറുപടി നൽകാൻ 2010ലും 2017ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് തടസ്സങ്ങൾ/പരിശോധനാ റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയുള്ള നിർദ്ദേശങ്ങളടങ്ങിയ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും തൊട്ടടുത്ത ഉയർന്ന അധികാരികളും പരിശോധനാ റിപ്പോർട്ടുകളിൽ അടങ്ങിയിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും പോരായ്മകളും ഒഴിവാക്കലുകളും പരിഹരിക്കുകയും പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചകൾക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2025 മാർച്ച് 31ലെ കണക്കനുസരിച്ച്, പിആർഐകളിൽ 323 പരിശോധനാ റിപ്പോർട്ടുകൾ (2,233 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടു. അവശേഷിക്കുന്ന പരിശോധനാ റിപ്പോർട്ടുകളുടെയും ഖണ്ഡികളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 2.1**ൽ നൽകിയിരിക്കുന്നു.

### 2.6.1 നിയമസഭാ സമിതിയുടെ ചർച്ച

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളുമായി ബന്ധപ്പെട്ട് വർഷംതോറും നിയമസഭയിൽ വയ്ക്കുന്ന ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ 2003 ഫെബ്രുവരി 18 മുതൽ പ്രാബല്യത്തിൽ വന്ന ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി പരിശോധിക്കുന്നു. കേരള നിയമസഭയിലെ നടപടി ക്രമങ്ങളുടെയും വ്യവഹാരനടത്തിപ്പുകളുടെയും ചട്ടങ്ങൾ അനുസരിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് സ്പീക്കർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു ചുമതലകളും കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്.

പിആർഐകളുമായി ബന്ധപ്പെട്ട സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ വന്ന ഖണ്ഡികകളിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചർച്ച ചെയ്യാനായി അവശേഷിക്കുന്ന ഖണ്ഡികകളെക്കുറിച്ചുള്ള വിവരങ്ങൾ താഴെയുള്ള **പട്ടിക 2.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.3: സിഎജി റിപ്പോർട്ടിനെക്കുറിച്ചുള്ള നിയമസഭാ സമിതിയുടെ ചർച്ച**

| ഓഡിറ്റ് റിപ്പോർട്ടിന്റെ പേര് | റിപ്പോർട്ടിന്റെ വർഷം | 2025 ഒക്ടോബറിലെ കണക്ക് പ്രകാരം ചർച്ച ചെയ്യാനായി അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2022 മാർച്ചിൽ അവസാനിച്ച കാലയളവിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സിഎജിയുടെ റിപ്പോർട്ട് | 2022 മാർച്ച് (2024ലെ റിപ്പോർട്ട് നമ്പർ 4) | ആറ്[8] (അദ്ധ്യായം I, II, IV, ഖണ്ഡിക 5.2, 5.4, 5.6) |

*(ഉറവിടം: അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് I, കേരള സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ)*

[8] ഒന്നാം അദ്ധ്യായത്തിലും രണ്ടാം അദ്ധ്യായത്തിലും പിആർഐകളെയും യുഎൽബികളെയും സംബന്ധിച്ച നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്നു

## 2.7 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിംഗും

### 2.7.1 ഫണ്ടിന്റെ ഉറവിടം

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ (എസ്എഫ്സി) ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകൾ പാലിക്കുന്നതിലൂടെയും സ്വന്തം വരുമാന സ്രോതസ്സുകൾ വർദ്ധിപ്പിക്കുന്നതിലൂടെയുമാണ് സാമ്പത്തിക സ്രോതസ്സുകൾ ലഭിക്കുന്നത്. പിആർഐകളുടെ വിഭവ സ്രോതസ്സുകളിൽ തനത് വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു, സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു. അതായത്, ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസനഫണ്ട്), സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതം എന്നിവ. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 2.4**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.4: 2019-2024 കാലയളവിലെ പിആർഐകളുടെ വിഭവങ്ങളുടെ ഘടന**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| **തനതു വരുമാനം:**<br>i. നികുതി വരുമാനം | 561.47 | 554.89 | 422.24 | 703.39 | 736.86 |
| ii. നികുതിയേതര വരുമാനം | 161.66 | 150.04 | 116.27 | 276.10 | 538.64 |
| **ആകെ തനതു വരുമാനം** | **723.13** | **704.93** | **538.51** | **979.49** | **1275.50** |
| **സംസ്ഥാന ഫണ്ട്:**<br>i.പരമ്പരാഗതമായ ചുമതലകൾ | 1284.29 | 1354.02 | 1545.64 | 1475.79 | 1775.18 |
| ii. പരിപാലനത്തിനുള്ള ഫണ്ട് (റോഡ് ആസ്തികളും റോഡിതര ആസ്തികളും) | 2227.34 | 2391.65 | 2656.48 | 2433.27 | 3014.78 |
| iii. വികസനവും പുരോഗതിയും | 4278.73 | 4168.01 | 3901.30 | 4394.34 | 4345.99 |
| iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ | 236.79 | 361.41 | 168.57 | 327.63 | 245.94 |
| v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | 210.61 | 314.98 | 391.71 | 768.25 | 252.42 |
| **ആകെ സംസ്ഥാന ഫണ്ട്** | **8237.76** | **8590.07** | **8663.70** | **9399.28** | **9634.31** |
| **കേന്ദ്രസർക്കാർ ധനസഹായം:**<br>i. കേന്ദ്രാവിഷ്കൃത പദ്ധതികൾ | 3620.70 | 4394.4 | 3716.55 | 4279.78 | 4020.65 |
| ii. വികസനവും പുരോഗതിയും (15-ാമത് ധനകാര്യ കമ്മീഷൻ) | 1093.48 | 2219.94 | 2113.62 | 1598.34 | 1261.90 |
| **ആകെ കേന്ദ്രസർക്കാർ ഫണ്ട്** | **4714.18** | **6614.34** | **5830.17** | **5878.12** | **5282.55** |
| **വായ്പകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വരവ്:** വായ്പകൾ | 515.12 | 208.65 | 76.61 | 354.31 | 865.55 |
| **ആകെ വരവ്** | **14190.19** | **16117.99** | **15108.99** | **16611.20** | **17057.91** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, കേരള നഗരഗ്രാമവികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവയിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ലഭിച്ച മൊത്തം വരവിൽ സംസ്ഥാന ഫണ്ടിന്റെ വിഹിതം 58.05 ശതമാനത്തിൽ നിന്നും 56.48 ശതമാനമായും കേന്ദ്ര ഫണ്ട് 33.22 ശതമാനത്തിൽ നിന്ന് 30.97 ശതമാനമായും കുറഞ്ഞു തനത് വരുമാനം 5.10 ശതമാനത്തിൽ നിന്നു 7.48 ശതമാനമായി വർദ്ധിച്ചു.

### 2.7.2 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ പിആർഐകൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു. അതായത് പൊതു ആവശ്യഫണ്ട്, വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2023-24 കാലയളവിൽ അനുവദിച്ച ഫണ്ടുകളുടെയും അവയുടെ ചെലവിന്റെയും വിശദാംശങ്ങൾ **പട്ടിക 2.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.5: 2023-24 കാലയളവിൽ പിആർഐകൾ നടത്തിയ ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഫണ്ടിന്റെ തരം | അക്കൗണ്ട് ശീർഷകം | അനുവദിച്ച തുക | വിഎൽസി പ്രകാരമുള്ള ചെലവ് | ചെലവഴിക്കാത്ത ബാക്കി തുക | ചെലവഴിക്കാത്ത തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | പൊതുആവശ്യ ഫണ്ട് | 3604-00-200-83 (03 മുതൽ 05 വരെ) | 1775.18 | 1319.49 | 455.69 | 25.67 |
| 2 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3604-00-200-82 (03 മുതൽ 05 വരെ) | 1085.16 | 545.17 | 539.99 | 49.76 |
| 3 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 3604-00-200-79 (03ഉം 04ഉം) | 1929.61 | 558.30 | 1371.31 | 71.07 |
| 4 | വികസനവും പുരോഗതിയും | 3604-00-200-81-(03, 04, 05, 08, 09, 10, 13, 14, 15)-35 | 4345.99 | 3345.06 | 1000.93 | 23.03 |
| | **ആകെ** | | **9135.94** | **5768.02** | **3367.92** | |

*(ഉറവിടം: സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, സർക്കാർ ഉത്തരവുകൾ, വൗച്ചർ ലെവൽ കമ്പ്യൂട്ടറൈസേഷൻ സംഖ്യകൾ)*

വികസന, മെയിന്റനൻസ് ഫണ്ടുകളായി ആകെ അനുവദിച്ച ₹7360.76 കോടിയിൽ ₹2,912.23 കോടി (39.56 ശതമാനം) സാമ്പത്തിക വർഷാവസാനത്തോടെ കാലഹരണപ്പെട്ടു. മെയിന്റനൻസ് ഫണ്ട് (റോഡ്)-ന്റെ 71.07 ശതമാനവും മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ന്റെ 49.76 ശതമാനവും ഉപയോഗിക്കപ്പെടാതെ കിടന്നതായും സാമ്പത്തിക വർഷാവസാനത്തോടെ കാലഹരണപ്പെട്ടതായും ഓഡിറ്റ് നിരീക്ഷിച്ചു. ഫണ്ട് വിനിയോഗത്തിലെ അപര്യാപ്തതയും അറ്റകുറ്റപ്പണികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായേക്കാവുന്ന പോരായ്മകളും ഇത് സൂചിപ്പിക്കുന്നു.

### 2.7.3 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം ചെലവിൽ, ഉത്പാദന, അടിസ്ഥാന സൗകര്യ സേവന മേഖലകൾക്കുള്ള ചെലവും, മറ്റു ചെലവുകളും[9] ഉൾപ്പെടുന്നു. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ പിആർഐകളുടെ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള വികസന ചെലവ് **പട്ടിക 2.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.6: പിആർഐകളുടെ വിഭവങ്ങളുടെ വിനിയോഗം**

*(₹ കോടിയിൽ)*

| മേഖല | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | 661.86 | 1171.34 | 1009.30 | 1076.14 | 861.24 | 4779.88 |
| **പശ്ചാത്തല മേഖല** | 4079.69 | 4699.43 | 5107.19 | 5597.12 | 1393.26 | 20876.69 |
| **സേവന മേഖല** | 1598.08 | 3375.56 | 2144.88 | 1967.90 | 6120.06 | 15206.48 |
| **ആകെ വികസന ചെലവ്** | **6339.63** | **9246.33** | **8261.37** | **8641.16** | **8374.56** | **40863.05** |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

[9] ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹40,863.05 കോടി ആയിരുന്നു. ഉത്പാദനമേഖല, അടിസ്ഥാനസൗകര്യമേഖല, സേവനമേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 11.70 ശതമാനം, 51.09 ശതമാനം, 37.21 ശതമാനം എന്നിങ്ങനെയായിരുന്നു.

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഉത്പാദന മേഖലയ്ക്കായി ചെലവഴിച്ച തുക 10.28 ശതമാനം മുതൽ 12.67 ശതമാനം വരെയാണ്. ഇത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായങ്ങൾ തുടങ്ങിയ ഉത്പാദന മേഖലകൾക്ക് കുറഞ്ഞ പരിഗണനയാണ് നൽകിയതെന്നാണ് സൂചിപ്പിക്കുന്നത്.

- 2023-24 കാലയളവിൽ, അടിസ്ഥാന സൗകര്യമേഖലയ്ക്കുള്ള ചെലവിന്റെ ശതമാനം 64.77 ശതമാനത്തിൽ നിന്ന് 16.64 ശതമാനമായി കുറഞ്ഞപ്പോൾ, സേവന മേഖലയ്ക്കുള്ള ചെലവിന്റെ ശതമാനം മുൻവർഷത്തെ 22.77 ശതമാനത്തിൽ നിന്ന് 73.08 ശതമാനമായി വർദ്ധിച്ചു. വിഭവങ്ങളുടെ ഈ പുനർവിന്യാസം അടിസ്ഥാന സൗകര്യവികസനത്തിന്റെ പുരോഗതിയെ ബാധിച്ചേക്കാം. കൂടാതെ ആസ്തി സൃഷ്ടിയിലും സാമ്പത്തിക വളർച്ചയിലും ദീർഘകാല പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയേക്കാം.

### 2.7.4 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ രൂപീകരിച്ചതും, ഏറ്റെടുത്തതും, പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവഴിച്ച തുകകളുടെയും വിശദാംശങ്ങൾ **പട്ടിക 2.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.7: രൂപീകരിച്ച, ഏറ്റെടുത്ത, ചെലവഴിച്ച പദ്ധതികളുടെ വിശദാംശങ്ങൾ**

| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഇനം | പദ്ധതികളുടെ എണ്ണം | | | തുക *(₹ കോടിയിൽ)* | | | ചെലവിന്റെ ശതമാനം[10] |
|---|---|---|---|---|---|---|---|---|
| | | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികളുടെ ചെലവ് | |
| 2019-20 | ജിപി | 207892 | 118396 | 82030 | 12156.81 | 4985.02 | 2775.17 | 41.00 |
| | ബിപി | 17422 | 10123 | 6254 | 1415.99 | 628.27 | 392.64 | 44.37 |
| | ഡിപി | 14585 | 5255 | 3039 | 2290.63 | 726.41 | 340.05 | 31.71 |
| 2020-21 | ജിപി | 227830 | 176260 | 147490 | 13307.50 | 6750.16 | 5144.30 | 50.72 |
| | ബിപി | 19214 | 16049 | 12583 | 1588.88 | 993.12 | 752.62 | 62.50 |
| | ഡിപി | 13898 | 9828 | 7714 | 2453.84 | 1491.89 | 1086.53 | 60.80 |
| 2021-22 | ജിപി | 144715 | 110352 | 83449 | 9874.68 | 5048.72 | 3370.24 | 51.13 |
| | ബിപി | 13715 | 11142 | 7914 | 1361.28 | 788.32 | 549.64 | 57.91 |
| | ഡിപി | 6940 | 3714 | 2566 | 1505.44 | 836.19 | 597.25 | 55.54 |
| 2022-23 | ജിപി | 150456 | 106911 | 84267 | 11194.88 | 5011.22 | 3592.75 | 44.76 |
| | ബിപി | 14678 | 11387 | 8367 | 1458.31 | 865.79 | 645.91 | 59.37 |
| | ഡിപി | 7267 | 3682 | 2266 | 1562.71 | 790.22 | 594.04 | 50.57 |
| 2023-24 | ജിപി | 167332 | 95568 | 67246 | 13607.39 | 5230.07 | 3034.40 | 38.43 |
| | ബിപി | 15171 | 9720 | 5834 | 1453.65 | 684.66 | 382.62 | 47.10 |
| | ഡിപി | 7194 | 2371 | 1147 | 1451.40 | 538.70 | 250.65 | 37.12 |
| **ആകെ** | | **1028309** | **690758** | **522166** | **76683.39** | **35368.76** | **23508.81** | |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, നടപ്പിലാക്കുന്നതിനായി ഏറ്റെടുത്ത പദ്ധതികൾ ജിപികളിൽ 57 ശതമാനം മുതൽ 77 ശതമാനം വരെയും,

---

[10] പദ്ധതികൾക്കായി മൊത്തം വകയിരുത്തിയതിൽ ഏറ്റെടുത്ത പദ്ധതികളുടെ ചെലവിന്റെ ശതമാനം

ബിപികളിൽ 58 ശതമാനം മുതൽ 84 ശതമാനം വരെയും, ഡിപികളിൽ 33 ശതമാനം മുതൽ 71 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളിൽ പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം ജിപികളിൽ 69 ശതമാനം മുതൽ 84 ശതമാനം വരെയും, ബിപികളിൽ 60 ശതമാനം മുതൽ 78 ശതമാനം വരെയും, ഡിപികളിൽ 48 ശതമാനം മുതൽ 78 ശതമാനം വരെയും ആയിരുന്നു.
- രൂപീകരിച്ച പദ്ധതികൾക്കായുള്ള ഫണ്ടിന്റെ വകയിരുത്തലിന്റെ അടിസ്ഥാനത്തിൽ, ഫണ്ടിന്റെ വിനിയോഗം ജിപികളിൽ 38 ശതമാനം മുതൽ 51 ശതമാനം വരെയും ബിപികളിൽ 44 ശതമാനം മുതൽ 63 ശതമാനം വരെയും ഡിപികളിൽ 32 ശതമാനം മുതൽ 61 ശതമാനം വരെയും ആയിരുന്നു.

## 2.8 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

ഭരണഘടനയുടെ ആർട്ടിക്കിൾ 243ഐ പ്രകാരം, സംസ്ഥാന ധനകാര്യ കമ്മീഷൻ പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യുകയും (i) സംസ്ഥാനം ചുമത്തുന്ന നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ അറ്റാദായം സംസ്ഥാനത്തിനും പഞ്ചായത്തുകൾക്കുമിടയിൽ വിതരണം ചെയ്യൽ, അത്തരം വരുമാനത്തിന്റെ വിഹിതം എല്ലാ പഞ്ചായത്തുകൾക്കുമിടയിൽ വീതിച്ച് നൽകൽ (ii) പഞ്ചായത്തുകൾക്ക് ചുമത്താവുന്നതോ വിനിയോഗിക്കാവുന്നതോ ആയ നികുതികൾ, തീരുവകൾ, ടോളുകൾ, ഫീസ് എന്നിവയുടെ നിർണ്ണയം (iii) സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് പഞ്ചായത്തുകൾക്കുള്ള ഗ്രാന്റുകൾ (iv) പഞ്ചായത്തുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ മുതലായ തത്വങ്ങളിൽ ശിപാർശകൾ നൽകുകയും ചെയ്യണം. 1996 മുതൽ 2001 വരെയുള്ള കാലയളവിലേക്ക് വേണ്ടി ആദ്യത്തെ എസ്എഫ്സി രൂപീകരിച്ചത് 1994 ഏപ്രിൽ 23ന് ആണ്. അതിനുശേഷം സംസ്ഥാനത്ത് ആറ് എസ്എഫ്സികൾ രൂപീകരിച്ചു (2025 ആഗസ്റ്റ്). അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതി വിവരം **പട്ടിക 2.8**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.8: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിച്ചതിന്റെയും നടപ്പാക്കിയതിന്റെയും സ്ഥിതിവിവരം**

| എസ്എഫ്സി | കാലയളവ് | ആകെ ശിപാർശകൾ | സർക്കാർ അംഗീകരിച്ചത് | മാറ്റി വച്ചത് | അംഗീകരിക്കാത്തത് | ഭാഗികമായി അംഗീകരിച്ചത് | നടപ്പാക്കിയത് |
|---|---|---|---|---|---|---|---|
| അഞ്ചാം എസ്എഫ്സി | 2016-17 മുതൽ 2020-21 വരെ | 103 | 74 | 3 | 26 | 0 | 36 |
| ആറാം എസ്എഫ്സി | 2021-22 മുതൽ 2025-26 വരെ | 136 | 109 | 3 | 20 | 4 | 44 |

*(ഉറവിടം: സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടുകളും എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് സമർപ്പിച്ച വിവരങ്ങളും)*

അഞ്ചാം എസ്എഫ്സിയുടെ അംഗീകരിച്ച 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പിലാക്കിയിട്ടുള്ളൂ. ആറാം എസ്എഫ്സിയുടെ അംഗീകരിച്ച 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമേ നടപ്പാക്കിയിട്ടുള്ളൂ (2024 ഡിസംബർ).

### 2.8.1 ഫണ്ട് കൈമാറ്റത്തിന്റെ സ്ഥിതി

2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും പിആർഐകൾക്ക് യഥാർത്ഥത്തിൽ അനുവദിച്ച ഫണ്ടുകളും **പട്ടിക 2.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.9: 2019-20 മുതൽ 2023-24 വരെ പിആർഐകൾക്ക് നൽകേണ്ടിയിരുന്നതും അനുവദിച്ചതുമായ ഗ്രാന്റുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം | ബജറ്റിൽ യഥാർത്ഥത്തിൽ അനുവദിച്ചത് അനുബന്ധം-IV | സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിൽ നിന്നും യഥാർത്ഥത്തിൽ അനുവദിച്ചത്[11] | കുറവ് (-)/ അധികം (+) അനുവദിച്ചത് | കുറവ് (-)/ അധികം (+) അനുവദിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 2019-20 | 8022.23 | 8022.23 | 7995.49 | **(-)26.74** | **(-)0.33** |
| 2020-21 | 7735.41 | 7192.14 | 7913.68 | **(+)178.27** | **(+)2.30** |
| 2021-22 | 7922.04 | 7873.45 | 8103.43 | **(+)181.39** | **(+)2.29** |
| 2022-23 | 8332.48 | 8292.36 | 8303.39 | **(-)29.09** | **(-)0.35** |
| 2023-24 | 9121.94 | 9121.94 | 9135.94 | **(+)14.00** | **(+)0.15** |
| **ആകെ** | **41134.10** | **40502.12** | **41451.93** | **(+)317.83** | |

*(ഉറവിടം: എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് സമർപ്പിച്ച വിവരങ്ങൾ)*

2019-20 ലും 2022-23 ലുമായി ₹55.83 കോടി പിആർഐകൾക്ക് കുറച്ച് അനുവദിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 2.8.2 ഫണ്ട് അനുവദിച്ചതിലെ കാലതാമസം

ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അനുമതി സംസ്ഥാനം മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25-ാം തീയതിക്കു മുമ്പായി നൽകേണ്ടതും അടുത്ത മാസത്തെ ആദ്യ പ്രവൃത്തി ദിവസങ്ങൾ മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അത് വിനിയോഗിക്കേണ്ടതുമാണ്. ഒരു സാമ്പത്തിക വർഷത്തിൽ മാർച്ച് 31-നകം വിനിയോഗിക്കാത്ത ഫണ്ടുകൾ അസാധുവായിത്തീരും. 2023-24ൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പൊതു ആവശ്യ ഫണ്ട് എന്നിവ അനുവദിക്കുന്നതിൽ യഥാക്രമം 117-ഉം, 114-ഉം, 89-ഉം ദിവസത്തെ കാലതാമസം ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു. 2023 നവംബർ 25ന് നൽകേണ്ടിയിരുന്ന വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും മൂന്നാം ഗഡു യഥാക്രമം 2024 മാർച്ച് 22നും, 2024 മാർച്ച് 30നും മാത്രമാണ് അനുവദിച്ചതെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. കൂടാതെ പൊതു ആവശ്യ ഫണ്ടിന്റെ പത്തും, പതിനൊന്നും, പന്ത്രണ്ടും ഗഡുക്കൾ 2024 മാർച്ച് 30ന് മാത്രമാണ് അനുവദിച്ചത്. ഫണ്ട് അനുവദിക്കുന്നതിലുണ്ടായ കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അത് ഉപയോഗപ്രദമാക്കുന്നതിന് ലഭ്യമായ സമയവും കുറച്ചു.

## 2.9 കേന്ദ്രധനകാര്യ കമ്മീഷന്റെ ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ ആർട്ടിക്കിൾ 280(3)(ബിബി) പ്രകാരം, അതത് സംസ്ഥാനങ്ങളിലെ എസ്എഫ്സികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ വിഭവങ്ങൾ വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വികസിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പിആർഐകൾക്ക് ബേസിക് ഗ്രാന്റും പെർഫോമൻസ് ഗ്രാന്റും നൽകാൻ പതിനാലാം സിഎഫ്സി ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി അൺടൈഡ് ബേസിക് ഗ്രാന്റും ടൈഡ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 2.10**ൽ കാണിച്ചിരിക്കുന്നു.

---

[11] മുൻവർഷം ചെലവഴിക്കാതെ മിച്ചം വന്ന തുകയുടെ പുനഃഅംഗീകരിച്ച തുക ഉൾപ്പെടെ

**പട്ടിക 2.10: 2019–20 മുതൽ 2023–24 വരെ പിആർഐകൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനാഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ**[12]

*(₹ കോടിയിൽ)*

| വർഷം | ജനറൽ ബേസിക്ക് ഗ്രാന്റുകൾ | | | പെർഫോമൻസ് ഗ്രാന്റുകൾ/ടൈഡ് ഗ്രാന്റുകൾ | | | വിനിയോഗം |
|---|---|---|---|---|---|---|---|
| | കേന്ദ്ര സർക്കാർ അനുവദിച്ചത് | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ പിആർഐകൾക്ക് നൽകിയത് | കേന്ദ്ര സർക്കാർ അനുവദിച്ചത് | കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ പിആർഐ കൾക്ക് നൽകിയത് | |
| 2019–20 | 1084.73 | 1084.73 | 1084.73 | 132.57 | 0 | 0 | 493.53 |
| 2020–21 | 814.00 | 814.00 | 814.00 | 814.00 | 814.00 | 814.00 | 1294.00 |
| 2021–22 | 481.20 | 481.20 | 481.20 | 721.80 | 721.80 | 721.80 | 1543.17 |
| 2022–23 | 498.40 | 498.40 | 498.40 | 747.60 | 747.60 | 747.60 | 2395.98 |
| 2023–24 | 504.00 | 504.00 | 504.00 | 756.00 | 756.00 | 756.00 | 802.34 |
| **ആകെ** | **3382.33** | **3382.33** | **3382.33** | **3171.97** | **3039.40** | **3039.40** | **6529.02** |

*(ഉറവിടം: എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് നൽകിയ വിവരങ്ങൾ)*

- 2019–20 വർഷത്തേക്കുള്ള ₹132.57 കോടിയുടെ പെർഫോമൻസ് ഗ്രാന്റ് കേന്ദ്രസർക്കാരിൽ നിന്ന് ലഭിക്കേണ്ടതായിരുന്നുവെങ്കിലും, തുക ഇന്നുവരെ അനുവദിച്ചിട്ടില്ല (2024 നവംബർ).

- ധനകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഗ്രാന്റ് സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം 15 ദിവസത്തിനകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. കാലതാമസമുണ്ടായാൽ ഗഡുവിനോടൊപ്പം റിസർവ്വ് ബാങ്കിന്റെ നിലവിലുള്ള ബാങ്ക് നിരക്കിൽ താമസമുണ്ടായ കാലയളവിലെ പലിശയും സംസ്ഥാന സർക്കാർ സ്വന്തം ഫണ്ടിൽ നിന്ന് നൽകണം. 2023–24 സാമ്പത്തിക വർഷത്തിൽ, ഗ്രാമീണ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്[13] ഉള്ള ബേസിക് ഗ്രാന്റിന്റെ രണ്ടാം ഗഡു അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയതിനുള്ള പലിശയായി ₹5.32 ലക്ഷം പിആർഐകൾക്ക് വിതരണം ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

## 2.10 പിആർഐകളുടെ അക്കൗണ്ടുകളുടെ പരിപാലനം

2011–12 മുതൽ സംസ്ഥാനത്തെ പിആർഐകൾ ഡബിൾ എൻട്രി അക്രൂവൽ അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്ന് വരുന്നു. ഇൻഫർമേഷൻ കേരള മിഷൻ വഴി കേരളസർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. സാംഖ്യയിൽ തയ്യാറാക്കിയ അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികകളും നിയമപ്രകാരമുള്ള ഓഡിറ്ററായ സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 64 പ്രകാരം, പിആർഐകളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിന്റെ ഉത്തരവാദിത്തം കെഎസ്എഡിക്കാണ്. കെഎസ്എഡി എന്ന പ്രാഥമിക ഓഡിറ്റർ 2023–24 കാലഘട്ടത്തിലേക്കുള്ള 1,107 പിആർഐകളുടെ ഓഡിറ്റ് പൂർത്തിയാക്കിയെങ്കിലും 890 പിആർഐകളുടെ ഓഡിറ്റ് റിപ്പോർട്ട് മാത്രമേ പുറത്തിറക്കിയുള്ളൂ (2024 ഡിസംബർ).

---

[12] ചെലവഴിക്കാത്ത തുകകളുടെ പുനഃഅംഗീകാരവും ആരോഗ്യമേഖല ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല

[13] 2024 മെയ് 21-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 4130/2024/ധനം

### 2.10.1 ഓഡിറ്റ് ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുന്നതിന്റെ സ്ഥിതി

പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ച മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം സംസ്ഥാന സർക്കാർ അംഗീകരിച്ചു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, പഞ്ചായത്ത് രാജ് മന്ത്രാലയം നിർദ്ദേശിച്ചിട്ടുള്ള മോഡൽ അക്കൗണ്ടിംഗ് സിസ്റ്റം അടിസ്ഥാനമാക്കിയുള്ളതാണ്. എല്ലാ പിആർഐകളുടെയും അക്കൗണ്ടുകൾ 2022–23 കാലയളവ് വരെ അന്തിമമാക്കുകയും ഓഡിറ്റ് ഓൺലൈൻ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട് (2024 ജൂൺ).

### 2.10.2 സിഎജി നടത്തുന്ന അനുബന്ധ ഓഡിറ്റ്

2024 മാർച്ച് 31ന് ശേഷമുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് വേണ്ടിയുള്ള ചുമതലപ്പെടുത്തൽ അഭ്യർത്ഥന കേരളസർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ, 2024 മാർച്ച് 31ന് ശേഷം ഒരു അനുബന്ധ ഓഡിറ്റും നടത്തിയിട്ടില്ല.

## 2.11 സോഷ്യൽ ഓഡിറ്റ്

2011ലെ എംജിഎൻആർഇജിഎ പദ്ധതിയുടെ ഓഡിറ്റ് ചട്ടങ്ങൾ അനുസരിച്ച് 2015–ൽ[14] സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് (എസ്എയു) സ്ഥാപിതമായി. എന്നാൽ ഒരു സ്വതന്ത്ര സൊസൈറ്റിയായി സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് നടത്താനുള്ള നിയമപരമായ അധികാരത്തോടുകൂടി മഹാത്മാഗാന്ധി എൻആർഇജിഎ സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (എംജിഎൻഎസ്എഎസ്കെ) എന്ന കേരള എസ്എയു 1955ലെ തിരുവിതാംകൂർ–കൊച്ചി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട് പ്രവർത്തനം ആരംഭിച്ചത് 2017 ഡിസംബറിൽ മാത്രമാണ്. ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ നിയമിക്കപ്പെടുന്ന റിസോഴ്സ്പേഴ്സൺമാരുടെ സഹായത്തോടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടത്തുക എന്നതായിരുന്നു എസ്എയുവിന്റെ പ്രധാന ഉത്തരവാദിത്തം. പദ്ധതി പ്രവർത്തനങ്ങളുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കൽ, കലണ്ടറിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും നിരീക്ഷിക്കുകയും ചെയ്യൽ, നാഷണൽ വെബ് പോർട്ടലിൽ (എംഐഎസ്) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ അപ്‌ലോഡ് ചെയ്യൽ എന്നിവയായിരുന്നു എസ്എയുവിന്റെ ഡയറക്ടർ നിർവ്വഹിച്ചിരുന്ന പ്രധാന പ്രവർത്തനങ്ങൾ. 2022–23 മുതൽ 2023–24 വരെയുള്ള കാലയളവിലെ കേരള എസ്എയുവിന്റെ ഓഡിറ്റ്, സിഎജി 2025 ഫെബ്രുവരിയിൽ നടത്തി.

---

[14] 2015 ഡിസംബർ 30ലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 3906/2015/എൽഎസ്ജിഡി പ്രകാരം

## അദ്ധ്യായം III
## പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്

### ആമുഖം

എഴുപത്തിമൂന്നാമത് ഭരണഘടനാ ഭേദഗതിയെത്തുടർന്ന് സംസ്ഥാന നിയമസഭ, കേരള പഞ്ചായത്ത് രാജ് നിയമം, 1994 (കെപിആർ നിയമം, 1994) നടപ്പിലാക്കുകയുണ്ടായി. ഈ നിയമം, സംസ്ഥാനത്ത് ആസൂത്രണ വികസനത്തിലും തദ്ദേശഭരണത്തിലും ഉയർന്ന പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതു ലക്ഷ്യമിട്ടുള്ള ത്രിതല പഞ്ചായത്ത് രാജ് സംവിധാനം സ്ഥാപിതമാക്കുകയും അതിലൂടെ ഗ്രാമ, മദ്ധ്യവർത്തി, ജില്ലാതലങ്ങളിൽ യഥാക്രമം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ രൂപീകരിക്കുകയും ചെയ്തു. ജില്ലാ കേന്ദ്രീകൃത സമീപനത്തോടെയുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ (പിആർഐ) പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്, ഭരണഘടനയുടെ എഴുപത്തിമൂന്നാം ഭേദഗതിയിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ ഈ സ്ഥാപനങ്ങൾ എത്രത്തോളം ഫലപ്രദമായി നിർവഹിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു.

### 3.1 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം

#### 3.1.1 ആമുഖം

കെപിആർ നിയമം, 1994 പ്രകാരം, മൃഗങ്ങളെ കശാപ്പുചെയ്യുന്നതിനും മാംസം വിൽക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തേണ്ടത് ഗ്രാമ പഞ്ചായത്തുകളുടെ ഒരു നിർബന്ധിത ചുമതലയാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം, 2009 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ (ജിഒകെ) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും (എൽഎസ്ജിഐ) ശുചിത്വമുള്ള മാംസം ഉൽപ്പാദിപ്പിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് ഉറപ്പാക്കാൻ കശാപ്പുശാലകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകി. കശാപ്പുശാലകളുടെ പര്യാപ്തതയും വിവിധ ചട്ടങ്ങൾ പാലിച്ചുള്ള കശാപ്പുശാലകളുടെ പ്രവർത്തനവും വിശകലനം ചെയ്യുന്നതിനായി 'കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം' സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് ഏറ്റെടുത്തു.

#### 3.1.2 ഓഡിറ്റ് ലക്ഷ്യങ്ങൾ

ഓഡിറ്റിന്റെ ലക്ഷ്യം ഇവ വിലയിരുത്തുക എന്നതായിരുന്നു:

- ഗ്രാമപഞ്ചായത്തുകൾ (ജിപി) അവരുടെ അധികാരപരിധിയിൽ ആവശ്യത്തിന് കശാപ്പുശാലകൾ ആസൂത്രണം ചെയ്യുകയും നിർമ്മിക്കുകയും ചെയ്തിട്ടുണ്ടോ
- മൃഗങ്ങളെ കശാപ്പുചെയ്യുന്നതും മാംസം വിൽക്കുന്നതും കശാപ്പ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിയന്ത്രിക്കപ്പെടുന്നുണ്ടോ
- കശാപ്പുശാലകളുടെയും മാംസ സ്റ്റാളുകളുടെയും ശരിയായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാൻ പിആർഐകളിലെ നിരീക്ഷണ സംവിധാനം പര്യാപ്തമാണോ

#### 3.1.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

ഓഡിറ്റ് മാനദണ്ഡങ്ങൾ താഴെപ്പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്

- കേരള പഞ്ചായത്ത് രാജ് നിയമം, 1994
- കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, 1996

- കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2001ലെ മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ (കശാപ്പുശാല) ചട്ടങ്ങൾ
- ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ, 2016
- കേന്ദ്ര സർക്കാർ, കേരളസർക്കാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് (സിപിസിബി) മുതലായവർ പുറപ്പെടുവിച്ച നിയന്ത്രണങ്ങൾ, ഉത്തരവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ

## 3.1.4 ഓഡിറ്റ് വ്യാപ്തിയും രീതിയും

ആലപ്പുഴ, ഇടുക്കി ജില്ലകളിലെ എട്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ അധികാരപരിധിയിലുള്ള 24 ഗ്രാമപഞ്ചായത്തുകളിൽ 'പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം' എന്ന വിഷയത്തിൽ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് നടത്തി. തിരഞ്ഞെടുത്ത യൂണിറ്റുകളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1**ൽ കാണിച്ചിരിക്കുന്നു.

ഓഡിറ്റ് ചെയ്ത പിആർഐകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ/പ്രമാണങ്ങളുടെ പരിശോധന, ഓഡിറ്റ് അന്വേഷണങ്ങൾ നൽകൽ, സംയുക്ത ഭൗതിക പരിശോധനകൾ നടത്തൽ തുടങ്ങിയവ ഉൾപ്പെടുന്നതായിരുന്നു ഓഡിറ്റ് രീതി. തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി), മൃഗസംരക്ഷണ ഡയറക്ടറേറ്റ്, ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം), ശുചിത്വ മിഷൻ എന്നിവയിൽ നിന്നും വിശദാംശങ്ങൾ ശേഖരിച്ചു.

## ഓഡിറ്റ് കണ്ടെത്തലുകൾ

## 3.1.5 സംസ്ഥാനത്തെ കശാപ്പുശാലകളുടെ സ്ഥിതി

കെപിആർ നിയമം, 1994 പ്രകാരം, ഒരു ഗ്രാമപഞ്ചായത്തിന് പൊതു കശാപ്പുശാലകളായി ഉപയോഗിക്കുന്നതിനുള്ള സ്ഥലങ്ങൾ ഒരുക്കുകയും വാടകയും ഫീസും ഈടാക്കുകയും ചെയ്യാവുന്നതാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാരപരിധിയിൽ കശാപ്പുശാലകൾ സ്ഥാപിക്കണമെന്നും വ്യത്യസ്ത പഞ്ചായത്തുകളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വലുതോ ഇടത്തരമോ ആയ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2009 ജൂലൈയിൽ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ചു. സംസ്ഥാനത്തും, തിരഞ്ഞെടുത്ത ജില്ലകൾ, തിരഞ്ഞെടുത്ത ജിപികൾ എന്നിവയിലെയും കശാപ്പുശാലകളുടെ എണ്ണം **പട്ടിക 3.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1: കശാപ്പുശാലകളുടെ എണ്ണം**

| കശാപ്പുശാലകളുടെ എണ്ണം | | | |
|---|---|---|---|
| | **സർക്കാർ** | **സ്വകാര്യ ഉടമസ്ഥത** | **ആകെ** |
| **സംസ്ഥാനം** | 3 | 17 | 20 |
| **തിരഞ്ഞെടുത്ത ജില്ലകൾ** | | | |
| ആലപ്പുഴ | 0 | 0 | 0 |
| ഇടുക്കി | 3 | 3 | 6 |
| **തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകൾ** | | | |
| ആലപ്പുഴ | 0 | 0 | 0 |
| ഇടുക്കി | 2 | 0 | 2 |

*(ഉറവിടം: പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, എൽഎസ്ജിഡി നൽകിയ വിവരങ്ങൾ)*

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കശാപ്പുശാലകൾ സ്ഥാപിക്കാൻ സർക്കാർ 2009 സെപ്റ്റംബറിൽ നിർദ്ദേശം നൽകുകയും കശാപ്പുശാലകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും

ചെയ്തെങ്കിലും (2010 ഒക്ടോബർ), കേരളത്തിലെ 941 ജിപികളിൽ 921 എണ്ണത്തിലും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനും ശുചിത്വമുള്ള രീതിയിൽ മാംസം സംസ്കരിക്കുന്നതിനും പുറപ്പെടുവിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങളുള്ള കശാപ്പുശാലകൾ ഉണ്ടായിരുന്നില്ല.

കൂടാതെ, സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള കശാപ്പുശാലകളുടെ എണ്ണത്തെക്കുറിച്ചുള്ള വിവരങ്ങൾ സൂചിപ്പിക്കുന്നത് **പട്ടിക 3.2**ൽ കാണിച്ചിരിക്കുന്നതുപോലെ സംസ്ഥാനത്തെ ചുരുക്കം ചില കശാപ്പുശാലകൾക്ക് മാത്രമേ നിയമപരമായ ലൈസൻസുകൾ ഉണ്ടായിരുന്നുള്ളൂ എന്നാണ്.

**പട്ടിക 3.2: സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത കശാപ്പുശാലകളുടെ എണ്ണം**

| വകുപ്പിന്റെ/സ്ഥാപനത്തിന്റെ പേര് | സംസ്ഥാനത്തെ കശാപ്പുശാലകളുടെ എണ്ണം | | |
|---|---|---|---|
| | സർക്കാർ | സ്വകാര്യ ഉടമസ്ഥത | ആകെ |
| പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, എൽഎസ്ജിഡി | 3 | 17 | 20 |
| ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് | 6 | 8 | 14 |
| കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് | 3 | 1 | 4 |

*(ഉറവിടം: അതത് സ്ഥാപനങ്ങൾ നൽകിയ വിവരങ്ങൾ)*

സംസ്ഥാനത്തെ ഒരു കശാപ്പുശാലയ്ക്കും കശാപ്പുശാലകളായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നിയമപരമായ എല്ലാ ലൈസൻസുകളും ഇല്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി.

### 3.1.6 വൻതോതിൽ മൃഗങ്ങളെ കശാപ്പ് ചെയ്തിട്ടും കശാപ്പുശാലകൾക്കായി പദ്ധതികൾ രൂപപ്പെടുത്താത്തത്

ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ (ഡിഎഎച്ച്ഒ) നൽകിയ ഡാറ്റ പ്രകാരം, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ കശാപ്പ് ചെയ്ത മൃഗങ്ങളുടെ എണ്ണം **പട്ടിക 3.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.3: തിരഞ്ഞെടുത്ത ജിപികളിൽ കശാപ്പുചെയ്യപ്പെട്ട മൃഗങ്ങളുടെ എണ്ണം**

| വർഷം | ആലപ്പുഴ | ഇടുക്കി |
|---|---|---|
| 2021-22 | 2795 | 10771 |
| 2022-23 | 3102 | 8308 |
| 2023-24 | 4560 | 6665 |
| **ആകെ** | **10457** | **25744** |

*(ഉറവിടം: ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ നൽകിയ വിവരങ്ങൾ)*

ആലപ്പുഴ ജില്ലയിലെ തിരഞ്ഞെടുത്ത ജിപികളിൽ 2021-2024 കാലയളവിൽ 10,457 മൃഗങ്ങളെ കശാപ്പ് ചെയ്തിട്ടുണ്ടെങ്കിലും തിരഞ്ഞെടുത്ത ജിപികളിൽ ഒന്നിലും കശാപ്പുശാലകൾ ഉണ്ടായിരുന്നില്ല. ഇടുക്കി ജില്ലയിലെ തിരഞ്ഞെടുത്ത 12 ജിപികളിൽ രണ്ടെണ്ണത്തിലായി രണ്ട് കശാപ്പുശാലകൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. ഓഡിറ്റ് കാലയളവിൽ തിരഞ്ഞെടുക്കപ്പെട്ട ജിപികളൊന്നും അറവുശാല നിർമ്മാണത്തിനായി പുതിയ പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഏഴ് ജിപികളിൽ[15] അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവും രണ്ട് ജിപികളിൽ[16] ഫണ്ടിന്റെ അഭാവവുമാണ് കശാപ്പുശാലകൾക്കായി പദ്ധതികൾ ഏറ്റെടുക്കാത്തതിന് കാരണമെന്ന് തിരഞ്ഞെടുത്ത ജിപികൾ അറിയിച്ചു. എന്നാൽ, തിരഞ്ഞെടുത്ത ജിപികൾ ഒന്നും തന്നെ അനുയോജ്യമായ ഭൂമി കണ്ടുപിടിക്കുന്നതിനുള്ള ശ്രമം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

15 ആലപ്പുഴ ജില്ലയിലെ ചേർത്തല, കടകരപ്പള്ളി, അമ്പലപ്പുഴ നോർത്ത്, എഴുപുന്ന, കത്തിയതോട് ജിപികളും ഇടുക്കി ജില്ലയിലെ മണക്കാട്, മറയൂർ ജിപികളും

16 ആലപ്പുഴ ജില്ലയിലെ കോടംതുരുത്ത് ജിപിയും ഇടുക്കി ജില്ലയിലെ ഉപ്പുതറ ജിപിയും

### 3.1.7 സാമ്പത്തിക സ്ഥിതി

സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ കശാപ്പുശാലകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനുവേണ്ടി വകയിരുത്തിയ ഫണ്ടും ചെലവും **പട്ടിക 3.4**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 3.4: സംസ്ഥാനത്തെ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫണ്ടുകളുടെ വകയിരുത്തലും വിനിയോഗവും**

*(₹ കോടിയിൽ)*

| വർഷം | വകയിരുത്തിയത് | ചെലവ് |
|---|---|---|
| 2021-22 | 0.098 | 0.098 |
| 2022-23 | 1.072 | 0.129 |
| 2023-24 | 0.983 | 0.372 |
| **ആകെ** | **2.153** | **0.599** |

*(ഉറവിടം: ഐകെഎം നൽകിയ വിവരങ്ങൾ)*

സംസ്ഥാനത്ത് കശാപ്പുശാലകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനു വേണ്ടി പിആർഐകൾ വളരെ തുച്ഛമായ തുക മാത്രമേ നീക്കിവച്ചിരുന്നുള്ളൂ എന്ന് മുകളിൽ പറഞ്ഞ ഡാറ്റ വെളിപ്പെടുത്തുന്നു. ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ജിപി ഒഴികെ, 2021-2024 കാലയളവിൽ തിരഞ്ഞെടുക്കപ്പെട്ട പിആർഐകളൊന്നും[17] കശാപ്പുശാലകൾ സ്ഥാപിക്കുന്നതിന് ഫണ്ട് വകയിരുത്തിയില്ല. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മറ്റ് സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള പിന്തുണ പ്രതീക്ഷിച്ച് വാഴത്തോപ്പ് ജിപി 2021-22, 2022-23, 2023-24 വർഷങ്ങളിൽ തനതു വരുമാനത്തിൽ നിന്ന് ₹10 ലക്ഷം വീതം നീക്കിവച്ചു. പ്രതീക്ഷിച്ച സ്രോതസ്സുകളിൽ നിന്ന് ഫണ്ടൊന്നും ലഭിക്കാത്തതിനാൽ, കശാപ്പുശാല പദ്ധതി ഏറ്റെടുത്തില്ലെന്ന് പഞ്ചായത്ത് അറിയിച്ചു.

### 3.1.8 കശാപ്പുശാലകളുടെ പ്രവർത്തനം

കെപിആർ നിയമം, 1994ലെ സെക്ഷൻ 230, 1996ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ, ചട്ടം 32 മായി ചേർത്ത് വായിക്കുമ്പോൾ, ഒരു ഗ്രാമപഞ്ചായത്തിനുള്ളിൽ ഒരു സ്ഥലം കശാപ്പുശാലയായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരാളും കശാപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് നേടണമെന്ന് അനുശാസിക്കുന്നു. 1974ലെ ജല (മലിനീകരണ നിയന്ത്രണവും തടയലും) നിയമത്തിലെ സെക്ഷൻ 25 അനുസരിച്ച്, ഒരു വ്യക്തിയും മലിനജലം ഒരു അരുവിയിലേക്കോ കിണറിലേക്കോ അഴുക്കുചാലിലേക്കോ കരയിലേക്കോ പുറന്തള്ളാൻ സാധ്യതയുള്ള ഏതെങ്കിലും വ്യവസായം, പ്രവർത്തനം അല്ലെങ്കിൽ പ്രക്രിയ അല്ലെങ്കിൽ ഏതെങ്കിലും സംസ്കരണ, നിർമാർജ്ജന സംവിധാനം മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപിക്കാൻ പാടില്ല. മൃഗാവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിന് റെൻഡറിംഗ് പ്ലാന്റിനൊപ്പം രക്തം കട്ടപിടിപ്പിക്കുന്നതിനുള്ള ഉപകരണവും സ്ഥാപിക്കണമെന്നും മലിനജലം സംസ്കരിക്കുന്നതിന് ഉചിതമായ രൂപകൽപ്പന ചെയ്ത എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (ഇടിപി) സ്ഥാപിക്കണമെന്നും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചിരുന്നു (2022 ജനുവരി). 1974ലെ ജലനിയമവും, 1981ലെ വായുനിയമവും പ്രകാരമുള്ള അനുമതിയില്ലാത്ത കശാപ്പുശാലകളുടെ പ്രവർത്തനം നിർത്തിവയ്ക്കുവാനും നിർദ്ദേശം നല്കിയിരുന്നു.

ഭക്ഷ്യസുരക്ഷയും മാനദണ്ഡങ്ങളും (ഭക്ഷ്യ ഇടപാടുകളുടെ ലൈസൻസിംഗും രജിസ്ട്രേഷനും) റെഗുലേഷൻ, 2011, എല്ലാ കശാപ്പുശാലകളും മാംസ വിൽപന സ്റ്റാളുകളും ലൈസൻസ് നേടണമെന്ന് വ്യവസ്ഥ ചെയ്യുന്നു. 2001ലെ മൃഗങ്ങൾക്കെതിരായ ക്രൂരത

---

[17] 2022-23 കാലയളവിൽ അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് ₹9.51 ലക്ഷം ചെലവഴിച്ചു, നിലവിലുള്ള അറവുശാലയുടെ നവീകരണത്തിനായി ചക്കുപള്ളം ഗ്രാമപഞ്ചായത്ത് 2021-22ൽ ₹2.77 ലക്ഷവും, ബയോഗ്യാസ് പ്ലാന്റും കോമ്പൗണ്ട് മതിലും സ്ഥാപിക്കുന്നതിന് ₹7.5 ലക്ഷവും അനുവദിച്ചു, പക്ഷേ ഒരു തുകയും ചെലവഴിച്ചില്ല.

തടയൽ (കശാപ്പുശാല) ചട്ടങ്ങളിലെ ചട്ടം 6, കശാപ്പുശാലകളിൽ ശാസ്ത്രീയമായ കശാപ്പ് രീതി സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

ചക്കുപള്ളം, അയ്യപ്പൻകോവിൽ ജിപികൾക്ക് അവരുടെ അധികാരപരിധിയിൽ കശാപ്പുശാലകൾ ഉണ്ടെന്ന് ഓഡിറ്റ് കണ്ടു. ഈ കശാപ്പുശാലകൾ പഞ്ചായത്ത് കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചിരുന്നത്. പ്രവർത്തനത്തിനും പരിപാലനത്തിനുമായി ഇവ സ്വകാര്യ കക്ഷികൾക്ക് ലേലം ചെയ്തു നല്കിയിരുന്നു. ഈ രണ്ട് കശാപ്പുശാലകളുടെ രേഖകളുടെ സൂക്ഷ്മപരിശോധനയും സംയുക്ത ഭൗതിക പരിശോധനയും വെളിപ്പെടുത്തിയ പ്രവർത്തനത്തിലെ പോരായ്മകൾ **പട്ടിക 3.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5: ആവശ്യമായ സൗകര്യങ്ങളിലെ പോരായ്മകൾ**

| ആവശ്യമായ സൗകര്യങ്ങൾ | അറവുശാലയുടെ പേര് | |
|---|---|---|
| | ചക്കുപള്ളം | അയ്യപ്പൻകോവിൽ |
| ഒരു ദിവസം കശാപ്പ് ചെയ്യപ്പെടുന്ന മൃഗങ്ങളുടെ എണ്ണം | രേഖകളൊന്നും ലഭ്യമല്ല[18] | രേഖകളൊന്നും ലഭ്യമല്ല |
| ആധുനിക അറവുശാല | ഉണ്ട്[19] | അല്ല |
| ഇടിപി | ഇല്ല | ഇല്ല |
| ബയോഗ്യാസ് പ്ലാന്റ് | ഇല്ല | ഉണ്ട് |
| റെൻഡറിംഗ് പ്ലാന്റ് | ഇല്ല | ഇല്ല |
| ഖരമാലിന്യം | പന്നി ഫാമുകളിലേക്ക് കൊണ്ടുപോകുന്നു | വെള്ളോലയിലെ സ്വപ്ന ബോൺ മീൽ കമ്പനി ശേഖരിക്കുന്നു |
| പിസിബിയുടെ സമ്മതപത്രം | ഇല്ല | ഇല്ല |
| പിആർഐയുടെ ലൈസൻസ് | ഇല്ല | ഇല്ല |
| ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ)യുടെ ലൈസൻസ് | ഇല്ല | ഇല്ല |
| കശാപ്പുകാരന്റെ ലൈസൻസ് | ഇല്ല | ഉണ്ട് |
| ഹെൽത്ത് കാർഡ് | ഇല്ല | ഉണ്ട് |

*(ഉറവിടം: ബന്ധപ്പെട്ട പിആർഐകൾ നൽകിയ വിവരങ്ങൾ)*

- ചക്കുപള്ളം ജിപി 2015ൽ ₹96.74 ലക്ഷം ചെലവിൽ ഒരു ആധുനിക കശാപ്പുശാല നിർമ്മിച്ചു. കശാപ്പുശാലയുടെ സംയുക്ത ഭൗതിക പരിശോധനയിൽ, അറ്റകുറ്റപ്പണികളുടെ അഭാവം മൂലം ആധുനിക യന്ത്രങ്ങൾ തുരുമ്പെടുത്ത് പ്രവർത്തന രഹിതമായതായും നിയമ വ്യവസ്ഥകൾ ലംഘിച്ച് തറയിൽ അശാസ്ത്രീയമായി കശാപ്പ് ചെയ്യുന്നതായും കണ്ടെത്തി. മൃഗങ്ങൾക്കുള്ള വിശ്രമ സ്ഥലങ്ങൾ, വെറ്ററിനറി പരിശോധനകൾക്കുള്ള പരിശോധനാ മുറികൾ, മൃഗങ്ങളെ സ്റ്റൺ ചെയ്യുന്നതിനും രക്തം ഒഴുകുന്നതിനുമുള്ള അവശ്യ സൗകര്യങ്ങൾ തുടങ്ങിയവ ഉണ്ടായിരുന്നില്ല. പരിസരം വൃത്തിഹീനമായിരുന്നു, കന്നുകാലികളെ വൃത്തിഹീനമായ കന്നുകാലി തൊഴുത്തിൽ ഇട്ടിരുന്നു.

- അയ്യപ്പൻകോവിൽ ജിപിയിലെ കശാപ്പുശാല 1983–84 മുതൽ പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. തറയിൽ അശാസ്ത്രീയമായ രീതിയിൽ കശാപ്പ് ചെയ്യുന്നതായും കശാപ്പുശാലയിൽ ആധുനിക യന്ത്രങ്ങൾ ഇല്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

---

[18] ഒരു ദിവസം എത്ര മൃഗങ്ങളെ കാശപ്പുചെയ്തു എന്നതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല

[19] ചക്കുപള്ളത്ത് സ്ഥാപിച്ച യന്ത്രങ്ങൾ ഉപയോഗിച്ചിരുന്നില്ല




*ചിത്രം 3.1: ചക്കുപള്ളത്ത് തറയിൽ കന്നുകാലികളെ കശാപ്പ് ചെയ്ത നിലയിൽ*




*ചിത്രം 3.2: അയ്യപ്പൻകോവിൽ ജിപിയിലെ കശാപ്പ് ഹാളിന്റെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്ന മാംസാവശിഷ്ടങ്ങൾ*

- കശാപ്പ് ചെയ്യുമ്പോഴുള്ള രക്തവും വൃത്തിയാക്കിയ ശേഷമുള്ള മലിനജലവും രണ്ട് സ്ഥലങ്ങളിലും ഒരു ഭൂഗർഭ കുഴിയിലേക്ക് ഒഴുക്കിവിട്ടിരുന്നു. ഇത് ഭൂഗർഭജലം മലിനമാകാനുള്ള സാധ്യത സൃഷ്ടിച്ചു.

- ഈ രണ്ട് കശാപ്പുശാലകളും ജിപികൾ/എഫ്എസ്എസ്എഐ/ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെഎസ്പിസിബി) എന്നിവയുടെ നിർബന്ധിതമായ ലൈസൻസോ സമ്മതമോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും സിപിസിബി നിഷ്കർഷിച്ചിട്ടുള്ള അവശ്യ സൗകര്യങ്ങളായ ഇടിപി, റെൻഡറിംഗ് പ്ലാന്റ്, രക്തം കട്ടിയാക്കുന്ന ഉപകരണം മുതലായവ ഇല്ലെന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെയും എഫ്എസ്എസ്എഐയുടെ വ്യവസ്ഥകൾ പാലിക്കാതെയും കശാപ്പുശാലകൾ പ്രവർത്തിക്കുന്നത് പൊതുജനാരോഗ്യത്തിന് അപകടസാധ്യത സൃഷ്ടിക്കുന്നു.

- ചക്കുപള്ളത്ത്, കെഎസ്പിസിബി പുറപ്പെടുവിച്ച (2020 ഡിസംബർ) പന്നിഫാമുകൾക്കായുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾക്ക് വിരുദ്ധമായി ഖരമാലിന്യം സമീപത്തെ പന്നി ഫാമുകളിലേക്ക് കൊണ്ടുപോയിരുന്നതായി കണ്ടെത്തി. അനധികൃത ഏജൻസികൾ കശാപ്പുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നത് പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നതിന് ഇടയാക്കുകയും, ഇത് അനാരോഗ്യകരമായ പരിസരവും മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണിയും സൃഷ്ടിക്കുന്നതിന് കാരണമാകും.
- **ചിത്രം** 3.3, **ചിത്രം** 3.4 എന്നിവയിൽ കാണിച്ചിരിക്കുന്നതുപോലെ, രണ്ട് അറവുശാലകളുടെയും പരിസരം വൃത്തിഹീനമായിരുന്നു, കൂടാതെ അറവുശാലകൾക്കുള്ളിലും പുറത്തും ഖരമാലിന്യങ്ങൾ കൂട്ടിയിട്ടിരുന്നത് ശ്രദ്ധയിൽപ്പെട്ടു.




*ചിത്രം 3.3: ചക്കുപള്ളത്തെ കശാപ്പുശാലയ്ക്കുള്ളിൽ കൂട്ടിയിട്ടിരിക്കുന്ന ചാണകം*




*ചിത്രം 3.4: ചക്കുപള്ളത്തെ അറവുശാലയ്ക്ക് പുറത്ത് കൂട്ടിയിട്ടിരിക്കുന്ന ഖരമാലിന്യം*

## 3.1.9 കന്നുകാലികളുടെ ആരോഗ്യസ്ഥിതി ഉറപ്പാക്കുന്നതിനുള്ള സംവിധാനത്തിലെ അപര്യാപ്തത

### 3.1.9.1 ചെക്ക് പോസ്റ്റുകളിൽ

രോഗബാധിതരായ മൃഗങ്ങൾ, രോഗം പകർത്തുന്ന മൃഗങ്ങൾ അല്ലെങ്കിൽ പകർച്ചവ്യാധികൾ ബാധിച്ച മൃഗങ്ങൾ എന്നിവ സംസ്ഥാനത്ത് പ്രവേശിക്കുന്നത് തടയാൻ, ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പാലിച്ചുകൊണ്ട് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ഇടവിട്ടുള്ള പരിശോധന ഉറപ്പാക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ ഒരു സംവിധാനം സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിനോട് (എഎച്ച്ഡി) 2009 സെപ്റ്റംബറിൽ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചു.

2021–22 മുതൽ 2023–24 വരെയുള്ള കാലയളവിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന മൃഗങ്ങളുടെ വിശദാംശങ്ങൾ **പട്ടിക 3.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.6: മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന മൃഗങ്ങളുടെ വിശദാംശങ്ങൾ**

| വർഷം | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന ആകെ മൃഗങ്ങളുടെ എണ്ണം | കശാപ്പിനായി കൊണ്ടുവന്ന മൃഗങ്ങൾ |
|---|---|---|
| 2021–22 | 12,65,464 | 4,62,812 |
| 2022–23 | 11,80,633 | 3,31,508 |
| 2023–24 | 13,29,540 | 27,50,27 |
| **ആകെ** | **37,75,637** | **10,69,347** |

*(ഉറവിടം: മൃഗസംരക്ഷണ ഡയറക്ടറേറ്റിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

2021–2024 കാലയളവിൽ കൊണ്ടുവന്നിരുന്ന 37.75 ലക്ഷം മൃഗങ്ങളിൽ 10.69 ലക്ഷവും കശാപ്പിനായി മാത്രം കൊണ്ടുവന്നതാണെന്ന് കാണാം. സംസ്ഥാനത്തിന് പുറത്തുനിന്ന് കൊണ്ടുവരുന്ന കന്നുകാലികളുടെ ആരോഗ്യസ്ഥിതി നിരീക്ഷിക്കാൻ എഎച്ച്ഡിക്ക് 19 അതിർത്തി ചെക്ക് പോസ്റ്റുകൾ ഉണ്ടായിരുന്നു. എന്നാൽ, 19 ചെക്ക് പോസ്റ്റുകളിൽ വെറ്ററിനറി ഡോക്ടർമാരുടെ രണ്ട് തസ്തികകൾ മാത്രമേ അനുവദിച്ചിരുന്നുള്ളു. അനുവദിച്ച രണ്ട് തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു (2025 സെപ്റ്റംബർ). കൂടാതെ, ഒരു ചെക്ക് പോസ്റ്റിലും ക്വാറന്റൈൻ സൗകര്യം ലഭ്യമല്ലായിരുന്നു. കന്നുകാലികളെ കൊണ്ടുവന്ന സംസ്ഥാനത്തുനിന്ന് നൽകിയതായി അവകാശപ്പെടുന്ന ട്രാൻസ്പോർട്ടർമാർ ഹാജരാക്കുന്ന ആരോഗ്യ സർട്ടിഫിക്കറ്റിനെയാണ് ചെക്ക് പോസ്റ്റ് ജീവനക്കാർ ആശ്രയിക്കുന്നതെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

ഇതിൽനിന്നും, മൃഗങ്ങളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് ചെക്ക് പോസ്റ്റുകളിൽ നിർദ്ദേശിച്ചിട്ടുള്ള റാൻഡം പരിശോധനകൾ നടത്തിവരുന്നില്ലെന്ന് വ്യക്തമാണ്.

കന്നുകാലികളുടെ ആരോഗ്യസ്ഥിതി ഉറപ്പാക്കിയിട്ടില്ലാത്തതിനാൽ മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമല്ലാത്ത മാംസം വിൽക്കുന്നതിനും ഇതിലൂടെ മനുഷ്യന്റെ ആരോഗ്യത്തിന് ഭീഷണി സൃഷ്ടിക്കാനുള്ള സാധ്യതയും നിലനിൽക്കുന്നു.

ചെക്ക് പോസ്റ്റുകളിൽ ഒരു ക്വാറന്റൈൻ സൗകര്യം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് എഎച്ച്ഡി പ്രസ്താവിച്ചു (2025 മാർച്ച്).

### 3.1.9.2 മൃഗങ്ങളുടെ കശാപ്പിനും മാംസം സ്റ്റാമ്പ് ചെയ്യുന്നതിനും മുമ്പുള്ള സർട്ടിഫിക്കേഷൻ

കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചികടകളും) ചട്ടങ്ങൾ, 1996ലെ ചട്ടം 8 പ്രകാരം, പകർച്ചവ്യാധികളിൽ നിന്നും മറ്റ് രോഗങ്ങളിൽ നിന്നും മുക്തമാണെന്ന് പരിശോധനാ അതോറിറ്റി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സ്റ്റാമ്പ് ചെയ്തിട്ടില്ലെങ്കിൽ ഒരു മൃഗത്തെയും കശാപ്പിനായി കശാപ്പുശാലയിലേക്ക് പ്രവേശിപ്പിക്കാൻ പാടില്ല. കശാപ്പ ചെയ്ത മൃഗത്തിന്റെ മാംസം മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമാണെങ്കിൽ, വെറ്ററിനറി സർജൻ പരിശോധിച്ച് സ്റ്റാമ്പ് ചെയ്യണമെന്ന് ചട്ടം 17 അനുശാസിക്കുന്നു. കശാപ്പ് ചെയ്ത മൃഗങ്ങളുടെ സ്റ്റാമ്പ് ചെയ്ത ഭാഗം, മുഴുവൻ മാംസവും വിറ്റുതീരും വരെ സൂക്ഷിക്കണമെന്ന് ചട്ടം 40(2) വിഭാവനം ചെയ്യുന്നു. ചക്കുപള്ളം ജിപിയിലെയും അയ്യപ്പൻകോവിൽ ജിപിയിലെയും അറവുശാലകളിലെ രേഖകളുടെ പരിശോധനയിൽ താഴെപ്പറയുന്ന കാര്യങ്ങൾ കണ്ടെത്തി:

- ചക്കുപള്ളം ജിപിയിൽ ഒരു വെറ്ററിനറി സർജൻ ലഭ്യമായിരുന്നെങ്കിലും, ചട്ടങ്ങളിൽ നിർബന്ധമാക്കിയിട്ടുള്ള ആന്റിമോർട്ടം/പോസ്റ്റ്മോർട്ടം പരിശോധനകൾ നടത്തിയിരുന്നില്ല, കൂടാതെ മൃഗങ്ങളുടെ ആരോഗ്യനില രേഖപ്പെടുത്തുന്നതിനുള്ള ഒരു രജിസ്റ്ററും സൂക്ഷിച്ചിരുന്നില്ല.
- അയ്യപ്പൻകോവിൽ ജിപിയിൽ, കശാപ്പിനായി കൊണ്ടുവരുന്ന മൃഗങ്ങളുടെ ആരോഗ്യസ്ഥിതി രേഖപ്പെടുത്തുന്നതിനായി വെറ്ററിനറി സർജൻ ഒരു രജിസ്റ്റർ സൂക്ഷിച്ചിരുന്നു. എന്നാൽ, പരിശോധിച്ച മൃഗങ്ങളുടെ എണ്ണം രജിസ്റ്ററിൽ രേഖപ്പെടുത്തിയിരുന്നില്ല. കൂടാതെ, രജിസ്റ്റർ അപൂർണ്ണവും, വെറ്ററിനറി സർജന്റെ സാക്ഷ്യപ്പെടുത്തൽ പല ദിവസങ്ങളിലും ഇല്ലായിരുന്നു.
- മാംസത്തിന്റെ പോസ്റ്റ്മോർട്ടം സർട്ടിഫിക്കേഷൻ വെറ്ററിനറി സർജൻ നടത്തിയതായി സ്ഥിരീകരിക്കുന്ന രേഖകളൊന്നും കശാപ്പുശാലയിൽ/ജിപിയിൽ ലഭ്യമായിരുന്നില്ല.
- മൃഗങ്ങളുടെ ആന്റി-മോർട്ടം, പോസ്റ്റ്മോർട്ടം പരിശോധനയ്ക്കുള്ള ബിഐഎസ് കോഡ് ഓഫ് പ്രാക്ടീസ് പ്രകാരം പരിശോധനയ്ക്ക് ശേഷം കശാപ്പ് ചെയ്യുന്നതിന് 24 മണിക്കൂറിൽ കൂടുതൽ കാലതാമസം ഉണ്ടാകരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, അയ്യപ്പൻകോവിൽ ജിപിയിൽ വെറ്ററിനറി സർജന്റെ സാക്ഷ്യപ്പെടുത്തൽ തീയതി മുതൽ മൂന്ന് മുതൽ അഞ്ച് ദിവസങ്ങൾക്ക് ശേഷമാണ് കന്നുകാലികളെ കശാപ്പ് ചെയ്തിരുന്നത്.

കശാപ്പ് ചെയ്യുന്ന മൃഗങ്ങൾ രോഗമുക്തരാണെന്നും മാംസം മനുഷ്യ ഉപഭോഗത്തിന് അനുയോജ്യമാണെന്നും ഉറപ്പാക്കാൻ നിർബന്ധിത പരിശോധനകൾ നടത്തിയിട്ടില്ല എന്നാണ് മുകളിൽ പറഞ്ഞ കാര്യങ്ങൾ സൂചിപ്പിക്കുന്നത്.

## 3.1.10 പന്നികൾക്കുള്ള പ്രത്യേക അറവുശാലകളുടെ അഭാവം

കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ 1996ലെ ചട്ടം 4 പ്രകാരം, പന്നികളെ കശാപ്പ് ചെയ്യുന്നതിന് പ്രത്യേക അറവുശാലകളോ സ്ഥലങ്ങളോ ഉണ്ടായിരിക്കണം, അവ സാധാരണ അറവുശാലകളിൽ നിന്ന് കുറഞ്ഞത് 90 മീറ്റർ അകലെയായിരിക്കണം.

ഡിഎഎച്ച്ഒ നൽകിയ വിവരങ്ങൾ പ്രകാരം, 2023–24 കാലയളവിൽ, ആലപ്പുഴ[20], ഇടുക്കി[21] ജില്ലകളിലെ തിരഞ്ഞെടുത്ത പിആർഐകളിൽ യഥാക്രമം 17 പന്നികളെയും 2,870 പന്നികളെയും കശാപ്പ് ചെയ്തു. എന്നാൽ, തിരഞ്ഞെടുത്ത രണ്ട് ജില്ലകളിലും പന്നികൾക്കായി പ്രത്യേക അറവുശാലകൾ ലഭ്യമല്ലായിരുന്നു. പിആർഐകൾ മറുപടി നൽകിയത് പന്നി ഫാമുകളാണ് പന്നിയിറച്ചി ലഭ്യമാക്കിയിരുന്നതെന്നാണ്. പന്നി ഫാമുകളിൽ അനധികൃതമായി കശാപ്പ് നടക്കുന്നുണ്ടെന്നും വെറ്ററിനറി സർജന്മാർ പന്നിയിറച്ചിയുടെ ഭക്ഷ്യയോഗ്യത ഉറപ്പാക്കിയിട്ടില്ലെന്നുമാണ് ഇത് സൂചിപ്പിക്കുന്നത്.

### 3.1.11 കശാപ്പുശാല എംസിഎഫ് ആയിട്ട് പരിവർത്തനം ചെയ്തു

സർക്കാർ, തനതു ഫണ്ടുകളുടെ സഹായത്തോടെ ഉപ്പുതറ ജിപി 2014–15 വർഷത്തിൽ ₹32.50 ലക്ഷം ചെലവഴിച്ച് ഒരു അറവുശാല കെട്ടിടം നിർമ്മിച്ചു. എന്നാൽ, ഫണ്ടിന്റെ അഭാവം മൂലം ആധുനിക യന്ത്രസാമഗ്രികളും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിച്ചില്ല. കശാപ്പുശാല പദ്ധതിയ്ക്കായി ശുചിത്വ മിഷൻ ഉപ്പുതറ ഗ്രാമപഞ്ചായത്തിന് ₹60 ലക്ഷം കൈമാറിയെങ്കിലും (2019 മാർച്ച്) തുക ഉപയോഗിക്കാതെ അവശേഷിക്കുകയും 2021 മാർച്ചിൽ ശുചിത്വ മിഷന് തിരികെ നൽകുകയും ചെയ്തു. സംയുക്ത ഭൗതിക പരിശോധനയിൽ, കെട്ടിടം മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എംസിഎഫ്) ആയി ഉപയോഗിക്കുന്നതായി ഓഡിറ്റ് ശ്രദ്ധിച്ചു. അങ്ങനെ, ഫണ്ടിന്റെ ലഭ്യത ഉണ്ടായിരുന്നിട്ടും, ഉപ്പുതറ ജിപി ഒരു അറവുശാല സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു.

### 3.1.12 ഇറച്ചിക്കടകളുടെ പ്രവർത്തനം

സംസ്ഥാന സർക്കാർ പുറത്തിറക്കിയ (2017 ജൂൺ) അഡ്മിനിസ്ട്രേഷൻ മാനുവൽ ഫോർ സ്റ്റാൻഡേർഡ് ഫംഗ്ഷൻസ് (വെറ്ററിനറി ഡിസ്പെൻസറികൾ/ആശുപത്രികൾ) പ്രകാരം, മാംസ വിൽപന കേന്ദ്രങ്ങളിൽ മാംസം തൂക്കിയിടുന്നതിനും വിൽപനയ്ക്ക് ശേഷം സ്ഥലം വൃത്തിയാക്കുന്നതിനും മലിനമായ വെള്ളവും മാലിന്യവും നീക്കം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ തൃപ്തികരമാണെന്ന് വെറ്ററിനറി സർജന്റെ പരിശോധനയ്ക്കും സാക്ഷ്യപ്പെടുത്തലിനും ശേഷം മാത്രമേ പിആർഐകൾ മാംസ വിൽപന കേന്ദ്രങ്ങൾക്ക് ലൈസൻസ് നൽകാവൂ. എൽഎസ്ജിഐകൾ എല്ലാ അനധികൃത മാംസ വിൽപന കേന്ദ്രങ്ങളും ഉടനടി അടച്ചുപൂട്ടണമെന്ന് സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിരുന്നു (2009 സെപ്റ്റംബർ). എന്നാൽ, **പട്ടിക 3.7**ൽ നൽകിയിരിക്കുന്നതുപോലെ, തിരഞ്ഞെടുത്ത പിആർഐകളിൽ പ്രവർത്തിക്കുന്ന 90 ശതമാനം ഇറച്ചിക്കടകളും അനധികൃതമാണെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 3.7: തിരഞ്ഞെടുത്ത പിആർഐകളിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾ**

| ജില്ലയുടെ പേര് | ഇറച്ചിക്കടകളുടെ എണ്ണം | | |
|---|---|---|---|
| | അംഗീകൃതം | അനധികൃതം | ആകെ |
| ആലപ്പുഴ | 0 | 31[22] | 31 |
| ഇടുക്കി | 7[23] | 30[24] | 37 |
| **ആകെ** | **7** | **61** | **68** |

*(ഉറവിടം: ബന്ധപ്പെട്ട പിആർഐകൾ നൽകിയ വിവരങ്ങൾ)*

24 ജിപികളിലായി പ്രവർത്തിക്കുന്ന 68 ഇറച്ചിക്കടകളിൽ മൂന്ന് ജിപികളിലായി ഏഴ് ഇറച്ചിക്കടകൾക്ക് മാത്രമേ അനുമതി നൽകിയിട്ടുള്ളൂ. ആലപ്പുഴ ജില്ലയിൽ, തിരഞ്ഞെടുത്ത ജിപികളിലൊന്നും അംഗീകൃത ഇറച്ചിക്കടകൾ ഇല്ലായിരുന്നു.

20 ആലപ്പുഴയിലെ കടകരപ്പള്ളി ചിങ്ങോലി ജിപികൾ

21 ഇടുക്കിയിലെ ഉപ്പുതറ, അറക്കുളം, വാത്തിക്കുടി, വാഴത്തോപ്പ്, മുട്ടം, കരിംകുന്നം ജിപികൾ

22 ഒമ്പത് പിആർഐകൾ – പുന്നപ്ര: 3, ചിങ്ങോലി: 4, കഞ്ഞിക്കുഴി: 3, ചേർത്തല തെക്ക്: 10, കടകരപ്പള്ളി: 3, ചേപ്പാട്: 2, കുത്തിയതോട്: 2, കോടോംതുരുത്ത്: 1, എഴുപുന്ന: 3

23 നാല് പിആർഐകൾ – മൂന്നാർ: 4, അയ്യപ്പൻകോവിൽ: 1, മണക്കാട്: 1, ഉപ്പുതറ: 1

24 പത്ത് പിആർഐകൾ – മറയൂർ: 1, മൂന്നാർ : 2, ഉപ്പുതറ: 2, ചക്കുപള്ളം: 3, അയ്യപ്പൻകോവിൽ: 1, ചിന്നക്കനാൽ: 3, വാത്തിക്കുടി: 5, മുട്ടം: 8, വാഴത്തോപ്പ്: 3, കരിംകുന്നം: 2

അനധികൃത മാംസവിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് പിആർഐകൾക്ക് അറിയാമായിരുന്നിട്ടും, ഈ കടകൾ അടച്ചുപൂട്ടാൻ ഒരു നടപടിയും സ്വീകരിച്ചില്ല. മറയൂർ, ചക്കുപള്ളം ജിപികളിൽ പ്രവർത്തിക്കുന്ന മാംസവിപണന കേന്ദ്രങ്ങളിൽ അനധികൃതമായി മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തി. രണ്ട് അനധികൃത മാംസവിപണന കേന്ദ്രങ്ങളുടെ ചിത്രങ്ങൾ **ചിത്രം 3.5**ലും **ചിത്രം 3.6**ലും കാണിച്ചിരിക്കുന്നു.

ചക്കുപള്ളം ഗ്രാമപഞ്ചായത്തിൽ, ചക്കുപള്ളത്തെ അറവുശാലയുടെ കരാറുകാരൻ തന്റെ വസതിയുടെ താഴത്തെ നിലയിലെ ഒരു ഷെഡിൽ അനധികൃതമായി ഒരു മാംസവിപണന കേന്ദ്രം നടത്തിയിരുന്നു. സംയുക്ത ഭൗതിക പരിശോധനയിൽ (2025 ഓഗസ്റ്റ് ), ഷെഡിൽ അനധികൃതമായും വൃത്തിഹീനമായും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.




*ചിത്രം 3.5: ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ അനധികൃത മാംസ വിപണന കേന്ദ്രത്തിലെ കശാപ്പ്*




*ചിത്രം 3.6: മറയൂർ ഗ്രാമപഞ്ചായത്തിലെ മാംസവിപണന കേന്ദ്രത്തിൽ അനധികൃതമായി കശാപ്പ് ചെയ്യുന്നത്*

തിരഞ്ഞെടുത്ത ഒരു ഇറച്ചിക്കടയിലേയും കശാപ്പുകാർക്ക് ചട്ടങ്ങളിൽ വിഭാവനം ചെയ്തതുപോലെ ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള ലൈസൻസും ഹെൽത്ത് കാർഡും ഉണ്ടായിരുന്നില്ല.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ നോർത്ത്, സൗത്ത് ജിപികൾ തങ്ങളുടെ പഞ്ചായത്തിൽ കശാപ്പുശാലകളോ ഇറച്ചിക്കടകളോ പ്രവർത്തിക്കുന്നില്ലെന്ന് അറിയിച്ചു. എന്നാൽ, 2023-24 കാലയളവിൽ ഈ പഞ്ചായത്തുകളിൽ യഥാക്രമം 1,350 ഉം 879 ഉം മൃഗങ്ങളെ കശാപ്പ് ചെയ്തതായി ജില്ലാ മൃഗസംരക്ഷണ ഓഫീസിന്റെ രേഖകൾ കാണിക്കുന്നു. ഇത്, ജിപികളിൽ അനധികൃത കശാപ്പ് നടക്കുന്നതായി സൂചിപ്പിക്കുന്നു.

**പട്ടിക 3.8**ൽ നൽകിയിരിക്കുന്നതുപോലെ മൂന്ന് പിആർഐകളിൽ പ്രവർത്തിക്കുന്ന അനധികൃത ഇറച്ചിക്കടകളുടെ എണ്ണത്തിൽ പൊരുത്തക്കേടുകൾ ഓഡിറ്റിൽ കണ്ടെത്തി.

**പട്ടിക 3.8: അനധികൃത ഇറച്ചിക്കടകളുടെ എണ്ണത്തിലെ പൊരുത്തക്കേടുകൾ**

| ക്രമ നമ്പർ | പിആർഐയുടെ പേര് (ജില്ല) | അനധികൃത മാംസ സ്റ്റാളുകളുടെ എണ്ണം | |
|---|---|---|---|
| | | പിആർഐ റിപ്പോർട്ട് ചെയ്തത് | സംയുക്ത ഭൗതിക പരിശോധനയിലൂടെ ഓഡിറ്റ് കണ്ടെത്തിയത് |
| 1. | ചിങ്ങോലി ജിപി (ആലപ്പുഴ) | 0 | 4 |
| 2. | മറയൂർ ജിപി (ഇടുക്കി) | 0 | 1 |
| 3. | ഉപ്പുതറ ജിപി (ഇടുക്കി) | 1 | 3 |
| | **ആകെ** | **1** | **8** |

*(ഉറവിടം: ബന്ധപ്പെട്ട പിആർഐകൾ നൽകിയ ഡാറ്റയും സംയുക്ത ഭൗതിക പരിശോധനയും)*

ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നത് വരെ, ഏഴ് അനധികൃത മാംസവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് ബന്ധപ്പെട്ട ജിപികൾക്ക് അറിയില്ലായിരുന്നു. ഇത് നിരീക്ഷണത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു.

## 3.1.13 നിരീക്ഷണം

### 3.1.13.1 പിആർഐകളുടെ പരിശോധനകളും ശിക്ഷാ നടപടികളും

കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ, 1996ലെ ചട്ടം 39 പ്രകാരം സെക്രട്ടറി/പ്രസിഡന്റ്/അംഗീകൃത ഉദ്യോഗസ്ഥർക്ക് ഇറച്ചിക്കടകൾ പരിശോധിക്കാനും അനാരോഗ്യകരമായ മാംസം പിടിച്ചെടുക്കാനും നശിപ്പിക്കാനും അനുബന്ധ ചെലവുകൾ ഈടാക്കാനും അധികാരം നൽകുന്നു, കൂടാതെ ചട്ടം 40 മാംസ വിൽപനയ്ക്കുള്ള നിബന്ധനകൾ വ്യവസ്ഥ ചെയ്യുന്നു. ഓഡിറ്റ് കാലയളവിൽ ഇറച്ചിക്കടകളിൽ ഒരു പരിശോധനയും നടത്തിയിട്ടില്ലെന്ന് 12 ജിപികൾ അറിയിച്ചു. ഉപ്പുതറ ജിപി 2022–23ൽ രണ്ട് പരിശോധനകൾ നടത്തി. പതിനൊന്ന് ജിപികൾ നടത്തിയ പരിശോധനയുടെ വിശദാംശങ്ങളൊന്നും നൽകിയില്ല. അംഗീകൃത കശാപ്പുശാലകളുടെ അഭാവത്തിലും മാംസവിൽപന കേന്ദ്രങ്ങളുടെ പരിശോധനയുടെ അഭാവത്തിലും, വിൽക്കുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടാതെയും നിയന്ത്രണമില്ലാതെയും തുടർന്നു.

### 3.1.13.2 ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ പരിശോധനകൾ

ഭക്ഷ്യസുരക്ഷയും മാനദണ്ഡങ്ങളും നിയമം 2006ലെ സെക്ഷൻ 42(1) പ്രകാരം, ഭക്ഷ്യ ബിസിനസുകൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിക്കുകയും വിശകലനത്തിനായി ഭക്ഷ്യ അനലിസ്റ്റിന് അയയ്ക്കുകയും ചെയ്യേണ്ടത് ഭക്ഷ്യസുരക്ഷാ ഓഫീസറുടെ (എഫ്എസ്ഒ) ഉത്തരവാദിത്തമാണ്. കൂടാതെ, 2011ലെ ഭക്ഷ്യസുരക്ഷയും മാനദണ്ഡങ്ങളും ചട്ടം 4(iii) പ്രകാരം ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം, കൈകാര്യം ചെയ്യൽ, പാക്കിംഗ്, വിൽപ്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ ലൈസൻസ് നേടിയ സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസർ പതിവായ പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഉത്പാദിപ്പിക്കുന്നതോ വിൽക്കുന്നതോ ആയ മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കശാപ്പുശാലകളിലോ മാംസവിൽപന കേന്ദ്രങ്ങളിലോ പതിവ് പരിശോധനകൾ ഒന്നും നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സ്പെഷ്യൽ ഡ്രൈവുകൾ, പരാതികൾ ലഭിക്കുമ്പോൾ അല്ലെങ്കിൽ പ്രത്യേക അവസരങ്ങളിൽ മാത്രമായി പരിശോധനകൾ പരിമിതപ്പെടുത്തിയിരുന്നു.

ജീവനക്കാരുടെ കടുത്ത ക്ഷാമം കാരണം സംസ്ഥാനത്തുടനീളമുള്ള അറവുശാലകളിലും ഇറച്ചിക്കടകളിലും പതിവായി പരിശോധന നടത്തുന്നത് പ്രായോഗികമല്ലെന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (2025 ജൂൺ) വ്യക്തമാക്കി. എന്നാൽ, ഇടുക്കിയിലെ അറവുശാലയിൽ വൃത്തിഹീനവും തറയിലുള്ള കശാപ്പും, ഇടുക്കിയിലും ആലപ്പുഴയിലും പ്രവർത്തിക്കുന്ന ഇറച്ചിക്കടകളിൽ അനധികൃതമായ കശാപ്പും ഓഡിറ്റ് കണ്ടെത്തിയതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ, 2021–2024 കാലയളവിൽ ഇടുക്കി, ആലപ്പുഴ ജില്ലകളിലെ തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ രണ്ട് അറവുശാലകളും 68 ഇറച്ചി സ്റ്റാളുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും എഫ്എസ്ഒ യഥാക്രമം ഒന്നും 21ഉം പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂ, ഇത് സൂചിപ്പിക്കുന്നത് വർഷത്തിൽ ഒരു പരിശോധന പോലും കശാപ്പുശാലകളിലും ഇറച്ചിക്കടകളിലും എഫ്എസ്ഒ നടത്തിയിരുന്നില്ല എന്നാണ്.

### 3.1.13.3 ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടം

അനധികൃത അറവുശാലകളും മാംസ വിൽപന കേന്ദ്രങ്ങളും അടച്ചുപൂട്ടുന്നതിനും മാംസം പ്രദർശിപ്പിച്ച് വിൽപന നടത്തുന്നത് ഒഴിവാക്കുന്നതിനുമുള്ള ചുമതല എൽഎസ്ജിഐകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി മേൽനോട്ട ചുമതല നിർവ്വഹിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ജില്ലാ പഞ്ചായത്തുകളോട് നിർദ്ദേശിച്ചിരുന്നു (2009 ജൂലൈ). എന്നാൽ, ആലപ്പുഴ, ഇടുക്കി ജില്ലാ പഞ്ചായത്തുകൾ അത്തരം മേൽനോട്ടം നടത്തിയില്ല. തിരഞ്ഞെടുത്ത എല്ലാ ജിപികളിലും മാംസം പ്രദർശിപ്പിച്ച് വിൽപന നടത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് **ചിത്രം 3.7**ലും **ചിത്രം 3.8**ലും കാണിച്ചിരിക്കുന്നു.




*ചിത്രം 3.7: മൂന്നാർ ജിപിയിലെ മാംസസ്റ്റാളിലെ പ്രദർശിപ്പിച്ചുള്ള  മാംസ വിൽപന*




*ചിത്രം 3.8: ചേപ്പാട് ജിപിയിലെ മാംസസ്റ്റാളിലെ പ്രദർശിപ്പിച്ചുള്ള മാംസ വിൽപന*

### 3.1.13.4 മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരീക്ഷണത്തിലെ അഭാവം

വായു, ജല മലിനീകരണം സംബന്ധിച്ച പ്രസക്തമായ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് നിരീക്ഷിക്കാൻ ഉത്തരവാദിത്തമുള്ള മുഖ്യ ഏജൻസിയാണ് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെഎസ്പിസിബി). കെഎസ്പിസിബി പുറപ്പെടുവിച്ച (2017 ഒക്ടോബർ) സർക്കുലർ[25] പ്രകാരം റെഡ് കാറ്റഗറി വ്യവസായങ്ങൾ ആറ് മാസത്തിലൊരിക്കലും ഓറഞ്ച് കാറ്റഗറി വ്യവസായങ്ങൾ വർഷത്തിലൊരിക്കലും പരിശോധിക്കേണ്ടതാണ്. പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അറവുശാലകളുടെ എണ്ണം, അവയിലെ ഇടിപികളുടെ നിലവാരം, അനുമതിയുടെ സ്ഥിതി, വ്യവസ്ഥകൾ പാലിക്കാത്ത യൂണിറ്റുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്നിവ വ്യക്തമാക്കുന്ന റിപ്പോർട്ടുകൾ, ആറ് മാസത്തിലൊരിക്കൽ സിപിസിബിയ്ക്ക് സമർപ്പിക്കാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുകൾക്ക് നിർദ്ദേശം നൽകിയിരുന്നു (2012 ജൂലൈ). കശാപ്പുശാലകൾ റെഡ് കാറ്റഗറിയിൽ ഉൾപ്പെടുന്നതാണെങ്കിലും കെഎസ്പിസിബി നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് കണ്ടെത്തി. കൂടാതെ, 2021–2024 കാലയളവിൽ ചക്കുപള്ളം ജിപിയിലെയും[26] അയ്യപ്പൻകോവിൽ ജിപിയിലെയും[27] കശാപ്പുശാലകളിൽ കെഎസ്പിസിബി ഒരു പരിശോധനയും നടത്തിയിട്ടില്ല. ഈ കശാപ്പുശാലകൾ വിവിധ നിയന്ത്രണങ്ങൾ ലംഘിച്ച് വൃത്തിഹീനമായ അന്തരീക്ഷത്തിൽ പ്രവർത്തിച്ചിരുന്നിട്ടും പതിവ് പരിശോധനകളുടെ അഭാവത്തിൽ കെഎസ്പിസിബി നോട്ടീസ് നൽകുകയോ പിഴ ചുമത്തുകയോ ചെയ്തില്ല.

## 3.1.14 ഉപസംഹാരം

ഇടുക്കി ജില്ലയിലെ ചക്കുപള്ളം, അയ്യപ്പൻകോവിൽ ജിപികളിലെ കശാപ്പുശാലകൾ ജിപികൾ/എഫ്എസ്എസ്ഐ/കെഎസ്പിസിബി എന്നിവയുടെ നിയമപരമായ ലൈസൻസോ അനുമതിയോ ഇല്ലാതെയാണ് പ്രവർത്തിച്ചിരുന്നത്, കൂടാതെ ജിഒകെ/സിപിസിബി നിശ്ചയിച്ചിട്ടുള്ള നിയമപരമായ സൗകര്യങ്ങളും ഇല്ലായിരുന്നു. ചട്ട വ്യവസ്ഥകൾ ലംഘിച്ച് ഈ കശാപ്പുശാലകളിൽ തറയിൽ അശാസ്ത്രീയമായി കശാപ്പ് നടത്തിയിരുന്നു. ചെക്ക് പോസ്റ്റിൽ കന്നുകാലികളുടെ ആരോഗ്യനില ഉറപ്പാക്കുന്നതിനുള്ള സംവിധാനം അപര്യാപ്തമായിരുന്നു. പ്രസക്തമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും കീഴിൽ നിർദ്ദേശിച്ചിട്ടുള്ള നിയമപരമായ വെറ്ററിനറി പരിശോധനകൾ

---

[25] കെഎസ്പിസിബിയുടെ 2017 ഒക്ടോബർ 10ലെ സർക്കുലർ പിസിബി/എച്ച്ഒ/സർക്കുലർ–01/03/2017/സി

[26] 2025 ഒക്ടോബർ 16ന് ഒരു പരിശോധന നടത്തി

[27] 2024 ജൂലൈ 23ലും 2025 ഒക്ടോബർ 16ലും രണ്ട് പരിശോധനകൾ നടത്തി

കശാപ്പുശാലയിൽ നടത്തിയിരുന്നില്ല, മാലിന്യ സംസ്കരണ സൗകര്യങ്ങൾ പോലുള്ള അവശ്യ അടിസ്ഥാന സൗകര്യങ്ങളും ഇല്ലായിരുന്നു. കൂടാതെ, തിരഞ്ഞെടുത്ത 19 പിആർഐകളിലായി 61 അനധികൃത മാംസ വിൽപന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടിരുന്നു. ജിപികൾ/ഫുഡ്സേഫ്റ്റി ഓഫീസർമാർ/ കെഎസ്പിസിബി തുടങ്ങിയവ അറവുശാലകളുടെ/മാംസ വിൽപന കേന്ദ്രങ്ങളുടെ പതിവ് പരിശോധനകൾ നടത്തിയിരുന്നില്ല. അതിന്റെ ഫലമായി വിൽക്കുന്ന മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കപ്പെടാതെയും നിയന്ത്രണമില്ലാതെയും തുടർന്നു. തിരഞ്ഞെടുത്ത പിആർഐ/യുഎൽബികളിൽ ഒന്നിലും പന്നികൾക്കായി പ്രത്യേക അറവുശാല ഉണ്ടായിരുന്നില്ല. പന്നി ഫാമുകളിൽ നിന്നും പന്നിയിറച്ചി ലഭ്യമാക്കിയിരുന്നതിനാൽ പന്നിയിറച്ചിയുടെ ഭക്ഷ്യയോഗ്യത പരിശോധിക്കപ്പെട്ടിരുന്നില്ല. തിരഞ്ഞെടുത്ത യൂണിറ്റുകളിലെ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ രൂപപ്പെടുത്തിയതിനാൽ, സംസ്ഥാനത്തുടനീളം സമഗ്രമായ തുടർനടപടി എടുക്കുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.

### 3.1.15 ശിപാർശകൾ

- ***പിആർഐകളിലെ ദൈനംദിന മാംസ ആവശ്യകതയ്ക്ക് അനുസൃതമായി, പ്രതിദിനം പത്തിൽ താഴെ മൃഗങ്ങളെ കൈകാര്യം ചെയ്യാൻ കഴിയുന്ന മൈക്രോ കശാപ്പുശാലകൾ സ്ഥാപിക്കുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***
- ***അനധികൃത കശാപ്പുശാലകൾക്കും മാംസ വിൽപന കേന്ദ്രങ്ങൾക്കുമെതിരെ ശിക്ഷാ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തം നിശ്ചയിക്കേണ്ടതാണ്.***
- ***കന്നുകാലികളുടെ ആരോഗ്യവും മാംസത്തിന്റെ ഗുണനിലവാരവും സാക്ഷ്യപ്പെടുത്തുന്നതിന് കശാപ്പുശാലകളിൽ വെറ്ററിനറി സർജന്റെ സേവനം ഉറപ്പാക്കേണ്ടതാണ്.***
- ***സുരക്ഷാ, ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പാക്കുന്നതിന് വകുപ്പുതല നിരീക്ഷണം കൃത്യമായ ഇടവേളകളിൽ നടത്തുന്നതിനു പുറമേ ചെക്ക് പോസ്റ്റുകളിൽ മിന്നൽ പരിശോധനകളും നടത്തുന്നത് പരിഗണിക്കേണ്ടതാണ്.***

## 3.2 പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കീഴിലെ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും

### 3.2.1 ആമുഖം

പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും മനുഷ്യന്റെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതിനും സാമ്പത്തിക വികസനത്തെ പിന്തുണയ്ക്കുന്നതിനും പരിസ്ഥിതി സുസ്ഥിരത ഉറപ്പാക്കുന്നതിനും മൊത്തത്തിലുള്ള ക്ഷേമം വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭരണഘടനയുടെ പതിനൊന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുമതലകളിൽ ഒന്നാണ് "ആരോഗ്യവും ശുചിത്വവും". കേരള പഞ്ചായത്ത് രാജ് ആക്ട്, 1994ലെ (കെപിആർ നിയമം, 1994) 166-ാം വകുപ്പനുസരിച്ച്, പൊതു സ്ഥലങ്ങളിൽ ടോയ്‌ലറ്റ് സൗകര്യം ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ (ജിപി) നിർബന്ധിത കടമയാണ്.

കേരളത്തിലെ റോഡ് യാത്രക്കാർക്ക് ഉപയോഗയോഗ്യമായ പൊതു ശുചിമുറികളുടെ അഭാവം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തുടനീളം 12,000 ജോഡി പൊതു ശൗചാലയങ്ങളും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളും നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി 2020 ഫെബ്രുവരിയിൽ സംസ്ഥാന സർക്കാർ ആരംഭിച്ചു. ഈ പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ നേതൃത്വത്തിൽ, സന്നദ്ധ ഏജൻസികളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാൻ നിർദ്ദേശിച്ചു. മതിയായ സ്ഥലം ലഭ്യമായിടത്തെല്ലാം കോഫി ഷോപ്പുകൾ/റിഫ്രഷ്മെന്റ് സെന്ററുകൾ സ്ഥാപിക്കാനും പദ്ധതി വിഭാവനം ചെയ്തിരുന്നു. പദ്ധതിയുടെ നിർമ്മാണചെലവ്, മേൽനോട്ടം, സമയബന്ധിതമായ പൂർത്തീകരണം എന്നിവയുടെ ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായിരുന്നു.

#### 3.2.1.1 ഓഡിറ്റ് വ്യാപ്തിയും രീതിയും

പഞ്ചായത്ത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ അടിസ്ഥാനമാക്കിയുള്ള ഓഡിറ്റിന്റെ ഭാഗമായി ആലപ്പുഴ, ഇടുക്കി എന്നീ രണ്ട് ജില്ലകളിലെ തിരഞ്ഞെടുത്ത 34 പിആർഐകളിൽ (രണ്ട് ഡിപികൾ, എട്ട് ബിപികൾ, 24 ജിപികൾ) ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള പൊതു ശൗചാലയങ്ങളുടെ 2021-22 മുതൽ 2023-24 വരെയുള്ള കാലയളവിലെ നിർമ്മാണവും പരിപാലനവും വിലയിരുത്തി. തിരഞ്ഞെടുത്ത ജിപികളുടെ വിശദാംശങ്ങൾ **അനുബന്ധം 3.1**ൽ നൽകിയിരിക്കുന്നു.

ഓഡിറ്റ് ചെയ്ത പിആർഐകളിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ/പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, സംയുക്ത ഭൗതിക പരിശോധന നടത്തൽ തുടങ്ങിയവ ഓഡിറ്റ് രീതിയിൽ ഉൾപ്പെടുന്നു. ഓഡിറ്റിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, ഇൻഫർമേഷൻ കേരള മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, ഹരിതകേരളം മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

#### 3.2.1.2 ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

താഴെപറയുന്നവ വിലയിരുത്തുന്നതിനായിരുന്നു ഓഡിറ്റ് ലക്ഷ്യമിട്ടത്

- പിആർഐകൾ അവരുടെ അധികാരപരിധിയിൽ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെ മതിയായ പൊതു ശൗചാലയങ്ങൾ നിർമ്മിക്കാൻ പദ്ധതിയിട്ടിട്ടുണ്ടോ
- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പിആർഐകൾ ആവശ്യത്തിന് പൊതു ശൗചാലയങ്ങൾ നിർമ്മിച്ചിട്ടുണ്ടോ
- പൊതു ശൗചാലയങ്ങളുടെയും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെയും കാര്യക്ഷമമായ പ്രവർത്തനവും നിശ്ചിത ഇടവേളകളിൽ അറ്റകുറ്റപ്പണികളും ഉറപ്പാക്കുന്നതിന് പിആർഐകളിൽ ഒരു സംവിധാനം നിലവിലുണ്ടോ

#### 3.2.1.3 ഓഡിറ്റ് മാനദണ്ഡം

ഓഡിറ്റ് മാനദണ്ഡങ്ങളിൽ ഇവ ഉൾപ്പെടുന്നു

- കേരള പഞ്ചായത്ത് രാജ് നിയമം, 1994ഉം അതിന്റെ ചട്ടങ്ങളും
- പൊതു ശുചിമുറികളുടെയും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെയും നിർമ്മാണം/നവീകരണം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും ഉത്തരവുകളും
- സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) മാർഗ്ഗനിർദ്ദേശങ്ങൾ
- പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങൾ
- കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ, 2012

## ഓഡിറ്റ് കണ്ടെത്തലുകൾ

### 3.2.2 ആസൂത്രണം

സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, വികലാംഗർ, ലിംഗ ന്യൂനപക്ഷങ്ങൾ എന്നിവരുടെ ആവശ്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് സാർവ്വത്രികത ശുചിത്വം കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ശുചിത്വം ഉൾപ്പെടുത്തിയിരിക്കുന്നത്. ടോയ്‌ലറ്റിന്റെ സ്ഥാനം തിരഞ്ഞെടുക്കുന്നതു മുതൽ രൂപകൽപ്പന വരെയുള്ള കാര്യങ്ങളിൽ, സാർവ്വത്രിക പ്രവേശനക്ഷമതയും ഉപയോഗിക്കാനുള്ള എളുപ്പവും കണക്കിലെടുക്കണം. ഉപയോക്തൃ ആവശ്യങ്ങളും പ്രാദേശിക സാഹചര്യങ്ങളും കണക്കിലെടുത്ത് ശൗചാലയങ്ങൾ ആസൂത്രണം ചെയ്യുകയും നിർമ്മിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്. പൊതു ശൗചാലയങ്ങൾ പ്രവർത്തനക്ഷമവും സുരക്ഷിതവും ചെലവ് കുറഞ്ഞതും സുസ്ഥിരവുമാണെന്ന് ശരിയായ ആസൂത്രണം ഉറപ്പാക്കുന്നു, ഇത് മെച്ചപ്പെട്ട പൊതുജനാരോഗ്യത്തിനും ഉപയോക്തൃ സംതൃപ്തിക്കും കാരണമാകുന്നു.

പൊതു ശൗചാലയങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള സമഗ്രമായ ഡാറ്റയുടെ അഭാവം, ആവശ്യകതയുടെ വിശകലനം നടത്താത്തത്, അനുവദിച്ച ഫണ്ടുകളുടെ കുറഞ്ഞ വിനിയോഗം മുതലായ പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടത് തുടർന്നുള്ള ഖണ്ഡികകളിൽ ചർച്ച ചെയ്യുന്നു:

#### 3.2.2.1 പൊതു ശൗചാലയങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങളുടെ അഭാവം

പൊതുജനാരോഗ്യം, സാമ്പത്തിക അവസരങ്ങൾ, മെച്ചപ്പെട്ട ജീവിത നിലവാരം എന്നിവയെ പിന്തുണയ്ക്കുന്നതിനും എല്ലാവർക്കും സുരക്ഷിതവും ഉപയോഗയോഗ്യവും മാന്യവുമായ ശുചിമുറികൾ ഉറപ്പാക്കുന്നതിനും സേവന വിടവുകൾ തിരിച്ചറിയുന്നതിനും വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുന്നതിനും സഹായിക്കുന്നതിനായി പൊതു ശൗചാലയങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ അത്യാവശ്യമാണ്. കേരളം ഒരു പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രമായതിനാൽ, പൊതു ശൗചാലയങ്ങളെക്കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ – പ്രത്യേകിച്ച് ഗൂഗിൾ മാപ്സ് പോലുള്ള വ്യാപകമായി ഉപയോഗിക്കപ്പെടുന്ന പ്ലാറ്റ്ഫോമുകളിൽ – ലഭ്യമാക്കുന്നത് സന്ദർശകരുടെ അനുഭവം മെച്ചപ്പെടുത്തുകയും ടൂറിസം മേഖലയെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് 12,000 ജോഡി ശുചിമുറികൾ നിർമ്മിക്കാൻ പദ്ധതിയിട്ടിരുന്നെങ്കിലും, നിലവിലുള്ള ശുചിമുറികളുടെ ലഭ്യതയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ സംസ്ഥാന തലത്തിൽ ലഭ്യമല്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ), ശുചിത്വ കേരളം (ഗ്രാമീൺ) എന്നിവയുടെ നടത്തിപ്പിനായുള്ള നോഡൽ ഏജൻസിയും ശുചിത്വവും ശുചിത്വ പരിപാലനവും പ്രോത്സാഹിപ്പിക്കുന്നതിനായുള്ള സംസ്ഥാന സംരംഭവുമായ ശുചിത്വ മിഷന്റെ കൈയ്യിൽ, എസ്ബിഎം അല്ലെങ്കിൽ ശുചിത്വ കേരളം ഫണ്ട്

ഉപയോഗിച്ച് നിർമ്മിച്ച പൊതു ശുചിമുറികളുടെ വിവരങ്ങൾ മാത്രമാണ് ഉള്ളത്. ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെ നിർമ്മാണവും പരിപാലനവും മോണിറ്റർ ചെയ്യാനുള്ള ചുമതല ഹരിത കേരളം മിഷനെ ഏൽപ്പിച്ചിരുന്നെങ്കിലും സംസ്ഥാനത്തെ പൊതു ശൗചാലയങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള യാതൊരു വിവരങ്ങളും മിഷൻ സൂക്ഷിച്ചിരുന്നില്ല.

സംസ്ഥാനത്തെയും തിരഞ്ഞെടുത്ത ജില്ലകളിലെയും പൊതു ശൗചാലയങ്ങളുടെ ശുചിത്വ മിഷൻ നൽകിയ വിശദാംശങ്ങൾ **പട്ടിക 3.9**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.9: ടേക്ക് എ ബ്രേക്ക്/പൊതു ശൗചാലയങ്ങളുടെ എണ്ണം**

| | ജിപികളുടെ എണ്ണം | ബേസിക് | സ്റ്റാൻഡേർഡ് | പ്രീമിയം | ആകെ |
|---|---|---|---|---|---|
| **സംസ്ഥാനം** | 941 | 682 | 364 | 70 | 1116 |
| **ആലപ്പുഴ** | 72 | 61 | 12 | 0 | 73 |
| **ഇടുക്കി** | 52 | 27 | 53 | 2 | 82 |

*(ഉറവിടം: ശുചിത്വ മിഷൻ നൽകിയ വിശദാംശങ്ങൾ)*

ശുചിത്വ മിഷൻ രേഖപ്പെടുത്തിയിട്ടുള്ള ശൗചാലയങ്ങളുടെ എണ്ണവും വർഗ്ഗീകരണവും[28] ഗ്രാമപഞ്ചായത്തുകൾ രേഖപ്പെടുത്തിയിട്ടുള്ള ശൗചാലയങ്ങളുടെ എണ്ണവും വർഗ്ഗീകരണവും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഓഡിറ്റ് കണ്ടെത്തി. വിശദാംശങ്ങൾ താഴെ **പട്ടിക 3.10**ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 3.10: തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനക്ഷമമായ ടേക്ക് എ ബ്രേക്ക്/ പൊതു ശൗചാലയങ്ങളുടെ എണ്ണം**

| | ജിപികളുടെ എണ്ണം | ബേസിക് | സ്റ്റാൻഡേർഡ് | പ്രീമിയം | ആകെ |
|---|---|---|---|---|---|
| **ശുചിത്വ മിഷൻ ഡാറ്റ** | 24 | 19 | 13 | 0 | 32 |
| **ജിപി ഡാറ്റ** | 24 | 15 | 7 | 0 | 22 |

*(ഉറവിടം: ശുചിത്വ മിഷനും തിരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളും നൽകിയ വിവരങ്ങൾ)*

സംസ്ഥാനത്ത് ലഭ്യമായ പൊതു ശൗചാലയങ്ങളുടെ എണ്ണത്തെയും വിഭാഗത്തെയും കുറിച്ച് സമഗ്രമായ ഒരു വിലയിരുത്തലിന്റെ ആവശ്യകതയെയാണ് കണക്കുകളിലെ പൊരുത്തക്കേട് സൂചിപ്പിക്കുന്നത്.

### 3.2.2.2 ശൗചാലയങ്ങൾ നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തൽ

ശൗചാലയങ്ങൾ നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനായി, പ്രതിദിനം എത്തുന്ന ആളുകളുടെ എണ്ണം, ശുചിമുറി സേവനങ്ങളുടെ ആവശ്യകതയുടെ അളവ്, നിലവിലുള്ളവയുടെ പര്യാപ്തത, ശൗചാലയങ്ങൾ സ്ഥാപിക്കേണ്ട ശരിയായ സ്ഥലം, ഉപയോക്താക്കളുടെ എണ്ണവും ഉപയോഗ രീതിയും മനസ്സിലാക്കൽ, ചെലവ് സംബന്ധിച്ച കാര്യങ്ങൾ, വരുമാന സാധ്യതകൾ എന്നിവ വിലയിരുത്തേണ്ടതുണ്ട്.

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച (2020 ജൂലൈ) മാർഗ്ഗരേഖകൾ അനുസരിച്ച്, ഓരോ ഗ്രാമപഞ്ചായത്തും രണ്ട് ഉയർന്ന നിലവാരമുള്ള പൊതു ശൗചാലയങ്ങൾ നിർമ്മിക്കാൻ ബാധ്യസ്ഥരാണ്. ഇതിൽ ഒന്ന് പഞ്ചായത്ത് ഓഫീസ് പരിസരത്തും മറ്റൊന്ന് ദേശീയ/സംസ്ഥാന പാതകളിലോ വാണിജ്യ സമുച്ചയങ്ങളിലോ ബസ് സ്റ്റാൻഡുകളിലോ ആയിരിക്കണം. പൊതു ശൗചാലയങ്ങളെ/ടേക്ക് എ ബ്രേക്ക് യൂണിറ്റുകളെ ബേസിക്, സ്റ്റാൻഡേർഡ്, പ്രീമിയം എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണം പ്രതിദിന സന്ദർശക പ്രവാഹവും സ്ഥലലഭ്യതയും അടിസ്ഥാനമാക്കിയായിരിക്കണം. എന്നിരുന്നാലും, തിരഞ്ഞെടുത്ത 24

---

[28] മുട്ടം ഗ്രാമപഞ്ചായത്ത് ബസ് സ്റ്റാൻഡിലെ പൊതുശൗചാലയത്തെ 'ബേസിക്' വിഭാഗത്തിലാണ് ഉൾപ്പെടുത്തിയത്, എന്നാൽ ശുചിത്വ മിഷൻ ഇതിനെ 'സ്റ്റാൻഡേർഡ്' വിഭാഗത്തിൽ തരംതിരിച്ചു. മറയൂർ ഗ്രാമപഞ്ചായത്ത് കരിമുട്ടി വെള്ളച്ചാട്ടത്തിന് സമീപമുള്ള പൊതുശൗചാലയത്തെ 'ബേസിക്' ആയി കണക്കാക്കിയപ്പോൾ, ശുചിത്വ മിഷൻ ഇതിനെ 'സ്റ്റാൻഡേർഡ്' വിഭാഗത്തിലാണ് ഉൾപ്പെടുത്തിയത്.

ഗ്രാമപഞ്ചായത്തുകളിൽ 11 എണ്ണം മാത്രമാണ് ശൗചാലയനിർമ്മാണത്തിനായി എന്തെങ്കിലുമൊരു വിലയിരുത്തൽ നടത്തിയിട്ടുള്ളൂ എന്ന് ഓഡിറ്റിൽ കണ്ടെത്തി. പഞ്ചായത്തിൽ പൊതു ശൗചാലയങ്ങളുടെ കുറവുണ്ടായിട്ടും തിരഞ്ഞെടുത്ത രണ്ട് ഗ്രാമപഞ്ചായത്തുകൾ[29] ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെയോ പൊതു ശൗചാലയങ്ങളുടെയോ നിർമ്മാണത്തിനായി യാതൊരു പദ്ധതിയും ഏറ്റെടുത്തില്ല. കൃത്യമായ പഠനം നടത്താതെയുള്ള ശൗചാലയനിർമ്മാണം അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുക്കുന്നതിനും യൂണിറ്റുകൾ ഉപയോഗശൂന്യമായി കിടക്കുന്നതിനും കാരണമായതായി ഖണ്ഡിക 3.2.4.1ലും 3.2.5ലും വിശദീകരിക്കുന്നു.

## 3.2.3 ഭൗതികവും സാമ്പത്തികവുമായ പുരോഗതി

### 3.2.3.1 ഭൗതിക പുരോഗതി

സംസ്ഥാനം, തിരഞ്ഞെടുത്ത ജില്ലകൾ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ വിഭാവനം ചെയ്തതും പൂർത്തിയായതും നടന്നുകൊണ്ടിരിക്കുന്നതും നിലവിൽ പ്രവർത്തനസജ്ജവുമായ പൊതുശുചിമുറികളുടെയും ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെയും നിർമ്മാണ പദ്ധതികളുടെ എണ്ണം **പട്ടിക 3.11**ൽ നൽകുന്നു.

**പട്ടിക 3.11 : പൊതു ശൗചാലയങ്ങൾ/ടേക്ക് എ ബ്രേക്ക് യൂണിറ്റുകളുടെ ഭൗതിക പുരോഗതി**

| | ജിപികളുടെ എണ്ണം | ലക്ഷ്യം | രൂപീകരിച്ച പ്രോജക്ടുകൾ | ഒഴിവാക്കിയ പ്രോജക്ടുകൾ | പണി തുടങ്ങിയവ | പണി പൂർത്തിയായവ | പണി നടന്നുകൊണ്ടിരിക്കുന്നവ | പ്രവർത്തനക്ഷമമായ ശൗചാലയങ്ങൾ/ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ | കുറവ് |
|---|---|---|---|---|---|---|---|---|---|
| സംസ്ഥാനം | 941 | 1882 | 1328 | 85 | 1243 | 1116 | 127 | 1012 | 870 |
| **തിരഞ്ഞെടുത്ത ജില്ലകൾ** | | | | | | | | | |
| ആലപ്പുഴ | 72 | 144 | 80 | 5 | 75 | 73 | 2 | 70 | 74 |
| ഇടുക്കി | 52 | 104 | 108 | 18 | 90 | 82 | 8 | 80 | 24 |
| **തിരഞ്ഞെടുത്ത ജിപികൾ** | | | | | | | | | |
| ആലപ്പുഴ | 12 | 24 | 16 | 2 | 14 | 14 | 0 | 10 | 14 |
| ഇടുക്കി | 12 | 24 | 16 | 2 | 14 | 13 | 1 | 12 | 12 |

*(ഉറവിടം: ശുചിത്വ മിഷനും തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളും നൽകിയ വിശദാംശങ്ങൾ)*

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ മൊത്തം 870 ശുചിമുറികളുടെ കുറവുണ്ടെന്ന് പട്ടികയിൽ നിന്നും വ്യക്തമാകുന്നു. തിരഞ്ഞെടുത്ത 24 ഗ്രാമപഞ്ചായത്തുകളിൽ ആവശ്യമായ 48 പൊതുശുചിമുറികൾക്കും ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾക്കും പകരം 28 എണ്ണം മാത്രമാണ് നിർമ്മിച്ചതെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഇതിൽ തന്നെ 18 ഗ്രാമപഞ്ചായത്തുകളിലായി 22 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. അമ്പലപ്പുഴ നോർത്ത്, കുത്തിയതോട് ഗ്രാമപഞ്ചായത്തുകൾ യഥാക്രമം ₹16 ലക്ഷം, ₹20 ലക്ഷം ചെലവിൽ ദേശീയപാതയോരത്ത് ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ നിർമ്മിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നു. എന്നാൽ, ആലപ്പുഴ മെഡിക്കൽ കോളേജ്/കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (കെഎസ്ഇബിഎൽ) അധികൃതരിൽ നിന്ന് ആവശ്യമായ അനുമതി ലഭിക്കാത്തതിനെത്തുടർന്ന് ഈ പദ്ധതികൾ ഉപേക്ഷിച്ചു. തിരഞ്ഞെടുത്ത ആറ് ഗ്രാമപഞ്ചായത്തുകളിൽ[30] നിലവിൽ ഒരു പൊതുശൗചാലയമോ ടേക്ക് എ ബ്രേക്ക് യൂണിറ്റോ പ്രവർത്തിക്കുന്നില്ല. 26 ശൗചാലയങ്ങളുടെ കുറവുണ്ടായിട്ടും ഖണ്ഡിക 3.2.5ൽ വിശദീകരിക്കുന്നത് പോലെ ഉപയോഗശൂന്യമായി കിടക്കുന്ന ശുചിമുറികൾ പ്രവർത്തനസജ്ജമാക്കാൻ തിരഞ്ഞെടുത്ത പഞ്ചായത്തുകൾ നടപടിയൊന്നും സ്വീകരിച്ചില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

---

29 മൂന്നാർ ഗ്രാമപഞ്ചായത്തും അയ്യപ്പൻകോവിൽ ഗ്രാമ പഞ്ചായത്തും

30 മൂന്നാർ, ചിന്നക്കനാൽ, അമ്പലപ്പുഴ നോർത്ത്, ചേപ്പാട്, കുത്തിയതോട്, പുന്നപ്ര ഗ്രാമ പഞ്ചായത്തുകൾ

### 3.2.3.2 സാമ്പത്തിക പുരോഗതി

പൊതു ശൗചാലയങ്ങളുടെ നിർമ്മാണത്തിനായി വികസന ഫണ്ട്, സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, സ്വച്ഛ് ഭാരത് മിഷൻ ഫണ്ട്, ശുചിത്വ കേരളം ഫണ്ട്, തനത് ഫണ്ട് എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിനിയോഗിച്ചു. സംസ്ഥാനത്തെയും തിരഞ്ഞെടുത്ത ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ ഉൾപ്പെടെയുള്ള ശൗചാലയങ്ങളുടെ നിർമ്മാണ പദ്ധതികൾക്കായി വകയിരുത്തിയ തുകയും ചെലവാക്കിയ തുകയും സംബന്ധിച്ച വിവരങ്ങൾ **പട്ടിക 3.12**ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.12: പൊതു ശൗചാലയ നിർമ്മാണ പദ്ധതികളുടെ സാമ്പത്തിക പുരോഗതി**

*(₹ കോടിയിൽ)*

| | വർഷം | വകയിരുത്തിയ തുക | ചെലവാക്കിയ തുക | ശതമാനം |
|---|---|---|---|---|
| സംസ്ഥാനം | 2021-22 | 7.89 | 0.87 | 11.03 |
| | 2022-23 | 541.17 | 166.92 | 30.84 |
| | 2023-24 | 514.37 | 110.48 | 21.48 |
| തിരഞ്ഞെടുത്ത ജില്ലകൾ | | | | |
| ആലപ്പുഴ | 2021-22 | 1.69 | 0.13 | 7.69 |
| | 2022-23 | 26.64 | 9.60 | 36.04 |
| | 2023-24 | 26.66 | 5.27 | 19.77 |
| ഇടുക്കി | 2021-22 | 0.08 | 0.03 | 37.50 |
| | 2022-23 | 41.69 | 10.31 | 24.73 |
| | 2023-24 | 46.41 | 7.00 | 15.08 |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ)*

പൊതു ശൗചാലയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 2022-23 മുതൽ വകയിരുത്തിയ തുകയിലും ചെലവാക്കിയ തുകയിലും ഗണ്യമായ വർദ്ധനവുണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. എന്നിരുന്നാലും, 2022-2024 കാലയളവിൽ സംസ്ഥാനതലത്തിൽ ആകെ വകയിരുത്തിയ വിഹിതത്തിൽ നിന്ന് ചെലവഴിച്ചത് 21 ശതമാനം മുതൽ 31 ശതമാനം വരെ മാത്രമാണ്.

തിരഞ്ഞെടുത്ത ജില്ലകളിലും 2022-2024 കാലയളവിൽ ഫണ്ട് വകയിരുത്തുന്നതിൽ വലിയ വർദ്ധനവുണ്ടായെങ്കിലും, ചെലവാക്കിയത് 15 ശതമാനം മുതൽ 36 ശതമാനം വരെ ആയിരുന്നു. 2022-23നെ അപേക്ഷിച്ച് 2023-24ൽ പൊതുശൗചാലയ നിർമ്മാണത്തിനായി പദ്ധതി വിഹിതം വർദ്ധിപ്പിച്ചെങ്കിലും, ആലപ്പുഴയിലും ഇടുക്കി ജില്ലയിലും ചെലവ് യഥാക്രമം 16 ശതമാനവും ഒമ്പത് ശതമാനവുമായി പരിമിതപ്പെട്ടു.

പദ്ധതികളുടെ ആസൂത്രണത്തിലും നടപ്പിലാക്കലിലുമുള്ള പോരായ്മകളാണ് ഈ കുറഞ്ഞ ചെലവിന് കാരണമായി കാണുന്നത്. ഭൂമി ലഭ്യത ഉറപ്പാക്കാതെയും പദ്ധതികളുടെ പ്രായോഗിക സാധ്യത വിലയിരുത്താതെയും പദ്ധതികൾ രൂപീകരിച്ചതും പിന്നീട് പദ്ധതികൾ ഉപേക്ഷിക്കേണ്ട സാഹചര്യം സൃഷ്ടിച്ചു. വിശദാംശങ്ങൾ ഖണ്ഡിക 3.2.4ൽ കൊടുത്തിരിക്കുന്നു.

## 3.2.4 നിർവ്വഹണം

കേരളസർക്കാർ പുറപ്പെടുവിച്ച (2020 ജൂലൈ) മാർഗ്ഗരേഖകൾ അനുസരിച്ച്, ഓരോ ഗ്രാമപഞ്ചായത്തും രണ്ട് പൊതുശൗചാലയങ്ങൾ അല്ലെങ്കിൽ ടേക്ക് എ ബ്രേക്ക് യൂണിറ്റുകൾ വീതം നിർമ്മിക്കേണ്ടതുണ്ട്. എന്നാൽ, അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുത്തതുമൂലമുള്ള നിഷ്ഫല ചെലവുകൾ, നിർമ്മിച്ച ശുചിമുറികൾ ഉപയോഗശൂന്യമായി കിടക്കുന്നത് തുടങ്ങിയ സംഭവങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇതിന്റെ കൂടുതൽ വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ നൽകുന്നു.

### 3.2.4.1 അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുത്തതു മൂലമുള്ള നിഷ്ഫല ചെലവ്

ഒരു പദ്ധതിയുടെ പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം നിർമ്മാണ സ്ഥലത്തിന്റെ സാഹചര്യം നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തണമെന്ന് 2012ലെ കേരള പൊതുമരാമത്ത് വകുപ്പ് മാനുവൽ നിഷ്കർഷിക്കുന്നു. എന്നാൽ, നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപ് സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പാക്കുന്നതിൽ പഞ്ചായത്ത് ഉദ്യോഗസ്ഥർ കാണിച്ച അലംഭാവം രണ്ട് ടേക്ക് എ ബ്രേക്ക്/പൊതുശൗചാലയ യൂണിറ്റുകളുടെ നിർമ്മാണത്തിനായി ചെലവഴിച്ച ₹21.91 ലക്ഷം രൂപയുടെ നിഷ്ഫല ചെലവിന് കാരണമായി. ഇതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു:

#### *അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിലെ ടേക് എ ബ്രേക്ക് പദ്ധതി*




*ചിത്രം 3.9: അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ ടോയ്‌ലറ്റ് സമുച്ചയം*

അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്തിലെ തൂക്കുപാലത്തിന് സമീപം, കെഎസ്ഇബിഎൽന്റെ ഉടമസ്ഥതയിലുള്ള മൂന്ന് സെന്റ് ഭൂമിയിൽ ₹38 ലക്ഷം ചെലവിൽ ഒരു ടേക്ക് എ ബ്രേക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് (2021-22) ഒരു പദ്ധതി ആസൂത്രണം ചെയ്തു. എന്നാൽ, ഈ സ്ഥലം ഇടുക്കി ഡാമിന്റെ മാക്സിമം വാട്ടർ ലെവലിനുള്ളിൽ വരുന്നതിനാലും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദനീയമല്ലാത്തതിനാലും കെഎസ്ഇബിഎൽ ഈ നിർദ്ദേശം നിരസിച്ചു (2021 സെപ്റ്റംബർ). പ്രസ്തുത സ്ഥലം ഒരു വിനോദസഞ്ചാര കേന്ദ്രമായതിനാലും പ്രദേശത്ത് മറ്റ് പൊതുശൗചാലയ സൗകര്യങ്ങൾ ഇല്ലാത്തതിനാലും നിർമ്മാണത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് അയ്യപ്പൻകോവിൽ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലാ കളക്ടറെ സമീപിച്ചു. 1.70 സെന്റ് ഭൂമിയിൽ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ജില്ലാ കളക്ടറിൽ നിന്ന് ലഭിച്ച അനുമതിയുടെ (2022 മാർച്ച്) അടിസ്ഥാനത്തിൽ, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് 2022-23 കാലയളവിൽ ₹30 ലക്ഷത്തിന്റെ[31] പദ്ധതി വിഭാവനം ചെയ്തു. ₹19.20 ലക്ഷം ചെലവാക്കി ഇതിന്റെ സിവിൽ വർക്കുകൾ പൂർത്തിയാക്കിയെങ്കിലും (2024 നവംബർ), കെഎസ്ഇബിഎൽ വൈദ്യുത കണക്ഷൻ നൽകാൻ വിസമ്മതിച്ചു (2024 ജനുവരി). വൈദ്യുത കണക്ഷൻ ഇല്ലാത്തതിനാൽ ടോയ്‌ലറ്റ് കോംപ്ലക്സ് പ്രവർത്തനരഹിതമായി തുടരുന്നതായി ഓഡിറ്റിൽ കണ്ടെത്തി. അനുയോജ്യമല്ലാത്ത സ്ഥലം തിരഞ്ഞെടുത്തതും കെഎസ്ഇബിഎൽ നിന്ന് എൻഒസി ലഭിക്കുന്നതിന് മുൻപ് നിർമ്മാണം നടത്തിയതും കാരണം ഈ സംവിധാനം പ്രയോജനമില്ലാതെ കിടക്കാനും, ₹19.20 ലക്ഷത്തിന്റെ നിഷ്ഫലമായ ചെലവിനും കാരണമായെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *ചിന്നക്കനാൽ ഗ്രാമപഞ്ചായത്തിലെ ടേക് എ ബ്രേക്ക് പദ്ധതി*

ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്, 2021-22 വർഷത്തിൽ, വാർഡ് 10ലെ വിളക്ക് കമ്മ്യൂണിറ്റി ഹാളിന് സമീപം ₹15.50 ലക്ഷം ചെലവിൽ "ടേക്ക് എ ബ്രേക്ക്" ടോയ്‌ലറ്റ് നിർമ്മാണം എന്ന ഒരു പദ്ധതി ആവിഷ്കരിച്ചു. സംസ്ഥാന ഫണ്ടും സിഎഫ്സി ഗ്രാന്റും ഉപയോഗിച്ചായിരുന്നു ഇതിന് തുക കണ്ടെത്തിയത്. എന്നാൽ, കമ്മ്യൂണിറ്റി ഹാളിനോട് ചേർന്നുള്ള നിർമ്മാണത്തിനെതിരെ പ്രദേശവാസികളുടെ എതിർപ്പുകൾ

---

[31] പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ശുചിത്വ മിഷനിൽ നിന്നും ₹15 ലക്ഷം വീതം

ഉയർന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 2022 സെപ്റ്റംബറിൽ പ്രൈമറി ഹെൽത്ത് സെന്ററിന് സമീപം മറ്റൊരു സ്ഥലം കണ്ടെത്തുകയും നിർമ്മാണ ചുമതല കരാറുകാരനെ ഏൽപ്പിക്കുകയും ചെയ്തു (2022 സെപ്റ്റംബർ). എന്നാൽ, നിർദ്ദിഷ്ട ഭൂമി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ചൂണ്ടിക്കാട്ടി 2022 നവംബറിൽ റവന്യൂ വകുപ്പ് സ്റ്റോപ്പ് മെമ്മോ പുറപ്പെടുവിച്ചു. അപ്പോഴേക്കും പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾക്കായി ₹2.71 ലക്ഷം ചെലവഴിച്ചിരുന്നു. ഭൂമിയുടെ ഉടമസ്ഥാവകാശം കൃത്യമായി പരിശോധിക്കാതെ നിർമ്മാണം ആരംഭിച്ചത് പ്രവൃത്തി തടസ്സപ്പെടുന്നതിനും, അതുവഴി നിഷ്ഫല ചെലവിനും കാരണമായതായി ഓഡിറ്റ് നിരീക്ഷിച്ചു.

### 3.2.4.2 പൂർത്തീകരിക്കാത്ത കരിന്തരുവി – ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് പ്രോജക്റ്റ്

ഉപ്പുതറ ഗ്രാമപഞ്ചായത്ത് 2022–23 കാലയളവിൽ കരിന്തരുവിയിൽ ₹17.89 ലക്ഷം ചെലവിൽ ഒരു "ടേക്ക് എ ബ്രേക്ക്" വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചു. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും സംസ്ഥാന ഫണ്ടും ഇതിനായി വകയിരുത്തിയിരുന്നു. മലങ്കര ടീ എസ്റ്റേറ്റ് നൽകിയ അഞ്ച് സെന്റ് ഭൂമിയാണ് പദ്ധതിക്കായി കണ്ടെത്തിയത്. 2023 ജൂണിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും, 2025 ഓഗസ്റ്റിലെ ഓഡിറ്റ് പരിശോധനയിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തിയായതെന്നും ആവശ്യമായ ഫിറ്റിംഗുകളോ മറ്റ് സൗകര്യങ്ങളോ ഇല്ലെന്നും കണ്ടെത്തി. 2024 ഒക്ടോബർ വരെ നിർമ്മാണത്തിനായി ₹15.87 ലക്ഷം ചെലവഴിച്ചു. പദ്ധതി പൂർത്തിയാക്കുന്നതിനായി 2024–25 വർഷത്തിൽ ₹22.20 ലക്ഷം കൂടി അനുവദിച്ചെങ്കിലും പ്രവൃത്തി പുനരാരംഭിച്ചില്ല. നിർമ്മാണം ആരംഭിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും പദ്ധതി പൂർത്തിയാകാത്തതിനാൽ, ചെലവഴിച്ച ₹15.87 ലക്ഷം നിഷ്ഫല ചെലവായി മാറിയതായി ഓഡിറ്റ് നിരീക്ഷിച്ചു.




*ചിത്രം 3.10 : ഉപ്പുതറ ഗ്രാമപഞ്ചായത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി*

### 3.2.4.3 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതുശൗചാലയങ്ങളുടെ ലഭ്യത

ഇടുക്കി ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 24 ഗ്രാമപഞ്ചായത്തുകളിൽ, പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളായ മൂന്നാർ, മറയൂർ, അയ്യപ്പൻകോവിൽ എന്നീ മൂന്ന് ഗ്രാമപഞ്ചായത്തുകളിൽ ലഭ്യമായ പൊതുശൗചാലയങ്ങളുടെ വിവരങ്ങൾ **പട്ടിക 3.13**ൽ കൊടുക്കുന്നു.

**പട്ടിക 3.13: വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതുശൗചാലയങ്ങളുടെ ലഭ്യത**

| ഗ്രാമപഞ്ചായത്ത് | പൊതുശൗചാലയങ്ങളുടെ എണ്ണം | | | പ്രവർത്തനക്ഷമമായ പൊതുശൗചാലയങ്ങൾ |
|---|---|---|---|---|
| | ബേസിക് | സ്റ്റാൻഡേർഡ് | പ്രീമിയം | |
| **മൂന്നാർ** | 0 | 0 | 0 | 0 |
| **മറയൂർ** | 2 | 0 | 0 | 2 |
| **അയ്യപ്പൻകോവിൽ** | 1 | 0 | 0 | 1 |

*(ഉറവിടം: അതത് ഗ്രാമപഞ്ചായത്തുകൾ നൽകിയ വിവരങ്ങൾ)*

പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളാണെങ്കിലും ആവശ്യത്തിന് പൊതു ശൗചാലയങ്ങളുടെ നിർമ്മാണം ഉറപ്പാക്കുന്നതിൽ ഈ ഗ്രാമപഞ്ചായത്തുകൾ പരാജയപ്പെട്ടതായി ഓഡിറ്റ് കണ്ടെത്തി.

മൂന്നാർ ഗ്രാമപഞ്ചായത്ത് ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമാണെങ്കിലും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം നിർമ്മിക്കുന്നതിനായി യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ലെന്ന്

ഓഡിറ്റിൽ കണ്ടെത്തി. എന്നാൽ, കേന്ദ്ര ഫണ്ടും ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉപയോഗിച്ച് ₹എട്ട് ലക്ഷം ചെലവിൽ നാല് മോഡുലാർ ശുചിമുറികൾ സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് ഒരു പദ്ധതി തയ്യാറാക്കിയിരുന്നു. 2023 ഓഗസ്റ്റിൽ ഈ പ്രവൃത്തി മെസ്സേഴ്സ് അരീന ഹൈജീൻ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന ഏജൻസിക്ക് കരാറായി നൽകി. 2023 ഒക്ടോബറോടെ എല്ലാ യൂണിറ്റുകളും സ്ഥാപിക്കുകയും ₹7.51 ലക്ഷം ഏജൻസിക്ക് നൽകുകയും ചെയ്തു. എന്നാൽ 2025 ഓഗസ്റ്റിൽ നടത്തിയ സംയുക്ത പരിശോധനയിൽ, ഈ ശുചിമുറികളിലൊന്നിലും വൈദ്യുതി ലഭ്യമല്ലെന്നും, ജലലഭ്യതയില്ലാത്തതിനാൽ നാല് മോഡുലാർ ശുചിമുറികളിൽ രണ്ടെണ്ണം[32] പ്രവർത്തനരഹിതമാണെന്നും ഓഡിറ്റ് കണ്ടെത്തി. ജനനിബിഡമായ പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്നതും സമീപത്ത് മറ്റ് ബദൽ ശുചിമുറി സൗകര്യങ്ങൾ ഇല്ലാത്തതുമായിരുന്നിട്ടും ഈ ശൗചാലയങ്ങൾ, അവ സ്ഥാപിച്ച് കഴിഞ്ഞ് ഏകദേശം രണ്ട് വർഷമായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാത്തത് പൊതുജനങ്ങൾക്ക് അത്യാവശ്യമായ ശുചിത്വ സൗകര്യങ്ങൾ നിഷേധിക്കുന്നതിന് കാരണമായി.




ചിത്രം 3.11: നല്ലതണ്ണി സ്റ്റാൻഡിലെ മോഡുലാർ ശൗചാലയം, മൂന്നാർ ഗ്രാമപഞ്ചായത്ത്




ചിത്രം 3.12: എസ്ബിഐ മൂന്നാറിന് സമീപം ഉള്ള മോഡുലാർ ശൗചാലയം

മറയൂർ ഗ്രാമപഞ്ചായത്ത് 2022–2024 കാലയളവിൽ ₹26.34 ലക്ഷം ചെലവിൽ രണ്ട് പൊതുശൗചാലയങ്ങൾ[33] നിർമ്മിച്ചു. എന്നാൽ, 2025 ഓഗസ്റ്റിൽ പഞ്ചായത്ത് ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിൽ, വൈദ്യുതിയും ജലലഭ്യതയും ഇല്ലാത്തതിനാൽ ഈ രണ്ട് ശുചിമുറികളും പ്രവർത്തനരഹിതമാണെന്ന് കണ്ടെത്തി.

### *ഭിന്നശേഷിക്കാർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുമുള്ള ശൗചാലയങ്ങളുടെ അഭാവം*

പ്രീമിയം വിഭാഗത്തിലുള്ള ശൗചാലയങ്ങൾ നിർമ്മിക്കുമ്പോൾ ഭിന്നശേഷിക്കാർക്കുള്ള ശുചിമുറികൾ കൂടി ഉൾപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നു. എന്നാൽ, പ്രീമിയം വിഭാഗത്തിലുള്ള ശുചിമുറികളുടെ അഭാവത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള ശുചിമുറികൾ ഇല്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. ഭിന്നശേഷിക്കാർക്കും മുതിർന്ന പൗരന്മാർക്കും തടസ്സങ്ങളില്ലാത്ത അന്തരീക്ഷം ഒരുക്കുന്നതിനായി കേന്ദ്ര സർക്കാർ 2016ൽ പുറത്തിറക്കിയ മാർഗ്ഗരേഖകളിൽ, ശൗചാലയങ്ങളിൽ സജ്ജീകരിക്കേണ്ട വിവിധ ഘടകങ്ങളുടെ മാനദണ്ഡങ്ങളെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

---

[32] ഒന്ന് എസ്ബിഐ മൂന്നാർ ബ്രാഞ്ചിന് സമീപമുള്ളതും മറ്റൊന്ന് നല്ലതണ്ണി സ്റ്റാൻഡിലുള്ളതും

[33] 2023 മാർച്ചിൽ മുരുകൻമലയിൽ നിർമ്മിച്ചത് – ₹14.07 ലക്ഷം, 2024 ഒക്ടോബറിൽ കരിമുട്ടി വെള്ളച്ചാട്ടത്തിന് സമീപം നിർമ്മിച്ചത് – ₹12.27 ലക്ഷം

ഉദാഹരണത്തിന്, വീൽചെയർ ഉപയോഗിക്കുന്നവർക്ക് ആവശ്യമായ അധിക സ്ഥലം, ഗ്രാബ് ബാറുകൾ, കൈവരികളോട് കൂടിയ റാംപുകൾ, പ്രത്യേക തരം ഫിക്ചറുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. മൂന്ന് ഗ്രാമപഞ്ചായത്തുകളിലെ[34] ശുചിമുറികളിൽ റാംപുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും, ഭിന്നശേഷിക്കാർക്ക് ആവശ്യമായ മറ്റ് സൗകര്യങ്ങൾ തിരഞ്ഞെടുത്ത 24 ഗ്രാമപഞ്ചായത്തുകളിൽ രണ്ടെണ്ണത്തിൽ[35] മാത്രമാണ് ഒരുക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

### 3.2.5 ഉപയോഗിക്കാതെ കിടക്കുന്ന ടേക്ക് എ ബ്രേക്ക്/പൊതുശൗചാലയ സൗകര്യങ്ങൾ

2020 ജൂലൈയിൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ടോയ്ലറ്റ് കോംപ്ലക്സുകളുടെ പരിപാലനവും സംരക്ഷണവും കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ, അഞ്ച് ഗ്രാമപഞ്ചായത്തുകളിലായി ₹75.42 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച ആറ് ടേക്ക് എ ബ്രേക്ക്/പൊതു ശുചിമുറികൾ, ജലലഭ്യതയുടെയും വൈദ്യുതിയുടെയും കുറവ് മൂലമോ അല്ലെങ്കിൽ കൃത്യമായ പരിപാലനമില്ലാത്തതു കൊണ്ടോ ഉപയോഗശൂന്യമായി കിടക്കുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശങ്ങൾ താഴെ **പട്ടിക 3.14**ൽ നൽകുന്നു.

**പട്ടിക 3.14: ഉപയോഗിക്കാതെ കിടക്കുന്ന ടേക്ക് എ ബ്രേക്ക്/പൊതുശൗചാലയങ്ങളുടെ വിവരങ്ങൾ**

| ക്രമ നമ്പർ | പിആർഐ | ടേക്ക് എ ബ്രേക്ക് ശൗചാലയങ്ങളുടെ സ്ഥാനം | പൂർത്തിയാക്കിയ തീയതി | ചെലവ് (₹ലക്ഷത്തിൽ) | നിലവിലെ സ്ഥിതി | പരാമർശങ്ങൾ |
|---|---|---|---|---|---|---|
| 1 | ചേർത്തല സൗത്ത് ജിപി | അർത്തുങ്കൽ ബീച്ചിന് സമീപം | 2022 നവംബർ | 13.97 | ഉപയോഗിക്കാതെ പൂട്ടി ഇട്ടിരിക്കുന്നു | അറ്റകുറ്റപ്പണികൾ ശേഷിക്കുന്നു. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 2 | വാത്തിക്കുടി ജിപി | തോപ്രാംകുടി ബസ് സ്റ്റാൻഡിന് സമീപം | 2019 മാർച്ച് | 6.36 | ഉപയോഗിക്കാതെ പൂട്ടി ഇട്ടിരിക്കുന്നു | അറ്റകുറ്റപ്പണികളുടെ അഭാവം, ബസ് കാത്തിരിപ്പ് കേന്ദ്രം പ്രവർത്തിക്കുന്നില്ല, കാടുമൂടിയ നിലയിൽ |
| 3 | | തോപ്രാംകുടി മാർക്കറ്റിനു സമീപം | 2020 സെപ്റ്റംബർ | 2.41 | | |
| 4 | ചക്കുപള്ളം ജിപി | വാർഡ് നമ്പർ 4 | 2021 നവംബർ | 8.87 | ഉപയോഗിക്കാതെ പൂട്ടി ഇട്ടിരിക്കുന്നു | അറ്റകുറ്റപ്പണികൾക്കായി ഒരു ഏജൻസിയെയും നിയോഗിച്ചിട്ടില്ല |
| 5 | കഞ്ഞിക്കുഴി ജിപി | ചാലുങ്കൽ (വാർഡ് 17) | 2024 ജനുവരി | 27.30 | പ്രവേശിക്കാൻ കഴിയാതെ പൂട്ടി ഇട്ടിരിക്കുന്നു | കുഴൽക്കിണറും മോട്ടോറും സ്ഥാപിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ വെള്ളമില്ല |
| 6 | എഴുപുന്ന ജിപി | എഴുപുന്ന പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സമീപം | 2024 മാർച്ച് | 16.51 | പ്രവർത്തന ക്ഷമമല്ല | വെള്ളം, വൈദ്യുതി കണക്ഷനുകൾ ലഭ്യമല്ല |
| | | | **ആകെ** | **75.42** | | |

*(ഉറവിടം: സംയുക്ത ഭൗതിക പരിശോധന, അതത് ഗ്രാമപഞ്ചായത്തുകൾ നൽകിയ വിവരങ്ങൾ)*

[34] ഇടുക്കി ജില്ലയിലെ മറയൂർ, വാഴത്തോപ്പ് ജിപികളും, ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സൗത്ത് ജിപിയും

[35] ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ജിപിയും ഇടുക്കി ജില്ലയിലെ അറക്കുളം ജിപിയും




*ചിത്രം 3.13: വാത്തിക്കുടി ജിപിയിലെ ഉപയോഗിക്കാതെ കിടക്കുന്ന 'ടേക് എ ബ്രേക്ക്' കേന്ദ്രം*




*ചിത്രം 3.14: കഞ്ഞിക്കുഴി ജിപിയിലെ ഉപയോഗിക്കാതെ കിടക്കുന്ന 'ടേക് എ ബ്രേക്ക്' കേന്ദ്രം*

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ ശുചിമുറികളുടെ നടത്തിപ്പ് കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിച്ചിരുന്നുവെങ്കിലും, സാമ്പത്തികമായി ലാഭകരമല്ലാത്തതിനാൽ അവർ പരിപാലനം നിർത്തി വച്ചതായി ഓഡിറ്റിൽ കണ്ടെത്തി. കുടുംബശ്രീ യൂണിറ്റുകൾ മുഖേനയുള്ള പരിപാലനം തുടരുന്നതിനായി തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളൊന്നും തന്നെ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കാനുള്ള സാധ്യതകൾ ആരാഞ്ഞിട്ടില്ലെന്നും ഓഡിറ്റ് കണ്ടെത്തി.

കൂടാതെ, വെള്ളത്തിന്റെയും വൈദ്യുതിയുടെയും ലഭ്യതക്കുറവ് മൂലം ശുചിമുറികൾ ഉപയോഗശൂന്യമായി കിടക്കുന്നത്, നിർമ്മാണ ആസൂത്രണ വേളയിൽ ഇവ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ അടിസ്ഥാന ആവശ്യങ്ങൾ ഈ ഗ്രാമപഞ്ചായത്തുകൾ അവഗണിച്ചു എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

### 3.2.6 ശുചിമുറികളുടെ പ്രവർത്തന പോരായ്മകൾ

പൊതു ശുചിമുറികൾ/'ടേക്ക് എ ബ്രേക്ക്' സൗകര്യങ്ങളുടെ നിർമ്മാണത്തിനായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖകൾ പ്രകാരം, നിർമ്മിക്കുന്ന ശുചിമുറികളുടെ തരം അനുസരിച്ച് ചില അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ഇതനുസരിച്ച്, 'ബേസിക്' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെപറയുന്ന സൗകര്യങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം:

- രണ്ട് വാട്ടർ ക്ലോസറ്റുകൾ
- കണ്ണാടികളുള്ള രണ്ട് സെറ്റ് വാഷ് ബേസിനുകൾ
- ഒരു സാനിറ്ററി നാപ്കിൻ ഇൻസിനറേറ്റർ

എന്നാൽ, നിലവിൽ പ്രവർത്തിക്കുന്ന 22 പൊതുശൗചാലയങ്ങളിൽ/ടേക്ക് എ ബ്രേക്ക് സൗകര്യങ്ങളിൽ, 17 ഗ്രാമപഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന 19 എണ്ണത്തിലും സാനിറ്ററി നാപ്കിൻ ഡിസ്പോസറുകൾ, വാഷ് ബേസിനുകൾ, കണ്ണാടികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. കൂടാതെ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 22 ടോയ്‌ലറ്റുകളിൽ ഒമ്പത് എണ്ണത്തിൽ[36] മാത്രമാണ് മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തതുപോലെ കൃത്യമായ ഇടവേളകളിലുള്ള ശുചീകരണം ഉറപ്പാക്കാൻ ഏജൻസിയെയോ കെയർടേക്കറെയോ നിയമിച്ചിട്ടുള്ളത്. അതുപോലെ, തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ

[36] ഇടുക്കി ജില്ലയിലെ മുട്ടം, കരിങ്കുന്നം, മണക്കാട്, വാത്തിക്കുടി, വാഴത്തോപ്പ്, അറക്കുളം, ചക്കുപള്ളം ജിപികളും ആലപ്പുഴ ജില്ലയിലെ എഴുപുന്ന, ചിങ്ങോലി ജിപികളും

പ്രവർത്തനക്ഷമമായ 22 ടോയ്‌ലറ്റുകളിൽ അഞ്ച് എണ്ണത്തിൽ[37] ശുചീകരണ ഷെഡ്യൂളുകൾ ലഭ്യമായിരുന്നില്ല. ശരിയായ പരിപാലനത്തിന്റെ അഭാവം മൂലം ഇതിൽ രണ്ട് ടോയ്‌ലറ്റ് സൗകര്യങ്ങൾ[38] തികച്ചും അശാസ്ത്രീയവും വൃത്തിഹീനവുമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഓഡിറ്റ് നിരീക്ഷിച്ചു.

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജനബാഹുല്യമുള്ള പൊതുസ്ഥലങ്ങളിലും സ്ഥിതി ചെയ്യുന്നവയായിരുന്നിട്ടും നിർദ്ദിഷ്ട സൗകര്യങ്ങളുടെയും ശുചിത്വത്തിന്റെയും അഭാവം കാരണം ഈ സംവിധാനങ്ങൾ ഭാഗികമായി മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ എന്ന് ഓഡിറ്റ് വിലയിരുത്തി. ഇത് പൊതു സംവിധാനങ്ങളുടെ ആസൂത്രണത്തിലെ പോരായ്മയെയും മോശം പരിപാലനത്തെയുമാണ് സൂചിപ്പിക്കുന്നത്, ഇതിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട യഥാർത്ഥ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്തു.

## 3.2.7 നിരീക്ഷണം

പൊതുശൗചാലയങ്ങളുടെ ശരിയായ പരിപാലനം ഉറപ്പാക്കുന്നതിന് അവ കൃത്യമായി നിരീക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ശുചിത്വം, ആവശ്യത്തിന് വെള്ളത്തിന്റെ ലഭ്യത, അറ്റകുറ്റപ്പണികൾ, മാലിന്യ സംസ്കരണ സംവിധാനം, ഉപഭോക്താക്കളോടുള്ള ജീവനക്കാരുടെ പെരുമാറ്റം, കെട്ടിടത്തിന്റെ പരിപാലന നിലവാരം തുടങ്ങിയ കാര്യങ്ങൾ ഈ നിരീക്ഷണത്തിൽ ഉൾപ്പെടുത്തണം. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിന് പുറമെ, ടേക്ക് എ ബ്രേക്ക് സെന്ററുകളുടെ നിരീക്ഷണ ചുമതല കേരളസർക്കാർ ഹരിതകേരളം മിഷനെയാണ് ഏൽപ്പിച്ചിരുന്നത്. എന്നാൽ, പൊതുശുചിമുറികളുടെയോ ടേക്ക് എ ബ്രേക്ക് സെന്ററുകളുടെയോ ശരിയായ പ്രവർത്തനവും പരിപാലനവും ഉറപ്പാക്കാൻ ഹരിതകേരളം മിഷൻ യാതൊരുവിധ പരിശോധനയോ നിരീക്ഷണമോ നടത്തിയിട്ടില്ലെന്ന് ഓഡിറ്റിൽ കണ്ടെത്തി. തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനക്ഷമമായ 22 ടോയ്‌ലറ്റുകളിൽ 14 എണ്ണത്തിലും കൃത്യമായ പരിശോധനകളും നിരീക്ഷണങ്ങളും നടക്കുന്നുണ്ടെന്നാണ് പഞ്ചായത്തുകൾ മറുപടി നൽകിയത് (2025 സെപ്റ്റംബർ). എന്നാൽ ഈ മറുപടി സ്വീകാര്യമല്ല; കാരണം, പ്രവർത്തനക്ഷമമായ 22 ടോയ്‌ലറ്റുകളിൽ ഒമ്പതെണ്ണത്തിലും കൃത്യമായ ശുചീകരണം ഉറപ്പാക്കാൻ കെയർടേക്കറോ ഏജൻസിയോ ലഭ്യമല്ലെന്ന് ഖണ്ഡിക 3.2.6ൽ വിശദമാക്കിയതുപോലെ ഓഡിറ്റ് കണ്ടെത്തിയിട്ടുണ്ട്.

### 3.2.7.1 ഉപയോക്തൃ സംതൃപ്തി സർവ്വേകൾ/പരാതി/ഫീഡ്ബാക്ക്

ശൗചാലയങ്ങളുടെ ഭൗതികമായ നിരീക്ഷണത്തിന് പുറമെ, ഉപയോക്താക്കളുടെ പ്രതീക്ഷകൾ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനും നടത്തിപ്പുകാർ പരിഹരിക്കാത്ത പരാതികൾ മനസ്സിലാക്കി പരിഹരിക്കുന്നതിനും പരാതികൾ/അഭിപ്രായങ്ങൾ രേഖപ്പെടുത്താനോ സ്വീകരിക്കാനോ ഉള്ള ഒരു സംവിധാനം ആവശ്യമാണ്. എന്നാൽ, തിരഞ്ഞെടുത്ത 24 ഗ്രാമപഞ്ചായത്തുകളിൽ നാലെണ്ണത്തിൽ മാത്രമാണ് ഉപയോക്താക്കളിൽ നിന്ന് കൃത്യമായ ഇടവേളകളിൽ അഭിപ്രായങ്ങൾ/പരാതികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഓഡിറ്റിൽ കണ്ടെത്തി.

## 3.2.8 ഉപസംഹാരം

പൊതുശൗചാലയങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങളുടെ അഭാവം, ആവശ്യകത വിലയിരുത്തൽ നടത്താതിരുന്നത്, നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരാജയപ്പെട്ടത് എന്നിവയെത്തുടർന്ന് ആസൂത്രണം അപര്യാപ്തമായിരുന്നതായി കണ്ടെത്തി. ഗണ്യമായ

---

37 ഇടുക്കി ജില്ലയിലെ ഉപ്പുതറ ജിപിയും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ സൗത്ത്, മുതുകുളം, കഞ്ഞിക്കുഴി, ചേർത്തല സൗത്ത് ജിപികളും

38 കുളമാവ് ബസ് സ്റ്റാൻഡ് (അറക്കുളം ഗ്രാമപഞ്ചായത്ത്), അമ്പലപ്പുഴ ജംഗ്ഷൻ (അമ്പലപ്പുഴ സൗത്ത് ഗ്രാമപഞ്ചായത്ത്)

തുക അനുവദിച്ചിട്ടും, അപര്യാപ്തമായ ആസൂത്രണം, തെറ്റായ സ്ഥലം തിരഞ്ഞെടുക്കൽ, വൈദ്യുതിയും വെള്ളവും പോലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, കൃത്യമായ പരിപാലന സംവിധാനങ്ങളുടെ അഭാവം എന്നിവ കാരണം പല പദ്ധതികളും പൂർത്തിയാകാതെയും പ്രവർത്തനരഹിതമായും തുടരുകയാണ്. തിരക്കേറിയ പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന ശുചിമുറികളിൽ പോലും, അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും അപര്യാപ്തമായ പരിപാലനത്തെത്തുടർന്നുണ്ടായ അനാരോഗ്യകരമായ സാഹചര്യവും നിലനില്ക്കുന്നതായി ഓഡിറ്റിൽ വെളിപ്പെട്ടു. ഫലപ്രദമല്ലാത്ത ആസൂത്രണം, പദ്ധതി നടപ്പിലാക്കുന്നതിലെ വ്യവസ്ഥാപരമായ പോരായ്മകൾ, വിഭവങ്ങളുടെ അപൂർണ്ണമായ വിനിയോഗം എന്നിവയാണ് ഈ വീഴ്ചകൾ പ്രതിഫലിപ്പിക്കുന്നത്. ഇത് ആത്യന്തികമായി പൊതുജനങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്നു. തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിലെ രേഖകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് നിരീക്ഷണങ്ങൾ തയ്യാറാക്കിയതിനാൽ, സംസ്ഥാനത്തെ മുഴുവൻ പൊതുശൗചാലയങ്ങളിലും സമാനമായ പരിശോധന നടത്താൻ സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്/ശുചിത്വ മിഷന് നിർദ്ദേശം നൽകാവുന്നതാണ്.

## 3.2.9 ശിപാർശകൾ

- ***ശൗചാലയങ്ങൾ നിർമ്മിക്കാൻ ആസൂത്രണം ചെയ്യുമ്പോൾ, ഉപയോക്താക്കൾ എത്തുന്ന മേഖലകൾ, ഉപയോഗ രീതികൾ, ചെലവ്, വരുമാന സാധ്യത എന്നിവ മനസ്സിലാക്കുന്നതിനായി ആവശ്യകത വിലയിരുത്തൽ സർവേകൾ നടത്താൻ സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.***
- ***പൊതുശൗചാലയങ്ങളുടെയും അവയുമായി ബന്ധപ്പെട്ട മറ്റ് അനുബന്ധ സൗകര്യങ്ങളുടെയും കൃത്യമായ സംരക്ഷണവും പരിപാലനവും ഉറപ്പാക്കാൻ ഒരു സംവിധാനം ഏർപ്പെടുത്താൻ സർക്കാർ പിആർഐകൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.***
- ***എല്ലാ ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങളിലും, പ്രത്യേകിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ, ഭിന്നശേഷിക്കാർക്കായുള്ള ശൗചാലയ സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***
- ***വൃത്തിഹീനമായതോ പ്രവർത്തനരഹിതമായതോ ആയ ടോയ്‌ലറ്റുകളെക്കുറിച്ച് പരാതിപ്പെടാനും അവയുടെ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാനുമായി പൊതുജനങ്ങൾക്കായി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം അല്ലെങ്കിൽ മൊബൈൽ ആപ്പ് അവതരിപ്പിക്കുന്നത് സർക്കാർ പരിഗണിക്കേണ്ടതാണ്.***

# ഭാഗം II

## നഗര തദ്ദേശ സ്ഥാപനങ്ങൾ

# അദ്ധ്യായം IV

# നഗര തദ്ദേശ സ്ഥാപനങ്ങളുടെ അവലോകനം

## 4.1 ആമുഖം

1992ലെ എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ ഇന്ത്യൻ ഭരണഘടന ജനാധിപത്യ വികേന്ദ്രീകരണത്തിന് വ്യക്തമായ ഒരു അധികാരം നൽകി. സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനും അധികാരങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും വികേന്ദ്രീകരണത്തിനുള്ള വ്യവസ്ഥകൾ ഉണ്ടാക്കുന്നതിനും ആവശ്യമായ അധികാരങ്ങളും മേലധികാരവും നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് നിയമങ്ങൾ നിർമ്മിക്കാൻ ആർട്ടിക്കിൾ 243ഡബ്ല്യു സംസ്ഥാന നിയമസഭകൾക്ക് അധികാരം നൽകി. എഴുപത്തിനാലാമത് ഭരണഘടനാ ഭേദഗതി നിയമം പന്ത്രണ്ടാം പട്ടിക അവതരിപ്പിക്കുകയും അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിഷയങ്ങൾ നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബികൾ) ഏൽപ്പിക്കാവുന്ന ചുമതലകളാണെന്ന് കണ്ടെത്തുകയും ചെയ്തു. എഴുപത്തിനാലാമത് ഭരണഘടനാ ഭേദഗതി നിയമത്തിനനുസൃതമായി യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതിനാവശ്യമായ അധികാരങ്ങളും ഉത്തരവാദിത്തങ്ങളും നൽകിക്കൊണ്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം (കെഎം നിയമം, 1994) രൂപീകരിച്ചു. 2025 ഓഗസ്റ്റ് വരെ സംസ്ഥാനത്ത് 87 മുനിസിപ്പാലിറ്റികളും ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും ഉണ്ടായിരുന്നു. ജില്ലതിരിച്ചുള്ള നഗര തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം, ജനസംഖ്യ, പ്രതിശീർഷ വരുമാനം എന്നിവ **പട്ടിക 4.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.1: ജില്ല തിരിച്ചുള്ള യുഎൽബികളുടെ എണ്ണം, നഗര ജനസംഖ്യ, പ്രതിശീർഷ വരുമാനം**

| ക്രമ നമ്പർ | ജില്ല | നഗര ജനസംഖ്യ (ലക്ഷത്തിൽ) | പ്രതിശീർഷ വരുമാനം (₹) (ജില്ല) | യുഎൽബികളുടെ എണ്ണം | |
|---|---|---|---|---|---|
| | | | | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
| 1 | തിരുവനന്തപുരം | 17.72 | 179231 | 4 | 1 |
| 2 | കൊല്ലം | 11.87 | 220354 | 4 | 1 |
| 3 | പത്തനംതിട്ട | 1.32 | 139995 | 4 | 0 |
| 4 | ആലപ്പുഴ | 11.48 | 236305 | 6 | 0 |
| 5 | കോട്ടയം | 5.65 | 212921 | 6 | 0 |
| 6 | ഇടുക്കി | 0.52 | 186407 | 2 | 0 |
| 7 | എറണാകുളം | 22.34 | 238986 | 13 | 1 |
| 8 | തൃശ്ശൂർ | 20.96 | 195125 | 7 | 1 |
| 9 | പാലക്കാട് | 6.77 | 144010 | 7 | 0 |
| 10 | മലപ്പുറം | 18.17 | 115288 | 12 | 0 |
| 11 | കോഴിക്കോട് | 20.73 | 155738 | 7 | 1 |
| 12 | വയനാട് | 0.32 | 119128 | 3 | 0 |
| 13 | കണ്ണൂർ | 16.41 | 164601 | 9 | 1 |
| 14 | കാസർഗോഡ് | 5.09 | 141130 | 3 | 0 |
| | **ആകെ** | **159.35** | | **87** | **6** |

*(ഉറവിടം: 2024ലെ എക്കണോമിക് റിവ്യൂവും തദ്ദേശ സ്വയംഭരണ വകുപ്പ് 2024-ൽ പ്രസിദ്ധീകരിച്ച തദ്ദേശകവും)*

## 4.2 ചുമതലകളുടെയും ഉദ്യോഗസ്ഥരുടെയും കൈമാറ്റത്തിന്റെ സ്ഥിതി

ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ നഗര തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 18 ചുമതലകൾ ഉൾപ്പെട്ടിരിക്കുന്നു. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ചുമതലകൾ അവ നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്കൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുന്നതിന് കെഎം നിയമം, 1994 വിഭാവനം ചെയ്യുന്നു. ഇതിൽ 17 ചുമതലകൾ പൂർണ്ണമായോ ഭാഗികമായോ യുഎൽബികൾക്ക് കൈമാറിയതായി സർക്കാർ പ്രസ്താവിച്ചു (2024 മെയ്). ഫയർ സർവീസുകൾ എന്ന ചുമതല യുഎൽബികൾക്ക് കൈമാറിയിട്ടില്ല. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിലെ 18 ചുമതലകളിൽ 17 എണ്ണവും കൈമാറ്റം ചെയ്യപ്പെട്ടെങ്കിലും, കെഎം നിയമത്തിന്റെ ഒന്നാം പട്ടികയിലെ പൊതുവായ, അനിവാര്യ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾക്ക് കീഴിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങളെ ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയുമായി ബന്ധിപ്പിക്കുന്ന രേഖാമൂലമുള്ള മാപ്പിംഗ് ഉണ്ടായിരുന്നില്ല. കൈമാറ്റം ചെയ്യപ്പെട്ട 17 ചുമതലകളിൽ ഏഴെണ്ണത്തിനു മാത്രമേ യുഎൽബികൾക്ക് പരിപൂർണ്ണ ഉത്തരവാദിത്തം ഉണ്ടായിരുന്നുള്ളുവെന്നും **പട്ടിക 4.2**ൽ വിശദീകരിച്ചിരിക്കുന്നതു പോലെ 10 ചുമതലകളിൽ പരിമിതമായ പങ്കുമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഓഡിറ്റ് ശ്രദ്ധിച്ചു.

**പട്ടിക 4.2: യുഎൽബികൾക്ക് ചുമതല കൈമാറിയതിന്റെ സ്ഥിതി**

| ക്രമ നമ്പർ | ഉത്തരവാദിത്തം | ചുമതലകൾ |
|---|---|---|
| 1. | **പൂർണ്ണ അധികാരം/ പ്രധാന സ്ഥാനം** | 1. ചേരി പരിഷ്ക്കരണവും മെച്ചപ്പെടുത്തലും<br>2. റോഡുകളും പാലങ്ങളും<br>3. നഗര ദാരിദ്ര്യ ഉപശമനം<br>4. ശവമടക്കലും ശവമടക്കംചെയ്യുന്ന സ്ഥലങ്ങളും, ശവദാഹവും, ശവദാഹത്തിനുള്ള സ്ഥലങ്ങളും വൈദ്യുതശ്മശാനങ്ങളും<br>5. ജനനമരണ രജിസ്ട്രേഷനുൾപ്പെടെയുള്ള ജനനമരണ സ്ഥിതിവിവരക്കണക്ക്<br>6. തെരുവു വിളക്ക് പരിപാലനവും പാർക്കിംഗ് സ്ഥലങ്ങളും ബസ് സ്റ്റോപ്പുകളും പൊതുജനങ്ങൾക്കുള്ള വിസർജ്ജനപ്പുരകളും ഉൾപ്പെടെയുള്ള പൊതു സൗകര്യങ്ങൾ<br>7. അറവുശാലകളുടെയും തോലുറപ്പണിശാലകളുടെയും നിയന്ത്രണം |
| 2. | **പരിമിതമായ സ്ഥാനം** | 1. ടൗൺ പ്ലാനിംഗ് ഉൾപ്പെടെയുള്ള നഗരാസൂത്രണം<br>2. സാമ്പത്തികവും സാമൂഹികവുമായ വികസനത്തിനുള്ള ആസൂത്രണം<br>3. പൊതുജനാരോഗ്യം, ശുചീകരണം, ആരോഗ്യസംരക്ഷണം, ഖരമാലിന്യങ്ങളുടെ മാനേജ്മെന്റ്<br>4. ശാരീരികമായും ബൗദ്ധികമായും വെല്ലുവിളി നേരിടുന്നവരുടേതുൾപ്പടെയുള്ള സമൂഹത്തിലെ ദുർബല വിഭാഗങ്ങളുടെ താൽപര്യങ്ങളുടെ പരിരക്ഷ<br>5. നഗരങ്ങളിൽ പാർക്കുകൾ, തോട്ടങ്ങൾ, കളിസ്ഥലങ്ങൾ എന്നിവപോലുള്ള സുഖസൗകര്യങ്ങൾക്കും മറ്റു സൗകര്യങ്ങൾക്കും ഉള്ള ഏർപ്പാടുകൾ<br>6. സാംസ്കാരികവും വിദ്യാഭ്യാസപരവും കലാസ്വാദനപരവുമായ കാര്യങ്ങളുടെ പ്രോത്സാഹനം<br>7. കന്നുകാലിപ്പൗണ്ടുകൾ; ജന്തുക്കളോടുള്ള ക്രൂരത തടയൽ<br>8. ഭൂമിയുടെ ഉപയോഗവും കെട്ടിടങ്ങളുടെ നിർമ്മാണവും നിയന്ത്രിക്കൽ<br>9. ഗാർഹിക, വ്യാവസായിക, വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലവിതരണം<br>10. നഗരവനവൽക്കരണവും പരിസ്ഥിതി സംരക്ഷണവും ജൈവപരിസ്ഥിതി സംബന്ധിച്ച കാര്യങ്ങളുടെ അഭിവൃദ്ധിയും. |
| 3. | **കൈമാറാത്ത ചുമതലകൾ** | 1. ഫയർ സർവീസുകൾ |

*(ഉറവിടം: തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

### 4.2.1 യുഎൽബികൾക്ക് കൈമാറിയ പദ്ധതികൾ സർക്കാർ വകുപ്പുകൾ സമാന്തരമായി നടപ്പാക്കുന്നത്

യുഎൽബികളുടെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള കൈമാറ്റം ചെയ്തു കിട്ടിയ ചുമതലകളിൽപ്പെട്ട പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളും സമാന്തരമായി നടപ്പിലാക്കിയതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. യുഎൽബികൾ ഏറ്റെടുത്ത പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ വകുപ്പു ഫണ്ടുകൾ ഉപയോഗിച്ച് പട്ടികജാതി വികസന വകുപ്പ് സമാന്തരമായി നടപ്പിലാക്കി. പട്ടികജാതി സ്ത്രീകൾക്കുള്ള വിവാഹ ധനസഹായം, എസ്‌സി/എസ്‌ടി വിഭാഗത്തിൽപ്പെട്ടവർക്ക് ലാപ്‌ടോപ് വിതരണം എന്നിവ യുഎൽബികളും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകളും നടപ്പിലാക്കിയതായി കണ്ടു. സർക്കാർ പദ്ധതികൾ സമാന്തരമായി നടപ്പാക്കുന്നതിന്റെ ഫലമായി യുഎൽബികളിൽ നടപ്പിലാക്കുന്ന വകുപ്പുതല പദ്ധതികൾക്കായി വകുപ്പുതല ഉദ്യോഗസ്ഥർ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സ്ഥിതി ഉണ്ടായി. വകുപ്പുതല ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികകൾ വാർഡ് കമ്മിറ്റിയുടെയോ വാർഡ് സഭകളുടെയോ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമായിരുന്നില്ല. ആ കാരണത്താൽ, അത്തരം തിരഞ്ഞെടുപ്പിൽ ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഉണ്ടാകാനുള്ള സാധ്യത ഉണ്ട്.

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളുമായി ബന്ധപ്പെട്ട സമാന സ്വഭാവമുള്ള പദ്ധതികൾ യുഎൽബികളും സർക്കാരും സമാന്തരമായി നടപ്പാക്കുന്നത് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ യുഎൽബികളുടേയും വകുപ്പുകളുടേയും ഉത്തരവാദിത്തക്കുറവിന് കാരണമാകും. കൂടാതെ, കൈമാറ്റം ചെയ്യപ്പെട്ട ചുമതലകളിൽപ്പെട്ട പദ്ധതികൾ വകുപ്പുകൾ തുടർന്നും നടപ്പിലാക്കുന്നത് യുഎൽബികളുടെ സ്വയംഭരണ അധികാരത്തെ കുറക്കുന്നതിനാൽ വികേന്ദ്രീകരണ ആശയങ്ങൾക്ക് എതിരാണ്.

### 4.2.2 ഉദ്യോഗസ്ഥരുടെ അപൂർണ്ണമായ കൈമാറ്റം

കൈമാറ്റം ചെയ്യപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യോഗ്യതയുള്ളവരും പരിശീലനം ലഭിച്ചവരുമായ ഉദ്യോഗസ്ഥർ ആവശ്യമാണ്. ഭരണഘടനയുടെ പന്ത്രണ്ടാം പട്ടികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ 10 വകുപ്പുകളുടെ കീഴിലുള്ള സ്ഥാപനങ്ങളെ സർക്കാർ കൈമാറി (1995 സെപ്റ്റംബർ). എന്നിരുന്നാലും കൈമാറ്റം പൂർണ്ണമായ രീതിയിൽ നടന്നില്ല. സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടറെ മുനിസിപ്പാലിറ്റികൾ/മുനിസിപ്പൽ കോർപ്പറേഷനുകളിലേക്ക് മാറ്റിയെങ്കിലും അദ്ദേഹത്തിന്റെ സേവനം യുഎൽബികൾക്ക് ലഭ്യമായിരുന്നില്ലെന്ന് ഓഡിറ്റ് ശ്രദ്ധിച്ചു. 2000 ജൂലൈയിൽ യുഎൽബികളിൽ 89 ക്ലറിക്കൽ തസ്തികകൾ വേണമെന്ന് കണക്കാക്കിയെങ്കിലും 2024 ഡിസംബർ മാസത്തിൽ 56 ജീവനക്കാരുടെ കുറവുണ്ടായിരുന്നു.

എഴുപത്തിനാലാം ഭരണഘടനാഭേദഗതി നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് മതിയായ സ്വയംഭരണാവകാശവും ഭരണഘടനാ പദവിയും നൽകിയിരുന്നെങ്കിലും, യുഎൽബികൾ സർക്കാർ നിയന്ത്രണത്തിൽ നിന്ന് പൂർണ്ണമായും മുക്തമായിരുന്നില്ല. ഭരണഘടനാഭേദഗതിക്ക് ശേഷം 25 വർഷത്തിലേറെ ആയിട്ടും ബന്ധപ്പെട്ട ചുമതലകൾ, ഉദ്യോഗസ്ഥർ, സ്ഥാപനങ്ങൾ എന്നിവയുടെ യുഎൽബികളിലേയ്ക്കുള്ള കൈമാറ്റം പൂർത്തിയായിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയുക്തമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്ന പാരാസ്റ്റാറ്റലുകളും തമ്മിലുള്ള ബന്ധത്തിൽ വ്യക്തത ഇല്ലെന്നും, ഇത് വ്യക്തമായി പ്രസ്താവിക്കണമെന്നും നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിരീക്ഷിച്ചു. സർക്കാർ ശിപാർശ അംഗീകരിച്ചെങ്കിലും, തുടർ നടപടികൾ എടുക്കേണ്ട സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ ഇക്കാര്യത്തിൽ ഒരു നടപടിയും എടുത്തില്ല (2024 മാർച്ച്).

## 4.3 യുഎൽബികളുടെ സംഘടനാ രൂപം

എല്ലാ യുഎൽബികളുടേയും ഭരണനിർവ്വഹണത്തിനുള്ള നോഡൽ വകുപ്പാണ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള തദ്ദേശ സ്വയംഭരണവകുപ്പ് (എൽഎസ്ജിഡി). ധനകാര്യം, അക്കൗണ്ടുകളുടെ പരിപാലനം, ഓഫീസ് മാനേജ്മെന്റ്, പദ്ധതികളുടെ രൂപീകരണം, പരിസ്ഥിതി നിയന്ത്രണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ദേശീയ, സംസ്ഥാന നയങ്ങൾക്കനുസൃതമായി എൽഎസ്ജിഐകൾക്ക് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ എൽഎസ്ജിഡിയ്ക്ക് അധികാരമുണ്ട്.

ചെയർപേഴ്സൺ/മേയർ ആണ് യുഎൽബികളുടെ ഭരണത്തലവൻ. ഓരോ യുഎൽബിക്കും മുഖ്യനിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സെക്രട്ടറി ഉണ്ട്. യുഎൽബികളുടെ കൗൺസിലർമാരാണ് ചെയർപേഴ്സൺ/മേയർ, വൈസ് ചെയർപേഴ്സൺ/ഡെപ്യൂട്ടിമേയർ, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാർ എന്നിവരെ തിരഞ്ഞെടുക്കുന്നത്. സർക്കാർ തലത്തിലും യുഎൽബി തലത്തിലുമുള്ള ഓർഗനോഗ്രാം **ചിത്രം 4.1**ൽ കൊടുത്തിരിക്കുന്നു.

**ചിത്രം 4.1: യുഎൽബികളുടെ ഓർഗനോഗ്രാം**




## 4.4 വിവിധ കമ്മിറ്റികളുടെ രൂപീകരണം

യുഎൽബികൾക്ക് നൽകിയിട്ടുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് കെഎം നിയമം, 1994 വിഭാവനം ചെയ്തിട്ടുണ്ട്. കെഎം നിയമം 1994ലെ 20-ാം വകുപ്പ് ഓരോ യുഎൽബിയിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ

രൂപീകരിക്കുന്നതിനെക്കുറിച്ചും 23-ാം വകുപ്പ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനെക്കുറിച്ചും പ്രതിപാദിക്കുന്നു.

**സ്റ്റാന്റിംഗ് കമ്മിറ്റികൾ**

മുനിസിപ്പൽ കൗൺസിലുകളുടെ തീരുമാനത്തിനായി പരിഗണിക്കുന്നതിന് മുമ്പ്, സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്യണം. ഓരോ മുനിസിപ്പാലിറ്റിയിലും ആറ്[39] സ്റ്റാന്റിംഗ് കമ്മിറ്റികളും ഓരോ കോർപ്പറേഷനിലും എട്ട്[40] സ്റ്റാന്റിംഗ് കമ്മിറ്റികളുമുണ്ട്. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശം, മേൽനോട്ടം, നിയന്ത്രണം എന്നിവയ്ക്ക് കീഴിലാണ് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെ അതത് സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ അവരുടെ ഇടയിൽ നിന്നാണ് തിരഞ്ഞെടുക്കുന്നത്. ഡെപ്യൂട്ടി ചെയർപേഴ്സണാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ എക്സ് ഒഫിഷ്യോ അംഗവും ചെയർപേഴ്സണും. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് അവരുടെ വിഷയങ്ങളെ സംബന്ധിച്ച പ്രമേയങ്ങൾ പാസാക്കാൻ അധികാരമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പാസ്സാക്കുന്ന ഓരോ പ്രമേയവും യുഎൽബികളുടെ മുനിസിപ്പൽ കൗൺസിലിന്റെ അടുത്ത യോഗത്തിൽ അവതരിപ്പിക്കേണ്ടതുണ്ട്. ആവശ്യമെങ്കിൽ, കൗൺസിലിന് പ്രമേയങ്ങളിൽ ഭേദഗതി വരുത്താൻ കഴിയും.

**സ്റ്റിയറിംഗ് കമ്മിറ്റി**

കെഎം നിയമം 1994ലെ ഖണ്ഡിക 23-ാം വകുപ്പ് അനുസരിച്ച്, സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക, കൂടാതെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി ഏൽപ്പിച്ചിട്ടുള്ള മറ്റ് അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുക എന്നിവ സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്. എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരും യുഎൽബിയുടെ ചെയർപേഴ്സണും ഉൾപ്പെടുന്നതാണ് സ്റ്റിയറിംഗ് കമ്മിറ്റി. യുഎൽബിയുടെ സെക്രട്ടറി സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**വാർഡ് കമ്മിറ്റികൾ/വാർഡ് സഭകൾ**

ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് സഭകളും, ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ വാർഡ് കമ്മിറ്റികളും ആസൂത്രണ പ്രക്രിയയിൽ ഒരു പ്രധാനപങ്ക് വഹിക്കുന്നു. ഗുണഭോക്തൃകേന്ദ്രീകൃത പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ മുൻഗണനകൾ തീരുമാനിക്കുന്നതും പദ്ധതികൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതും അവരാണ്. വാർഡിലെ എല്ലാ വിഭാഗം ആളുകളെയും വിശാലമായി പ്രതിനിധീകരിക്കുന്ന വിധത്തിൽ വാർഡ് കമ്മിറ്റികളിൽ റസിഡന്റ്സ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ, രാഷ്ട്രീയ പാർട്ടികൾ, വിദ്യാഭ്യാസ സ്ഥാപനമേധാവികൾ, പ്രൊഫഷണലുകൾ, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുള്ള കുറഞ്ഞത് 55 മുതൽ 60 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം. വാർഡ് കമ്മിറ്റികൾക്ക് ആകെ അംഗങ്ങളുടെ അഞ്ചിലൊന്നും, വാർഡ് സഭകൾക്ക് വാർഡിലെ ആകെ വോട്ടർമാരുടെ പത്തിലൊന്ന് പേരുമാണ് അവരുടെ യോഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ക്വാറം.

## 4.5 ഓഡിറ്റ് നിരീക്ഷണങ്ങളോടുള്ള പ്രതികരണം

അക്കൗണ്ടന്റ് ജനറൽ പരിഹാര നടപടികൾക്കായി പുറപ്പെടുവിച്ച പരിശോധന റിപ്പോർട്ടുകൾക്ക് നിർദ്ദിഷ്ട നിയമങ്ങളും നടപടിക്രമങ്ങളും പാലിച്ചുകൊണ്ട്

---

[39] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി(3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസം, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

[40] (1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (2) വികസന സ്റ്റാന്റിംഗ് കമ്മിറ്റി (3) പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി (4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (5) വിദ്യാഭ്യാസ, കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി (6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി (7) നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റി (8) നികുതി അപ്പീൽ സ്റ്റാന്റിംഗ് കമ്മിറ്റി

ഓഡിറ്റിനിടയിൽ ശ്രദ്ധയിൽപെട്ട പോരായ്മകൾ, വീഴ്ചകൾ മുതലായവയ്ക്ക് ഉത്തരവാദിത്തത്തോടെ എത്രയും വേഗം മറുപടി നൽകാൻ 2010ലും 2017ലും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ/പരിശോധന റിപ്പോർട്ടുകൾ/കരട് ഓഡിറ്റ് ഖണ്ഡികകളുടെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും സമയബന്ധിതമായ തീർപ്പാക്കൽ എന്നിവയ്ക്കുള്ള നിർദ്ദേശങ്ങളടെ കൈപ്പുസ്തകം വ്യവസ്ഥ ചെയ്യുന്നു. ഓഫീസ് മേധാവികളും, അടുത്ത ഉയർന്ന അധികാരികളും പരിശോധന റിപ്പോർട്ടുകളിൽ അടങ്ങിയിരിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ പാലിക്കുകയും പോരായ്മകളും ഒഴിവാക്കലുകളും പരിഹരിക്കുകയും, പരിശോധന റിപ്പോർട്ടുകൾ ലഭിച്ച് നാല് ആഴ്ചയ്ക്കുള്ളിൽ പരിഹാര നടപടി അക്കൗണ്ടന്റ് ജനറലിനെ അറിയിക്കുകയും വേണം. 2025 മാർച്ച് 31 വരെ, യുഎൽബികളിൽ 105 പരിശോധന റിപ്പോർട്ടുകൾ (1,102 ഖണ്ഡികകൾ) തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന പരിശോധന റിപ്പോർട്ടുകളുടെയും ഖണ്ഡികകളുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധം 4.1**ൽ നൽകിയിരിക്കുന്നു.

### 4.5.1 സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച

സിഎജിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ യുഎൽബികളുമായി ബന്ധപ്പെട്ട ഖണ്ഡികകളിൻമേൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അവശേഷിക്കുന്ന ചർച്ചകളെക്കുറിച്ചുള്ള വിശദാംശങ്ങൾ **പട്ടിക 4.3**ൽ നൽകിയിരിക്കുന്നു:

**പട്ടിക 4.3: സിഎജിയുടെ റിപ്പോർട്ടിൻമേൽ നിയമസഭാ സമിതിയുടെ ചർച്ച**

| ഓഡിറ്റ് റിപ്പോർട്ടിന്റെ പേര് | റിപ്പോർട്ടിന്റെ വർഷം | ചർച്ച അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം (2025 ഒക്ടോബർ വരെ) |
|---|---|---|
| 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച സിഎജി യുടെ റിപ്പോർട്ട് | 2022 മാർച്ച് (2024 വർഷത്തെ റിപ്പോർട്ട് നമ്പർ 4) | ആറ്[41] (അദ്ധ്യായം I, II III, ഖണ്ഡിക 5.1, 5.3, 5.5 |

*(ഉറവിടം: അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ് I, കേരള സൂക്ഷിച്ചിരിക്കുന്ന വിവരങ്ങൾ)*

## 4.6 ഉത്തരവാദിത്ത സംവിധാനവും ധനകാര്യ റിപ്പോർട്ടിംഗ് പ്രശ്നങ്ങളും

### 4.6.1 വസ്തു നികുതി ബോർഡ്

പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് ഒരു വസ്തുനികുതി ബോർഡ് രൂപീകരിക്കാൻ ഉത്തരവിട്ടു. അതനുസരിച്ച്, ഒരു ചെയർപേഴ്സണും മൂന്ന് അംഗങ്ങളും ഉള്ള ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാനുള്ള ഉത്തരവ് സർക്കാർ (2011 ഫെബ്രുവരി) പുറപ്പെടുവിച്ചു. നികുതി ചുമത്താവുന്ന എല്ലാ വസ്തുക്കളിലും വസ്തു നികുതി ചുമത്തുന്നതും, ശേഖരിക്കുന്നതും ഉറപ്പാക്കുക, മൂല്യനിർണ്ണയത്തിൽ വൈദഗ്ധ്യം പങ്കിടുക, യുഎൽബിയിലെ ജീവനക്കാർക്ക് ഇക്കാര്യത്തിൽ പരിശീലനം നൽകുക എന്നീ കാര്യങ്ങളിൽ ബോർഡ് നടപടിയെടുക്കണം. സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളേയും മുനിസിപ്പൽ കോർപ്പറേഷനുകളേയും അവയുടെ അധികാര പരിധിയിലുള്ള എല്ലാ വസ്തുക്കളും എണ്ണിത്തിട്ടപ്പെടുത്തി വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സ്വതന്ത്രവും സുതാര്യവുമായ ഒരു നടപടിക്രമം നടപ്പിലാക്കാൻ സഹായിക്കുക, വസ്തുക്കളുടെ വിലയിരുത്തലിനും മൂല്യനിർണ്ണയത്തിനും അവയുടെ കാലിക പരിഷ്കരണങ്ങൾക്കും അനുയോജ്യമായ അടിസ്ഥാനങ്ങൾ നിർദ്ദേശിക്കുക എന്നുള്ളവയായിരുന്നു ബോർഡിന്റെ ലക്ഷ്യം.

ഒരു ചെയർമാനും മൂന്ന് അംഗങ്ങളും ഉള്ള ഒരു വസ്തു നികുതി ബോർഡ് രൂപീകരിക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചെങ്കിലും (2011 ഫെബ്രുവരി) ബോർഡ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല (2024 മാർച്ച്).

---

[41] അദ്ധ്യായം Iലും IIലും പിആർഐകളേയും യുഎൽബികളേയും സംബന്ധിച്ച നിരീക്ഷണങ്ങൾ ഉൾപ്പെടുന്നു

### 4.6.2 നഗര തദ്ദേശ സ്ഥാപനങ്ങളുടെ വരുമാന സ്രോതസ്സുകൾ

മതിയായ സാമ്പത്തിക സ്രോതസ്സുകളുടെ പിന്തുണയോടെ മാത്രമേ കൈമാറിയ ചുമതലകൾ യുഎൽബികൾക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയൂ. സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ (എസ്എഫ്സി) ശിപാർശ പ്രകാരമുള്ള സാമ്പത്തിക കൈമാറ്റങ്ങളിലൂടെയും കേന്ദ്ര ധനകാര്യ കമ്മീഷന്റെ (സിഎഫ്സി) ശിപാർശകൾ പാലിക്കുന്നതിലൂടെയുമാണ് സാമ്പത്തിക സ്രോതസ്സുകൾ ലഭിക്കുന്നത്. യുഎൽബികളുടെ വിഭവ സ്രോതസ്സുകളിൽ തനത് വരുമാനമായ നികുതി, നികുതിയേതര വരുമാനം, സംസ്ഥാന സർക്കാർ നൽകുന്ന ഫണ്ടുകൾ, കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സഞ്ചിത നിധിയിൽ നിന്ന് മൂന്നുതരം ഫണ്ടുകൾ നൽകുന്നു. അതായത് ഗ്രാന്റുകൾ (പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്), സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാനവിഹിതം എന്നിവ. 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിലെ യുഎൽബികളുടെ വിഭവങ്ങളുടെ ഘടന **പട്ടിക 4.4**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.4: യുഎൽബികളുടെ വിഭവങ്ങളുടെ സമയശ്രേണീ വിവരങ്ങൾ**

*(₹ കോടിയിൽ)*

| വിഭവങ്ങൾ | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|---|---|
| **തനതു വരുമാനം :**<br>i. നികുതി വരുമാനം | 667.34 | 684.13 | 824.15 | 909.27 | 929.04 |
| ii. നികുതിയേതര വരുമാനം | 113.56 | 192.58 | 240.81 | 312.17 | 438.87 |
| **ആകെ തനതു വരുമാനം** | **780.90** | **876.71** | **1064.96** | **1221.44** | **1367.91** |
| **സംസ്ഥാന ഫണ്ട് :**<br>i. പരമ്പരാഗതമായ ചുമതലകൾ | 351.40 | 367.76 | 413.88 | 385.26 | 476.25 |
| ii. പരിപാലനത്തിനുള്ള ചെലവ് (റോഡ് ആസ്തികളും റോഡ് ഇതര ആസ്തികളും) | 519.15 | 552.17 | 633.57 | 573.06 | 635.13 |
| iii. വികസനവും പുരോഗതിയും | 890.13 | 1298.23 | 1137.03 | 1236.76 | 1207.57 |
| iv. സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ടുകൾ | 928.24 | 1156.86 | 623.31 | 1275.53 | 889.97 |
| v. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാന വിഹിതം | 281.85 | 742.68 | 213.46 | 566.08 | 312.53 |
| vi. കെഎസ്ഡബ്ല്യൂഎംപിയുടെ[42] സംസ്ഥാന വിഹിതം | 0 | 0 | 0 | 0 | 21.92 |
| **ആകെ സംസ്ഥാന ഫണ്ട്** | **2970.77** | **4117.7** | **3021.25** | **4036.69** | **3543.37** |
| **കേന്ദ്ര സർക്കാർ ധനസഹായം :**<br>i.കേന്ദ്രാവിഷ്കൃത പദ്ധതികൾ | 385.18 | 284.15 | 457.47 | 674.93 | 574.58 |
| ii. വികസനവും പുരോഗതിയും (15-ാമത് ധനകാര്യ കമ്മീഷൻ) | 947.03 | 1329.85 | 910.29 | 745.48 | 658.07 |
| **ആകെ കേന്ദ്രസർക്കാർ ഫണ്ട്** | **1332.21** | **1614.00** | **1367.76** | **1420.41** | **1232.65** |
| **വായ്പകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരവുകൾ:**<br>i. വായ്പകൾ | 530.42 | 195.03 | 91.81 | 20.86 | 79.07 |
| ii. കെഎസ്ഡബ്ല്യൂഎംപിക്കുള്ള ലോക ബാങ്ക് വിഹിതം | 0 | 0 | 0 | 0 | 51.15 |
| **ആകെ വരവ്** | **5614.3** | **6803.44** | **5545.78** | **6699.40** | **6274.15** |

*(ഉറവിടം: ഇൻഫർമേഷൻ കേരള മിഷൻ, സംസ്ഥാന ധനകാര്യ കമ്മീഷൻ സെൽ, എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, കേരള നഗരഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ (കെയുആർഡിഎഫ്സി), കേരള സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)*

[42] കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്

- 2023-24 കാലയളവിൽ, മൊത്തം വരവിൽ, സംസ്ഥാന, കേന്ദ്ര, തനത് വരുമാനം, വായ്പകളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള വരവ് എന്നിവയുടെ ശതമാനം യഥാക്രമം 56.48 ശതമാനം, 19.65 ശതമാനം, 21.80 ശതമാനം, 2.08 ശതമാനം എന്നിങ്ങനെ ആയിരുന്നു.

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ആകെ വരവിൽ കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ വിഹിതം 19.65 ശതമാനം മുതൽ 24.66 ശതമാനം വരെ ആയിരുന്നു.

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ആകെ വരവിൽ സംസ്ഥാന ഗ്രാന്റുകളുടെ വിഹിതം 52.91 ശതമാനം മുതൽ 60.52 ശതമാനം വരെ ആയിരുന്നു.

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ ആകെ വരവിൽ തനതു വരുമാനത്തിന്റെ വിഹിതം 12.89 ശതമാനം മുതൽ 21.80 ശതമാനം വരെ ആയിരുന്നു.

### 4.6.3 സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകളിൽ യുഎൽബികൾ നടത്തിയ ചെലവ്

സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്നും സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മൂന്ന് തരം ഫണ്ടുകൾ നൽകുന്നു. അതായത് പൊതു ആവശ്യ ഫണ്ട്, മെയിന്റനൻസ് ഫണ്ട്, വികസന ഫണ്ട്. സർക്കാരിന്റെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IVൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള ഫണ്ടുകളുടെ വിഹിതം നൽകിയിരിക്കുന്നു. 2023-24ൽ അനുവദിച്ച ഫണ്ടുകളുടെയും ചെലവ് ചെയ്തതിന്റെയും വിശദാംശങ്ങൾ **പട്ടിക 4.5**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.5: 2023-24ൽ യുഎൽബികൾ നടത്തിയ ചെലവ്**

*(₹ കോടിയിൽ)*

| ക്രമ നമ്പർ | ഫണ്ടിന്റെ തരം | അക്കൗണ്ട് ശീർഷകം | അനുവദിച്ച തുക | ചെലവ് | ചെലവഴിക്കാത്ത ബാക്കി തുക |
|---|---|---|---|---|---|
| 1 | പൊതു ആവശ്യഫണ്ട് | 3604-00-200-83 (01, 02) | 476.25 | 436.59 | 39.66 |
| 2 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3604-00-200-82 (01, 02) | 320.26 | 139.57 | 180.69 |
| 3 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 3604-00-200-79 (01, 02) | 314.87 | 101.77 | 213.10 |
| 4 | വികസന ഫണ്ട് | 3604-00-200-81 (01, 02, 06, 07, 11, 12)-35 | 1207.57 | 1145.19 | 62.38 |
| | **ആകെ** | | **2318.95** | **1823.12** | **495.83** |

*(ഉറവിടം: സർക്കാർ ഉത്തരവുകൾ, വൗച്ചർ തലത്തിലുള്ള കമ്പ്യൂട്ടർവൽകൃത സംഖ്യകൾ)*

വികസന, മെയിന്റനൻസ് ഫണ്ടുകളിലായി ആകെ അനുവദിച്ച ₹1,842.70 കോടിയിൽ ₹456.17 കോടി (24.76 ശതമാനം) സാമ്പത്തിക വർഷം അവസാനത്തോടെ കാലഹരണപ്പെട്ടു. സാമ്പത്തിക വർഷാവസാനത്തോടെ മെയിന്റനൻസ് ഫണ്ട് (റോഡ്)-ന്റെ 67.68 ശതമാനവും, മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ന്റെ 56.42 ശതമാനവും ഉപയോഗിക്കപ്പെടാതെ കിടന്നതായും കാലഹരണപ്പെട്ടതായും ഓഡിറ്റ് നിരീക്ഷിച്ചു. ഫണ്ട് വിനിയോഗത്തിന്റെ അപര്യാപ്തതയും, അറ്റകുറ്റപ്പണികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉണ്ടായിരിക്കാവുന്ന പോരായ്മകളും ഇത് സൂചിപ്പിക്കുന്നു.

### 4.6.4 വിഭവങ്ങളുടെ വിനിയോഗം

പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ, മൊത്തം വികസന ചെലവിൽ, ഉത്പാദന, അടിസ്ഥാന സൗകര്യ, സേവന മേഖലകൾക്കുള്ള ചെലവും, മറ്റുചെലവുകളും[43] ഉൾപ്പെടുന്നു. 2019-20 മുതൽ 2023-24വരെയുള്ള കാലയളവിൽ എല്ലാ ഫണ്ടുകളിൽ നിന്നുമുള്ള യുഎൽബികളുടെ വികസന ചെലവ് **പട്ടിക 4.6**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.6: യുഎൽബികളുടെ വിഭവങ്ങളുടെ വിനിയോഗം**

*(₹ കോടിയിൽ)*

| മേഖല | 2019-20 | 2020-21 | 2021-22 | 2022-23 | 2023-24 | ആകെ |
|---|---|---|---|---|---|---|
| **ഉത്പാദന മേഖല** | 52.69 | 155.56 | 97.79 | 124.34 | 95.47 | 525.85 |
| **അടിസ്ഥാന സൗകര്യ മേഖല** | 670.25 | 1251.70 | 1132.11 | 1296.20 | 182.41 | 4532.67 |
| **സേവന മേഖല** | 420.53 | 1117.39 | 627.40 | 587.56 | 909.86 | 3662.74 |
| **ആകെ വികസന ചെലവ്** | 1143.47 | 2524.65 | 1857.30 | 2008.10 | 1187.74 | 8721.26 |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ എല്ലാ ഫണ്ട് സ്രോതസ്സുകളിൽ നിന്നുമുള്ള മൊത്തം വികസന ചെലവ് ₹8,721.26 കോടിയായിരുന്നു. അതിൽ ഉത്പാദന മേഖല, അടിസ്ഥാന സൗകര്യ മേഖല, സേവന മേഖല എന്നിവയിലെ ചെലവിന്റെ ശതമാനം യഥാക്രമം 6.03 ശതമാനം, 51.97 ശതമാനം, 42 ശതമാനം എന്നിങ്ങനെ ആയിരുന്നു.
- ഉത്പാദന മേഖലയ്ക്കായി ചെലവഴിച്ച തുക 4.61 ശതമാനം (2019-20) മുതൽ 8.04 ശതമാനം (2023-24) വരെയായിരുന്നു. ഇത് സൂചിപ്പിക്കുന്നത് യുഎൽബികൾ കൃഷി, മൃഗ സംരക്ഷണം , മത്സ്യബന്ധനം, വ്യവസായങ്ങൾ തുടങ്ങിയ ഉത്പാദന മേഖലയ്ക്ക് കുറഞ്ഞ മുൻഗണനയാണ് നൽകിയത് എന്നാണ്.

### 4.6.5 നഗരതദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

രൂപീകരിച്ചതും ഏറ്റെടുത്തതും പൂർത്തിയാക്കിയതുമായ പദ്ധതികളുടെയും ചെലവായ തുകയുടെയും വിശദാംശങ്ങൾ **പട്ടിക 4.7**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.7: ഏറ്റെടുത്ത പദ്ധതികളുടെയും ചെലവായ തുകയുടെയും വിവരങ്ങൾ (2019 -20 മുതൽ 2023-24 വരെ)**

| പദ്ധതികളുടെ എണ്ണം | | | | | തുക (₹ കോടിയിൽ) | | | |
|---|---|---|---|---|---|---|---|---|
| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികൾക്കുള്ള ചെലവ് | പദ്ധതികൾക്കായി വകയിരുത്തിയതിൽ ഉപയോഗിച്ച തുകയുടെ ശതമാനം |
| 2019-20 | മുനിസിപ്പാലിറ്റി | 32661 | 13898 | 9226 | 2475.11 | 728.02 | 452.16 | 29.41 |
| | കോർപ്പറേഷൻ | 8467 | 2808 | 1566 | 1552.44 | 416.48 | 211.54 | 26.83 |
| 2020-21 | മുനിസിപ്പാലിറ്റി | 34400 | 24140 | 20115 | 2712.26 | 1441.43 | 1129.82 | 53.14 |
| | കോർപ്പറേഷൻ | 8599 | 6245 | 5175 | 1912.69 | 1073.47 | 781.09 | 56.12 |
| 2021-22 | മുനിസിപ്പാലിറ്റി | 18335 | 12270 | 9144 | 1479.83 | 840 | 607.12 | 56.76 |
| | കോർപ്പറേഷൻ | 4306 | 2542 | 1953 | 1106.26 | 527.69 | 418.72 | 47.70 |

---

[43] ശമ്പളവും ഹോണറേറിയവും, കണ്ടിജൻസി ചെലവ്, മറ്റ് ഭരണപരമായ ചെലവ്, ടെർമിനൽ ആനുകൂല്യങ്ങൾ മുതലായവ

| പദ്ധതികളുടെ എണ്ണം | | | | | തുക (₹ കോടിയിൽ) | | | |
|---|---|---|---|---|---|---|---|---|
| വർഷം | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തരം | രൂപീകരിച്ചത് | ഏറ്റെടുത്തത് | പൂർത്തിയാക്കിയത് | രൂപീകരിച്ച പദ്ധതികളുടെ വകയിരുത്തൽ | ഏറ്റെടുത്ത പദ്ധതികളുടെ ചെലവ് | പൂർത്തിയാക്കിയ പദ്ധതികൾക്കുള്ള ചെലവ് | പദ്ധതികൾക്കായി വകയിരുത്തിയതിൽ ഉപയോഗിച്ച തുകയുടെ ശതമാനം |
| 2022-23 | മുനിസിപ്പാലിറ്റി | 20731 | 12447 | 9234 | 1652.29 | 850.98 | 610.05 | 51.50 |
| | കോർപ്പറേഷൻ | 5608 | 2852 | 1897 | 1381.66 | 607.09 | 431.53 | 43.94 |
| 2023-24 | മുനിസിപ്പാലിറ്റി | 22686 | 10482 | 7146 | 1901.11 | 743.12 | 463.09 | 39.09 |
| | കോർപ്പറേഷൻ | 5106 | 1820 | 1043 | 1592.46 | 445.80 | 217.36 | 27.99 |
| | **ആകെ** | **160899** | **89504** | **66499** | **17766.11** | **7674.08** | **5322.48** | **43.20** |

*(ഉറവിടം: ഐകെഎം സമർപ്പിച്ച വിവരങ്ങൾ)*

- രൂപീകരിച്ച പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികൾ മുനിസിപ്പാലിറ്റികളിൽ 43 ശതമാനം മുതൽ 70 ശതമാനം വരെയും കോർപ്പറേഷനുകളിൽ 33 ശതമാനം മുതൽ 73 ശതമാനം വരെയും ആയിരുന്നു.

- നടപ്പിലാക്കാനായി ഏറ്റെടുത്ത പദ്ധതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം മുനിസിപ്പാലിറ്റികളിൽ 66 ശതമാനം മുതൽ 83 ശതമാനം വരെയും കോർപ്പറേഷനുകളിൽ 56 ശതമാനം മുതൽ 83 ശതമാനം വരെയും ആയിരുന്നു.

- രൂപീകരിച്ച പദ്ധതികൾക്കെതിരെ ഏറ്റെടുക്കുന്ന പദ്ധതികളുടെ ശതമാനം കോർപ്പറേഷനുകളിൽ 2019-20ൽ 33.16 ശതമാനത്തിൽ നിന്ന് 2020-21ൽ 72.62 ശതമാനമായും, മുനിസിപ്പാലിറ്റികളിൽ 2019-20ൽ 42.55 ശതമാനത്തിൽ നിന്ന് 70.17 ശതമാനമായും വർദ്ധിച്ചു. എന്നിരുന്നാലും, ഇത് ക്രമേണ കുറഞ്ഞ് 2024 മാർച്ചിൽ കോർപ്പറേഷനിൽ 35.64 ശതമാനവും മുനിസിപ്പാലിറ്റികളിൽ 46.20 ശതമാനവുമായി.

- രൂപീകരിച്ച പദ്ധതികൾക്കായി വകയിരുത്തിയ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ, ഫണ്ട് വിനിയോഗം മുനിസിപ്പാലിറ്റികളിൽ 29 ശതമാനം മുതൽ 57 ശതമാനം വരെയും കോർപ്പറേഷനുകളിൽ 27 ശതമാനം മുതൽ 56 ശതമാനം വരെയും ആയിരുന്നു.

## 4.7 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകളും എസ്എഫ്സി ഫണ്ടുകളുടെ വിനിയോഗവും

### 4.7.1 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഘടന

അനുച്ഛേദം 243ഐ പ്രകാരം രൂപീകരിച്ച ധനകാര്യ കമ്മീഷൻ മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യണമെന്ന് അനുച്ഛേദം 243വൈ വിഭാവനം ചെയ്യുന്നു. 1996 മുതൽ 2001 വരെയുള്ള കാലയളവിലേക്കായി 1994 ഏപ്രിൽ 23നാണ് ആദ്യത്തെ എസ്എഫ്സി രൂപീകരിച്ചത്. സംസ്ഥാനത്ത് ആകെ ആറ് എസ്എഫ്സികൾ രൂപീകരിച്ചിട്ടുണ്ട് (2025 ഓഗസ്റ്റ്).

### 4.7.2 സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ

അഞ്ചാമത്തെയും ആറാമത്തെയും എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ സ്ഥിതി വിവരം **പട്ടിക 4.8**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.8: എസ്എഫ്സികളുടെ ശിപാർശകൾ സർക്കാർ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ**

| എസ്എഫ്സി | കാലയളവ് | ആകെ ശിപാർശകളുടെ എണ്ണം | സംസ്ഥാന സർക്കാർ അംഗീകരിച്ചത് | മാറ്റിവച്ചത് | അംഗീകരിക്കാത്തത് | ഭാഗികമായി അംഗീകരിച്ചത് | നടപ്പിലാക്കിയത് |
|---|---|---|---|---|---|---|---|
| അഞ്ചാമത് എസ്എഫ്സി | 2016–17 മുതൽ 2020–21 വരെ | 103 | 74 | 3 | 26 | 0 | 36 |
| ആറാമത് എസ്എഫ്സി | 2021–22 മുതൽ 2025–26 വരെ | 136 | 109 | 3 | 20 | 4 | 44 |

*(ഉറവിടം: സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ റിപ്പോർട്ടുകളും എസ്എഫ്സി സെൽ, ധനകാര്യ വകുപ്പ് നൽകിയ വിവരങ്ങളും)*

അഞ്ചാം എസ്എഫ്സിയുടെ അംഗീകരിക്കപ്പെട്ട 74 ശിപാർശകളിൽ 36 ശിപാർശകൾ മാത്രമേ സംസ്ഥാനം നടപ്പിലാക്കിയുള്ളൂ. ആറാമത്തെ എസ്എഫ്സിയുടെ 109 ശിപാർശകളിൽ 44 ശിപാർശകൾ മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ (2024 ഡിസംബർ).

### 4.7.3 സംസ്ഥാനത്തിനും യുഎൽബിക്കും ഇടയിലുള്ള ഫണ്ട് കൈമാറ്റത്തിന്റെയും വരുമാനം പങ്കിടുന്നതിന്റെയും അവസ്ഥ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, വികസന ഫണ്ടുകൾ, പരിപാലന ഫണ്ടുകൾ, പൊതു ആവശ്യ ഫണ്ടുകൾ എന്നിവ നൽകാൻ എസ്എഫ്സികൾ ശിപാർശ ചെയ്തിരുന്നു. യുഎൽബികളുടെ സാമ്പത്തിക സ്രോതസ്സുകളിൽ ഭൂരിഭാഗവും എസ്എഫ്സികൾ ശിപാർശ ചെയ്യുന്ന ധനസഹായം ആയിരുന്നു. 2019–20 മുതൽ 2023–24 വരെയുള്ള കാലയളവിൽ സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതവും യുഎൽബികൾക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശങ്ങളും **പട്ടിക 4.9**ൽ നൽകിയിരിക്കുന്നു.

**പട്ടിക 4.9: 2019–20 മുതൽ 2023–24 വരെ എസ്എഫ്സി ശിപാർശ പ്രകാരം നൽകേണ്ടതും അനുവദിച്ചതുമായ ധനസഹായത്തിന്റെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | സംസ്ഥാനം അംഗീകരിച്ച എസ്എഫ്സി വിഹിതം | ബജറ്റിലെ യഥാർത്ഥ വിഹിതം – അനുബന്ധം IV | സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിൽ നിന്നും യഥാർത്ഥത്തിൽ അനുവദിച്ചത്[44] | നൽകിയതിലെ കുറവ് (–)/ അധികം (+) | നൽകിയതിലെ കുറവ് (–)/ അധിക(+) ത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 2019–20 | 1706.46 | 1706.46 | 1760.68 | (+)54.22 | (+)3.18 |
| 2020–21 | 1864.49 | 1881.63 | 2218.16 | (+)353.67 | (+)18.97 |
| 2021–22 | 1964.19 | 2070.79 | 2184.48 | (+)220.29 | (+)11.22 |
| 2022–23 | 2152.85 | 2192.97 | 2195.07 | (+)42.22 | (+)1.96 |
| 2023–24 | 2321.41 | 2321.41 | 2318.94 | (–)2.47 | (–)0.11 |
| **ആകെ** | **10009.40** | **10173.26** | **10677.33** | **(+)667.93** | **(+)6.67** |

*(ഉറവിടം: എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് നൽകിയ വിവരങ്ങൾ)*

2023–24ൽ സംസ്ഥാന സർക്കാർ യുഎൽബികൾക്ക് ₹2.47 കോടി കുറവായിട്ടാണ് വിതരണം ചെയ്തതെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *4.7.3.1 എസ്എഫ്സി വിഹിതത്തിന്റെ വൈകിയ വിതരണം*

സർക്കാർ നിർദ്ദേശങ്ങൾ (2015 മാർച്ച്) പ്രകാരം ഒരു സാമ്പത്തിക വർഷത്തേയ്ക്കുള്ള ഫണ്ട് ധനകാര്യ വകുപ്പ് എല്ലാ വർഷവും മൂന്ന് ഗഡുക്കളായി മാർച്ച്, ജൂലൈ, നവംബർ മാസങ്ങളിലെ 25–ാം തീയതിയ്ക്ക് മുമ്പായി അനുവദിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടുത്ത മാസത്തെ ആദ്യ പ്രവൃത്തി ദിവസം മുതൽ ഫണ്ട്

[44] മുൻവർഷത്തെ ചെലവഴിക്കാത്ത തുകയുടെ പുനർഅംഗീകാരം ഉൾപ്പെടുന്നു.

വിനിയോഗിക്കാവുന്നതുമാണ്. ഒരു സാമ്പത്തിക വർഷത്തിൽ, മാർച്ച് 31 വരെ പിൻവലിക്കാത്ത ഫണ്ടുകൾ സ്വാഭാവികമായും കാലഹരണപ്പെടും. 2023-24 കാലയളവിൽ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, പൊതു ആവശ്യ ഫണ്ട് എന്നിവയുടെ വിതരണത്തിൽ യഥാക്രമം 117-ഉം, 114-ഉം, 89-ഉം ദിവസത്തിന്റെ കാലതാമസം ഉണ്ടായിരുന്നു. വികസന ഫണ്ടിന്റെയും മെയിന്റനൻസ് ഫണ്ടിന്റെയും മൂന്നാം ഗഡു 2023 നവംബർ 25ന് നൽകേണ്ടിയിരുന്നത് യഥാക്രമം 2024 മാർച്ച് 22നും, 2024 മാർച്ച് 30നും മാത്രമാണ് നൽകിയത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. കൂടാതെ പൊതു ആവശ്യ ഫണ്ടിന്റെ 10-ഉം, 11-ഉം, 12-ഉം ഗഡുക്കൾ 2024 മാർച്ച് 30ന് മാത്രമാണ് വിതരണം ചെയ്തത്. ഫണ്ട് വിതരണത്തിലുണ്ടായ കാലതാമസം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടുകൾ ഉപയോഗിക്കുന്നതിന് ലഭ്യമായ സമയം കുറച്ചു.

## 4.8 കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശകളും സിഎഫ്സി ഫണ്ടുകളുടെ വിനിയോഗവും

ഭരണഘടനയുടെ അനുച്ഛേദം 280(3)(സി) പ്രകാരം, അതത് സംസ്ഥാനങ്ങളിലെ എസ്എഫ്സികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, മുനിസിപ്പാലിറ്റികളുടെ വിഭവങ്ങൾ മെച്ചപ്പെടുത്താനായി സംസ്ഥാനത്തിന്റെ സഞ്ചിതനിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ശിപാർശ ചെയ്യാൻ കേന്ദ്ര ധനകാര്യ കമ്മീഷൻ നിർബന്ധിതമാണ്.

പതിനാലാം സിഎഫ്സി യുഎൽബികൾക്ക് ബേസിക് ഗ്രാന്റും, പെർഫോമൻസ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തപ്പോൾ, പതിനഞ്ചാം സിഎഫ്സി അൺടൈഡ് ബേസിക് ഗ്രാന്റും, ടൈഡ് ഗ്രാന്റും നൽകാൻ ശിപാർശ ചെയ്തു. ഓഡിറ്റ് കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾക്ക് ലഭിച്ച 14-ഉം, 15-ഉം സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ **പട്ടിക 4.10**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 4.10: 2019-20 മുതൽ 2023-24[45] വരെ സംസ്ഥാനത്തുള്ള യുഎൽബികൾക്ക് ലഭിച്ച പതിനാലാമത്തെയും പതിനഞ്ചാമത്തെയും സിഎഫ്സി ഗ്രാന്റുകളുടെ വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | ജനറൽ ബേസിക് ഗ്രാന്റുകൾ | | | പെർഫോമൻസ് ഗ്രാന്റുകൾ/ടൈഡ് ഗ്രാന്റുകൾ | | | വിനിയോഗം |
|---|---|---|---|---|---|---|---|
| | കേന്ദ്ര സർക്കാർ അനുവദിച്ചത് | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയത് | കേന്ദ്ര സർക്കാർ അനുവദിച്ചത് | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകിയത് | സംസ്ഥാന സർക്കാർ യുഎൽബികൾക്ക് നൽകിയത് | |
| 2019-20 | 879.42 | 879.42 | 879.42 | 241.83 | 0 | 0 | 248.64 |
| 2020-21 | 222.50 | 222.50 | 222.50 | 561.50 | 561.50 | 561.50 | 760.64 |
| 2021-22 | 134.40 | 134.40 | 134.40 | 457.60 | 457.60 | 457.60 | 484.88 |
| 2022-23 | 139.20 | 139.20 | 139.20 | 473.80 | 473.80 | 473.80 | 509.31 |
| 2023-24 | 147.20 | 140.11 | 140.11 | 501.80 | 365.57 | 365.57 | 571.36 |
| **ആകെ** | **1522.72** | **1515.63** | **1515.63** | **2236.53** | **1858.47** | **1858.47** | **2574.83** |

*(ഉറവിടം: എസ്എഫ്സി സെൽ, ധനകാര്യവകുപ്പ് നൽകിയ വിവരങ്ങൾ)*

- 2019-20 വർഷത്തേയ്ക്കുള്ള പെർഫോമൻസ് ഗ്രാന്റ് ആയ ₹241.83 കോടി ലഭിക്കേണ്ടതായിരുന്നെങ്കിലും, കേന്ദ്ര സർക്കാർ തുക ഇതുവരെ അനുവദിച്ചിട്ടില്ല.
- ധനകാര്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ഗ്രാന്റ് സംസ്ഥാന സർക്കാരിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തതിനുശേഷം 15 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം. കാലതാമസമുണ്ടായാൽ ഗഡുവിനോടൊപ്പം റിസർവ്വ് ബാങ്കിന്റെ നിലവിലുള്ള ബാങ്ക് നിരക്കിൽ താമസമുണ്ടായ കാലയളവിലെ പലിശയും സംസ്ഥാന സർക്കാർ സ്വന്തം ഫണ്ടിൽ നിന്ന് നൽകണം. 2023-24 സാമ്പത്തിക

[45] ചെലവഴിക്കാത്ത തുകയുടെ പുനരംഗീകാരവും ആരോഗ്യമേഖല ഗ്രാന്റും ഇതിൽ ഉൾപ്പെടുന്നില്ല

വർഷത്തിൽ, യോഗ്യതയുള്ള നോൺ-മില്യൺ പ്ലസ് നഗരങ്ങൾക്ക് ടൈഡ് ഗ്രാന്റിന്റെയും അൺ ടൈഡ് ബേസിക് ഗ്രാന്റിന്റെയും ആദ്യ ഗഡു അനുവദിക്കുന്നതിൽ അഞ്ച് ദിവസത്തെ കാലതാമസത്തിന് യുഎൽബികൾക്ക് പലിശയിനത്തിൽ ₹37.12 ലക്ഷം അനുവദിച്ചതായി[46] ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

## 4.9 യുഎൽബികളുടെ അക്കൗണ്ടുകളുടെ പരിപാലനം

2007-08 മുതൽ സംസ്ഥാനത്തെ യുഎൽബികൾ സാംഖ്യ ഡബിൾ എൻട്രി (അക്രൂവൽ അധിഷ്ഠിതം) അക്കൗണ്ടിംഗ് സിസ്റ്റം പിന്തുടർന്നു വരുന്നു. സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം, ഭവന നഗരവികസന മന്ത്രാലയം നിർദ്ദേശിക്കുന്ന നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ, അടിസ്ഥാനമാക്കിയുള്ളതുമാണ്. ഇൻഫർമേഷൻ കേരള മിഷൻ വഴി സംസ്ഥാന സർക്കാർ വികസിപ്പിച്ചെടുത്ത സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അക്കൗണ്ടുകൾ തയ്യാറാക്കുന്നത്. തയ്യാറാക്കിയ വാർഷിക ധനകാര്യ പത്രികകൾ നിയമപ്രകാരമുള്ള ഓഡിറ്ററായ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് (കെഎസ്എഡി) സമർപ്പിക്കുന്നു. 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം, യുഎൽബികളുടെ അക്കൗണ്ടുകളുടെ ഓഡിറ്റിനുള്ള അധികാരം കെഎസ്എഡിയ്ക്കാണ്. കെഎസ്എഡി എല്ലാ യുഎൽബികളുടെയും 2022-23 കാലയളവിലേയ്ക്കുള്ള ഓഡിറ്റ് പൂർത്തിയാക്കി, സിറ്റി ഫിനാൻസ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. 2023-24 കാലഘട്ടത്തിൽ 17 യുഎൽബികളുടെ അക്കൗണ്ടുകൾ മാത്രമേ കെഎസ്എഡി ഓഡിറ്റ് ചെയ്തുള്ളൂ, മാത്രമല്ല ഒരു യുഎൽബിയുടെയും ഓഡിറ്റ് റിപ്പോർട്ട് പുറത്തിറക്കിയതുമില്ല (2024 ഡിസംബർ).

## 4.10 സിഎജിയുടെ അനുബന്ധ ഓഡിറ്റ്

2024 മാർച്ച് 31ന് ശേഷമുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശവും പിന്തുണയും നൽകുന്നതിന് വേണ്ടിയുള്ള ചുമതലപ്പെടുത്തൽ അഭ്യർത്ഥന കേരളസർക്കാരിൽ നിന്ന് ലഭിക്കാത്തതിനാൽ 2024 മാർച്ച് 31ന് ശേഷം ഒരു അനുബന്ധ ഓഡിറ്റും നടത്തിയിട്ടില്ല.

[46] 2024 മാർച്ച് 15-ാം തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ (ആർടി) 2461/2024/ധനം

# അദ്ധ്യായം V
# വിഷയാധിഷ്ഠിത അനുവർത്തന ഓഡിറ്റ്
# നഗര തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കൽ

## 5.1 ആമുഖം

കേരള മുനിസിപ്പാലിറ്റി നിയമം, 1994 (കെഎം നിയമം, 1994) അനുസരിച്ച് കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം നഗരതദ്ദേശ സ്ഥാപനങ്ങളുടെ (യുഎൽബി) ചുമതലകളിൽ ഒന്നാണ്. കെഎം നിയമം, 1994ന്റെ 565-ാം വകുപ്പിനൊപ്പം 381-ാം വകുപ്പിനു കീഴിൽ നൽകിയിരിക്കുന്ന അധികാരപ്രകാരം 1999ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് പകരമായി 2019 നവംബർ 08 മുതൽ പ്രാബല്യത്തോടെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019ന് (കെഎംബിആർ, 2019) കേരളസർക്കാർ (ജികെ) രൂപം നൽകി. ആസൂത്രിത വികസനവും, താമസക്കാരുടേയും പൊതുജനങ്ങളുടേയും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുക എന്നതാണ് ഈ ചട്ടങ്ങളുടെ പ്രാഥമിക ഉദ്ദേശ്യം. കെഎംബിആർ, 2019 പ്രകാരം യുഎൽബിയുടെ സെക്രട്ടറിയിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ലഭ്യമാക്കാതെ ഒരു വ്യക്തിയും ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ വിപുലീകരിക്കുകയോ രൂപഭേദം വരുത്തുകയോ ഏതെങ്കിലും വസ്തുവിന്റെ ഭാഗം വികസിപ്പിക്കുകയോ പുനർവികസിപ്പിക്കുകയോ ഇവ ചെയ്യാൻ കാരണക്കാരനാകുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

## 5.2 ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ

ഓഡിറ്റ് നടത്തിയത് ഇവ നിർണ്ണയിക്കുന്നതിനായിരുന്നു:

- കെട്ടിട നിർമ്മാണ അനുമതികളും, ഒക്യുപൻസി സർട്ടിഫിക്കറ്റുകളും അനുവദിക്കുമ്പോൾ യുഎൽബികൾ കെഎംബിആർന്റെ വകുപ്പുകൾ പാലിച്ചിരുന്നോ
- കെഎംബിആർ നടപ്പാക്കുന്നതിന് യുഎൽബികളിൽ അനുയോജ്യമായ ആന്തരിക നിയന്ത്രണവും മേൽനോട്ട നിരീക്ഷണ സംവിധാനവും ഉണ്ടായിരുന്നോ

## 5.3 ഓഡിറ്റ് മാനദണ്ഡങ്ങൾ

റിപ്പോർട്ടിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നവയിൽ നിന്നു ഉരുത്തിരിഞ്ഞ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു:

- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 1999ഉം 2019ഉം
- കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങൾ, 2018ഉം 2024ഉം
- തീരദേശ നിയന്ത്രണമേഖല നോട്ടിഫിക്കേഷൻ, 2011
- കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം, 2008
- കേരള നഗരഗ്രാമീണ ആസൂത്രണ നിയമം, 2016
- സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും
- വ്യോമയാന നിയമം, 1934

## 5.4 ഓഡിറ്റിന്റെ രീതിയും സാംപ്ലിംഗും

### 5.4.1 ഓഡിറ്റിന്റെ വ്യാപ്തിയും രീതിയും

യുഎൽബികളിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ നടപ്പാക്കലിനെക്കുറിച്ച്, ഇന്ത്യയുടെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ മാർച്ച് 2007, മാർച്ച് 2013, മാർച്ച് 2015 എന്നീ വർഷങ്ങളിൽ അവസാനിച്ച, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കുറിച്ചുള്ള റിപ്പോർട്ടുകളുടെ യഥാക്രമം 3.2, 4.1, 3.1 ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിരുന്നു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (എൽഎഫ്എസി) ഈ ഖണ്ഡികകൾ ചർച്ച ചെയ്തിരുന്നു. കമ്മിറ്റിയുടെ ശിപാർശകൾ എൽഎഫ്എസിയുടെ (2014-2016) മുപ്പതാം റിപ്പോർട്ടിലും എൽഎഫ്എസിയുടെ (2014-2016) നാൽപ്പത്തിയഞ്ചാം റിപ്പോർട്ടിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത അനുവർത്തന ഓഡിറ്റ് 2019-20 മുതൽ 2023-24 വരെയുള്ള കാലയളവ് ഉൾപ്പെടുത്തി 2024 മെയ് മുതൽ 2025 ജനുവരി വരെ നടത്തുകയുണ്ടായി. തിരഞ്ഞെടുത്ത യുഎൽബികളിലെ രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷ്മ പരിശോധന, ഓഡിറ്റ് അന്വേഷണങ്ങൾ നൽകുക, സംയുക്ത ഭൗതിക പരിശോധനയിൽ കെട്ടിടങ്ങളുടെ നിർമ്മിത വിസ്തീർണ്ണം അളക്കുക, ഫോട്ടോ മുഖാന്തിരം തെളിവുകൾ ശേഖരിക്കുക മുതലായവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി. കൂടാതെ, തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി), ധനകാര്യവകുപ്പ്, മുഖ്യ നഗര ആസൂത്രകൻ, ജില്ലാ നഗര ആസൂത്രകൻ, പൊതുമരാമത്ത് വകുപ്പ് മുതലയാവയിൽ നിന്നും ഓഡിറ്റ് വിവരങ്ങൾ ശേഖരിച്ചു.

എൽഎസ്ജിഡി സ്പെഷ്യൽ സെക്രട്ടറിയുമായും യുഎൽബിയുടെ പ്രതിനിധികളുമായും 2024 ജൂലൈ 30ന് ഒരു പ്രാരംഭ കൂടിക്കാഴ്ച നടത്തുകയും ഓഡിറ്റ് ലക്ഷ്യങ്ങളും മാനദണ്ഡവും വ്യാപ്തിയും ചർച്ച ചെയ്യുകയും സർക്കാരിന്റെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തിരുന്നു. ഓഡിറ്റ് അവസാനിച്ചതിനുശേഷം 2025 ഓഗസ്റ്റ് 07ന് സ്പെഷ്യൽ സെക്രട്ടറിയുമായി ഒരു എക്സിറ്റ് കോൺഫറൻസ് നടത്തുകയും ഓഡിറ്റ് കണ്ടെത്തലുകൾ വിശദമായി ചർച്ച ചെയ്യുകയും ഉണ്ടായി. ഓഡിറ്റ് കണ്ടെത്തലുകൾക്ക് സർക്കാർ നൽകിയ മറുപടികൾ ഈ റിപ്പോർട്ടിൽ അനുയോജ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 5.4.2 സാംപ്ലിംഗ്

സംസ്ഥാനത്ത് ആറ് മുനിസിപ്പൽ കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും ഉണ്ട്. പതിനാല് ജില്ലകളിൽ നിന്നും നാല്[47] ജില്ലകളുടെ ഒരു സാംപിൾ എസ്ആർഎസ്ഡബ്ല്യുഓആർ[48] രീതി അനുസരിച്ച് ഓഡിറ്റ് തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത നാല് ജില്ലകളുടെ കീഴിൽ വരുന്ന മൂന്ന് മുനിസിപ്പൽ കോർപ്പറേഷനുകളും[49] വിശദമായ ഓഡിറ്റിന് തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത നാല് ജില്ലകളിലെ 36 മുനിസിപ്പാലിറ്റികളിൽ നിന്നും 11 മുനിസിപ്പാലിറ്റികൾ, ഓരോ ജില്ലയിലും കുറഞ്ഞത് രണ്ടെണ്ണം എന്ന കണക്കിന് തിരഞ്ഞെടുത്തു. തിരഞ്ഞെടുത്ത യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് **അനുബന്ധം 5.1**ൽ നൽകിയിരിക്കുന്നു.

## 5.5 സംഘടനാ സംവിധാനം

ഭരണ തലവൻ എന്ന നിലയിൽ എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടർ ആണ് മുനിസിപ്പാലിറ്റികളുടെയും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും പൊതുവായ നിയന്ത്രണ അധികാരി.

---

[47] തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, മലപ്പുറം

[48] സിംപിൾ റാൻഡം സാംപ്ളിംഗ് വിതൗട്ട് റീപ്ലേയ്സ്മെന്റ്

[49] തിരഞ്ഞെടുത്ത മൂന്ന് മുനിസിപ്പൽ കോർപ്പറേഷനുകളിൽ നിന്നും കുറഞ്ഞത് രണ്ട് വീതം സോണൽ ഓഫീസുകൾ ഉൾപ്പെടെ

മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റിയുടെ സെക്രട്ടറി (സെക്രട്ടറി) ആണ് കെട്ടിട നിർമ്മാണ അനുമതി, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനും അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം നടത്തുന്നതിനുമുള്ള അധികാരി. കെട്ടിങ്ങളുടെ തറവിസ്തീർണ്ണവും തരവും അടിസ്ഥാനമാക്കി കെട്ടിടങ്ങൾക്കുള്ള നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എഞ്ചിനീയർ (എഇ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (എഇഇ) എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇഇ)എന്നിവർക്കായി സർക്കാർ നൽകിയിരുന്നു (2023 മെയ് ).

ഉപയോഗം അല്ലെങ്കിൽ വിനിയോഗ സ്വഭാവത്തിന് അനുസരിച്ച് കെഎംബിആർ, 2019ന്റെ ചട്ടം 25 പ്രകാരം കെട്ടിടങ്ങളെ വിവിധ ഗണങ്ങളാക്കി തരംതിരിച്ചിരിക്കുന്നു, അതായത് ഗണം എ1, ഗണം എ2, ഗണം ബി, ഗണം സി, ഗണം ഡി, ഗണം ഇ, ഗണം എഫ്, ഗണം ജി1, ഗണം ജി 2, ഗണം എച്ച്, ഗണം ഐ, ഗണം ജെ[50].

കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റുകളും നൽകുന്നതിനുള്ള അധികാരങ്ങളെ സംബന്ധിച്ച വിവരങ്ങൾ **ചാർട്ട് 5.1**ൽ കാണിച്ചിരിക്കുന്നു.

**ചാർട്ട് 5.1: കെട്ടിട നിർമ്മാണ അനുമതിയും ഓക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നതിന് അധികാരപ്പെടുത്തൽ**




*(ഉറവിടം: 2023 മെയ് 08ലെ സർക്കാർ ഉത്തരവ്)*

---

50 ഗണം എ1 : വാസഗൃഹം/പാർപ്പിടം, ഗണം എ2: ലോഡ്ജിംഗ് ഉള്ള സ്ഥലവും പ്രത്യേക വാസസ്ഥലവും, ഗണം ബി: വിദ്യാഭ്യാസപരം, ഗണം സി: ചികിത്സാപരം/ആശുപത്രി, ഗണം ഡി: സമ്മേളനസ്ഥലം, ഗണം ഇ: ഓഫീസ്, ഗണം എഫ്: കച്ചവടം/വാണിജ്യം, ഗണം ജി1: വ്യവസായം-I, ഗണം ജി 2: വ്യവസായം II, ഗണം എച്ച്: സംഭരണസ്ഥലം, ഗണം ഐ: അപായസാധ്യതയുള്ളവ, ഗണം ജെ: മൾട്ടിപ്ലെക്സ് കോംപ്ലക്സ്

കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതിനുശേഷം ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഉടമസ്ഥൻ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് ഒരു പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്നു. അനുമതിയ്ക്ക് അനുസൃതമായിട്ടാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടശേഷം സെക്രട്ടറി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നു. കെട്ടിടനിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നതിലുൾപ്പെട്ടിട്ടുള്ള വിവിധ ഘട്ടങ്ങൾ **ചാർട്ട് 5.2**ൽ വിവരിച്ചിരിക്കുന്നു.

**ചാർട്ട് 5.2: കെഎംബിആർ, 2019 പ്രകാരം കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നതിലെ വിവിധ ഘട്ടങ്ങൾ**




*(ഉറവിടം: 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ)*

തിരഞ്ഞെടുത്ത 14 യുഎൽബികൾ 2019-20 മുതൽ 2023-24 വരെയുള്ള കാലയളവിൽ 1,15,916 കെട്ടിടനിർമ്മാണ അനുമതികൾ നൽകുകയും അപേക്ഷാഫീസും കെട്ടിട നിർമ്മാണ അനുമതിഫീസുമായി ₹177.07 കോടി ശേഖരിക്കുകയും ചെയ്തു. ഭൂവികസനം/ കെട്ടിട നിർമ്മാണ അനുമതി അപേക്ഷകൾ മാനുവൽ ആയോ അല്ലെങ്കിൽ വിവിധ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചോ ആയിരുന്നു യുഎൽബികൾ തീർപ്പാക്കിയിരുന്നത്. സങ്കേതം[51], ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐബിപിഎംഎസ്)[52], സുവേഗാ[53], കെ-സ്മാർട്ട്[54] പോലുള്ള സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തിയാണ് യുഎൽബികൾ കെട്ടിടനിർമ്മാണ അനുമതികൾ നൽകിയിരുന്നത്.

---

51 2018 ജൂലൈ വരെ

52 2018 ജൂലൈ മുതൽ 2023 ഡിസംബർ വരെ

53 കോഴിക്കോട് കോർപ്പറേഷൻ മാത്രം

54 2024 ജനുവരി മുതൽ തുടരുന്നു

## ഓഡിറ്റ് കണ്ടെത്തലുകൾ

## 5.6 സമഗ്രമായ കെട്ടിട ഡാറ്റാബേസിന്റെ അഭാവം

കെഎംബിആർ, 2019ലെ ചട്ടം 5 പ്രകാരം സ്ഥലം വികസിപ്പിക്കാനോ, കെട്ടിടം നിർമ്മിക്കാനോ ആഗ്രഹിക്കുന്ന ഏതു വ്യക്തിയും (കേന്ദ്ര/സംസ്ഥാന സർക്കാർ വകുപ്പുകൾ ഒഴികെ) പ്ലാനുകളും ബന്ധപ്പെട്ട രേഖകളും ആവശ്യമായ അപേക്ഷാഫീസും ഉൾപ്പെടെ അനുമതിക്കുള്ള അപേക്ഷ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ നഗര തദ്ദേശ സ്ഥാപനങ്ങളിൽ സ്വീകരിക്കുന്നതും തീർപ്പാക്കുന്നതും നിരീക്ഷിക്കുവാനായി ഒരു കെട്ടിട അപേക്ഷ രജിസ്റ്റർ 2007 ജൂണിൽ സർക്കാർ കൊണ്ടു വന്നു. രജിസ്റ്റർ കൃത്യമായും ഓരോ പേജും ക്രമമായി നമ്പർ രേഖപ്പെടുത്തിയും സെക്രട്ടറി സർട്ടിഫൈ ചെയ്തും സൂക്ഷിക്കണമെന്ന് എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകി (2015 ഡിസംബർ). കെട്ടിട അധിവാസങ്ങളുടെ പ്രാവർത്തികവും സമഗ്രവുമായ ഒരു ഡേറ്റാബേസ് സൂക്ഷിക്കേണ്ടത് ഫലപ്രദമായ നഗരാസൂത്രണത്തിനും പരിസ്ഥിതി പരിപാലനത്തിനും അത്യാവശ്യമാണ്.

കെട്ടിട അപേക്ഷാ രജിസ്റ്റർ സൂക്ഷ്മപരിശോധന നടത്തിയപ്പോൾ, അപേക്ഷാ നമ്പർ, സ്വീകരിച്ച തീയതി, നിലകളുടെ എണ്ണം, ഫ്ലോർ സ്പേയ്സ് ഇൻഡക്സ് (എഫ്എസ്ഐ), അനുമതി നമ്പറുകൾ, നികുതി നിർണ്ണയം എന്നിവയെ സംബന്ധിച്ച വിവരങ്ങൾ തിരഞ്ഞെടുത്ത 14 യുഎൽബികളിൽ ഒൻപത് എണ്ണത്തിലും അപൂർണമാണെന്ന് വെളിപ്പെട്ടു. 2024 ജനുവരി മുതൽ കെ-സ്മാർട്ട് നടപ്പിലാക്കിയതിനു ശേഷം നൽകിയ അനുമതി പത്രങ്ങൾ മാനുവൽ ആയി സൂക്ഷിക്കുകയോ സോഫ്റ്റ്‌വെയറിൽ നിന്ന് ശേഖരിച്ച് സൂക്ഷിക്കുകയോ ചെയ്തിരുന്നില്ല.

ഇതിനുപുറമെ ഓരോ കെട്ടിടവും വേർതിരിച്ചറിയുന്നതിനുള്ള പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകുന്ന സംവിധാനം ഒന്നും ഇല്ലായിരുന്നു. ഒരു കെട്ടിടത്തിലെ തന്നെ ഓരോ അധിവാസത്തിനും പ്രത്യേക കെട്ടിടനമ്പർ നൽകിയിരുന്നത് അവ പ്രത്യേക കെട്ടിടങ്ങൾ ആണെന്ന രീതിയിലായിരുന്നു. തൽഫലമായി യുഎൽബിയുടെ അധികാര പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ എണ്ണത്തെ സംബന്ധിച്ച ഡാറ്റ കൃത്യത ഇല്ലാത്തതായിരുന്നു. ഇത് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്താനും പ്രകൃതി ദുരന്തങ്ങളുടെ സന്ദർഭങ്ങളിൽ മേൽനിരീക്ഷണം നടത്താനും ബുദ്ധിമുട്ടുണ്ടാക്കുന്നു.

കെ-സ്മാർട്ട് നടപ്പാക്കിയശേഷം കെട്ടിട നിർമ്മാണ അനുമതിക്കായുള്ള എല്ലാ അപേക്ഷകളും സ്വീകരിക്കുന്നതും നടപടി എടുക്കുന്നതും കെ-സ്മാർട്ട് വഴി മാത്രമാണെന്ന് സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ).

എന്നാൽ, നിലവിലെ കെട്ടിടങ്ങളുടെ ലെഗസി ഡാറ്റാ കെ-സ്മാർട്ടുമായി സംയോജിപ്പിക്കാത്തതിനാൽ എല്ലാ കെട്ടിടങ്ങൾക്കുമായി ഒരു സമഗ്ര ഡേറ്റാബേസ് അല്ലെങ്കിൽ അപേക്ഷ രജിസ്റ്റർ ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. കൂടാതെ, കെ-സ്മാർട്ട് നടപ്പിലാക്കിയിട്ടും പഴയ കെട്ടിടങ്ങൾക്ക് പ്രത്യേക തിരിച്ചറിയൽ നമ്പർ നൽകാനുള്ള സംവിധാനം ഇല്ലായിരുന്നു.

## 5.7 കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിനുള്ള സമയക്രമം പാലിക്കാത്തത്

കെഎംബിആർ, 2019ലെ ചട്ടം 12 പ്രകാരം ഒരു അപേക്ഷ കിട്ടിയ തീയതി മുതൽ 15 ദിവസങ്ങൾക്കകം[55] സെക്രട്ടറി കെട്ടിടനിർമ്മാണ അനുമതി പത്രം നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. കെട്ടിട നിർമ്മാണ അനുമതി അപേക്ഷകളിൽ നടപടിയെടുക്കുന്നതിന് ഓരോ ഉദ്യോഗസ്ഥനും എടുക്കാവുന്ന സമയം സർക്കാർ 2010 സെപ്റ്റംബറിൽ വ്യക്തമാക്കിയിരുന്നു.

[55] 2021 ജൂൺ 29ന് മുമ്പ് ഇത് 30 ദിവസം ആയിരുന്നു

എന്നാൽ, തിരഞ്ഞെടുത്ത എല്ലാ യുഎൽബികളിലും കെട്ടിട നിർമ്മാണ അനുമതി നല്കുന്നതിൽ കാലതാമസം നേരിട്ടതായി ഓഡിറ്റ് കണ്ടു. 181 അപേക്ഷകളിൽ[56] കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിന് നിജപ്പെടുത്തിയിരുന്ന സമയക്രമം പാലിക്കാതിരിക്കുകയും അവയിൽ പൊതുവെ ഉണ്ടായ കാലതാമസം 44[57] ദിവസം മുതൽ 474 ദിവസം[58] വരെയും ആയിരുന്നു.

ഉദ്യോഗസ്ഥരുടെ അമിതമായ ജോലിഭാരം കാരണം സമയക്രമം കർശനമായി പാലിക്കുവാൻ യുഎൽബികൾക്ക് പ്രായോഗികമായി കഴിഞ്ഞിരുന്നില്ല എന്ന് സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ). അനുമതി പത്ര അപേക്ഷകളിൽ നടപടിയെടുക്കുന്നത് കെ-സ്മാർട്ട് എളുപ്പമാക്കിയിട്ടുണ്ടെങ്കിലും അതിന്റെ ഫലപ്രാപ്തി ഇനിയും പ്രതിഫലിക്കേണ്ടിയിരിക്കുന്നു എന്നും മറുപടി പറഞ്ഞു.

എന്നിരുന്നാലും, കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിൽ 474 ദിവസം വരെ കാലതാമസം ഉണ്ടായത് ന്യായീകരിക്കത്തക്കതല്ല.

## 5.8 അപേക്ഷാഫീസും അനുമതി ഫീസും ശേഖരിക്കുന്നതിലെ ക്രമക്കേടുകൾ

കെഎംബിആർ, 2019ലെ ചട്ടം 5 പ്രകാരം കെട്ടിട നിർമ്മാണ അനുമതിക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ഓരോ അപേക്ഷകനും കെഎംബിആർ, 2019ലെ ഷെഡ്യൂൾ Iൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. നിലവിലുള്ള നിയമം/ചട്ടത്തിനനുസൃതമായാണ് അപേക്ഷ എന്നും കെഎംബിആർ, 2019ലെ ഷെഡ്യൂൾ IIൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ അനുമതി ഫീസ് ഒടുക്കി എന്നും ഉറപ്പാക്കിയതിനു ശേഷമാണ് സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി നൽകേണ്ടത്. ഇതിനു പുറമെ, അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന്, കെഎംബിആർ, 2019ലെ ചട്ടം 95 (4)ൽ വിഭാവനം ചെയ്തിട്ടുള്ള പോലെ അതാതു സമയത്ത് നിലവിലുള്ള അനുമതി ഫീസിന്റെ ഇരട്ടി നിരക്കിൽ കോംപൗണ്ടിംഗ് ഫീസ് ശേഖരിക്കേണ്ടതാണ്.

കോഴിക്കോട് കോർപ്പറേഷൻ[59] ഒഴികെ തിരഞ്ഞെടുത്ത യുഎൽബികൾ എല്ലാം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് ഐബിപിഎംഎസ് സോഫ്റ്റ് വെയർ ആയിരുന്നു ഉപയോഗിച്ചിരുന്നത്. രണ്ട് സോഫ്റ്റ്‌വെയറിലെയും ഡാറ്റാ ഓഡിറ്റ് പരിശോധിച്ചപ്പോൾ തിരഞ്ഞെടുത്ത യുഎൽബികൾ ഈടാക്കിയ അനുമതി ഫീസ് അധികമായതോ കുറഞ്ഞതോ ആയി കണ്ടെത്തിയ സന്ദർഭങ്ങൾ താഴെ വിവരിച്ചിരിക്കുന്നു:

### 5.8.1 തിരുവനന്തപുരം കോർപ്പറേഷൻ അനുമതി ഫീസ് അനധികൃതമായി ശേഖരിച്ചത്

സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി തങ്ങൾ നൽകുന്ന സേവനങ്ങൾക്ക് ഈടാക്കുന്ന തുക ഓരോ വർഷവും അഞ്ച് ശതമാനം വർദ്ധിപ്പിക്കണമെന്ന് 2018 ഏപ്രിലിലും 2019 ഏപ്രിലിലും സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പ് എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകി (2018 മാർച്ച്, 2019 മാർച്ച്). സർവ്വീസ് ചാർജ്ജുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള എക്സിക്യൂട്ടീവ് ഉത്തരവുകൾ അതത് ഭരണ വകുപ്പുകൾ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

കെഎംബിആർ, 2019ലെ ഷെഡ്യൂൾ Iലും ഷെഡ്യൂൾ IIലും നിർദ്ദേശിച്ചിരിക്കുന്ന നിരക്കിൽ യഥാക്രമം അപേക്ഷാഫീസും അനുമതി ഫീസും നഗര തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്നതിനും അപേക്ഷാ/അനുമതി ഫീസിൽ അഞ്ച് ശതമാനം വർദ്ധനവ്

---

[56] സുവേഗയിൽ 14 കേസുകളും ഐബിപിഎംഎസിൽ 167 കേസുകളും

[57] തിരുവനന്തപുരം കോർപ്പറേഷൻ

[58] രാമനാട്ടുകര മുനിസിപ്പാലിറ്റി

[59] കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് കോഴിക്കോട് കോർപ്പറേഷൻ സുവേഗ സോഫ്റ്റ്‌വെയർ ഉപയോഗിച്ചിരുന്നു

വരുത്തിക്കൊണ്ട് കെഎംബിആർ, 2019ൽ ഭേദഗതി വരുത്തി സംസ്ഥാനസർക്കാർ, എൽഎസ്ജിഡി ഉത്തരവുകൾ ഒന്നും പുറപ്പെടുവിച്ചില്ലെങ്കിലും, തിരുവനന്തപുരം കോർപ്പറേഷൻ 2018-19ലും 2019-20ലും അപേക്ഷാഫീസും അനുമതി ഫീസും അഞ്ച് ശതമാനം വീതം വർദ്ധിപ്പിച്ചു. എന്നാൽ, തിരഞ്ഞെടുത്ത മറ്റ് യുഎൽബികൾ ഒന്നും തന്നെ അപേക്ഷാ ഫീസിൽ/അനുമതി ഫീസിൽ അത്തരം ഒരു വർദ്ധനവ് വരുത്തിയിരുന്നില്ല.

ഇതിനുപുറമെ, എൽഎസ്ജിഡി 2023 ഏപ്രിൽ 10 മുതൽ അപേക്ഷാഫീസും അനുമതി ഫീസും പുതുക്കിയപ്പോൾ, തിരുവനന്തപുരം കോർപ്പറേഷൻ നിരക്ക് പരിഷ്കരിക്കുകയും, അപേക്ഷാഫീസ്/അനുമതി ഫീസിൽ വീണ്ടും അധിക പത്തു ശതമാനം ശേഖരിക്കുകയും ചെയ്തു. തിരുവനന്തപുരം കോർപ്പറേഷൻ 2019-2024 കാലയളവിൽ 48,677 കെട്ടിട നിർമ്മാണ അനുമതികൾ നൽകുകയും അപേക്ഷ ഫീസ്/അനുമതി ഫീസായി 10 ശതമാനം അധിക ഫീസ് ഉൾപ്പെടെ ₹73.93 കോടി ശേഖരിക്കുകയും ചെയ്തു. അങ്ങനെ, **പട്ടിക 5.1**ൽ കാണിച്ചിരിക്കുന്നതുപോലെ തിരുവനന്തപുരം കോർപ്പറേഷൻ ₹6.71 കോടി അധികം ശേഖരിച്ചു.

**പട്ടിക 5.1: അപേക്ഷാഫീസും അനുമതി ഫീസും തിരുവനന്തപുരം കോർപ്പറേഷൻ അധികമായി ശേഖരിച്ചത്**

*(₹ കോടിയിൽ)*

| വർഷം | അനുമതി നൽകിയ എണ്ണം | അപേക്ഷാ ഫീസ് ശേഖരിച്ചത് | അനുമതി ഫീസ് ശേഖരിച്ചത് | ആകെ ശേഖരിച്ച ഫീസ് | 10 ശതമാനം അധിക ഫീസ് ശേഖരിച്ചത് |
|---|---|---|---|---|---|
| 2019-20 | 9469 | 0.13 | 24.24 | 24.37 | 2.21 |
| 2020-21 | 9144 | 0.10 | 8.58 | 8.68 | 0.79 |
| 2021-22 | 10692 | 0.10 | 9.58 | 9.68 | 0.88 |
| 2022-23 | 9586 | 0.09 | 15.68 | 15.77 | 1.43 |
| 2023-24 | 9786 | 0.05 | 15.38 | 15.43 | 1.40 |
| **ആകെ** | **48677** | **0.47** | **73.46** | **73.93** | **6.71** |

*(ഉറവിടം : തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും ശേഖരിച്ച വിവരം)*

ഓഡിറ്റ് നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ അധിക ഫീസ് ശേഖരിക്കുന്നത് കോർപ്പറേഷൻ നിർത്തലാക്കിയെന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ അധിക ഫീസ് തിരികെ നൽകുവാൻ ഉള്ള നടപടികൾ ആരംഭിച്ചു എന്നും സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ).

### 5.8.2 അധികമായി ശേഖരിച്ച അപേക്ഷാ ഫീസും അനുമതി ഫീസും തിരികെ നൽകാത്തത്

അപേക്ഷാ ഫീസ്, അനുമതി ഫീസ്, പരിശോധനാ ഫീസ് എന്നിവയുടെ നിരക്കുകൾ 2023 ഏപ്രിൽ 10 മുതൽ പ്രാബല്യത്തോടെ സർക്കാർ പരിഷ്കരിച്ചു (2023 മാർച്ച് ). അതിനുശേഷം, 2023 ഏപ്രിൽ 10 മുതൽ മുൻകാല പ്രാബല്യത്തോടെ നിരക്കുകൾ സർക്കാർ കുറയ്ക്കുകയും (2024 ജൂലൈ 30), 2023 ഏപ്രിൽ 10 മുതൽ 2024 ജൂലൈ 31 വരെ നിലവിൽ ഉണ്ടായിരുന്ന നിരക്കിൽ അനുമതി ഫീസും അപേക്ഷാഫീസും ഒടുക്കിയ അപേക്ഷകർക്ക് അധിക തുക തിരിച്ച് നൽകുവാൻ തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശവും നൽകി. ഐബിപിഎംഎസ് സോഫ്റ്റ്‌വെയറിലെ ഡാറ്റാ പ്രകാരം തിരഞ്ഞെടുത്ത യുഎൽബികൾ 2023 ഏപ്രിൽ 10 മുതൽ 2024 ജൂലായ് 31 വരെ ₹9.96 കോടി അപേക്ഷാ ഫീസും അനുമതി ഫീസും അധികമായി ശേഖരിച്ചിരുന്നു.

അധികമായി ശേഖരിച്ചത് 2025 മാർച്ചോടെ തിരികെ നൽകുന്നതിനായി കെ-സ്മാർട്ട് മുഖാന്തിരം ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ (ഐകെഎം) ചുമതലപ്പെടുത്തി. എന്നാൽ, 2025 ഏപ്രിലോടെ മൂന്നു

യുഎൽബികൾ[60] ₹8.31 ലക്ഷം മാത്രമേ (0.83 ശതമാനം) തിരികെ നൽകിയിരുന്നുള്ളൂ. ബാക്കിയുള്ള 10 യുഎൽബികൾ തിരികെ നൽകിയതിനെക്കുറിച്ചുള്ള വിവരങ്ങൾ നൽകിയില്ല.

അധിക ഫീസ് നൽകിയ അപേക്ഷകരെ വിവരം അറിയിക്കുവാൻ ഉണ്ടാകുന്ന കാലതാമസമാണ് ശേഖരിച്ച അധിക തുക ഇതുവരെ (2025 ഏപ്രിൽ) തിരികെ നൽകുവാൻ കഴിയാത്തതിന് കാരണമെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കെ-സ്മാർട്ടിലെ ചില തടസ്സങ്ങൾ കാരണം പ്രാരംഭഘട്ടത്തിൽ ലഭിച്ച ധാരാളം റീഫണ്ട് അപേക്ഷകളിൽ നടപടി എടുക്കാതിരിക്കുവാൻ നിർബന്ധിതമായി എന്നും പിന്നീട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു എന്നും സർക്കാർ മറുപടി പറഞ്ഞു (2025 ഒക്ടോബർ). അധികമായി ശേഖരിച്ച അനുമതി ഫീസ് തിരികെ ലഭിക്കാനുള്ള അപേക്ഷകൾ നൽകുന്നതിനുള്ള സമയം 2025 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചുവെന്നും ഇത് നിരീക്ഷിച്ചുവരികയാണെന്നും സർക്കാർ മറുപടി പറഞ്ഞു.

എന്നാൽ, റീഫണ്ട് പ്രക്രിയയെക്കുറിച്ച് അർഹരായ അപേക്ഷകരെ അറിയിക്കുവാനുള്ള ഫലപ്രദമായ ഒരു സംവിധാനത്തിന്റെ അഭാവത്തിൽ, അപേക്ഷകൾ നൽകുന്നതിനുള്ള സമയം ദീർഘിപ്പിച്ചത് ഫലപ്രദമല്ല.

### 5.8.3 ഐബിപിഎംഎസ് സുവേഗ സോഫ്റ്റ്‌വെയറുകളിലെ ന്യൂനതകൾ കാരണം അപേക്ഷാഫീസ്/അനുമതി ഫീസിന്റെ കുറവ്/അധിക ശേഖരണം

#### *5.8.3.1 അപേക്ഷ സ്വീകരിച്ച തീയതി തെറ്റായി കണക്കാക്കിയത് മൂലം ഉണ്ടായ കുറഞ്ഞ ശേഖരണം*

പരിഷ്കരിച്ച അപേക്ഷാ ഫീസ് അനുമതി ഫീസ് ശേഖരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച (2023 മെയ്) വിശദീകരണ ഉത്തരവ് പ്രകാരം, യുഎൽബി ഒരു അപേക്ഷ സ്വീകരിക്കുന്ന തീയതി ആണ് അപേക്ഷാഫീസും അനുമതി ഫീസും കണക്കുകൂട്ടുന്നതിന് പരിഗണിക്കേണ്ട തീയതി. എന്നാൽ, ഐബിപിഎംഎസ് സോഫ്റ്റ്‌വെയറിൽ രജിസ്റ്റേർഡ് ആർക്കിടെക്റ്റ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ച തീയതിയാണ് തെറ്റായി യുഎൽബിയിൽ അപേക്ഷ സ്വീകരിച്ച തീയതി ആയി പരിഗണിച്ചത്. ഇത്, 46 കേസുകളിൽ അപേക്ഷാ ഫീസായി ₹35,030 ഉം 42 കേസുകളിൽ അനുമതി ഫീസായി ₹2.54 ലക്ഷവും കുറച്ചു ഈടാക്കുന്നതിന് ഇടയാക്കി.

#### *5.8.3.2 നിർമ്മിത വിസ്തീർണ്ണം തെറ്റായി കണക്കാക്കിയത് മൂലം അപേക്ഷാ ഫീസ് കുറച്ചു ശേഖരിച്ചത്*

സംസ്ഥാന സർക്കാർ 2023 ഏപ്രിൽ 10 മുതൽ പ്രാബല്യത്തോടെ അപേക്ഷഫീസും അനുമതി ഫീസും പരിഷ്കരിച്ചു (2024 ജൂലൈ). കെട്ടിടത്തിന്റെ ഗണം ബാധകമാക്കാതെ ബിൽട്ട്അപ്പ് ഏരിയയുടെ നിർമ്മിത വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ മൂന്നു വ്യത്യസ്തനിരക്കുകൾ, അതായത്, '100 ച.മീ വരെ', '101 ച.മീ – 300 ച.മീ', '300 ച.മീ മുകളിൽ' എന്ന രീതിയിൽ സർക്കാർ അപേക്ഷാ ഫീസ് നിശ്ചയിച്ചു. ഐബിപിഎംഎസ് സോഫ്റ്റ്‌വെയർ പരിശോധിച്ചപ്പോൾ, 12 യുഎൽബികൾ[61] 250 കേസുകളിൽ തെറ്റായ ബിൽട്ട് അപ്പ് ഏരിയയുടെ അടിസ്ഥാനത്തിൽ അപേക്ഷാഫീസ് ₹59,500 കുറച്ചു ശേഖരിക്കുന്നതിന് ഇടയാക്കി എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

[60] കൊച്ചി കോർപ്പറേഷനും ആറ്റിങ്ങൽ, മഞ്ചേരി മുനിസിപ്പാലിറ്റികളും

[61] തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും, ആലുവ, ആറ്റിങ്ങൽ, മുക്കം, നിലമ്പൂർ, പെരിന്തൽമണ്ണ, രാമനാട്ടുകര, തൃക്കാക്കര, തൃപ്പൂണിത്തുറ, വർക്കല, കോതമംഗലം മുനിസിപ്പാലിറ്റികളും

### 5.8.3.3 തെറ്റായ നിരക്കുകൾ ചുമത്തിയത് കാരണം അനുമതി ഫീസ് കുറച്ച്/ അധികം ശേഖരിച്ചത്

സുവേഗ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കോഴിക്കോട് കോർപ്പറേഷൻ 2019 ഏപ്രിൽ മുതൽ 2023 മാർച്ച് വരെ നൽകിയ 12,415 കെട്ടിട നിർമ്മാണ അനുമതികൾ ഓഡിറ്റ് സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ, സോഫ്റ്റ്‌വെയറിലെ പിഴവുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാലിഡേഷന്റെ അഭാവവും മൂലം അനുമതി ഫീസ് ശേഖരണത്തിലുണ്ടായ പൊരുത്തക്കേടുകൾ താഴെ വിവരിച്ചിരിക്കുന്നു.

- കെഎംബിആർ, 1999ലെ ചട്ടം 146(4) പ്രകാരം അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അതത് സമയങ്ങളിൽ നിലവിലുള്ള അനുമതി ഫീസിന്റെ ഇരട്ടി നിരക്കിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ, സുവേഗ സോഫ്റ്റ്‌വെയറിൽ, 339 കേസുകളിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അനുമതി ഫീസിന്റെ മൂന്നിരട്ടി നിരക്കിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുകയും, ഇത് **പട്ടിക 5.2**ൽ വിവരിച്ചിരിക്കുന്നത് പോലെ ₹3.97 ലക്ഷം അധികമായി ഈടാക്കുന്നതിന് ഇടയാക്കുകയും ചെയ്തു.

**പട്ടിക 5.2: സുവേഗ സോഫ്റ്റ്‌വെയറിൽ ക്രമവൽക്കരണ ഫീസ് അധികമായി ഈടാക്കിയത്**

*(₹ ലക്ഷത്തിൽ)*

| കെട്ടിടത്തിന്റെ തരം | ക്രമവൽക്കരിച്ച കേസുകളുടെ എണ്ണം | ഈടാക്കിയ കോമ്പൗണ്ടിംഗ് ഫീസ് | ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് | അധിക ശേഖരണം |
|---|---|---|---|---|
| 150 ച.മീ വരെയുള്ള വാസഗൃഹം | 225 | 3.41 | 2.23 | 1.18 |
| 150 ച.മീ മുകളിലുള്ള വാസഗൃഹം | 105 | 6.94 | 4.65 | 2.29 |
| വാസഗൃഹേതര കെട്ടിടം | 9 | 1.51 | 1.01 | 0.50 |
| **ആകെ** | **339** | **11.86** | **7.89** | **3.97** |

*(ഉറവിടം: സുവേഗ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങൾ)*

- ഏഴ് (വാസഗൃഹമല്ലാത്ത) കേസുകളിൽ ഒരു ച.മീ ന് ₹15നു പകരം ₹5 എന്ന നിരക്കിൽ അനുമതി ഫീസ് ഈടാക്കുകയും നാല് ക്രമവൽക്കരണ കേസുകളിൽ ₹30നു പകരം ₹15 ഈടാക്കുകയും ചെയ്തത്, ₹0.11 ലക്ഷം കുറച്ച് ഈടാക്കുന്നതിന് കാരണമായി.

മുകളിൽ പരാമർശിച്ച പോരായ്മകളായ ഐബിപിഎംഎസ് സോഫ്റ്റ്‌വെയറിലെ ന്യൂനതകളും സുവേഗ സോഫ്റ്റ്‌വെയറിൽ ചട്ടങ്ങൾ തെറ്റായി പ്രയോഗിച്ചതും, ₹3.97 ലക്ഷം അധികം ഈടാക്കുന്നതിനും ₹3.60 ലക്ഷം കുറച്ച് ഈടാക്കുന്നതിനും കാരണമായി.

സോഫ്റ്റ്‌വെയറിലെ പിഴവുകൾ കാരണമാണ് തുക ഈടാക്കുന്നതിൽ കുറവ് ഉണ്ടായതെന്നും അനുയോജ്യമായ ഫീസ് ശേഖരിക്കുന്നതിന് യുഎൽബികൾ നടപടി തുടങ്ങിയെന്നും സർക്കാർ മറുപടി പറഞ്ഞു (2025 ഒക്ടോബർ).

എന്നാൽ, അധികമായി ഫീസ് ഈടാക്കുന്നതിനെക്കുറിച്ചും അധികമായി ഈടാക്കിയ തുക തിരികെ നൽകുന്നതിനെ കുറിച്ചും സർക്കാർ മറുപടി നൽകിയില്ല.

## 5.9 അധിക എഫ്എസ്ഐയുള്ള അധിക ഫീസ് കുറവായി ഈടാക്കിയത്

കെഎംബിആർ, 2019ലെ ചട്ടം 27(1) പ്രകാരം, എഫ്എസ്ഐ[62] എന്ന് പറയുന്നത് കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തെ പ്ലോട്ടിന്റെ ആകെ വിസ്തീർണ്ണം കൊണ്ട് ഭാഗിക്കുമ്പോൾ കിട്ടുന്ന ഫലമാണ്. ഓരോ ഗണം കെട്ടിടങ്ങൾക്കുമുള്ള അനുവദനീയമായ പരമാവധി എഫ്എസ്ഐയും, അധിക വിസ്തീർണ്ണത്തിന് അധിക ഫീസ് ഒടുക്കിയാൽ അനുവദനീയമായ പരമാവധി അധിക എഫ്എസ്ഐയും ചട്ടം നിർദ്ദേശിക്കുന്നു. എന്നാൽ, തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്ന പോലെ പ്ലോട്ട് ഏരിയ തെറ്റായി കണക്കാക്കുക, വെയ്റ്റഡ് ആവറേജ് രീതി സ്വീകരിക്കാതിരിക്കുക, അനധികൃത

[62] ഇത് ഫ്ലോർ ഏരിയാ റേഷ്യോയുമായി (എഫ്എആർ) അർത്ഥസാമ്യമുള്ളതാണ്

നിർമ്മാണങ്ങൾ എന്നിവ കാരണം അധിക ഫീസ് ഈടാക്കാതിരുന്നതും കുറച്ച് ഈടാക്കിയതുമായ സന്ദർഭങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 5.9.1 എഫ്എസ്ഐയുടെ വെയ്റ്റഡ് ആവറേജ് രീതി സ്വീകരിക്കാത്തതിനാൽ അധിക ഫീസ് ഈടാക്കിയതിലെ കുറവ്

ബഹുവിനിയോഗ കെട്ടിടങ്ങളുടെ എഫ്എസ്ഐ അതത് വിനിയോഗ ഗണത്തിന്റെ എഫ്എസ്ഐയുടെ വെയ്റ്റഡ് ആവറേജ് ആയിരിക്കണമെന്ന് കെഎംബിആർ, 2019ലെ ചട്ടം 27(vii) നിർദ്ദേശിക്കുന്നു. എന്നാൽ, **പട്ടിക 5.3**ൽ വിവരിച്ചിരിക്കുന്നത് പോലെ കൊച്ചി കോർപ്പറേഷനിൽ ബഹുവിനിയോഗ കെട്ടിടങ്ങളിൽ വെയ്റ്റഡ് ആവറേജ് രീതി സ്വീകരിക്കാത്തതു കാരണം അധിക ഫീസിനത്തിൽ ₹49.02 ലക്ഷം കുറച്ച് ഈടാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 5.3: എഫ്എസ്ഐയുടെ വെയ്റ്റഡ് ആവറേജ് രീതി സ്വീകരിക്കാത്തതുമൂലം അധിക ഫീസ് ഈടാക്കിയതിലെ കുറവ്**

*(₹ ലക്ഷത്തിൽ)*

| ക്രമ നമ്പർ. | കെട്ടിട നിർമ്മാണ അനുമതിയുടെ വിശദാംശംങ്ങൾ | ഈടാക്കിയ അധിക ഫീസ് | വെയ്റ്റഡ് ആവറേജ് രീതി അനുസരിച്ച് ഈടാക്കേണ്ട അധിക ഫീസ് | അധിക ഫീസ് ഈടാക്കിയത്തിലെ കുറവ് |
|---|---|---|---|---|
| 1. | പുറവങ്കര ബിൽഡേഴ്സ് | 2021.43 | 2065.62 | 44.19 |
| 2. | എംഒപി 4/38421/2023 തീയതി 2023 ഡിസംബർ 18 | 41.48 | 46.31 | 4.83 |

*(ഉറവിടം: കെട്ടിട നിർമ്മാണ അനുമതി ഫയലുകളുടെ സൂക്ഷ്മ പരിശോധന)*

ഇത് ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ, ഒന്നാമത്തെ കെട്ടിട ഉടമയിൽ നിന്നും ₹44.19 ലക്ഷം അധിക ഫീസായി കൊച്ചി കോർപ്പറേഷൻ ഈടാക്കി (2024 ഡിസംബർ). രണ്ടാമത്തെ കെട്ടിടത്തിനെ സംബന്ധിച്ച് അധിക ഫീസ് ആവശ്യപ്പെട്ടുകൊണ്ട് കെട്ടിട ഉടമസ്ഥന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് പ്രസ്താവിച്ചു.

തുടർ പരിശോധന നടന്നുകൊണ്ടിരിക്കുകയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

### 5.9.2 പ്ലോട്ട് ഏരിയ തെറ്റായി കണക്കാക്കിയതു കാരണം അധിക ഫീസ് കുറച്ചു ഈടാക്കിയതിലെ കുറവ്

തൃക്കാക്കര മുനിസിപ്പാലിറ്റി 11,500.97 ച.മീ ഫ്ലോർ ഏരിയ വരുന്ന ഒരു പാർപ്പിട കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ അനുമതി (അനുമതി നമ്പർ ബിഎ320/19–20) നൽകിയത് (2023 ജനുവരി 19) പ്ലോട്ട് ഏരിയ 3,551 ച.മീ എന്ന് കണക്കാക്കിയായിരുന്നു. കെട്ടിടത്തിന്റെ അനുവദനീയമായ എഫ്എസ്ഐ മൂന്നായിരുന്നു. കെട്ടിടത്തിന്റെ എഫ്എസ്ഐ 3.238 ആയതിനാൽ, അധിക എഫ്എസ്ഐ ആയ 0.238ന് അധിക ഫ്ലോർ ഏരിയയ്ക്ക് ച.മീറ്ററിന് ₹5,000 എന്ന നിരക്കിൽ അപേക്ഷകൻ അധിക ഫീസ് ഒടുക്കി.

എന്നാൽ, പൊസഷൻ സർട്ടിഫിക്കറ്റിലെ പ്ലോട്ട് ഏരിയ പരിശോധിച്ചപ്പോൾ യഥാർത്ഥ പ്ലോട്ട് ഏരിയ 3,544 ച.മീ മാത്രമായിരുന്നു എന്നും, ഇത് രേഖപ്പെടുത്തിയ വിസ്തീർണത്തിൽ നിന്ന് ഏഴ് ച.മീ കുറവായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. തൽഫലമായി അധിക ഫീസ് ഇനത്തിൽ ₹1.05 ലക്ഷം[63] കുറച്ചാണ് ഈടാക്കിയത്.

[63] ₹1.05 ലക്ഷം = 7 ച.മീ x അനുവദനീയമായ എഫ്എസ്ഐ ആയ 3 x ₹5,000

കെട്ടിട ഉടമസ്ഥന് നോട്ടീസുകൾ അയച്ചിട്ടുണ്ട് എന്നും യാതൊരു പ്രതികരണവുമില്ലാത്തതിനാൽ തുക ശേഖരിക്കുന്നതിന് നടപടി ആരംഭിക്കുന്നതാണ് എന്നും സർക്കാർ മറുപടിയിൽ പ്രസ്താവിച്ചു (2025 ഒക്ടോബർ).

### 5.9.3 ചട്ടങ്ങൾ തെറ്റായി പ്രയോഗിച്ചത് കാരണം അധിക ഫീസ് ഈടാക്കാത്തത്

കെഎംബിആർ, 1999ലെ ചട്ടം 31(2) നു കീഴിലെ കുറിപ്പ് (ii) പ്രകാരം പ്ലോട്ട് ഏരിയ (പുരയിട വിസ്തീർണ്ണം) 0.5 ഹെക്ടറിൽ കൂടുതൽ ആണെങ്കിൽ ബഹുവിനിയോഗ കെട്ടിടങ്ങളുടെ അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ റേഷ്യോ (എഫ്എആർ) ഓരോ വിനിയോഗ ഗണത്തിനും ബാധകമായ എഫ്എആർകളുടെ വെയ്റ്റഡ് ആവറേജ് ആകുന്നു. എന്നാൽ, പ്ലോട്ട് ഏരിയ 0.5 ഹെക്ടർ വരെ ആണെങ്കിൽ, ഏറ്റവും നിയന്ത്രിതമായ വിനിയോഗങ്ങൾക്കുള്ള എഫ്എആർ ആയിരിക്കും ബാധകം.

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിൽ, 2019 നവംബർ 06ന് കെട്ടിട നിർമ്മാണ അനുമതിക്കായി ഒരു അപേക്ഷ സമർപ്പിക്കുകയും, 2.054 ച.മീ വരുന്ന പ്ലോട്ടിൽ 5,221.02 ച.മീ ഫ്ലോർ ഏരിയ വരുന്ന സമ്മിശ്ര ബഹുവിനിയോഗ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള അനുമതി (അനുമതി നമ്പർ ബിഎ 457/2019-20) നൽകുകയും ചെയ്തു. പ്ലോട്ട് ഏരിയ 0.5 ഹെക്ടറിനു താഴെ ആയിരുന്നതിനാൽ ഏറ്റവും നിയന്ത്രിതമായ വിനിയോഗത്തിനുള്ള എഫ്എആർ ആയ 2.5 ആയിരുന്നു ബാധകം.

അതനുസരിച്ച്, അധിക ഫീസ് നൽകാതെയുള്ള അനുവദനീയമായ പരമാവധി ഫ്ലോർ ഏരിയ 5,135 ച.മീ[64] ആയിരിക്കണം. എന്നാൽ, യഥാർത്ഥത്തിൽ നിർമ്മിച്ച ഫ്ലോർ ഏരിയ 5,221.02 ച.മീ ആയതിനാൽ 86.02 ച.മീ[65] അധിക ഫ്ലോർ ഏരിയയ്ക്ക് ച.മീറ്ററിന് ₹5,000 എന്ന നിരക്കിൽ ₹4.30 ലക്ഷം അധിക ഫീസ് ഈടാക്കണമായിരുന്നു.

കെട്ടിട ഉടമസ്ഥന് മുനിസിപ്പാലിറ്റി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ). തുക ഒടുക്കുന്നതിൽ കെട്ടിട ഉടമസ്ഥൻ വീഴ്ച വരുത്തിയതിനാൽ പ്രസ്തുത തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കുമെന്നും പ്രസ്താവിച്ചു.

### 5.9.4 അനധികൃത നിർമ്മാണങ്ങൾ കാരണം എഫ്എസ്ഐയിൽ ഉണ്ടായ വർദ്ധനവ്

ആറ് യുഎൽബികളിലെ[66] 14 കേസുകളിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയ ശേഷം വരുത്തിയ അനധികൃത കൂട്ടിച്ചേർക്കലും മാറ്റം വരുത്തലുകളും ഫ്ലോർ ഏരിയയുടെ വർദ്ധനവിലേയ്ക്ക് നയിച്ചു. ഇതു കാരണം, ഈ കെട്ടിടങ്ങളുടെ എഫ്എസ്ഐ അനുവദനീയമായ പരിധിയിലും അധികമാവുകയും അനധികൃത നിർമ്മാണം ക്രമവൽകരിക്കുകയോ ഇടിച്ചു നീക്കുകയോ ചെയ്യേണ്ടതും ക്രമവൽക്കരിക്കുമ്പോൾ അധിക എഫ്എസ്ഐയ്ക്ക് അധിക ഫീസ് ഈടാക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നു. ക്രമവൽക്കരിക്കുമ്പോൾ ഈടാക്കേണ്ടിയിരുന്ന അധിക ഫീസ് ₹1.96 കോടി വരുമായിരുന്നു. വിശദവിവരങ്ങൾ **അനുബന്ധം 5.2**ൽ കൊടുത്തിരിക്കുന്നു.

തുടർ പരിശോധനകൾ നടന്നു കൊണ്ടിരിക്കുകയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

---

[64] 5,135 ച.മീ = 2,054 ച.മീ x 2.5

[65] 86.02 ച.മീ = 5,221.02 ച.മീ – 5,135 ച.മീ

[66] കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകളും തൃക്കാക്കര, തൃപ്പൂണിത്തുറ, വർക്കല മുനിസിപ്പാലിറ്റികളും

## 5.10 സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്ലാനുകൾ സമർപ്പിക്കാത്തത്

കെഎംബിആർ, 2019ലെ ചട്ടം 5(3) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വകുപ്പുകൾ ഏതെങ്കിലും സ്ഥലം വികസിപ്പിക്കുകയോ ഒരു കെട്ടിടത്തിന്റെ നിർമ്മാണം/ മാറ്റം വരുത്തൽ/വിനിയോഗമാറ്റം എന്നിവ ചെയ്യാൻ ഉദ്ദേശിക്കുകയാണെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട യുഎൽബിയുടെ സെക്രട്ടറിയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിന് 30 ദിവസം മുൻപേ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ പ്ലാനുകൾ സമർപ്പിക്കേണ്ടതാണ്.

പൊതുമരാമത്ത് വകുപ്പ് (പിഡബ്ല്യുഡി) സംസ്ഥാന സർക്കാരിനു വേണ്ടി 2019-2024 കാലയളവിൽ എട്ട് യുഎൽബികളിലായി[67] 51 കെട്ടിടങ്ങൾ നിർമ്മിച്ചിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. എന്നാൽ, പിഡബ്ല്യുഡി അധികാരികൾ 43 സർക്കാർ കെട്ടിടങ്ങളെ സംബന്ധിച്ച് ആവശ്യമുള്ള രേഖകൾ ഒന്നും ബന്ധപ്പെട്ട യുഎൽബികൾക്ക് സമർപ്പിച്ചിരുന്നില്ല. ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ ഈ പ്ലാനുകൾ യഥാസമയം സമർപ്പിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിൽ യുഎൽബികളും പരാജയപ്പെട്ടു.

മഞ്ചേരി മുനിസിപ്പാലിറ്റിയിൽ 6,723 ച.മീ ഫ്ലോർ ഏരിയ വരുന്ന ഒരു കോടതി സമുച്ചയം പിഡബ്ല്യുഡി നിർമ്മിച്ചിരുന്നു (2023 ഡിസംബർ). കെഎംബിആർ, 2019ലെ ചട്ടം 29ന് കീഴിലെ പട്ടിക 10 പ്രകാരം ഗണം ഇ 'ഓഫീസ് കെട്ടിടങ്ങൾക്ക്' 1,200 ച.മീ തറ വിസ്തീർണ്ണം വരെ 90 ച.മീറ്ററിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒരു പാർക്കിങ് സ്ഥലവും 1,200 ച.മീറ്ററിൽ കവിഞ്ഞുള്ള അധിക ഫ്ലോർ ഏരിയയ്ക്ക് 60 ച.മീറ്ററിന് അല്ലെങ്കിൽ അതിന്റെ ഭാഗത്തിന് ഒന്ന് എന്ന നിരക്കിലും ഒരു പാർക്കിങ് സ്പേയ്സ് ആവശ്യമാണ്. എന്നാൽ, പ്രസ്തുത കെട്ടിടത്തിന് 101 പാർക്കിംഗ് സ്പേയ്സ് നൽകുന്നതിനു പകരം എട്ട് കാർ പാർക്കിംഗ് സ്പെയ്സുകൾ മാത്രമേ നൽകിയിരുന്നുള്ളൂ. ഇതുമൂലം 93 കാർ പാർക്കിംഗ് സ്പെയ്സിന്റെ കുറവുണ്ടായി. ഫയർ എൻഒസിയുടെ അഭാവം, പാർക്കിംഗ് ഏരിയയുടെ കുറവ്, മുൻകൂട്ടി അറിയിക്കാത്തത് മുതലായ ന്യൂനതകൾ ചൂണ്ടിക്കാട്ടി യുഎൽബി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയില്ല. എന്നാൽ, കെട്ടിടം 2024 ഫെബ്രുവരി മുതൽ ഉപയോഗിച്ചു തുടങ്ങി.

കെഎംബിആർ, 2019ലെ ചട്ടം 5(3) പാലിക്കേണ്ടതാണ് എന്ന് എല്ലാ വകുപ്പുതലവൻമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും മഞ്ചേരിയിലെ കോടതി സമുച്ചയത്തെ സംബന്ധിച്ച് മുനിസിപ്പാലിറ്റിയുടെ നോട്ടീസുകൾക്കുള്ള മറുപടി ഇനിയും ലഭിച്ചിട്ടില്ലെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

## 5.11 ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിലെ പോരായ്മകൾ

കെഎംബിആർ, 2019ലെ ചട്ടം 20 പ്രകാരം നിർമ്മാണം പൂർത്തിയായശേഷം ഉടമസ്ഥൻ പ്രസക്തമായ പ്ലാനുകളോടെ ഒപ്പു വച്ച ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ അനുമതി പ്രകാരമാണ് നിർമ്മാണം എന്ന് ബോധ്യപ്പെട്ടതിന് ശേഷം 15 ദിവസത്തിനുള്ളിൽ സെക്രട്ടറി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതുപോലെ വിവിധ അധികാരികളിൽ നിന്ന് വേണ്ട നിയമപരമായ ക്ലിയറൻസ് ഉറപ്പാക്കാതെയും ആവശ്യമായ പാർക്കിങ് സ്ഥലം ഉറപ്പുവരുത്താതെയും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിലുള്ള വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

[67] കൊച്ചി കോർപ്പറേഷനും വർക്കല, തൃക്കാക്കര, ആലുവ, പെരിന്തൽമണ്ണ, മഞ്ചേരി, നിലമ്പൂർ, മുക്കം മുനിസിപ്പാലിറ്റികളും

### 5.11.1 ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആവശ്യമായ കാർപാർക്കിംഗ് സ്പേയ്സ്/ഡ്രൈവ് വേ ഉറപ്പാക്കാതിരുന്നത്

**പട്ടിക 5.4**ൽ വിവരിച്ചിരിക്കുന്നതുപോലെ കെഎംബിആർ, 2019ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ആറ് യുഎൽബികൾ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

**പട്ടിക 5.4: കെഎംബിആർ, 2019ലെ വകുപ്പുകൾ ലംഘിച്ചുകൊണ്ട് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയത്**

| ക്രമ നമ്പർ | യുഎൽബിയുടെ പേര് | കെട്ടിടത്തിന്റെ പേര് | കെഎംബിആർ വ്യവസ്ഥകളുടെ ലംഘനം | പരാമർശങ്ങൾ |
|---|---|---|---|---|
| 1. | ആലുവ, ആറ്റിങ്ങൽ, രാമനാട്ടുകര, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികൾ | നാല് കെട്ടിടങ്ങൾ<br>1.ബിഎ 101/18-19<br>2.ബിഎ 389/19-20<br>3.ബിഎ/44522/2019<br>4.ബിഎ-121/17-18 | അംഗീകരിച്ച പ്ലാനുകൾ കാണിക്കുന്നത് ആവശ്യമുള്ളതിനേക്കാൾ 25 കാർ പാർക്കിംഗ് സ്പേയ്സുകളുടെ കുറവാണ് | ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാതെ നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകി |
| 2. | ആലുവ മുനിസിപ്പാലിറ്റി | ഇ2-ടിബിഎ 346179/2019 | ആറ് പാർക്കിംഗ് സ്പേയ്സുകൾ ലഭ്യമായിരുന്നില്ല | പ്ലാനിൽ കാണിച്ചിരുന്ന യന്ത്രവൽകൃത പാർക്കിംഗ് സംവിധാനം സ്ഥാപിച്ചിരുന്നില്ല |
| 3. | ആറ്റിങ്ങൾ മുനിസിപ്പാലിറ്റി | രണ്ടു കെട്ടിടങ്ങൾ<br>1. ബിഎ 202/19-20<br>2.പിഡബ്ല്യൂ 4-ടിബിഎ 231825/2019 | കെഎംബിആർ, 2019ൽ വിഭാവനം ചെയ്തിരുന്ന മൂന്നു മീറ്റർ ഡ്രൈവ് വേയ്ക്കു പകരം 2.7 മീ. ഉം 2.75 മീ ഉം മാത്രമേ പൂർത്തീകരണ പ്ലാനിൽ ഉണ്ടായിരുന്നുള്ളൂ | ആവശ്യമായ ഡ്രൈവ്വേ ഉറപ്പാക്കാതെ കെഎംബിആർ, 2019ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി യുഎൽബി രണ്ടു കേസുകളിലും ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി (2019 ഓഗസ്റ്റും, 2023 മേയും) |
| 4. | ആറ്റിങ്ങൾ മുനിസിപ്പാലിറ്റി | രണ്ടു കെട്ടിടങ്ങൾ<br>1.പിഡബ്ല്യൂ 4-ടിബിഎ 231825/2019<br>2.ബിഎ 372/20-21 | കെട്ടിടത്തിന്റെ ഒരു വശം സമീപത്തുള്ള റോഡുമായി ചേർന്നിരുന്നതു കാരണം ആവശ്യമായ ഒരു മീറ്റർ സെറ്റ്ബാക്ക് ഇല്ലായിരുന്നു | യുഎൽബി 2019 ഓഗസ്റ്റിലും 2021 മാർച്ചിലുമായി കെട്ടിടങ്ങൾക്കുള്ള ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകിയിരുന്നു |
| 5. | തിരുവനന്തപുരം കോർപ്പറേഷൻ | ലോറൽ പാർക്ക് അപ്പാർട്ട്മെന്റ്സ്, വഞ്ചിയൂർ, അനുമതി നമ്പർ ഈ 11/ടിപി7/ബിഎ/1141/07 (വാസഗൃഹം 2503.55 ച.മീ ഉയരം 30.4 മീ) | അഗ്നിരക്ഷാ സംവിധാനത്തിനായി അഞ്ചുമീറ്റർ ഡ്രൈവ് വേ[68] ഉറപ്പാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി | ഫയർ ആന്റ് റേസ്ക്യൂ സർവീസസ് വകുപ്പ് അഞ്ച് മീറ്റർ ഡ്രൈവ് വേ ഉറപ്പാക്കാതെ ഫയർ എൻഒസി നൽകി |
| 6. | കൊച്ചി കോർപ്പറേഷൻ | അനുമതി നമ്പർ ഇവൈപി3/154/0324/18, ജി+4 1066.96 ച.മീ ഏരിയയുള്ള വാസഗൃഹവും വാണിജ്യവുമായ കെട്ടിടം | ഒരു ലിഫ്റ്റ് നിർബന്ധമായും വേണമായിരുന്നെങ്കിലും അത് സ്ഥാപിച്ചിരുന്നില്ല (2024 സെപ്റ്റംബർ) | നിർബന്ധിത ആവശ്യമായിരുന്ന ഒരു ലിഫ്റ്റ് ഉറപ്പാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി (2023 സെപ്റ്റംബർ) |

*(ഉറവിടം: അതത് യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയും സംയുക്ത ഭൗതിക പരിശോധനയും)*

---

[68] ഇടതുവശം 1.48 മീ., വലതുവശം 3.60 മീ., മുൻവശം 4.76 മീ. സെറ്റ്ബാക്ക്

ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനു മുമ്പ് കെഎംബിആർ, 2019ലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിൽ മുനിസിപ്പൽ അധികാരികൾക്കുണ്ടായ വീഴ്ചയാണ് മേൽപറഞ്ഞ ഉദാഹരണങ്ങൾ പ്രധാനമായും വെളിവാക്കുന്നത്, തൽഫലമായി നിയന്ത്രണങ്ങളുടെ അനുപാലനവും പൊതുജനതാൽപര്യവും വിട്ടു വീഴ്ച ചെയ്യപ്പെടുന്നു.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും മറ്റുള്ള കേസുകളിൽ പരിശോധന നടക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

### 5.11.2 വിവിധ അധികാരികളിൽ നിന്നുള്ള ആവശ്യമായ ക്ലിയറൻസ് ഉറപ്പാക്കാതെ ക്രമരഹിതമായി നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയത്

കെഎംബിആർ, 2019ലെ ചട്ടം 5(4) പ്രകാരം, കെട്ടിടനിർമ്മാണ അനുമതി നൽകുന്നതിനു മുൻപ് സെക്രട്ടറി വിവിധ അധികാരികളിൽ നിന്നുള്ള നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (എൻഒസി)/അനുമതി ലഭ്യമാക്കേണ്ടതാണ്. എന്നാൽ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് (കെഎസ്പിസിബി), അഗ്നിരക്ഷാസേവന വകുപ്പ്, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ (എഎഐ), ജില്ലാ ടൗൺ പ്ലാനർ (ഡിടിപി) തുടങ്ങിയ അധികാരികളിൽ നിന്നും ആവശ്യമായ നിയമപരമായ ക്ലിയറൻസുകൾ ഉറപ്പാക്കാതെ അഞ്ചു നിർമ്മാണങ്ങൾക്ക് തിരുവനന്തപുരം കോർപ്പറേഷനും മുക്കം മുനിസിപ്പാലിറ്റിയും ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകി. ഇവ **പട്ടിക 5.5**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 5.5: എൻഒസി ഉറപ്പാക്കാതെ നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയത്**

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരങ്ങൾ (യുഎൽബിയുടെ പേര്) | നിർമ്മാണ അനുമതി/ ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ തീയതി | കെട്ടിടത്തിന്റെ ഗണം (ഏരിയ ച.മീറ്ററിൽ) | എൻഒസി ആരിൽ നിന്ന് ലഭ്യമാക്കിയില്ല | പരാമർശങ്ങൾ |
|---|---|---|---|---|---|
| 1. | സതേൺ ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ് (തിരുവവന്തപുരം കോർപ്പറേഷൻ) | 2021 ഫെബ്രുവരി 08 (ഒക്യുപൻസി സർട്ടിഫിക്കറ്റ്) | വാസഗൃഹം (3439.03) | കെഎസ്പി സിബി, അഗ്നിരക്ഷ വകുപ്പ് | കെട്ടിടത്തിന്റെ ഉയരം 27മീറ്റർ ആയിരുന്നു. എന്നാൽ, ഫയർ ഫൈറ്റിങ്ങിന് വേണ്ടിയിരുന്ന അഞ്ചു മീറ്റർ ഡ്രൈവ്‌വേ ഉറപ്പാക്കാതെയും കെഎസ്പിസിബിയിൽ നിന്നുള്ള എൻഒസി ഇല്ലാതെയും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി |
| 2. | സൺ പ്രൊജക്ട്സ് (തിരുവനന്തപുരം കോർപ്പറേഷൻ) | 2023 സെപ്റ്റംബർ 15 (ഒക്യുപൻസി സർട്ടിഫിക്കറ്റ്) | വാസഗൃഹം (6144.28) | കെഎസ്പി സിബി | ആറുമാസത്തിനകം എൻഒസി ഹാജരാക്കണം എന്ന വ്യവസ്ഥയിൽ യുഎൽബി ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി. എന്നാൽ, യുഎൽബി ഇതുവരെ അത് ഉറപ്പാക്കിയിട്ടില്ല (2025 ജനുവരി 24). |
| 3. | എസ്ആർകെ കൺസ്ട്രക്ഷൻസ് (തിരുവനന്തപുരം കോർപ്പറേഷൻ) | 2021 ജനുവരി 13 (ഒക്യുപൻസി സർട്ടിഫിക്കറ്റ്) | വാസഗൃഹം (9091.76) | എഎഐ | കെട്ടിടത്തിന്റെ അനുവദനീയമായ ഉയരം 49.328 മീറ്റർ ആയിരുന്നു. കെട്ടിടത്തിന്റെ ഉയരം 8.96 മീ. അധികരിച്ചിരുന്നു. അധികരിച്ച ഉയരത്തിന് എഎഐ എൻഒസി നിഷേധിച്ചെങ്കിലും കെട്ടിടം ഇപ്പോഴും ഉപയോഗത്തിലാണ്, യുഎൽബി തുടർ നടപടികളൊന്നും എടുത്തിട്ടില്ല. |

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരങ്ങൾ (യുഎൽബിയുടെ പേര്) | നിർമ്മാണ അനുമതി/ ഒക്യുപൻസി സർട്ടിഫിക്കറ്റിന്റെ തീയതി | കെട്ടിടത്തിന്റെ ഗണം (ഏരിയ ച.മീറ്ററിൽ) | എൻഒസി ആരിൽ നിന്ന് ലഭ്യമാക്കിയില്ല | പരാമർശങ്ങൾ |
|---|---|---|---|---|---|
| 4. | കേരള അഗ്രോ ഇൻഡസ്ട്രിയൽ കോർപ്പറേഷൻ (തിരുവനന്തപുരം കോർപ്പറേഷൻ) | 2022 ജൂൺ 30 (ഒക്യുപൻസി സർട്ടിഫിക്കറ്റ്) | വാണിജ്യം (945.90), നാല് നിലകൾ | ഡിസ്ട്രിക്റ്റ് ഹെറിറ്റേജ് ആൻഡ് ആർട്ട്സ് കമ്മിറ്റി | പൈതൃക സോണിനു കീഴിൽ വരുന്ന നിർമ്മാണം ആയതിനാൽ ഏത് വികസനത്തിനും ഡിസ്ട്രിക്റ്റ് ഹെറിറ്റേജ് ആൻഡ് ആർട്സ് കമ്മിറ്റിയുടെ അംഗീകാരം നിർബന്ധമായിരുന്നു. എന്നാൽ, അത് ലഭ്യമാക്കാതെ ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി |
| 5. | ബിഎ58204/2018 (സെന്റ് ജോസഫ് ആശുപത്രി) മുക്കം മുനിസിപ്പാലിറ്റി | 2018 മാർച്ച് 21 (കെട്ടിട നിർമ്മാണ അനുമതി) | ആശുപത്രി (4633.54) | ഡിടിപി, അഗ്നിരക്ഷ വകുപ്പ് | ഡിടിപിയുടെ അംഗീകാരം ഉറപ്പാക്കാതെയും അഗ്നിരക്ഷ വകുപ്പിന്റെ എൻഒസി ഇല്ലാതെയും കെട്ടിടനിർമ്മാണ അനുമതി നൽകി. കെട്ടിടം ഉപയോഗത്തിലാണെന്ന് കണ്ടെത്തി (2024 ഡിസംബർ) |
| 6. | എഫ്ഇ2/ബിഎ/53/2020 (തിരുവനന്തപുരം കോർപ്പറേഷൻ) | 2020 ജൂൺ 15 (കെട്ടിട നിർമ്മാണ അനുമതി) | പ്രത്യേക വാസഗൃഹം (748.50) | എഎഐ | 2015 മേയ് 29ലെ എയർപോർട്ട് എൻഒസി പരിഗണിച്ചാണ് നിർമ്മാണ അനുമതി നൽകിയത്. എന്നാൽ, അതിന്റെ കാലാവധി 2020 മേയ് 28ന് അവസാനിച്ചിരുന്നു. |

*(ഉറവിടം: ബന്ധപ്പെട്ട യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയും സംയുക്ത ഭൗതിക പരിശോധനയും)*




**ചിത്രം 5.1: എഎഐ എൻഒസി നിഷേധിച്ചെങ്കിലും എസ്ആർകെ ഷെൽട്ടർ പ്രവർത്തിക്കുന്നു**



**ചിത്രം 5.2: മുക്കം മുനിസിപ്പാലിറ്റിയിലെ സെന്റ് ജോസഫ് ആശുപത്രി**

മുകളിൽ വിവരിച്ച നിർമ്മാണങ്ങൾക്കു പുറമെ, മുക്കം, തൃക്കാക്കര മുനിസിപ്പാലിറ്റികൾ അഗ്നി രക്ഷാവകുപ്പിൽ നിന്നും എൻഒസി ലഭ്യമാക്കാതെ നാലു നിർമ്മാണങ്ങൾക്ക്[69] കെട്ടിട നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിറ്റിക്കറ്റുകൾ നൽകിയിരുന്നു. കെട്ടിട്ടങ്ങളുടെ വിശദവിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

കെട്ടിടങ്ങളുടെ നിർമ്മാണ അനുമതി നൽകുന്ന സമയത്ത് എൻഒസിയുടെ ലഭ്യത യുഎൽബികൾ ഉറപ്പാക്കിയിരുന്നില്ല എന്നും ഈ നിർമ്മാണങ്ങൾ അനധികൃത നിർമ്മാണങ്ങളായി തന്നെ അവശേഷിച്ചിരുന്നു (2025 മേയ്) എന്നും ഓഡിറ്റിൽ കണ്ടു.

[69] മുക്കം മുനിസിപ്പാലിറ്റി: കാരശ്ശേരി സർവീസ് കോപ്പറേറ്റീവ് ബാങ്ക്, എംഎഎംഒ കോളേജ് പ്രധാന കെട്ടിടം
തൃക്കാക്കര മുനിസിപ്പാലിറ്റി: ടിപി1 ബിഎ-173/2023 ഉം ടിപി1 ബിഎ-174/23

നിർമ്മാണങ്ങൾക്ക് ആവശ്യമായ ക്ലിയറൻസുകൾ ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും അനുവദിക്കുന്നത് ബന്ധപ്പെട്ട യുഎൽബികളുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്.

ആവശ്യമായ സർട്ടിഫിക്കറ്റുകൾ 15 ദിവസത്തിനകം ഹാജരാക്കുന്നതിന് ബന്ധപ്പെട്ട കെട്ടിട ഉടമസ്ഥർക്ക് യുഎൽബികൾ നോട്ടീസുകൾ നൽകിയെന്നും ആവശ്യമായ നടപടികൾ ആരംഭിക്കാൻ ബന്ധപ്പെട്ട യുഎൽബികൾക്ക് എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർക്കാർ മറുപടി പറഞ്ഞു (2025 ഒക്ടോബർ).

## 5.12 അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ ഫലപ്രദമല്ലാത്ത നടപടി

കെഎംബിആർ, 2019 പ്രകാരം, ഏതെങ്കിലും വസ്തു വികസിപ്പിക്കുന്നതിനോ പുനർവികസിപ്പിക്കുന്നതിനോ ഏതെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനോ, പുനർനിർമ്മിക്കുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ ദീർഘിപ്പിക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ കെട്ടിട നിർമ്മാണ അനുമതി നിർബന്ധമാണ്. നിർമ്മാണങ്ങൾ നിയമത്തിന്റെയോ ചട്ടങ്ങളുടെയോ വ്യവസ്ഥകൾ ലംഘിച്ചിട്ടില്ലെങ്കിൽ, മാറ്റം വരുത്താതെയും ഇടിച്ചു കളയാതെയും, അതിന്മേൽ ബാധകമായ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കിയ ശേഷം അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ കെഎംബിആർ, 2019 സെക്രട്ടറിയെ അധികാരപ്പെടുത്തുന്നു. മറിച്ച്, നിയമപരമല്ലാതെ ആരംഭിച്ചതോ, നടന്നു കൊണ്ടിരിക്കുന്നതോ പൂർത്തീകരിച്ചതോ ആയ നിർമ്മാണം ഇടിച്ചു കളയുന്നതിനോ മാറ്റം വരുത്തുന്നതിനോ സെക്രട്ടറി നടപടി എടുക്കേണ്ടതാണ്.

ഇതിനുപുറമെ, അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതുവരെ അവയ്ക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകുന്നതിനായി കേരള മുനിസിപ്പാലിറ്റി നിയമം, 1994ലെ 242(3)-ാം വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തുന്നു. അനധികൃത നിർമ്മാണം ഇടിച്ചുകളയാൻ ഉടമസ്ഥൻ പരാജയപ്പെടുകയാണെങ്കിൽ അനധികൃത നിർമ്മാണം സെക്രട്ടറി ഇടിച്ചുകളയുകയും അതിന്മേൽ ചെലവായത് നിയമത്തിൻകീഴിൽ കുടിശ്ശികയായ വസ്തു കരം എന്ന രീതിയിൽ ഉടമസ്ഥനിൽ നിന്ന് വസൂലാക്കാനും കെഎംബിആർ, 2019ലെ ചട്ടം 96(1)ഉം 1994ലെ കെഎം നിയമത്തിലെ 406-ാം വകുപ്പും വിഭാവനം ചെയ്യുന്നു. 2019 നവംബർ 07 വരെ ഉള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് കെഎംബിആർ, 2019ലെ ചില വ്യവസ്ഥകൾക്ക് 2024ലെ കേരളാ മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ ഇളവു നൽകിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ സമയവും നിക്ഷേപങ്ങളും പരിഗണിച്ച് ക്രമവൽക്കരിക്കാൻ സാധ്യമല്ലെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി 2024 ഡിസംബറിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്[70].

ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) നൽകിയ വിവരങ്ങൾ (2025 മേയ്) പ്രകാരം തിരഞ്ഞെടുത്ത യുഎൽബികളിൽ 8,105 അനധികൃത നിർമ്മാണങ്ങൾ[71] അന്തിമ നടപടിക്കായി അവശേഷിച്ചിരുന്നു. വസ്തുനികുതി ഈടാക്കുന്നതിനായി ഈ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിരുന്നു. 8,105 അനധികൃ നിർമ്മാണങ്ങളിൽ 7,734 നിർമ്മാണങ്ങൾ അഞ്ച് യുഎൽബികളിലായിരുന്നു എന്ന് വിശദമായ വിശകലനത്തിൽ വെളിപ്പെട്ടു. വിശദവിവരങ്ങൾ **പട്ടിക 5.6**ൽ നൽകിയിരിക്കുന്നു.

---

[70] 2024ലെ സിവിൽ അപ്പീൽ നമ്പർ 14604ഉം, 2024 ഡിസംബർ 17ലെ ഉത്തരവും

[71] കോഴിക്കോട് കോർപ്പറേഷൻ: 4393, തിരുവനന്തപുരം കോർപ്പറേഷൻ: 1430, കൊച്ചി കോർപ്പറേഷൻ: 1506, വർക്കല മുനിസിപ്പാലിറ്റി: 211, രാമനാട്ടുകര മുനിസിപ്പാലിറ്റി: 194, ആലുവ മുനിസിപ്പാലിറ്റി :82, തൃക്കാക്കര മുനിസിപ്പാലിറ്റി: 79, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി: 54, മുക്കം മുനിസിപ്പാലിറ്റി: 47, മഞ്ചേരി മുനിസിപ്പാലിറ്റി: 32, കോതമംഗലം മുനിസിപ്പാലിറ്റി: 29, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി: 20, നിലമ്പൂർ മുനിസിപ്പാലിറ്റി: 17, ആറ്റിങ്ങൽ മുനിസിപ്പാലിറ്റി: 11

**പട്ടിക 5.6: തീർപ്പാക്കാത്ത അനധികൃത നിർമ്മാണങ്ങളുടെ തൽസ്ഥിതി**

| ക്രമ നമ്പർ | യുഎൽബിയുടെ പേര് | 2025 മേയ് ലെ ഐകെഎം ഡാറ്റ അനുസരിച്ച് അനധികൃത നിർമ്മാണങ്ങളുടെ എണ്ണം | 2019-2024 കാലയളവിൽ റിപ്പോർട്ട് ചെയ്ത അനധികൃത നിർമ്മാണ- ങ്ങളുടെ എണ്ണം | 2019-2024 കാലയളവിൽ ക്രമവൽക്കരിച്ച അനധികൃത നിർമ്മാണങ്ങളുടെ എണ്ണം | 2019-2024 കാലയളവിൽ റിപ്പോർട്ട് ചെയ്ത അനധികൃത നിർമ്മാണങ്ങളിൽ ഉള്ള പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | കോഴിക്കോട് കോർപ്പറേഷൻ | 4393 | 5 | ഇല്ല | നോട്ടീസുകൾ നൽകിയതല്ലാതെ ഇന്നേവരെ ഒരു തുടർ നടപടിയും സ്വീകരിച്ചിട്ടില്ല |
| 2 | തിരുവനന്തപുരം കോർപ്പറേഷൻ | 1430 | 116 | ഇല്ല | സിആർഇസഡ് II പ്രദേശത്തു വരുന്ന 48 വാസഗൃഹ കെട്ടിടങ്ങൾക്ക് കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നും ബാക്കിയുള്ള 68 കെട്ടിടങ്ങൾക്ക് കെസിഇസഡ്എംഎയിൽ നിന്നും എൻഒസി ലഭിക്കേണ്ടതുണ്ട് |
| 3 | കൊച്ചി കോർപ്പറേഷൻ | 1506 | 27 | ഇല്ല | കെസിഇസഡ്എംഎയിൽ നിന്നുള്ള എൻഒസി ലഭ്യമാക്കിയിട്ടില്ല |
| 4 | വർക്കല മുനിസിപ്പാലിറ്റി | 211 | 69 | ഇല്ല | ക്ലിഫ് എഡ്ജിൽ നിന്ന 10 മീറ്ററിനുള്ളിൽ ഉള്ള 69 അനധികൃത നിർമ്മാണങ്ങൾ റിസോർട്ടുകൾ, റസ്റ്റോറന്റുകൾ, കഫേകൾ, വസ്തുക്കടകൾ, കരകൗശല സ്റ്റോറുകൾ, എന്നിവ പോലുള്ള വിവിധ ആവശ്യങ്ങൾക്കായി ഉപയോഗത്തിൽ ആണ്. 69 എണ്ണത്തിൽ 8 കെട്ടിടങ്ങളുടെ വ്യവഹാരം കോടതിയിൽ ആണ്. ഉടമസ്ഥർക്ക് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്ന് മുനിസിപ്പാലിറ്റി അറിയിച്ചു. എന്നാൽ അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ ഒരു നടപടിയും മുനിസിപ്പാലിറ്റി എടുത്തിട്ടില്ല |
| 5 | രാമനാട്ടുകര മുനിസിപ്പാലിറ്റി | 194 | 52 | 2 | 25 എണ്ണം അനധികൃത നിർമ്മാണങ്ങൾ ആയിരുന്നു. ഡാറ്റാ ബാങ്കിൽ[72] ഉൾപ്പെടുത്തിയതുകാരണം 15 കേസുകൾ ക്രമവൽക്കരിച്ചിട്ടില്ല. കെസിഇസഡ്എംഎ, അഗ്നിരക്ഷ വകുപ്പ് എന്നിവയിൽ നിന്നുള്ള എൻഒസി ഹാജരാക്കാത്തതുകാരണം രണ്ട് കേസുകൾ അവശേഷിക്കുന്നു. എട്ട് കേസുകളിൽ കെഎംബിആർ ലംഘനങ്ങൾ ഉണ്ടായിരുന്നു |
| | | **7734** | **269** | **2** | |

*(ഉറവിടം: അതത് യുഎൽബികൾ നൽകിയ വിവരങ്ങൾ)*

ഓഡിറ്റ് കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 269 അനധികൃത നിർമ്മാണങ്ങളിൽ രണ്ടെണ്ണം മാത്രമേ ക്രമവൽക്കരിക്കപ്പെട്ടിട്ടുള്ളൂ എന്ന് പട്ടികയിൽ നിന്ന് കാണാവുന്നതാണ്. മറ്റുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ (2025 മേയ്) സ്വീകരിച്ചിട്ടില്ല. സിആർഇസഡ് പ്രദേശത്തെ രണ്ടു കെട്ടിടങ്ങൾ **ചിത്രം 5.3**ലും **ചിത്രം 5.4**ലും കാണിച്ചിരിക്കുന്നു.

---

72 കേരള നെൽവയൽ, തണ്ണീർതട സംരക്ഷണ നിയമം, 2008നു കീഴിൽ തയ്യാറാക്കിയിട്ടുള്ള നെൽവയലുകളുടെയും തണ്ണീർ തടങ്ങളുടെയും ഒരു ലിസ്റ്റ് ആണ് ഡാറ്റാബാങ്ക്




*ചിത്രം 5.3: വർക്കല മുനിസിപ്പാലിറ്റിയിൽ ക്ലിഫിൽ നിന്നും 10 മീറ്ററിനുള്ളിൽ സിആർഇസഡ് പ്രദേശത്ത് നിർമ്മിച്ച ബ്ലാക്ക് ബീച്ച് റിസോർട്ട്*



*ചിത്രം 5.4: കോഴിക്കോട് കോർപ്പറേഷനിൽ സിആർഇസഡ് പ്രദേശത്ത് ഉള്ള അനധികൃത നിർമ്മാണം*

2024 മാർച്ചിൽ അന്തിമ നടപടി എടുക്കാൻ അവശേഷിച്ചിരുന്ന കുറച്ച് അനധികൃത നിർമ്മാണങ്ങൾ ഓഡിറ്റ് വിശകലനം ചെയ്തു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

### 5.12.1 അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഇടപ്പള്ളി, കൊച്ചി കോർപ്പറേഷൻ

വിദ്യാഭ്യാസപരമായ അധിവാസം (നേഴ്സിംഗ് സ്കൂൾ) എന്ന ഗണത്തിൻ കീഴിൽ വരുന്ന ആകെ 17,020.55 ച.മീ വിസ്തീർണ്ണമുള്ള മൂന്ന് അനധികൃത കെട്ടിടങ്ങളുടെ ക്രമവൽക്കരണത്തിന് ഇടപ്പള്ളിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് അപേക്ഷിച്ചു (2021 ഫെബ്രുവരി). ആവശ്യം വേണ്ട രേഖകളായ വസ്തു കരം അടച്ച രസീതുകൾ, പൊസഷൻ സർട്ടിഫിക്കറ്റ് മുതലായവ സമർപ്പിച്ചിരുന്നില്ല എന്നതിനാൽ അപേക്ഷ പൂർണ്ണമല്ലായിരുന്നു (2021 നവംബർ). കെഎംബിആർ, 2019ലെ ചട്ടം 12 നിഷ്കർഷിക്കുന്നതുപോലെ വിവരം എഴുതി അറിയിക്കുന്നതിന് പകരം അപേക്ഷകനെ ന്യൂനതകൾ വാക്കാൽ അറിയിക്കുകയാണുണ്ടായത്. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനോ ഇടിച്ചുകളയുന്നതിനോ വേണ്ട തുടർനടപടികളൊന്നും എടുത്തില്ല (2025 മേയ്). യുഎൽബിയിൽ നിന്നുള്ള യാതൊരു അംഗീകാരവും ഇല്ലാതെ തന്നെ കെട്ടിടം ഉപയോഗിക്കപ്പെടുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 5.12.2 നജാത് ആശുപത്രി, ആലുവ മുനിസിപ്പാലിറ്റി

നജാത് ആശുപത്രി 1,705 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഒരു അപേക്ഷ സമർപ്പിച്ചു (2018 മേയ്). കെട്ടിടം അനുവദനീയമായ ഉയരത്തിൽ നിന്നും അധികരിച്ചു (അനുവദനീയമായ 14.85 മീറ്ററിനു പകരം കെട്ടിടത്തിന്റെ ഉയരം 16 മീറ്ററാണ്), സൈറ്റിലേയ്ക്കുള്ള വഴി പുറമ്പോക്ക്[73] വസ്തുവിലൂടെയാണ്, ഫയർഎസ്കേപ്പ് സ്റ്റെയർകേസിന്റെ അഭാവം, ഏതെങ്കിലും രണ്ട് വശങ്ങളിൽ ഫയർഫൈറ്റിങ് പ്രവർത്തനങ്ങൾക്കായി നിർബന്ധിത അഞ്ച് മീറ്റർ ക്ലിയറൻസ് ഇല്ലാത്തത്, സെറ്റ് ബാക്കുകൾ തെക്കുവശത്ത് 1.55 മീറ്ററും, വടക്കുവശത്ത് 1.7 മീറ്ററും മാത്രമേ ഉണ്ടായിരുന്നുള്ളു തുടങ്ങിയ നിരവധി ലംഘനങ്ങൾ ചൂണ്ടിക്കാട്ടി ആലുവ മുനിസിപ്പാലിറ്റി അപേക്ഷ നിരസിച്ചു.

[73] പൊതുജന ആവശ്യങ്ങൾക്കും മറ്റ് സമൂഹ ആവശ്യങ്ങൾക്കും ഉപയോഗിക്കാനായി മാറ്റി വയ്ക്കപ്പെട്ട സർക്കാർ അധീനതയിലുള്ള നിർണ്ണയിക്കപ്പെടാത്ത ഭൂമി

കെട്ടിടം ഉപയോഗപ്പെടുത്തുകയും ആശുപത്രിയായി പ്രവർത്തിക്കുകയും ചെയ്യുന്നതായി സംയുക്ത ഭൗതിക പരിശോധനയിൽ കണ്ടു, അതുവഴി പൊതുജന സുരക്ഷ വിട്ടുവീഴ്ച ചെയ്യപ്പെടുകയും ബാധകമായ നിയന്ത്രണ വ്യവസ്ഥകൾ ലംഘിക്കപ്പെടുകയും ചെയ്തു.

### 5.12.3 ശ്രീ നാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, വർക്കല മുനിസിപ്പാലിറ്റി

സംയുക്ത ഭൗതിക പരിശോധനയിൽ ശ്രീ നാരായണഗുരു കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് കാമ്പസിനകത്ത് താഴെപ്പറയുന്ന മൂന്ന് വ്യത്യസ്ത കെട്ടിടങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

- എസ്എൻ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് ആയി പ്രവർത്തിക്കുന്ന ഒരു മൂന്ന് നില വിദ്യാഭ്യാസ കെട്ടിടം (3,459.51 ച.മീ)
- ഓഡിറ്റോറിയം ആയി പ്രവർത്തിക്കുന്ന ഒരു നില കെട്ടിടം (496.87 ച.മീ)
- ലേഡീസ് ഹോസ്റ്റൽ ആയി പ്രവർത്തിക്കുന്ന ഒരു മൂന്ന് നില കെട്ടിടം (999.43 ച.മീ).



*ചിത്രം 5.5: വർക്കല മുനിസിപ്പാലിറ്റിയിലെ എസ് എൻ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിലെ അനധികൃത നിർമ്മാണം*

മുനിസിപ്പാലിറ്റിയിൽ നിന്നും ആവശ്യമായ കെട്ടിട നിർമ്മാണ അനുമതികൾ വാങ്ങാതെ ഈ കെട്ടിടങ്ങൾ എല്ലാം നിർമ്മിക്കുകയും 2013 മുതൽ പ്രവർത്തിക്കുകയും ചെയ്തു. നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും അപേക്ഷകൾ ഒന്നും ലഭിച്ചില്ല എന്നും അനധികൃത കെട്ടിടത്തിനുമേലുള്ള നികുതി യുഎൽബി ഡിമാൻഡ് ചെയ്തുവെങ്കിലും അടച്ചില്ല എന്നും യുഎൽബി പ്രസ്താവിച്ചു (2024 നവംബർ).

### 5.12.4 കെഎംസിടി എഞ്ചിനീയറിംഗ് കോളേജ്, മുക്കം മുനിസിപ്പാലിറ്റി

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഹോസ്റ്റലുകൾ, കാന്റീനുകൾ, തുടങ്ങിയ നിരവധി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 21 അനധികൃത കെട്ടിടങ്ങൾ കെഎംസിടി എഞ്ചിനീയറിംഗ് കോളേജ് കാമ്പസിനുള്ളിൽ മുക്കം മുനിസിപ്പാലിറ്റി കണ്ടെത്തി. ഇതിൽ 16 കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകുകയും യുഎൽബി വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്തിരുന്നു. യുഎൽബി ലഭ്യമാക്കിയ കരം ഒടുക്കിയ രേഖകൾ പ്രകാരം ഈ കെട്ടിടങ്ങൾ 2005നും 2011നും ഇടയിൽ നിർമ്മിക്കപ്പെട്ടതാണ്. ബാക്കി അഞ്ചു കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ ഒന്നും നൽകിയിരുന്നില്ല, ഇതിൽ ഒരു ഫാർമസി കോളേജും (5,727.01 ച.മീ) നാല് വർക്ക്ഷോപ്പുകൾ/സ്റ്റേജ് (7,840.84 ച.മീ) ഉൾപ്പെടുന്നു.

കെഎംബിആർ, 2019ലെ ലംഘനങ്ങൾ ഈ കെട്ടിടങ്ങളിൽ ഉണ്ടായിരുന്നു എന്ന് ബന്ധപ്പെട്ട യുഎൽബികൾക്ക് അറിയാമായിരുന്നിട്ടും കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും ഇല്ലാതെ തന്നെ ഈ കെട്ടിടങ്ങൾ പ്രവർത്തിച്ചുവരികയായിരുന്നിട്ടും സെക്രട്ടറിമാർ കെഎംബിആർ, 2019ലെ ചട്ടം 96 പ്രകാരമുള്ള നടപടി ഇതുവരെ സ്വീകരിച്ചില്ല.

ഭൂരിപക്ഷം അനധികൃത കെട്ടിടങ്ങൾക്കു മേലും വസ്തുനികുതി ചുമത്തിയെന്നും അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കാൻ കെട്ടിട ഉടമസ്ഥർക്ക് ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ). ബാക്കിയുള്ള കേസുകളിൽ നടപടി എടുത്തുകൊണ്ടിരിക്കുകയായിരുന്നു എന്നും യുഎൽബികൾ കെഎംബിആർ, 2019ലെ ചട്ടം 96 പ്രയോഗിക്കാത്തതിനെ കുറിച്ച് പരിശോധിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രസ്താവിച്ചു. അമൃത ഹോസ്പിറ്റലിനെ സംബന്ധിച്ചു റവന്യൂ

സ്റ്റാഫുമായി ചേർന്ന് സർവ്വേ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

വസ്തുനികുതി ഈടാക്കുന്നതിന് വേണ്ടി അനിശ്ചിതകാലത്തേയ്ക്ക് അനധികൃത നിർമ്മാണങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകുന്നത് അനധികൃത നിർമ്മാണങ്ങളുടെ പ്രശ്നം പരിഹരിക്കില്ല എന്നാണ് ഓഡിറ്റിന്റെ അഭിപ്രായം. അതിനാൽ, കെഎംബിആർ, 2019ൽ നിഷ്കർഷിച്ചിരിക്കുന്നത് പോലെ ക്രമവൽക്കരിക്കാനോ അല്ലെങ്കിൽ ഇടിച്ച് കളയാനോ ഉള്ള ഫലപ്രദമായ നടപടികൾ ആവശ്യമാണ്.

### 5.12.5 നിർബന്ധിത അനുമതികൾ ഇല്ലാതെ അനധികൃത നിർമ്മാണങ്ങൾ വിനിയോഗിച്ചത്

കെഎംബിആർ, 2019ലെ ചട്ടം 5(4) പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുമ്പ് സെക്രട്ടറി വിവിധ അധികാരികളിൽ നിന്നുള്ള എൻഒസി/അനുമതി ഉറപ്പാക്കേണ്ടതാണ്. **പട്ടിക 5.7**ൽ വിശദീകരിച്ചിരിക്കുന്നത് പോലെ അഞ്ച് യുഎൽബികളിലെ 10 അനധികൃത നിർമ്മാണങ്ങൾ വിവിധ അധികാരികളിൽ നിന്നുള്ള എൻഒസി ലഭ്യമാക്കാതെ വിനിയോഗിച്ചുകൊണ്ടിരുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു.

**പട്ടിക 5.7: എൻഒസി ഇല്ലാതെ വിനിയോഗിക്കുന്ന അനധികൃത നിർമ്മാണങ്ങൾ**

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരങ്ങൾ (യുഎൽബിയുടെ പേര്) | കെട്ടിടത്തിന്റെ ഗണം (വിസ്തീർണ്ണം ച.മീ യിൽ) | എൻഒസി ആരിൽ നിന്ന് ലഭ്യമാക്കിയില്ല | പരാമർശങ്ങൾ |
|---|---|---|---|---|
| 1 | എംജിഎം സെൻട്രൽ പബ്ലിക് സ്കൂൾ (തിരുവനന്തപുരം കോർപ്പറേഷൻ) | വിദ്യാഭ്യാസപരം (7,869.01+127.33) | കെഎസ്പിസിബി, ഫയർ | രണ്ട് കെട്ടിടങ്ങൾ 2018ൽ നിർമ്മിച്ചത് |
| 2 | എഫ് ഇ 2/5944/2023 തീയതി 03.10.24(തിരുവനന്തപുരം കോർപ്പറേഷൻ) | പ്രത്യേക പാർപ്പിടം(798.25) മൂന്ന് നിലകൾ | ഡിസ്ട്രിക്റ്റ് ആർട്ട്സ് ആൻഡ് ഹെറിറ്റേജ് കമ്മിറ്റി | ഡിസ്ട്രിക്റ്റ് ആർട്ട്സ് ആൻഡ് ഹെറിറ്റേജ് കമ്മിറ്റി രണ്ടു നിലകൾക്ക് (ജി+1) അനുമതി നൽകിയെങ്കിലും ഒരു അധിക നില കൂടി നിർമ്മിച്ചു. ഇത് ക്രമരഹിതമായിരുന്നു |
| 3 | സൺ പ്രൊജക്ട്സ് (തിരുവനന്തപുരം കോർപ്പറേഷൻ) | പാർപ്പിടം (6,144.28) | എഎഐ | അനധികൃത നിർമ്മാണം മൂലം ഉയരം 1.02 മീ. അധികരിക്കുകയും, ഇത് എയർപോർട്ട് അതോറിറ്റിയിൽ നിന്നുള്ള എൻഒസി ആവശ്യമാക്കുകയും ചെയ്തു |
| 4 | ലൈഫ് സ്റ്റൈൽ ഫ്ലാറ്റ് (കോഴിക്കോട് കോർപ്പ്റേഷൻ) | ഗാർഹികം (15,109.66) | കെഎസ്പിസിബി, ഫയർ | എൻഒസികൾ ഇല്ലാത്തതുകാരണം ഒക്യുപൻസി യുഎൽബി നിരസിച്ചിരുന്നു. കെട്ടിടം ഉപയോഗിക്കുന്നതായി കണ്ടു |
| 5 | അമൃത വിദ്യാലയം (മഞ്ചേരി മുനിസിപ്പാലിറ്റി) | അമൃത വിദ്യാലയം വിദ്യാഭ്യാസപരം (3,422.25) | ഡിടിപി, ഫയർ | |
| 6 | എംഎസ് ടവർ (മഞ്ചേരി മുനിസിപ്പാലിറ്റി) | വാണിജ്യം (506.33) | ഡിടിപി | കെട്ടിടം വാസമേഖലയിൽ നിർമ്മിച്ചിരുന്നത് കാരണം ഡിടിപി അനുമതി നിരസിച്ചിരുന്നു |
| 7 | ഹേസൽ ഇഎസ് 71/21 തീയതി 28.07.2021 (മുക്കം മുനിസിപ്പാലിറ്റി) | ആശുപത്രി (3,189.56) (ഒക്യുപൻസി പരിവർത്തനം) | ഡിടിപി | ആദ്യം ഒക്യുപൻസി നൽകിയിരുന്നത് പാർപ്പിട ആവശ്യത്തിനായിരുന്നു. പിന്നീട് ഡിടിപിയിൽ നിന്നുള്ള ക്ലിയറൻസ് ഇല്ലാതെ ആശുപത്രിയായി മാറ്റി |

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ വിവരങ്ങൾ (യുഎൽബിയുടെ പേര്) | കെട്ടിടത്തിന്റെ ഗണം (വിസ്തീർണ്ണം ച.മീ യിൽ) | എൻഒസി ആരിൽ നിന്ന് ലഭ്യമാക്കിയില്ല | പരാമർശങ്ങൾ |
|---|---|---|---|---|
| 8 | സെന്റ് സേവ്യർ വനിതാ ട്രെയിനിംഗ് കോളേജ് (ആലുവ മുനിസിപ്പാലിറ്റി) | വിദ്യാഭ്യാസപരം (2,662.24) | കെഎസ്പിസിബി | കെഎസ്പിസിബിയിൽ നിന്നുള്ള എൻഒസിയുടെ അഭാവത്തിൽ യുഎൽബി അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം നിഷേധിച്ചു |
| 9 | കെഎംസിടി കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് (മുക്കം മുനിസിപ്പാലിറ്റി) | വിദ്യാഭ്യാസപരം (8,235) | കെഎസ്പിസിബി | എൻഒസികളുടെ അഭാവത്തിൽ യുഎൽബി ഒക്യുപൻസി നിഷേധിച്ചിരുന്നു. കെട്ടിടം ഉപയോഗത്തിലാണെന്ന് കണ്ടു |
| 10 | മലബാർ മരിയൻ ട്രസ്റ്റ് (മുക്കം മുനിസിപ്പാലിറ്റി) | വിദ്യാഭ്യാസപരം (3,682.21) | ഡിടിപി, ഫയർ | |

*(ഉറവിടം: ബന്ധപ്പെട്ട യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മ പരിശോധനയും സംയുക്ത ഭൗതിക പരിശോധനയും)*

മുകളിൽ പറഞ്ഞതു കൂടാതെ, എട്ട് യുഎൽബികളിൽ[74] പാർപ്പിടം, പ്രത്യേക പാർപ്പിടം, വിദ്യാഭ്യാസപരം, ആശുപത്രി തുടങ്ങിയ വിഭാഗങ്ങൾക്കു കീഴിൽ 24 അനധികൃത നിർമ്മാണങ്ങൾ അഗ്നിരക്ഷാ വകുപ്പിൽ നിന്നുള്ള എൻഒസികൾ ഇല്ലാതെ പ്രവർത്തിച്ചിരുന്നു. വിശദവിവരങ്ങൾ **അനുബന്ധം 5.3**ൽ നൽകിയിരിക്കുന്നു. ആവശ്യമായ ക്ലിയറൻസുകൾ ലഭ്യമാക്കാതെ ഈ കെട്ടിടങ്ങൾ പ്രവർത്തിക്കുന്നത് പ്രസ്തുത യുഎൽബികളുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയാണ്.

അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യാൻ കെട്ടിട ഉടമകൾക്ക് ബന്ധപ്പെട്ട യുഎൽബികൾ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ).

എന്നിരുന്നാലും, അധികാരികളിൽ നിന്നുള്ള, പ്രത്യേകിച്ച് അഗ്നിരക്ഷാവകുപ്പിൽ നിന്നുള്ള ക്ലിയറൻസുകൾ ലഭ്യമാക്കാതെ, കെട്ടിടങ്ങളുടെ നിർമ്മാണവും താമസവും അനുവദിക്കുന്നത് വഴി യുഎൽബികൾ പൊതുജനങ്ങളുടെയും താമസക്കാരുടെയും ജീവന് ഗുരുതര സുരക്ഷാ ഭീഷണി സൃഷ്ടിക്കുന്നു.

### 5.12.6 അനധികൃത നിർമ്മാണങ്ങൾക്ക് തിരിമറിയിലൂടെ കെട്ടിട നമ്പറുകൾ നൽകിയത്

കോഴിക്കോട് കോർപ്പറേഷനിലും രാമനാട്ടുകര മുനിസിപ്പാലിറ്റിയിലും 284 അനധികൃത നിർമ്മാണങ്ങൾക്ക് തിരിമറിയിലൂടെ കെട്ടിട നമ്പറുകൾ നൽകിയത് അസസ്സ്മെന്റ് രജിസ്റ്ററിൽ കൃത്രിമം കാണിച്ചും സഞ്ചയ സോഫ്റ്റ്‌വെയറിലെ[75] ലോഗിൻ ക്രെഡൻഷ്യലുകൾ ദുരുപയോഗം ചെയ്തും ആയിരുന്നു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. ഇത് തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു.

#### *5.12.6.1 രാമനാട്ടുകര മുനിസിപ്പാലിറ്റി*

രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ റവന്യൂ സെക്ഷനിലെ രണ്ട് ഉദ്യോഗസ്ഥർ വിവിധ ഉദ്യോഗസ്ഥരുടെ ലോഗിൻ ക്രെഡൻഷ്യൽസ് ഉപയോഗിച്ച് അസസ്സ്മെന്റ് രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്‌വെയറിലും കൃത്രിമം കാണിച്ച് 82 അനധികൃത നിർമ്മാണങ്ങൾക്ക് (51

---

[74] തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളും മുക്കം, രാമനാട്ടുകര, തൃക്കാക്കര, തൃപ്പൂണിത്തുറ, വർക്കല, ആലുവ മുനിസിപ്പാലിറ്റികളും

[75] തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റവന്യൂ സംവിധാനം കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം) വികസിപ്പിച്ചെടുത്ത ഒരു ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ

വ്യക്തികൾ) കെട്ടിട നമ്പറുകൾ നൽകി. മുനിസിപ്പൽ അധികാരികൾ ഇത് കണ്ടെത്തുകയും (2022 ഏപ്രിൽ, മേയ്) ഈ കേസുകൾ ക്രമവൽക്കരിക്കാൻ അദാലത്തുകൾ നടത്തുകയും (2022 ജൂലൈ മുതൽ സെപ്റ്റംബർ വരെ) ചെയ്തെങ്കിലും കൂടുതൽ നിർമ്മാണങ്ങളും കെഎംബിആർ, 2019ന്റെ ലംഘനം ആണെന്ന് കാണുകയും ക്രമവൽക്കരണം അസാദ്ധ്യമാവുകയും ചെയ്തു. തൽഫലമായി തിരിമറിയിലൂടെ നൽകിയ കെട്ടിട നമ്പറുകൾ റദ്ദാക്കുകയും പ്രസ്തുത നിർമ്മാണങ്ങൾ അനധികൃത നിർമ്മാണങ്ങളായി തരംതിരിക്കപ്പെടുകയും ചെയ്തു.

82 അനധികൃത നിർമ്മാണങ്ങളിൽ ഇതുവരെ (2025 ഏപ്രിൽ) ഒരു നിർമ്മാണം മാത്രം ക്രമവൽക്കരിക്കുകയും ഏഴ് നിർമ്മാണങ്ങൾ ഇടിച്ചുകളയുകയും ചെയ്തു.

#### 5.12.6.2 കോഴിക്കോട് കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷനിൽ അനധികൃത നിർമ്മാണങ്ങൾക്ക് നൽകിയിരുന്ന 202 വ്യാജ കെട്ടിട നമ്പറുകൾ പരിശോധനാ സ്ക്വാഡ് കണ്ടെത്തിയിരുന്നു (2022 ജൂലൈ). കെഎം നിയമം, 1994ലെ സെക്ഷൻ 242ന് കീഴിൽ കോർപ്പറേഷൻ നടപടി ആരംഭിക്കുകയും സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയ ക്രമവിരുദ്ധമായി നൽകിയ കെട്ടിട നമ്പറുകളെ സംബന്ധിച്ച് പോലീസിൽ ഒരു പരാതി രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. 202 കേസുകളിൽ എട്ടെണ്ണം ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ, ഈ അനധികൃത കെട്ടിടങ്ങൾ 2020-21 മുതൽ വസ്തുനികുതി ഒടുക്കുക ആയിരുന്നു എന്ന് വെളിപ്പെട്ടു.

അങ്ങനെ, മൂന്നു വർഷങ്ങൾ കഴിഞ്ഞതിനുശേഷവും 276 നിർമ്മാണങ്ങൾ വ്യാജ കെട്ടിട നമ്പറിൽ അനധികൃത നിർമ്മാണങ്ങൾ ആയി തുടരുന്നു (2025 മേയ്).

അനധികൃത നിർമ്മാണങ്ങൾക്ക് ബാധകമായ വസ്തുനികുതി ഈ നിർമ്മാണങ്ങൾക്കെല്ലാം എതിരെ ചുമത്തിയെന്നും വിജിലൻസ് അന്വേഷണം നടക്കുകയാണെന്നും നോട്ടീസുകൾ ലഭിച്ച കെട്ടിട ഉടമകൾ ഹൈക്കോടതിയെയും എൽഎസ്ജിഐകൾക്കുള്ള ട്രൈബ്യൂണലിനെയും സമീപിച്ചിട്ടുണ്ടെന്നും സർക്കാർ പറഞ്ഞു (2025 ഒക്ടോബർ).

## 5.13 ആന്തരിക നിയന്ത്രണസംവിധാനത്തിലും നിരീക്ഷണസംവിധാനത്തിലും ഉണ്ടായ ന്യൂനതകൾ

നിയമത്തിന്റെയും/ചട്ടങ്ങളുടെയും ലംഘനങ്ങൾ ഇല്ലെങ്കിൽ മാത്രം ചില നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുവാൻ കെഎംബിആർ, 2019ലെ ചട്ടം 92 സെക്രട്ടറിക്ക് അധികാരം നൽകുന്നു. ക്രമവൽക്കരിക്കുവാനുള്ള അധികാരം അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്യാനുള്ള ഉത്തരവാദിത്തത്തിൽ നിന്ന് സെക്രട്ടറിയെ വിമുക്തനാക്കുന്നില്ല. താഴെ വിവരിച്ചിരിക്കുന്നത് പോലെ വിജിലൻസ് സംവിധാനത്തിന്റെ അഭാവം, ഒക്യുപൻസിക്കുശേഷമുള്ള ഓഡിറ്റിലെ ന്യൂനതകൾ മുതലായ ആന്തരിക നിയന്ത്രണ സംവിധാനത്തിലെ വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 5.13.1 യുഎൽബികൾ കണ്ടുപിടിക്കാത്ത അനധികൃത നിർമ്മാണങ്ങളും/ അനധികൃതമായി കെട്ടിടം ഉപയോഗിക്കുന്നതും

അവധി ദിവസങ്ങളിൽ നിയമവിരുദ്ധ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിന് സ്ക്വാഡുകൾ രൂപീകരിക്കണമെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാർ നിർദ്ദേശം നൽകിയിരുന്നു (2017 ഓഗസ്റ്റ്). 14 യുഎൽബികളിൽ ഒൻപത്[76] എണ്ണത്തിലും സ്ക്വാഡ് ഇന്ന് വരെ (2025 മേയ്) രൂപീകരിച്ചിട്ടില്ല എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

[76] മുക്കം, രാമനാട്ടുകര, നിലമ്പൂർ, കോതമംഗലം, പെരിന്തൽമണ്ണ, ആലുവ, തൃപ്പൂണിത്തുറ, മഞ്ചേരി, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികൾ

വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ ബന്ധപ്പെട്ട യുഎൽബികളിൽ കെട്ടിട നിർമ്മാണ അനുമതി വാങ്ങാതെയുള്ള അനധികൃത നിർമ്മാണം, കൂട്ടിച്ചേർക്കൽ, മാറ്റം വരുത്തൽ എന്നിവ കണ്ടെത്തി. എന്നാൽ, യുഎൽബികൾ ഈ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തിയിരുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- **അനുബന്ധം 5.4**ൽ കാണിച്ചിരിക്കുന്നതുപോലെ നാല് യുഎൽബികളിൽ[77] കെഎംബിആർ, 2019ലെ ചട്ടം 4(1)ഉം (2)ഉം ലംഘിച്ചുകൊണ്ടുള്ള 8,183 ച.മീ വിസ്തീർണ്ണം വരുന്ന 10 അനധികൃത നിർമ്മാണങ്ങൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ 10 അനധികൃത നിർമ്മാണങ്ങളിൽ ഏഴെണ്ണം ഉപയോഗിച്ചു വരുന്നതും ബാക്കി മൂന്നു കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലും ആയിരുന്നു (2024 മെയ്).
- കൂടാതെ, തിരഞ്ഞെടുത്ത യുഎൽബികളിൽ 71,171.73 ച.മീ വിസ്തീർണ്ണത്തിൽ 193 അനധികൃത കൂട്ടിചേർക്കലുകൾ/മാറ്റം വരുത്തലുകൾ ഓഡിറ്റ് കണ്ടു. അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അതാതു സമയത്തു നിലവിലുള്ള നിർമ്മാണ അനുമതി ഫീസിന്റെ ഇരട്ടി നിരക്കിൽ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുവാൻ കെഎംബിആർ, 2019ലെ ചട്ടം 95(4) സെക്രട്ടറിയെ അധികാരപ്പെടുത്തുന്നു. ക്രമവൽക്കരണത്തിലൂടെ ഈടാക്കാമായിരുന്ന കോമ്പൗണ്ടിംഗ് ഫീസ് ₹1.96 കോടി ആയിരുന്നു. യുഎൽബി തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 5.5**ൽ കൊടുത്തിരിക്കുന്നു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.
- ഒരു കെട്ടിടം ഉപയോഗിക്കുന്നതിന് മുൻപേ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിരിക്കണം എന്ന് കെഎംബിആർ, 2019 വ്യവസ്ഥ ചെയ്തിരുന്നിട്ടും, സംയുക്ത ഭൗതിക പരിശോധന വെളിപ്പെടുത്തിയത് 10 യുഎൽബികളിലെ 22 കെട്ടിടങ്ങൾ ബന്ധപ്പെട്ട യുഎൽബികളിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് വാങ്ങാതെ തന്നെ ഉപയോഗിച്ചിരുന്നു എന്നാണ്. എന്നാൽ, അനധികൃതമായി കെട്ടിടങ്ങൾ ഉപയോഗിച്ചതിന് എതിരെ യുഎൽബികൾ ഫലപ്രദമായ നടപടികൾ ഒന്നും എടുത്തില്ല. വിശദവിവരങ്ങൾ **അനുബന്ധം 5.6**ൽ കൊടുത്തിരിക്കുന്നു.

കെട്ടിട നിർമ്മാണ അനുമതി/ഒക്യുപൻസി സർട്ടിഫിക്കറ്റ് ഇല്ലാതെ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്ത രണ്ടു കെട്ടിടങ്ങൾ **ചിത്രം 5.6**ലും **ചിത്രം 5.7**ലും കൊടുത്തിരിക്കുന്നു.



***ചിത്രം 5.6: കൊച്ചി കോർപ്പറേഷനിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ അനധികൃത നിർമ്മാണം***




***ചിത്രം 5.7: രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ ഫാറൂഖ് കോളേജിലെ അനധികൃത നിർമ്മാണം***

[77] കൊച്ചി കോർപ്പറേഷനും, മുക്കം, നിലമ്പൂർ, രാമനാട്ടുകര മുനിസിപ്പാലിറ്റികളും

അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനായി സ്ക്വാഡുകൾ രൂപീകരിക്കുന്നതിന് എൽഎസ്ജിഐകൾ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് എൽഎഫ്എസി (2014-2016) അതിന്റെ മുപ്പതാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു (2015 മാർച്ച്).

തിരഞ്ഞെടുത്ത ഒൻപത് യുഎൽബികൾ സ്ക്വാഡുകൾ രൂപീകരിക്കാത്തതും അനധികൃത നിർമ്മാണങ്ങളും കൂട്ടിച്ചേർക്കലുകളും മാറ്റം വരുത്തലുകളും കണ്ടുപിടിക്കുന്നതിൽ യുഎൽബികൾക്ക് ഉണ്ടായ പരാജയവും എടുത്തു കാണിക്കുന്നത് അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനുള്ള അലംഭാവവും ചട്ടങ്ങളിൽ വിഭാവനം ചെയ്തിരിക്കുന്ന നിയന്ത്രണ നടപടികൾ നടപ്പാക്കാത്തതുമാണ്.

വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സ്ക്വാഡുകൾ രൂപീകരിക്കുകയാണെന്നും കെട്ടിട ഭൂപടം വളരെ വേഗം മാറിക്കൊണ്ടിരിക്കുകയും കെട്ടിടനിർമ്മാണ രംഗത്ത് ദ്രുതഗതിയിലുള്ള മാറ്റങ്ങളുണ്ടാവുകയും നഗര ജനവാസ നിരക്ക് അതിവേഗം വർദ്ധിക്കുകയും ചെയ്യുന്ന കൊച്ചി കോർപ്പറേഷന്റെ കാര്യത്തിൽ കാര്യക്ഷമവും പ്രയോഗികവും കുറ്റമറ്റതുമായ പരിശോധനാ സംവിധാനം നടപ്പാക്കുന്നത് വെല്ലുവിളി ഉയർത്തുന്നു എന്നും സർക്കാർ മറുപടി നൽകി (2025 ഒക്ടോബർ). എന്നിരുന്നാലും, നിയമവിരുദ്ധ നിർമ്മാണങ്ങൾ നിർത്തലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങളുടെ സാദ്ധ്യത തടയുന്നതിനും പരിശോധന വിപുലമാക്കിയും ചട്ടങ്ങൾക്കനുസൃതമായുള്ള വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിച്ചും കർശനമായി നേരിടുന്നതാണ് എന്നും കൂട്ടിചേർത്തു.

എന്നാൽ, പത്തു വർഷം കഴിഞ്ഞിട്ടും എൽഎഫ്എസിയുടെ നിർദ്ദേശങ്ങൾ പാലിക്കാത്തത് ന്യായീകരിക്കത്തക്കതല്ല. കൂടാതെ, ഓഡിറ്റ് ചൂണ്ടിക്കാണിച്ച അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക നടപടി എടുത്തതിനെക്കുറിച്ച് മറുപടിയിൽ പരാമർശമില്ല.

### 5.13.2 മൊബൈൽ ടവറുകൾ അനധികൃതമായി സ്ഥാപിച്ചതു മൂലമുള്ള റവന്യൂ നഷ്ടം

കെഎംബിആർ, 2019ലെ ചട്ടം 83ഉം കെഎംബിആർ, 1999ലെ ചട്ടം 130ഉം പ്രകാരം സെക്രട്ടറിയിൽ നിന്നും ഓരോ ടവറിനും പ്രത്യേക അനുമതി വാങ്ങാതെ ഒരു വ്യക്തിയും ഒരു സർക്കാർ ഇതര വാർത്താവിനിമയ ടവർ സ്ഥാപിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യാൻ പാടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃതനിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ, 2024 പ്രകാരം, 2019 നവംബർ 07നോ അതിനുമുൻപ് പണിതതോ പൂർത്തിയാക്കിയതോ ആയ മൊബൈൽ ടവറുകൾ, ഓരോ ടൗവറിനും അപേക്ഷാഫീസായ ₹10,000ഉം കോമ്പൗണ്ടിങ് ഫീസായി ഒരു ടവറിന് ₹2.50 ലക്ഷവും നൽകി ക്രമവൽക്കരിക്കേണ്ടതാണ്. കെഎംബിആർ, 2019ലെ ചട്ടം 87(6) പ്രകാരം വാർത്തവിനിമയ ടവർ സ്ഥാപിക്കുന്നതിനുള്ള ഫീസ് ₹10,000 ആണ്. കെഎംബിആർ, 2019ലെ ചട്ടം 95 നിഷ്കർക്കുന്നത് പ്രകാരം അനധികൃത ടവറുകൾ ക്രമവൽക്കരിക്കുന്നതിന് നിർമ്മാണ അനുമതി ഫീസിന്റെ ഇരട്ടി തുക കോമ്പൗണ്ടിങ് ഫീസായി ഒടുക്കേണ്ടതാണ്.

വാർത്താവിനിമയ വകുപ്പ് വികസിപ്പിച്ച തരംഗ് സഞ്ചാർ പോർട്ടൽ മൊബൈൽ ടവറുമായി ബന്ധപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും അതിലൂടെ സുതാര്യതയും അനുപാലനവും നിരീക്ഷണവും ഉറപ്പാക്കുകയും ചെയ്യുന്നു. തരംഗ് പോർട്ടലിൽനിന്നും പ്രവർത്തനക്ഷമമായ വാർത്താവിനിമയ ടവറുകളുടെ വിവരങ്ങൾ ഓഡിറ്റ് ശേഖരിച്ചതിൽ നിന്നും 13 യുഎൽബികളിൽ[78] 2,208 മൊബൈൽ ടവറുകൾ ഉണ്ടെന്ന് കണ്ടു. എന്നാൽ, സഞ്ചയ സോഫ്റ്റ്‌വെയറും അസസ്സ്മെന്റ് രജിസ്റ്ററുകളിൽ നിന്നുമുള്ള ഡാറ്റയും കാണിക്കുന്നത് 13 യുഎൽബികൾ, 1,150 ടവറുകൾ സ്ഥാപിക്കുവാൻ മാത്രമേ അനുമതി നൽകിയിരുന്നുള്ളൂ എന്നായിരുന്നു. അതായത്, 1,058 ടവറുകൾ ബന്ധപ്പെട്ട യുഎൽബികളിൽ നിന്ന് സാധുതയുള്ള ഒരു അനുമതി/അംഗീകാരം ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുകയാണ്. ഈ അനധികൃത ടവറുകൾ

[78] രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ ഒരു അനധികൃത ടവറും കണ്ടിരുന്നില്ല

സ്ഥാപിച്ചതിനുള്ള ഫീസ് ഇനത്തിൽ ഉണ്ടായ കുറഞ്ഞ വരുമാന നഷ്ടം ₹2.12 കോടി[79] ആയി കാണക്കാക്കി.

കൊച്ചി കോർപ്പറേഷനിലെ തോപ്പുംപടിയിൽ ഒരു രണ്ടു നില കെട്ടിടത്തിന്റെ മുകളിൽ നിന്നും 2018ൽ ഒരു മൊബൈൽ ടവർ നിലംപതിച്ചത് ഓൺലൈൻ മീഡിയ റിപ്പോർട്ട് ചെയ്തിരുന്നു. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനെ കുറിച്ചുള്ള കൃത്യമായ വിവരങ്ങൾ യുഎൽബികൾ സൂക്ഷിക്കേണ്ടത് ടവറുകളുടെ സ്ഥാപിക്കൽ നിയന്ത്രിക്കുന്നതിനും പൊതുജന സുരക്ഷയ്ക്കും അത്യാവശ്യമാണ്.

ഒരു യുഎൽബിയിൽ നിർമ്മാണം ക്രമീകരിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചു എന്നും, രണ്ട് യുഎൽബികൾ പരിശോധന നടത്തിയെന്നും ബാക്കിയുള്ള കേസുകളിൽ കൂടുതൽ പരിശോധനകൾ നടന്നു വരികയാണെന്നും സർക്കാർ അറിയിച്ചു(2025 ഒക്ടോബർ).

### 5.13.3 ഘടനാപരമായ സ്ഥിരത ഉറപ്പാക്കാതെ മൾട്ടി ലെവൽ മെക്കാനിക്കൽ കാർ പാർക്കിംഗ് സംവിധാനത്തിന്റെ പ്രവർത്തനം

കെഎംബിആർ, 2019ലെ ചട്ടം 8 പ്രകാരം ചിലതരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് അതായത്, സാധാരണ റിപ്പയറുകൾ, ഗാർഡനിംഗ്, നിറം പൂശുന്നത്, ഇന്റീരിയർ ഡെക്കറേഷനുകൾ മുതലായവയ്ക്ക് നിർമ്മാണ അനുമതിയുടെ ആവശ്യം ഇല്ല. എന്നാൽ അത്തരം പ്രവർത്തനങ്ങൾ പൊതുവായ കെട്ടിട ആവശ്യങ്ങളായ ഘടനാസ്ഥിരത, അഗ്നി സുരക്ഷാ എന്നിവയെ സംബന്ധിച്ച വകുപ്പുകൾ ലംഘിക്കുന്നതാകരുത്. 2020ൽ വരുത്തിയ ഒരു ഭേദഗതിയിലൂടെ ഉയരമോ വലിപ്പമോ പരിഗണിക്കാതെ മെക്കാനിക്കൽ പാർക്കിംഗ് സ്ട്രക്ചറുകൾക്കും ഈ ഇളവ് ബാധകമാക്കി.

സംയുക്ത ഭൗതിക പരിശോധന നടത്തിയപ്പോൾ (2024 സെപ്റ്റംബർ) കൊച്ചി കോർപ്പറേഷനിലെ കല്ല്യാൺ സിൽക്ക്സിന്റെ പരിസരത്തിനുള്ളിൽ **ചിത്രം 5.8**ൽ കാണിച്ചിരിക്കുന്ന പോലെ 13 നിലകളുള്ള ഒരു മൾട്ടിലെവൽ കാർ പാർക്കിംഗ് (എംഎൽസിപി) സംവിധാനം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ എംഎൽസിപി സംവിധാനം നിർമ്മിച്ചിരുന്നത് ഇളവ് അനുവദിക്കുന്ന വകുപ്പിന്റെ അടിസ്ഥാനത്തിൽ യാതൊരു അനുമതിയും ഇല്ലാതെയായിരുന്നു. നിർമ്മാണ അനുമതി അപേക്ഷയുടെ അഭാവത്തിൽ പൊതുവായ കെട്ടിട നിർമ്മാണ ആവശ്യകതകൾ, ഘടനാപരമായ സ്ഥിരത, അഗ്നിസുരക്ഷ വ്യവസ്ഥകൾ എന്നിവ കോർപ്പറേഷൻ ഉറപ്പാക്കിയിരുന്നില്ല.



*ചിത്രം 5.8: കൊച്ചി കോർപ്പറേഷനിൽ കല്ല്യാൺ സിൽക്ക്സിലെ മൾട്ടിലെവൽ മെക്കനൈസ്ഡ് കാർ പാർക്കിംഗ്*

മെക്കാനിക്കൽ പാർക്കിംഗ് സ്ട്രക്ച്ചറുകളെ നിർമ്മാണ അനുമതി വാങ്ങുന്നതിൽ നിന്ന് ചട്ടം ഒഴിവാക്കിയിരുന്നെങ്കിലും സുരക്ഷയും ഘടനാപരമായ വ്യവസ്ഥകളും പാലിക്കുന്നതിനു വിധേയമായിട്ടാണ് ഈ ഒഴിവാക്കൽ എന്ന് വളരെ വ്യക്തമായി അതിൽ പറഞ്ഞിട്ടുണ്ട്. സ്ഥാപിച്ചിരുന്ന സ്ട്രക്ച്ചറിന്റെ ഗണ്യമായ ഉയരം കണക്കിലെടുക്കുമ്പോൾ പ്രസ്തുത വകുപ്പുകൾ ഒക്കെ പാലിച്ചിരുന്നോ എന്ന് യുഎൽബിക്ക് ഉറപ്പാക്കുന്നതിനായി വിശദമായ പരിശോധനയുടെ ആവശ്യം ഉണ്ടായിരുന്നു.

[79] 1058*₹20,000= ₹2.12 കോടി

ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടി ക്രമങ്ങളും ചട്ടങ്ങളും എത്രയും വേഗം നടപ്പാക്കുമെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

വലിപ്പമോ ഉയരമോ പരിഗണിക്കാതെ എല്ലാ മെക്കാനിക്കൽ കാർ പാർക്കിംഗ് സംവിധാനങ്ങൾക്കും ഇളവ് നൽകിയത് പുനഃപരിശോധിക്കണമെന്നാണ് ഓഡിറ്റിന്റെ അഭിപ്രായം.

## 5.14 ഒക്യുപൻസിക്കുശേഷമുള്ള ഓഡിറ്റ് നടത്താത്തത് - ഒക്യുപൻസിയിൽ അനധികൃത മാറ്റങ്ങൾ വരുത്തിയത് കണ്ടുപിടിക്കുന്നതിലെ വീഴ്ച

സെക്രട്ടറിയിൽ നിന്നും അനുമതി വാങ്ങാതെ ഒരു വ്യക്തിയും ഒരു കെട്ടിടത്തിന്റെ ഒക്യുപൻസി ഒരു ഗണത്തിൽ നിന്നും മറ്റൊന്നിലേയ്ക്ക് മാറ്റരുതെന്ന് കെഎംബിആർ, 2019ലെ ചട്ടം 4(3) നിഷ്കർഷിക്കുന്നു. ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയ ശേഷം ഒക്യുപൻസിക്കുശേഷമുള്ള ഓഡിറ്റ് നടത്തണമെന്ന് ചട്ടം 21 വിഭാവനം ചെയ്യുന്നു. എന്നാൽ, തിരഞ്ഞെടുത്ത ഒരു യുഎൽബിയും[80] ഒക്യുപൻസിക്കുശേഷമുള്ള ഓഡിറ്റ് നടത്തിയിട്ടില്ല. തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നതു പോലെ ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം തുറസ്സായ/പാർക്കിംഗ്/റിക്രിയേഷൻ സ്ഥലങ്ങൾ അനധികൃതമായി മാറ്റിയത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 5.14.1 ഒക്യുപൻസി അനധികൃതമായി മാറ്റിയത്

പത്ത് യുഎൽബികളിലായി[81] നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ 55 കേസുകളിൽ കെട്ടിടങ്ങൾ പൂർണ്ണമായോ ഭാഗികമായോ ഒക്യുപൻസി സർട്ടിഫിക്കറ്റുകളിൽ പറഞ്ഞിരുന്ന ആവശ്യങ്ങൾക്കല്ലാതെ ഉപയോഗപ്പെടുത്തിയിരുന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇത് കെഎംബിആർ 2019ൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകളുടെ ലംഘനമായിരുന്നു. ഇവ അധിക പാർക്കിംഗ് സ്ഥലത്തിന്റെ ആവശ്യകത, അധികാരികളിൽ നിന്നുള്ള ക്ലിയറൻസ് നേടേണ്ട ആവശ്യകത, വസ്തു നികുതിയിനത്തിൽ വരുമാന നഷ്ടം എന്നിവയ്ക്ക് ഇടയാക്കി. മുകളിൽ പരാമർശിച്ച 55 കേസുകളിൽ, രണ്ട് കെട്ടിടങ്ങളുടെ[82] ഒക്യുപൻസി യുഎൽബികളിൽ നിന്നുള്ള എൻഒസി ഇല്ലാതെ മതപരമായ ആവശ്യത്തിന് മാറ്റിയിരുന്നു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

### 5.14.2 കാർപാർക്കിംഗ് സ്ഥലത്തിന്റെ കുറവ്

കെഎംബിആർ, 2019ലെ ചട്ടം 29ഉം കെഎംബിആർ, 1999ലെ ചട്ടം 34ഉം പ്രകാരം വിവിധ ഗണത്തിലെ കെട്ടിടങ്ങൾക്ക് അവയുടെ ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനത്തിൽ ഓഫ്-സ്ട്രീറ്റ് പാർക്കിംഗ് ആവശ്യകത നിഷ്കർഷിച്ചിട്ടുണ്ട്.

വ്യക്തമായി രേഖപ്പെടുത്തിയ കാർ പാർക്കിംഗ് സ്ഥലങ്ങൾ ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നാണ്. സംയുക്ത ഭൗതിക പരിശോധനയിലും, തിരഞ്ഞെടുത്ത 14 യുഎൽബികളിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിലും **പട്ടിക 5.8**ൽ വിശദീകരിച്ചിരിക്കുന്നതു പോലെ 123 കെട്ടിടങ്ങളിൽ ഒക്യുപൻസി/പാർക്കിംഗ് സ്ഥലം മാറ്റിയത് മൂലവും അനധികൃത കൂട്ടിച്ചേർക്കലുകൾ കാരണവും 1,210 കാർ പാർക്കിംഗ് സ്ഥലങ്ങളുടെ കുറവ് ഓഡിറ്റ് കണ്ടു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ നൽകിയിരിക്കുന്നു.

---

[80] കോഴിക്കോട് കോർപ്പറേഷൻ ഒക്യുപൻസിക്ക് ശേഷം രണ്ട് ഓഡിറ്റ് മാത്രമേ നടത്തിയിരുന്നുള്ളൂ

[81] കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം കോർപ്പറേഷനുകളും, ആറ്റിങ്ങൽ, മഞ്ചേരി, മുക്കം, വർക്കല, തൃക്കാക്കര, ആലുവ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികളും

[82] കൊച്ചി കോർപ്പറേഷനും തൃക്കാക്കര മുനിസിപ്പാലിറ്റിയും

**പട്ടിക 5.8: ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ച ശേഷം കാർപാർക്കിംഗ് സ്ഥലത്തിലെ കുറവ്**

| ക്രമ നമ്പർ | യുഎൽബികളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | കാർപാക്കിംഗ് സ്ഥലത്തിന്റെ എണ്ണത്തിലെ കുറവ് | കാരണം |
|---|---|---|---|---|
| 1 | 10 | 34 | 255 | പാർക്കിംഗ് ഏരിയ മറ്റ് അവശ്യങ്ങൾക്കായി മാറ്റിയത് |
| 2 | 11 | 36 | 294 | ഒക്യുപൻസിക്കു ശേഷം അനധികൃത നിർമ്മാണം |
| 3 | 02 | 02 | 24 | വിനിയോഗം മാറ്റിയത് |
| 4 | 14 | 43 | 544 | അനധികൃത കൂട്ടിച്ചേർക്കലും പാർക്കിംഗ്/ വിനിയോഗം മാറ്റിയതും |
| 5 | 06 | 08 | 93 | അനധികൃത നിർമ്മാണം, സ്ഥല വിൽപന, മെക്കാനിക്കൽ കാർ പാർക്കിംഗ് ശരിയായി പ്രവർത്തിക്കാത്തത്/അഭാവം, പാർക്കിംഗ് ഏരിയ പരിവർത്തനം ചെയ്തത് |
| | **ആകെ** | **123** | **1210** | |

*(ഉറവിടം: കെട്ടിട അനുമതി ഫയലുകളുടെ സൂക്ഷ്മ പരിശോധനയും സംയുക്ത ഭൗതിക പരിശോധനയും)*

### 5.14.3 പാർക്കിംഗ് ഏരിയ പരിവർത്തനം ചെയ്തത് കാരണം ഇരുചക്ര പാർക്കിംഗിന്റെ കുറവ്

കെഎംബിആർ, 2019ലെ ചട്ടം 29(5) പ്രകാരം, എവിടെയൊക്കെ ഓഫ്സ്ട്രീറ്റ് കാർ പാർക്കിംഗ് നിർദ്ദേശിച്ചിട്ടുണ്ടോ അത്രയും ഏരിയയുടെ 25 ശതമാനം ഇരുചക്ര വാഹന പാർക്കിംഗിന് അധികമായി നീക്കി വയ്ക്കേണ്ടതാണ്.

എന്നാൽ, അഞ്ച് യുഎൽബികളിലായി[83] ഏഴ് കേസുകളിൽ ഇരുചക്ര പാർക്കിംഗിനായി ഉദ്ദേശിച്ചിരുന്ന ആകെ 418.87 ച.മീ. സ്റ്റോർ റൂമുകൾക്കും, വാണിജ്യപരമായ ആവശ്യങ്ങൾക്കുമായി മാറ്റി ഉപയോഗിച്ചിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

### 5.14.4 വിനോദ സ്ഥലം മറ്റ് ആവശ്യങ്ങൾക്കായി മാറ്റിയത്

കെഎംബിആർ, 2019ലെ ചട്ടം 43 പ്രകാരം, ഒറ്റ പ്ലോട്ടിലോ അല്ലെങ്കിൽ ഒറ്റ കെട്ടിടത്തിലോ പന്ത്രണ്ടിൽ കൂടുതൽ വാസ യൂണിറ്റുകൾ ഉള്ള പാർപ്പിട അപ്പാർട്ട്മെന്റുകളിൽ ആകെ ഫ്ലോർ ഏരിയയുടെ ആറ് ശതമാനത്തിൽ കുറയാത്ത അനുയോജ്യമായ വലിപ്പത്തിലുള്ള സ്ഥലം വിനോദ സ്ഥലമായി മാറ്റിവയ്ക്കേണ്ടതാണ്. എന്നാൽ മൂന്നു യുഎൽബികളിൽ റിക്രിയേഷൻ സൗകര്യങ്ങൾക്കായി ഉദ്ദേശിച്ചിരുന്ന സ്ഥലം **പട്ടിക 5.9**ൽ വിവരിച്ചിരിക്കുന്ന പോലെ മറ്റ് ആവശ്യങ്ങൾക്കായി മാറ്റപ്പെട്ടിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടു.

[83] കൊച്ചി കോർപ്പറേഷനും മഞ്ചേരി, വർക്കല, കോതമംഗലം, ആറ്റിങ്ങൽ മുനിസിപ്പാലിറ്റികളും

**പട്ടിക 5.9: വിനോദ സ്ഥലം മാറ്റിയത്**

| ക്രമ നമ്പർ | കെട്ടിട നിർമ്മാണ അനുമതിയുടെ വിവരങ്ങൾ (യുഎൽബിയുടെ പേര്) | വിനോദ സ്ഥലം | | | | മാറ്റിയ രീതി |
|---|---|---|---|---|---|---|
| | | കെഎംബിആർ, 2019 പ്രകാരം ആവശ്യമായത് | അംഗീകരിച്ച പ്ലാൻ പ്രകാരം നൽകിയത് | അനധികൃതമായി മാറ്റിയത് | മാറ്റിയതിനു ശേഷമുള്ള കുറവ് | |
| 1 | പിഡബ്ല്യൂ 4 – ബിഎ 240/17-18 1058.60 ച.മീ (തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി) | 63.52 | 89.02 | 47.38 | 21.88 | കിണറും മാൻഹോളും |
| 2 | ലോറൽ പാർക്ക് അപ്പാർട്ട്മെന്റ്സ് ഇ11/റ്റിപി7/ബിഎ/1141/07-1300 ച.മീ (തിരുവനന്തപുരം കോർപ്പറേഷൻ) | 97.56[84] | 111.33 | 22.32 | 8.55 | വാസഗൃഹ ആവശ്യങ്ങൾക്ക് |
| 3 | ടിബിഎ 66698/2018 – 1615.19 ച.മീ (കോഴിക്കോട് കോർപ്പറേഷൻ) | 96.91 | 100.00 | 34.00 | 30.91 | ഡ്രൈവ് വേ |

*(ഉറവിടം: കെട്ടിടനിർമ്മാണ അനുമതി ഫയലുകളുടെ സൂക്ഷ്മ പരിശോധനയും സംയുക്ത ഭൗതിക പരിശോധനയും)*

തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റി നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറ്റുള്ള കേസുകളിൽ തുടർപരിശോധന നടന്നുകൊണ്ടിരിക്കുകയാണെന്നും സർക്കാർ പ്രസ്താവിച്ചു (2025 ഒക്ടോബർ).

### 5.14.5 ലിഫ്റ്റ് സൗകര്യത്തിന്റെ അപര്യാപ്തത

കെഎംബിആർ, 2019 ചട്ടം 40 പ്രകാരം ആശുപത്രി/മെഡിക്കൽ വിനിയോഗത്തിനുള്ള മൂന്നു നിലയിൽ കൂടുതലുള്ള കെട്ടിടങ്ങൾക്കും നാല് നിലയിൽ കൂടുതലുള്ള മറ്റു വിനിയോഗ കെട്ടിടങ്ങൾക്കും ഒരു ലിഫ്റ്റ് ഏർപ്പെടുത്തേണ്ടതാണ്. ആദ്യത്തെ 4,000 ച.മീ ബിൽട്ട് അപ് ഏരിയയിൽ കൂടുതൽ വരുന്ന ഓരോ 2,500 ച.മീ ബിൽറ്റ് അപ് ഏരിയക്കോ അല്ലെങ്കിൽ അതിന്റെ ഭാഗത്തിനോ അധിക ലിഫ്റ്റ് ഏർപ്പെടുത്തേണ്ടതാണ്.

മുക്കം മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന എംഎഎംഒ കോളേജ് നിലവിലുള്ള 8,861.46 ച.മീ ബിൽട്ട് അപ് ഏരിയ വരുന്ന നാലുനില കെട്ടിടത്തിൽ 4,345.56 ച.മീ വരുന്ന ഒരു അധിക നില കൂടി അനധികൃതമായി നിർമ്മിച്ചു. കെട്ടിടം 13,207.02 ച.മീ ബിൽട്ട് അപ്പ് ഏരിയയുള്ള അഞ്ചുനില കെട്ടിടമാകുകയും അഞ്ച് ലിഫ്റ്റിന്റെ ആവശ്യകത ഉണ്ടാകുകയും ചെയ്തു. എന്നാൽ, ഒരു ലിഫ്റ്റും സ്ഥാപിച്ചിട്ടില്ല എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടു (2024 ഡിസംബർ).

### 5.14.6 മഴവെള്ള സംഭരണ സംവിധാനത്തിന്റെ അപര്യാപ്തത/അഭാവം

കെഎംബിആർ, 1999ലെ ചട്ടം 109A(4) പ്രകാരവും കെഎംബിആർ, 2019ലെ ചട്ടം 76(1)ഉം (2)ഉം പ്രകാരവും, അപായകരമായ ഗണത്തിലും സംഭരണവിനിയോഗത്തിനുള്ള ഗണത്തിലും അഞ്ചു സെന്റിൽ താഴെയുള്ള പ്ലോട്ടുകളിലെ ഏക കുടുംബവാസ ഗൃഹങ്ങൾ അല്ലെങ്കിൽ 300 ച.മീ. വരെ ബിൽട്ട് അപ്പ് ഏരിയ ഉള്ള കെട്ടിടങ്ങൾ, കുടിലുകൾ ഇവ ഒഴികെ പുതുതായി നിർമ്മിക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും, പ്രവർത്തനക്ഷമമായ ഭൂഗർഭ ജല റീചാർജിംഗും മഴവെള്ള സംഭരണ സംവിധാനങ്ങളും നിർബന്ധമായും വേണ്ടതാണ്.

എന്നാൽ, നാല് യുഎൽബികളിലായി[85] പൂർത്തിയാക്കുകയും വിനിയോഗിക്കുകയും ചെയ്യുന്ന 12 കെട്ടിടങ്ങളിൽ, മഴവെള്ള സംഭരണ ശേഖരണ സംവിധാനങ്ങൾ ഇല്ലായിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

[84] കാർപ്പെറ്റ് ഏരിയ ആയ 1,300.82 ച.മീറ്ററിന്റെ 7.5 ശതമാനം

[85] ആലുവ, മുക്കം, നിലമ്പൂർ രാമനാട്ടുകര മുനിസിപ്പാലിറ്റികൾ

### 5.14.7 സൗരോർജ്ജ സംവിധാനങ്ങളുടെ അഭാവം

കെഎംബിആർ, 2019ലെ ചട്ടം 77 നിർദ്ദേശിക്കുന്നതനുസരിച്ച് 500 ച.മീറ്ററിൽ കൂടുതൽ ബിൽട്ട് അപ് ഏരിയയുള്ള എ1, എ2, സി, ഡി ഗണത്തിൽ വരുന്ന എല്ലാ കെട്ടിടങ്ങൾക്കും റൂഫ് ടോപ്പ് സൗരോർജ്ജ സംവിധാനം സ്ഥാപിക്കേണ്ടത് ആവശ്യമാണ്. എന്നാൽ, അഞ്ചു യുഎൽബികളിലെ[86] 14 കെട്ടിടങ്ങൾക്ക് നിർബന്ധിതമായ സൗരോർജ്ജ സംവിധാനങ്ങൾ ഇല്ലായിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ വെളിപ്പെട്ടു. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

### 5.14.8 സെറ്റ് ബാക്ക് സ്ഥലങ്ങളുടെ പരിവർത്തനം

വിവിധ ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് കുറഞ്ഞതും ശരാശരി ആവശ്യമായതുമായ സെറ്റ്ബാക്ക് കെഎംബിആർ, 2019ലെ ചട്ടം 26(4) വ്യക്തമാക്കുന്നുണ്ട്. 10 യുഎൽബികളിലെ[87] പാർപ്പിടം, വാണിജ്യം, ആശുപത്രി എന്നീ ഗണത്തിൻ കീഴിൽ വരുന്ന 40 കെട്ടിടങ്ങൾ ഒക്യുപൻസി സർട്ടിഫിക്കറ്റുകൾ ലഭിച്ചതിനു ശേഷം നിർബന്ധമായി വേണ്ടിയിരുന്ന സെറ്റ് ബാക്ക് സ്ഥലങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനായി പരിവർത്തനം ചെയ്തിരുന്നു എന്ന് സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഈ കെട്ടിടങ്ങൾ കെഎംബിആർ, 2019 ലംഘിച്ചു കൊണ്ട് പ്രവർത്തനം തുടരുകയാണ്. കെട്ടിടങ്ങളുടെ വിവരങ്ങൾ **അനുബന്ധം 5.3**ൽ കൊടുത്തിരിക്കുന്നു.

അങ്ങനെ, ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റ് നടത്തുന്നതിൽ യുഎൽബികൾക്കുണ്ടായ വീഴ്ചയും നിരീക്ഷണ സംവിധാനത്തിന്റെ അഭാവവും വിനിയോഗങ്ങളുടെ അനധികൃത പരിവർത്തനങ്ങൾ കണ്ടുപിടിക്കാതിരിക്കുന്നതിലേയ്ക്ക് നയിച്ചു.

അനധികൃതമാറ്റങ്ങൾ കണ്ടു പിടിക്കുന്നതിന് ഒരു സ്ഥിരമായ സംവിധാനം സ്ഥാപിക്കണമെന്ന് എൽഎഫ്എസി (2014-2016) അതിന്റെ മുപ്പതാമത് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നെങ്കിലും (2015 മാർച്ച്) അത്തരം സംവിധാനം തിരഞ്ഞെടുത്ത യുഎൽബികൾ സ്ഥാപിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

നിയമവിരുദ്ധ നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ഒരു സ്ക്വാഡ് രൂപീകരിക്കുന്നുണ്ടെന്ന് സർക്കാർ അറിയിച്ചു (2025 ഒക്ടോബർ). ആറ്റിങ്ങൽ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികൾ കെട്ടിട ഉടമസ്ഥർക്ക് നോട്ടീസുകൾ നൽകിയെന്നും മറ്റുള്ള കേസുകളെ സംബന്ധിച്ച് തുടർ പരിശോധന നടന്നു കൊണ്ടിരിക്കുകയാണെന്നും അറിയിച്ചു.

എന്നാൽ, യുഎൽബികൾ ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റ് നടത്താത്തതിനെകുറിച്ച് മറുപടിയിൽ പരമാർശം ഇല്ല. കൂടാതെ, 10 വർഷം കഴിഞ്ഞിട്ടും എൽഎഫ്എസിയുടെ ശിപാർശ യുഎൽബികൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് സർക്കാർ ഉറപ്പാക്കിയിട്ടില്ല.

## 5.15 നിഗമനം

കെട്ടിടനിർമ്മാണ അനുമതികൾ നൽകുന്നതിൽ പൊതുവെ 44 മുതൽ 474 ദിവസം വരെ താമസമുണ്ടായിരുന്നു. മൂന്നു യുഎൽബികളിൽ എഫ്എസ്ഐയിന്മേൽ അധിക ഫീസ് വസൂലാക്കുന്നതിൽ ₹54.37 ലക്ഷം കുറവുണ്ടായതായി ഓഡിറ്റിൽ കണ്ടു. തിരഞ്ഞെടുത്ത യുഎൽബികളിൽ അനധികൃത നിർമ്മാണങ്ങൾ പരിഹരിക്കുന്നതിന് ക്രമാതീതമായ താമസം ഉണ്ടായതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കൊച്ചി കോർപ്പറേഷന്റെയും ആലുവ, വർക്കല, മുക്കം മുനിസിപ്പാലിറ്റികളുടെയും സെക്രട്ടറിമാർക്ക് കെഎംബിആർ, 2019ന്റെ ലംഘനം 28 കെട്ടിടങ്ങളിൽ ഉണ്ടായതായി അറിവ് ഉണ്ടായിട്ടും ഈ കെട്ടിടങ്ങൾ ഒരു കെട്ടിടനിർമ്മാണ അനുമതിയോ ഒക്യുപൻസി സർട്ടിഫിക്കറ്റോ ഇല്ലാതെ പ്രവർത്തിച്ചു വരികയായിരുന്നിട്ടും സെക്രട്ടറിമാർ കെഎം നിയമം, 1994ലെ സെക്ഷൻ 406 ഉം, കെഎംബിആർ, 2019ലെ ചട്ടം 96ഉം പ്രയോഗിച്ച് പ്രസ്തുത കെട്ടിടങ്ങൾ

---

[86] കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളും മുക്കം, രാമനാട്ടുകര, തൃക്കാക്കര മുനിസിപ്പാലിറ്റികളും

[87] കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളും ആറ്റിങ്ങൽ, നിലമ്പൂർ, രാമനാട്ടുകര, വർക്കല, തൃക്കാക്കര, ആലുവ, തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റികളും

ക്രമവൽക്കരിക്കുകയോ ഇടിച്ചു കളയുകയോ ചെയ്തില്ല. ബന്ധപ്പെട്ട അധികാരികളിൽ നിന്നുള്ള എൻഒസി ഉറപ്പാക്കാതെ മൂന്ന് യുഎൽബികൾ 10 നിർമ്മാണങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ്/നിർമ്മാണ അനുമതി നൽകി. നാല് യുഎൽബികളിൽ 10 അനധികൃത നിർമ്മാണങ്ങളും തിരഞ്ഞെടുത്ത യുഎൽബികളിൽ 193 അനധികൃത കൂട്ടിച്ചേർക്കലും മാറ്റം വരുത്തലുകളും സംയുക്ത ഭൗതിക പരിശോധനയിൽ ഓഡിറ്റ് കണ്ടെത്തിയത് ചൂണ്ടിക്കാണിക്കുന്നത് യുഎൽബികളിലെ നിരീക്ഷ സംവിധാനത്തിലെ ന്യൂനതകളാണ്. തിരഞ്ഞെടുത്ത യുഎൽബികളിൽ 1,058 മൊബൈൽ ടവറുകൾ അനധികൃതമായി നിലനിൽക്കുകയും ഈ ടവറുകൾ സ്ഥാപിക്കുന്നതിനുള്ള ഫീസിന്റെ വകയിൽ കുറഞ്ഞത് ₹2.12 കോടിയുടെ റവന്യൂ നഷ്ടം സംഭവിക്കുകയുമുണ്ടായി. ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകിയതിനു ശേഷം കെഎംബിആർ, വകുപ്പുകൾ ലംഘിച്ച് വിനിയോഗത്തിൽ അനധികൃതമാറ്റങ്ങൾ വരുത്തുകയും ഇത് വിനോദ സ്ഥലം, ലിഫ്റ്റ് സൗകര്യം, സെറ്റ്ബാക്ക് മുതലായവയുടെ അപര്യാപ്തതയ്ക്ക് ഇടയാക്കുകയും ചെയ്തതായി ഓഡിറ്റിൽ കണ്ടു. പാർക്കിംഗ് സ്ഥലം പരിവർത്തനപ്പെടുത്തുകയും അനധികൃത കൂട്ടിച്ചേർക്കലുകൾ വരുത്തുകയും ചെയ്തതുമൂലം 123 കെട്ടിടങ്ങളിൽ 1,210 കാർപാർക്കിംഗ് സ്ഥലത്തിന്റെ കുറവു വന്നതായി ഓഡിറ്റിൽ കണ്ടെത്തി. ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റിന്റെ അഭാവത്തിൽ, ഈ ലംഘനങ്ങൾ യുഎൽബികൾക്ക് കണ്ടുപിടിക്കാൻ കഴിയാതെ തുടർന്നു.

## 5.16 ശിപാർശകൾ

- ***കെഎംബിആറിൽ നിർദ്ദേശിച്ചിരിക്കുന്ന നിർബന്ധിത വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കിയ ശേഷം മാത്രമേ കെട്ടിട നിർമ്മാണ അനുമതിയും ഒക്യുപൻസി സർട്ടിഫിക്കറ്റും നൽകുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ യുഎൽബികൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.***

- ***അനധികൃത നിർമ്മാണങ്ങളും അംഗീകരിച്ച വിനിയോഗത്തിൽ നിന്നുള്ള വ്യതിയാനങ്ങളും ഫലപ്രദമായി കണ്ടുപിടിക്കുന്നതിനായി ഒക്യുപൻസിക്കു ശേഷമുള്ള ഓഡിറ്റുകളും സ്ക്വാഡ് പ്രവർത്തനങ്ങളും ശക്തിപ്പെടുത്തേണ്ടതാണ്.***

- ***അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും ഇടിച്ചുകളയുന്നതിനും വേണ്ട നടപടി ആരംഭിക്കാൻ കാലതാമസം വരുത്തുന്ന യുഎൽബികളിലെ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്തം ചുമത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടെ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനും ഇടിച്ചുകളയുന്നതിനും ഒരു സമയപരിധി നിശ്ചയിക്കുന്നതും സംസ്ഥാന സർക്കാർ പരിഗണിക്കേണ്ടതാണ്.***

- ***കെട്ടിട നിർമ്മാണം നിരീക്ഷിക്കുന്നതിനും ട്രാക്ക് ചെയ്യുന്നതിനും ഒരു ജിയോഗ്രഫിക് ഇൻഫർമേഷൻ സംവിധാനം (ജിഐഎസ്) വികസിപ്പിക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും പൗരൻമാർക്കായി മൊബൈൽ ആപ്ലിക്കേഷൻ പോലുള്ള ഡിജിറ്റൽ സംവിധാനങ്ങൾ വികസിപ്പിക്കുന്നതിനും യുഎൽബികൾ നടപടികൾ ആരംഭിക്കേണ്ടതാണ്.***

- ***പൊതുജനസുരക്ഷ ഉറപ്പാക്കുന്നതിനായി മെക്കാനിക്കൽ പാർക്കിംഗ് സംവിധാനങ്ങളുടെ ഉയരം, വലിപ്പം, സങ്കീർണ്ണത എന്നിവ അടിസ്ഥാനമാക്കി പ്രത്യേക വ്യവസ്ഥകളോ നിയന്ത്രണങ്ങളോ ഉൾപ്പെടുത്തുന്നതിനായി ചട്ടങ്ങൾ സർക്കാർ പുനഃപരിശോധിക്കേണ്ടതാണ്.***

## അദ്ധ്യായം VI
## നഗര തദ്ദേശ സ്ഥാപനങ്ങളുടെ അനുവർത്തന ഓഡിറ്റ് ഖണ്ഡികകൾ

### 6.1 രണ്ട് നഗര തദ്ദേശ സ്ഥാപനങ്ങളിൽ വസ്തുനികുതി നിർണ്ണയിക്കാത്തതു മൂലം ഉണ്ടായ വരുമാന നഷ്ടം/വരുമാനം ലഭ്യമാകാതിരിക്കൽ

**കൊല്ലം, കൊച്ചി കോർപ്പറേഷനുകളുടെ പരിധിയിൽ വരുന്ന വസ്തുക്കൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ ഇരു കോർപ്പറേഷനുകളുടെയും ഭാഗത്തുനിന്നുണ്ടായ ജാഗ്രതക്കുറവ് വരുമാന നഷ്ടം/ വരുമാനം ലഭ്യമാകാതിരിക്കൽ എന്നിവയ്ക്ക് കാരണമായി.**

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (കെഎം നിയമം, 1994) 230 മുതൽ 233 വരെയുള്ള വകുപ്പുകൾ മുനിസിപ്പൽ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും അധികാര പരിധിയിൽ വരുന്ന, ഭൂമി ഉൾപ്പെടെയുള്ള എല്ലാ കെട്ടിടങ്ങൾക്കും വസ്തുനികുതി ചുമത്താൻ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് (യുഎൽബി) അധികാരം നൽകുന്നുണ്ട്. കെഎം നിയമം 1994-ലെ വകുപ്പ് 282 അനുസരിച്ച്, നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള നോട്ടീസ് അത് അടയ്ക്കേണ്ട തീയതി മുതൽ നാല് വർഷത്തിനകം നൽകേണ്ടതാണ്.

കൊല്ലം, കൊച്ചി മുനിസിപ്പൽ കോർപ്പറേഷനുകളിൽ നടത്തിയ ഓഡിറ്റിൽ(2024-25), ഒരു വാണിജ്യ കെട്ടിടത്തിനും സ്വകാര്യ സ്വാശ്രയ കോളേജിനും വസ്തുനികുതി നിർണ്ണയിക്കാത്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അവയുടെ വിശദാംശങ്ങൾ താഴെ പറയുന്നപ്രകാരമാണ്:

#### (i) ഒരു വാണിജ്യ കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കാത്തത് - കൊല്ലം മുനിസിപ്പൽ കോർപ്പറേഷൻ

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ (കെഎംബിആർ, 2019) പ്രകാരം, നഗര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാധുവായ അനുമതിപത്രം കൂടാതെ ആരും തന്നെ ഭൂമി വികസിപ്പിക്കാനോ കെട്ടിടം നിർമ്മിക്കാനോ പാടുള്ളതല്ല. കൂടാതെ, സെക്രട്ടറി നൽകുന്ന ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം മാത്രമേ ഒരു കെട്ടിടം ഉപയോഗിക്കാൻ പാടുള്ളു. യുഎൽബിയിലെ ടൗൺ പ്ലാനിംഗ് വിഭാഗമാണ് ബിൽഡിംഗ് പെർമിറ്റുകളും ഒക്യുപെൻസി സർട്ടിഫിക്കറ്റുകളും നൽകുന്നത്. ടൗൺ പ്ലാനിംഗ് വിഭാഗം നൽകുന്ന ഒക്യുപെൻസി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് റവന്യൂ വിഭാഗം നികുതി നിർണ്ണയിക്കുന്നത്. തങ്ങളുടെ അധികാര പരിധിയിൽ നികുതി ചുമത്തപ്പെടാത്തതും കുറഞ്ഞ നിരക്കിൽ നികുതി ചുമത്തിയതുമായ വസ്തുക്കൾ കണ്ടെത്തുന്നത് റവന്യൂ ഇൻസ്പെക്ടർമാരും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നത് ബിൽഡിംഗ് ഇൻസ്പെക്ടർമാരുമാണ്.

കെഎം നിയമം, 1994ലെ വകുപ്പ് 242 വ്യവസ്ഥ ചെയ്യുന്നത് പ്രകാരം, ആരെങ്കിലും ഏതെങ്കിലും കെട്ടിടം നിയമവിരുദ്ധമായി നിർമ്മിക്കുകയോ പുനർ-നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തു നികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകാൻ കെട്ടിട ഉടമ ബാധ്യസ്ഥനാണ്. കെട്ടിട നിർമ്മാണം പൂർത്തിയായ തീയതി അല്ലെങ്കിൽ കെട്ടിടം ഉപയോഗിക്കാൻ തുടങ്ങിയ തീയതി, ഇതിൽ ഏതാണോ ആദ്യം, അന്നുമുതൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കുന്നതോ ക്രമപ്പെടുത്തുന്നതോ വരെയുള്ള കാലയളവിലേക്കാണ് ഈ തുക ഈടാക്കേണ്ടത്. നിയമ വിരുദ്ധമായി നിർമ്മിച്ച കെട്ടിടത്തിന്, നികുതി ചുമത്തുന്ന ആവശ്യത്തിന് മാത്രമായി പ്രത്യേക കെട്ടിട നമ്പർ നൽകേണ്ടതാണ്.

കൊല്ലം കോർപ്പറേഷനിൽ നടത്തിയ ഓഡിറ്റിൽ, കോർപ്പറേഷൻ പരിധിയിലെ കെട്ടിടങ്ങളുടെ ജിയോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം (ജിഐഎസ്) വസ്തുനികുതി

മാപ്പിംഗ്(2020–21) നടത്തിയപ്പോൾ, കോർപ്പറേഷനിലെ വാർഡ് 49ൽ 'എഎൻ ഗുണ ഷേണായ് ആൻഡ് ബ്രോസ്' എന്ന പേരിൽ ഒരു അനധികൃത കെട്ടിടം ടൗൺ പ്ലാനിംഗ് വിഭാഗം കണ്ടെത്തിയിരുന്നതായി ശ്രദ്ധയിൽപ്പെട്ടു. തദ്ദേശ സ്ഥാപനത്തിലെ 'ദൃശ്യ' സോഫ്റ്റ്‌വെയറിലെ[88] വിവരങ്ങൾ പ്രകാരം, പ്രസ്തുത കെട്ടിടം ഒരു അനധികൃത നിർമ്മാണമായി അടയാളപ്പെടുത്തുകയും (2015ലെ വാർഡ് ഘടന പ്രകാരം വാർഡ് 49ലെ യുഎ നമ്പർ 51), കെട്ടിടം നിർമ്മിച്ച വർഷം 2014 ആയി രേഖപ്പെടുത്തുകയും ചെയ്തിരുന്നു. ഗൂഗിൾ എർത്ത് പ്രോ ആപ്ലിക്കേഷനും 2014ൽ ഈ കെട്ടിടം നിലവിലുണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. എന്നാൽ, യാതൊരു അനുമതിയും ലഭ്യമാക്കാതെയാണ് കെട്ടിടം നിർമ്മിച്ചതെങ്കിലും, അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടം ക്രമപ്പെടുത്തുന്നതിനോ പൊളിച്ചുനീക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ ടൗൺ പ്ലാനിംഗ് വിഭാഗം വീഴ്ച വരുത്തി. ഈ കെട്ടിടത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനം ബിൽഡിംഗ് പെർമിറ്റോ ഒക്യുപെൻസി സർട്ടിഫിക്കറ്റോ നൽകിയിട്ടില്ലെന്നും, കെട്ടിട നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചുമത്തുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ലെന്നും ഓഡിറ്റിൽ കണ്ടെത്തി. യുഎൽബിയിലെ എൻജിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരുമായി ചേർന്ന് ഓഡിറ്റ് സംഘം നടത്തിയ സംയുക്ത ഭൗതികപരിശോധനയിൽ, 825.476 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിൽ വാണിജ്യ പ്രവർത്തനങ്ങൾ[89] നടത്തിവരുന്നതായി ബോധ്യപ്പെട്ടു.

കൂടാതെ, ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ 2016–17, 2018–19, 2019–20 വർഷങ്ങളിൽ എ.എൻ ഗുണ ഷേണായി & ബ്രോസിന്റെ ഉടമയിൽ നിന്ന് കോർപ്പറേഷന്റെ ആരോഗ്യവിഭാഗത്തിന് ലഭിച്ചിരുന്നു. കെട്ടിടം അനധികൃതമോ/സഞ്ചയ സോഫ്റ്റ്‌വെയറിൽ[90] നിലവിലില്ലാത്തതോ ആയതിനാൽ ആരോഗ്യവിഭാഗം അപേക്ഷകൾ നിരസിച്ചെങ്കിലും, അനധികൃത കെട്ടിടത്തിൽ ഒരു ബിസിനസ്സ് സ്ഥാപനം നിലനിൽക്കുന്നുണ്ടെന്ന് ടൗൺപ്ലാനിംഗ് വിഭാഗത്തിന്റെയോ/റവന്യൂ വിഭാഗത്തിന്റെയോ ശ്രദ്ധയിൽപ്പെടുത്താൻ ആരോഗ്യവിഭാഗം ഒരു നടപടിയും സ്വീകരിച്ചില്ല. 2019–20 മുതൽ പ്രസ്തുത സ്ഥാപനം ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്നിട്ടും, അതിലെ തൊഴിലാളികളിൽ നിന്ന് റവന്യൂ വിഭാഗം തൊഴിൽ നികുതി നിർണയിച്ച് പിരിച്ചെടുത്തതായി ഓഡിറ്റ് കണ്ടെത്തി. ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനം സംബന്ധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വിഭാഗത്തിന് വീഴ്ച സംഭവിച്ചതും ഇതിലൂടെ വ്യക്തമായി. ഈ അനധികൃത നിർമ്മാണത്തെക്കുറിച്ചും അതിന്റെ നിയമ ലംഘനങ്ങളെക്കുറിച്ചും കോർപ്പറേഷന്റെ ടൗൺപ്ലാനിംഗ്, ആരോഗ്യം, റവന്യൂ വിഭാഗങ്ങൾക്ക് കൃത്യമായ ബോധ്യമുണ്ടായിരുന്നു.

അനധികൃത കെട്ടിടം കണ്ടെത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ കോർപ്പറേഷന്റെ ടൗൺപ്ലാനിംഗ്, റവന്യൂ, ആരോഗ്യ വിഭാഗം കാണിച്ച കടുത്ത അനാസ്ഥയും വിഭാഗങ്ങൾ തമ്മിലുള്ള ഏകോപനത്തിന്റെ അഭാവവും കഴിഞ്ഞ ഏഴ് വർഷമായി (2025 മാർച്ച്) കെട്ടിടം നികുതി നിർണ്ണയിക്കപ്പെടാതെ കിടക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തി. കെട്ടിടം നികുതി നിർണ്ണയിക്കപ്പെടാതെ കിടക്കുന്നതിന്റെ ഫലമായി

---

[88] 2020–21ൽ യുഎൽബിയുടെ കെട്ടിട ആസ്തികളുടെ ജിഐഎസ് മാപ്പിംഗിനായി മെസ്സേഴ്സ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം വികസിപ്പിച്ചെടുത്ത ജിഐഎസ് അധിഷ്ഠിത വസ്തുനികുതി കണക്കാക്കൽ സോഫ്റ്റ്‌വെയർ ആണ് ഉപയോഗിച്ചത്

[89] ഹാർഡ്‌വെയർ പെയിന്റ്, സാനിറ്ററി ഫിറ്റിംഗുകൾ തുടങ്ങിയവയുടെ ചില്ലറ വിൽപന

[90] കേരളസർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പിനു വേണ്ടി വസ്തുനികുതി നിർണ്ണയിക്കാൻ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ഒരു അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറാണ് സഞ്ചയ (വസ്തു നികുതി)

2016-17[91] മുതൽ 2019-20 വരെയുള്ള കാലയളവിൽ ₹16.03 ലക്ഷം[92] വസ്തുനികുതി വരുമാന നഷ്ടവും 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ ₹16.23 ലക്ഷം[93] പിരിച്ചെടുക്കാതിരിക്കുന്നതിനും ഇടയായി.

### (ii) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒരു സ്വാശ്രയ കോളേജ് കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിക്കാത്തത് – ₹5.53 ലക്ഷം

കെഎം നിയമം, 1994ലെ വകുപ്പ് 235 (1) (ഡി) പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും കൈവശം വച്ചിരിക്കുന്നതും മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്തതുമായ കെട്ടിടങ്ങളെ സ്വത്ത് നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കെഎം നിയമം, 1994ലെ വകുപ്പ് 235ലെ ഈ വ്യവസ്ഥ 2009 ഒക്ടോബറിൽ ഭേദഗതി ചെയ്തു. സർക്കാർ ഉടമസ്ഥതയിലുള്ളതോ സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപന കെട്ടിടങ്ങൾക്ക് മാത്രമായി ഇളവ് പരിമിതപ്പെടുത്തി. അതിനാൽ, സർക്കാർ സഹായമില്ലാത്ത അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ വസ്തു നികുതി അടയ്ക്കാൻ ബാധ്യസ്ഥരായി. 2011ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതി, സർവീസ് സെസ്സ്, സർചാർജ്) ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന 2011 ജനുവരി 14 മുതൽ സർക്കാർ സഹായമില്ലാത്ത അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തണമെന്ന് 2012 ഏപ്രിലിൽ തദ്ദേശ സ്വയംഭരണ വകുപ്പ് നിർദ്ദേശിച്ചു.

2000 നവംബറിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ, മഹാത്മാഗാന്ധി സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള ഇടക്കൊച്ചിയിലെ (2420/ബി, വാർഡ് 15, ഇടക്കൊച്ചി നോർത്ത്) ആവില കോളേജ് ഓഫ് എഡ്യൂക്കേഷന്റെ കോളേജ് കെട്ടിടം വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിച്ചിരുന്നതിനാൽ, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. എന്നാൽ, കെഎം നിയമം, 1994ലെ ഭേദഗതി ചെയ്തതിനുശേഷവും, മുനിസിപ്പൽ അധികൃതർ സ്ഥാപനത്തെ നികുതി നിർണ്ണയത്തിന് വിധേയമാക്കിയില്ല, ഇതുമൂലം ഈ സ്ഥാപനം വസ്തു നികുതി അടയ്ക്കുന്നതിൽ നിന്ന് ഒഴിവായി (2025 മെയ്). കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി ചേർന്ന് ഓഡിറ്റ് സംഘം നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2025 മെയ്) കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം 3632.27 ചതുരശ്ര മീറ്റർ (തറ+രണ്ട് നിലകൾ) ആയി തിട്ടപ്പെടുത്തി.

2016-17[94] മുതൽ 2019-20 വരെയുള്ള കാലയളവിൽ കോളേജ് കെട്ടിടത്തിന് വസ്തു നികുതി ചുമത്തുന്നതിൽ യുഎൽബിയുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം ₹2.75 ലക്ഷത്തിന്റെ[95] വരുമാനനഷ്ടം ഉണ്ടായതായി ഓഡിറ്റിൽ കണ്ടെത്തി. കെഎം നിയമത്തിലെ വകുപ്പ് 282 പ്രകാരം നാല് വർഷത്തിന് മുമ്പുള്ള കാലയളവിലെ നികുതി കോർപ്പറേഷന്

---

[91] 2016-17 മുതൽ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷയുടെ വിശദാംശങ്ങൾ ലഭ്യമായതിനാൽ ആ വർഷം മുതലുള്ള നഷ്ടം കണക്കാക്കി

[92] അറ്റവാർഷിക വസ്തുനികുതി = ₹1,16,179 + അനധികൃത നിർമാണത്തിനുള്ള വസ്തുനികുതിയുടെ ഇരട്ടി തുക = ₹4,00,818 (5 ശതമാനം ലൈബ്രറി സെസും 10 ശതമാനം സേവന ചാർജ്ജും ഉൾപ്പെടെ). അതിനാൽ, ആകെ വരുമാനനഷ്ടം = ₹16,03,272 (₹4,00,818 * 4)

[93] 2020 ഏപ്രിൽ 01 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിലെ വരുമാനത്തിലെ കുറവ് = ₹12,02,454 (₹4,00,818 × 3)
2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വസ്തുനികുതി = ₹4,20,859 (2023-24 മുതൽ പ്രാബല്യത്തിൽ വന്ന വാർഷിക വസ്തുനികുതിയുടെ അഞ്ച് ശതമാനം വർധനവ്, അതായത് ₹1,21,988, കൂടാതെ അനധികൃത നിർമ്മാണത്തിനുള്ള വസ്തുനികുതിയുടെ ഇരട്ടി തുക ചേർത്ത്) = ₹4,20,859 (അഞ്ച് ശതമാനം ലൈബ്രറി സെസും 10 ശതമാനം സേവനനിരക്കും ഉൾപ്പെടെ)
അതിനാൽ, വരുമാനത്തിലെ കുറവ് = ₹16,23,313 (₹12,02,454 + ₹4,20,859)

[94] 2013 ഏപ്രിൽ 1 മുതൽ നഗരസഭകളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും പുതിയ കെട്ടിടങ്ങൾക്ക് വാർഷിക വാടകമൂല്യത്തിന് പകരം തറ വിസ്തീർണം അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിക്കുന്ന രീതി നടപ്പിലാക്കി. തുടർന്ന്, 2016 ഏപ്രിൽ 1 മുതൽ ഈ രീതി നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്കും ബാധകമാക്കി. അതിനാൽ, വരുമാന നഷ്ടം 2016 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിലുള്ള കാലയളവ് അടിസ്ഥാനമാക്കിയാണ് കണക്കാക്കിയത്

[95] വാർഷിക വസ്തുനികുതി ₹68,650. നാല് വർഷത്തെ വരുമാനനഷ്ടം = ₹2,74,600 (₹68,650 x 4)

ആവശ്യപ്പെടാൻ കഴിയില്ല. കൂടാതെ 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ ₹2.78 ലക്ഷത്തിന്റെ[96] വരുമാനം പിരിച്ചെടുക്കാക്കാനും കഴിഞ്ഞില്ല.

തങ്ങളുടെ അധികാര പരിധിയിലുള്ള വസ്തുക്കൾക്ക് സമയ ബന്ധിതമായി വസ്തുനികുതി ചുമത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ യുഎൽബികളുടെ ഭാഗത്തു നിന്നുള്ള ജാഗ്രതക്കുറവാണ് ഈ സംഭവങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഈ കെട്ടിടങ്ങളുടെ നികുതി നിർണയം നടത്താതിരുന്നത് ₹37.79 ലക്ഷത്തിന്റെ വരുമാനനഷ്ടത്തിന് ഇടയാക്കി.

ഈ ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ മറുപടിക്കായി കാത്തിരിക്കുന്നു (2026 ഫെബ്രുവരി).

## 6.2 ജിഎസ്ടി ഇനത്തിൽ കരാറുകാരന് ₹27.72 ലക്ഷം നൽകിയതു മൂലമുണ്ടായ ഒഴിവാക്കാമായിരുന്ന ചെലവ്

**ജിഎസ്ടിയിൽ നിന്ന് ഒഴിവാക്കിയ സേവനത്തിനായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിന് ജിഎസ്ടി നൽകിയതിലൂടെ ഉണ്ടായ ഒഴിവാക്കാവുന്ന ₹27.72 ലക്ഷത്തിന്റെ ചെലവ്.**

ഭരണഘടനയുടെ അനുച്ഛേദം 243ഡബ്ല്യു പ്രകാരം മുനിസിപ്പാലിറ്റികൾക്ക് നൽകുന്ന പ്യൂവർ സർവീസുകളെ[97] സംസ്ഥാന അന്തർസംസ്ഥാന ചരക്ക് സേവന നികുതിയിൽ നിന്നും കേന്ദ്ര സർക്കാർ 2017 ജൂൺ 28ലെ ധനമന്ത്രാലയ വിജ്ഞാപനം നമ്പർ 9/2017, 12/ 2017 പ്രകാരം ഒഴിവാക്കിയിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243ഡബ്ല്യു പ്രകാരം ഖരമാലിന്യ സംസ്കരണം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ഒരു ഭരണഘടനാപരമായ ചുമതലയായതിനാൽ ഈ സേവനങ്ങൾ ഇളവ് ഒഴിവാക്കിയിരിക്കുന്ന സേവനങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്.

കേരളത്തിലെ ഏഴ് സ്ഥലങ്ങളിൽ ഖരമാലിന്യത്തിൽ നിന്ന് ഊർജ്ജം ഉത്പാദിപ്പിക്കുന്ന (ഡബ്ല്യുടിഇ) പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ 2018 ജൂണിൽ അനുമതി നൽകിയിരുന്നു. ഇതിൽ കോഴിക്കോട് ജില്ലയിലെ ഞെളിയൻപറമ്പും ഉൾപ്പെട്ടിരുന്നു. ഞെളിയൻപറമ്പിൽ ഡബ്ല്യുടിഇ പ്ലാന്റിനായി നിർദ്ദേശിച്ച സ്ഥലത്ത് ഏകദേശം 1.30 ലക്ഷം ക്യൂബിക് മീറ്റർ പഴകിയ മാലിന്യം (ലെഗസി വേസ്റ്റ്) കെട്ടിക്കിടന്നതിനാൽ, ബയോ-മൈനിംഗ് ക്യാപ്പിംഗ് സംയോജിപ്പിച്ച് സ്ഥലത്തിന്റെ പുനരധിവാസം നടത്താൻ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2019 ഓഗസ്റ്റിൽ നിർദ്ദേശിച്ചു. സംസ്ഥാനത്തെ ഡബ്ല്യുടിഇ പദ്ധതികളുടെ നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെഎസ്ഐഡിസിഎൽ) ഇ-ടെൻഡർ ക്ഷണിക്കുകയും, ബംഗളൂരുവിലെ മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക് പ്രൈവറ്റ് ലിമിറ്റഡിനെ ₹7.70 കോടിയും ജിഎസ്ടിയും എന്ന നിരക്കിൽ ഞെളിയൻപറമ്പിനെ പുനരധിവസിപ്പിക്കുന്ന പ്രവൃത്തിക്കായി കണ്ടെത്തുകയും ചെയ്തു. കെഎസ്ഐഡിസിഎൽ 2019 നവംബറിൽ അംഗീകരണ കത്ത് നൽകുക, കരാർ ഒപ്പിടുക, പദ്ധതിയുടെ മേൽനോട്ടവും നിരീക്ഷണവും നടത്തുക തുടങ്ങിയ തുടർ നടപടികൾ സ്വീകരിക്കാൻ കോർപ്പറേഷനോട് നിർദ്ദേശിച്ചു. ഈ സേവനത്തിന് ജിഎസ്ടി ബാധകമല്ല എന്ന യാഥാർത്ഥ്യം നിലനിൽക്കെത്തന്നെയാണ് ജിഎസ്ടി കൂടി ഉൾപ്പെടുത്തിയുള്ള തുകയ്ക്ക് (₹7.70 കോടി+ജിഎസ്ടി) കോർപ്പറേഷൻ ടെൻഡർ അനുമതി നൽകിയത്. തുടർന്ന്, 2019 ഡിസംബർ 10-ന് പ്രസ്തുത തുകയ്ക്ക് ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കുന്നതിനായി മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക്കുമായി കരാർ ഒപ്പുവെച്ചു. 2020 ഫെബ്രുവരി 3-ന് ആരംഭിച്ച പ്രവൃത്തി കോവിഡ്-19 മഹാമാരിയും തുടർച്ചയായ

---

[96] 2020 ഏപ്രിൽ 01 മുതൽ 2023 മാർച്ച് 31 വരെയുള്ള ആകെ വരുമാന നഷ്ടം = ₹2,05,950 (₹68,650 x 3)
2023 ഏപ്രിൽ 01 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിലെ വസ്തുനികുതി = ₹72,083 (2023-24 കാലയളവിലെ വസ്തു നികുതിയുടെ അഞ്ച് ശതമാനം വർദ്ധനവ്)
വരുമാനത്തിലുണ്ടായ കുറവ് = ₹2,78,033 (₹2,05,950+₹72,083)

[97] വർക്ക്സ് കോൺട്രാക്റ്റ് സേവനങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ചരക്കുകളുടെ വിതരണം ഉൾപ്പെടുന്ന മറ്റ് കോംപൊസിറ്റ് സപ്ലൈയോ ഒഴികെ

മഴയും മൂലം 2020 മെയ് മാസത്തിൽ നിർത്തിവച്ചു. തുടർന്ന് പലതവണ കാലാവധി നീട്ടിയിട്ടും മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക്കിന് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ, കരാർ റദ്ദാക്കുന്നതിനായി നിയമപരവും സാങ്കേതികവുമായ ഉപദേശം തേടാൻ കോർപ്പറേഷൻ കൗൺസിൽ 2023 ജൂണിൽ തീരുമാനിച്ചു.

പദ്ധതിക്കായി കോർപ്പറേഷൻ ഇതിനകം ₹3.74 കോടി മെസ്സേഴ്സ് സോണ്ട ഇൻഫ്രാടെക്കിന് നൽകിയിരുന്നു[98]. ഇതിൽ ₹27.72 ലക്ഷം സംയോജിത ചരക്ക് സേവന നികുതിയും (ഐജിഎസ്ടി) ഉൾപ്പെട്ടിരുന്നു. ജിഎസ്ടി പരിധിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കപ്പെട്ടിരുന്ന ഒരു സേവനത്തിന് ഇത്തരത്തിൽ നികുതി അടച്ചതിലൂടെ, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന് ₹27.72 ലക്ഷത്തിന്റെ അനാവശ്യ സാമ്പത്തിക ബാധ്യത ഉണ്ടായതായി ഓഡിറ്റ് നിരീക്ഷിച്ചു.

ഈ ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാർ മറുപടിക്കായി കാത്തിരിക്കുന്നു (ഫെബ്രുവരി 2026).

## 6.3 കണ്ടിൻജന്റ് സ്റ്റാഫ് ക്വാർട്ടേഴ്സിലെ അനധികൃത താമസവും അനുവദനീയമല്ലാതെ വീട്ടുവാടക അലവൻസ് ആയി ക്വാർട്ടേഴ്സിൽ താമസിച്ച കണ്ടിൻജന്റ് ജീവനക്കാർക്ക് ₹1.44 കോടി നൽകിയതും

**കണ്ടിൻജന്റ് സ്റ്റാഫ് ക്വാർട്ടേഴ്സ് പരിപാലിക്കുന്നതിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തുണ്ടായ വീഴ്ച, സർക്കാർ ക്വാർട്ടേഴ്സ് അംഗീകാരമില്ലാതെ കൈവശം വയ്ക്കുന്നതിനും സ്റ്റാഫ് ക്വാർട്ടേഴ്സിൽ താമസിച്ചിരുന്ന കണ്ടിൻജന്റ് ജീവനക്കാർക്ക് അനുവദനീയമല്ലാത്ത വീട്ടുവാടക അലവൻസ് ഇനത്തിൽ ₹1.44 കോടി നൽകുന്നതിനും കാരണമായി.**

കെഎം നിയമം, 1994ലെ സെക്ഷൻ 48(5) പ്രകാരം സെക്രട്ടറിയാണ് എല്ലാ മുനിസിപ്പൽ സ്വത്തുക്കളുടെയും സൂക്ഷിപ്പുകാരൻ. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അസറ്റ് മാനേജ്മെന്റ് മാനുവലിലെ ഖണ്ഡിക 3.6ൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അനുസരിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളിൽ കൈയേറ്റമോ ദുരുപയോഗമോ ഇല്ലെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി ഉറപ്പാക്കണം. സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സ് – പുതുക്കിയ ചട്ടങ്ങൾ (2006) അനുസരിച്ച്, ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന സർക്കാർ ജീവനക്കാർ വിരമിക്കുന്ന തീയതിയിൽ ക്വാർട്ടേഴ്സ് ഒഴിയണം. ചട്ടം 15 (iii) പ്രകാരം ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ടയാൾക്ക് വീട്ടുവാടക അലവൻസ് (എച്ച്ആർഎ) നിഷേധിക്കപ്പെടും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കണ്ടിജന്റ് ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ അലോട്ട്മെന്റ് നിയന്ത്രിക്കുന്നതിന് പ്രത്യേക ചട്ടങ്ങളോ ഉത്തരവുകളോ കേരളം പുറപ്പെടുവിച്ചിട്ടില്ല.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ ഏഴ് ഹെൽത്ത് സർക്കിളുകളിലായി കണ്ടിൻജന്റ് ജീവനക്കാർക്ക്[99] അനുവദിക്കുന്നതിനായി 174 ഫാമിലി ക്വാർട്ടേഴ്സുകൾ ഉണ്ടായിരുന്നു. ക്വാർട്ടേഴ്സുകളുടെ സൂക്ഷിപ്പ് റവന്യൂ വിഭാഗത്തിനായിരുന്നു. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ, സീനിയോറിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ജീവനക്കാർക്ക് ഹെൽത്ത് വിഭാഗം ക്വാർട്ടേഴ്സുകൾ അനുവദിച്ചിരുന്നത്. 2023 ജൂൺ മുതൽ സെപ്റ്റംബർ വരെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ നടത്തിയ ഓഡിറ്റിൽ,

---

98 2020 ഫെബ്രുവരി, 2020 മെയ്, 2020 നവംബർ, 2021 ഏപ്രിൽ, 2023 ജനുവരി എന്നീ മാസങ്ങളിൽ പണം നൽകി

99 ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന താൽക്കാലിക തൊഴിലാളികളെ, 17,500–37,500 എന്ന ശമ്പള സ്കെയിലിൽ ശുചീകരണത്തൊഴിലാളികളായി സ്ഥിരം 'കണ്ടിൻജന്റ്' ജീവനക്കാരായി നിയമിച്ചു. കെഎം നിയമം 1994ലെ 224–ാം വകുപ്പ് പ്രകാരം, മുനിസിപ്പൽ സർവീസിലെ കണ്ടിൻജന്റ് തസ്തികകളിലേക്കുള്ള നിയമന അധികാരി മുനിസിപ്പൽ കൗൺസിലാണ്. കൗൺസിലിന്റെ അംഗീകാരത്തോടെ സെക്രട്ടറി വഴിയാണ് ഇവരുടെ നിയമന ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇവരുടെ ശമ്പളവും അലവൻസുകളും കേരളസർക്കാർ ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പ്രത്യേക ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് വിധേയമായാണ് നിശ്ചയിക്കുന്നത്. ഈ ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ്, പ്രത്യേക അലവൻസുകൾ, മലയോര മേഖല അലവൻസ്, യൂണിഫോം അലവൻസ് തുടങ്ങിയവയ്ക്ക് ഇവർ അർഹരാണ്

ഫാമിലി ക്വാർട്ടേഴ്സുകളുടെ അനുവദിക്കലിലും പരിപാലനത്തിലും കോർപ്പറേഷൻ അധികൃതരുടെ ഭാഗത്തുനിന്ന് ഗുരുതരമായ വീഴ്ചകൾ ഉണ്ടായതായി കണ്ടെത്തി.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം, 2012 മേയ് മാസത്തിലെ കണക്കനുസരിച്ച് കോർപ്പറേഷന്റെ ഹെൽത്ത് സർക്കിളുകളായ 2, 4, 10, 16, 17, 18, 20 എന്നിവിടങ്ങളിലെ 174 കണ്ടിൻജന്റ് ജീവനക്കാരുടെ ഫാമിലി ക്വാർട്ടേഴ്സുകളിൽ 91 എണ്ണം കണ്ടിൻജന്റ് ജീവനക്കാർ താമസിച്ചിരുന്നതും 83 എണ്ണം അനധികൃത താമസക്കാർ കൈവശം വച്ചിരുന്നതുമായിരുന്നു. ക്വാർട്ടേഴ്സുകളിലെ അനധികൃത താമസവും ക്വാർട്ടേഴ്സിനു സമീപത്തെ കോർപ്പറേഷൻ ഭൂമി കയ്യേറി വീടുകൾ നിർമ്മിച്ചതും 2012 മേയ് മാസത്തിൽ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. എന്നാൽ ഈ പ്രശ്നം ശ്രദ്ധയിൽപ്പെട്ട് 12 വർഷം കഴിഞ്ഞിട്ടും റെക്കോർഡുകൾ പരിപാലിക്കുന്നതുൾപ്പെടെ, ക്വാർട്ടേഴ്സ് നടത്തിപ്പിനായുള്ള ശരിയായ രീതിയിലുള്ള ഒരു സംവിധാനം നടപ്പിലാക്കാൻ കോർപ്പറേഷൻ അധികാരികളുടെ ഭാഗത്തു നിന്നുണ്ടായ പ്രതിബദ്ധതയില്ലായ്മ, 76 വ്യക്തികൾ അനുവദനീയമല്ലാതെ ക്വാർട്ടേഴ്സ് കൈവശം വയ്ക്കുന്നത് തുടരുന്നതിന് കാരണമായി. അനുവദനീയമല്ലാത്ത കൈവശം വയ്ക്കലിൽ നിന്നും ദുരുപയോഗത്തിൽ നിന്നും കോർപ്പറേഷന്റെ ആസ്തികൾ സംരക്ഷിക്കുന്നതിൽ കോർപ്പറേഷൻ സെക്രട്ടറിക്ക് വീഴ്ച സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു.

### ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാർക്ക് ക്രമരഹിതമായി എച്ച്ആർഎ അനുവദിച്ചത്

സർക്കാർ ക്വാർട്ടേഴ്സ് അനുവദിക്കപ്പെട്ട ജീവനക്കാർക്ക് എച്ച്ആർഎയ്ക്ക് അർഹതയില്ലെന്ന് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനെ സംബന്ധിച്ച സർക്കാർ ഉത്തരവിൽ നിബന്ധന ഉണ്ടായിട്ടും 2016 നവംബർ മുതൽ 2023 ജൂലൈ വരെയുള്ള കാലയളവിൽ 76 കണ്ടിൻജന്റ് ജീവനക്കാർക്ക് എച്ച്ആർഎ ആയി ₹1.44 കോടി അനുവദിച്ചതായി കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ പരിശോധനയിലൂടെയും കോർപ്പറേഷൻ നൽകിയ വിവരങ്ങളിലൂടെയും വെളിവായി. തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള മറ്റ് യുഎൽബികളിൽ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന കണ്ടിൻജന്റ് ജീവനക്കാർക്ക് എച്ച്ആർഎ അനുവദിക്കുന്നില്ലെന്ന വസ്തുതയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നതിന് കൗൺസിൽ അംഗീകാരം ആവശ്യമാണെന്നും കൗൺസിൽ തീരുമാനം ലഭിക്കുന്നതനുസരിച്ച് തുടർനടപടി സ്വീകരിക്കുമെന്നും കോർപ്പറേഷൻ സെക്രട്ടറി 2024 ഡിസംബറിൽ പ്രസ്താവിച്ചു. കൂടാതെ, ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന കണ്ടിൻജന്റ് ജീവനക്കാർക്ക് 2024 നവംബർ മുതൽ എച്ച്ആർഎ അനുവദിക്കുന്നത് നിർത്തിയതായും അറിയിച്ചു.

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള 174 ക്വാർട്ടേഴ്സുകളിൽ 91 എണ്ണം സ്ഥിരമായ കണ്ടിൻജന്റ് ജീവനക്കാരും 47 എണ്ണം അനധികൃത കൈവശക്കാരും 36 എണ്ണം കാഷ്വൽ അല്ലെങ്കിൽ ദിവസ വേതനക്കാരും താമസിക്കുകയാണെന്ന് സർക്കാർ പ്രസ്താവിച്ചു (2026 മാർച്ച്). അനധികൃത താമസക്കാരെ ഒഴിപ്പിക്കാനും ക്വാർട്ടേഴ്സുകൾ നിലവിലുള്ള ജീവനക്കാർക്ക് പുനർവിതരണം നടത്തുന്നതിനുമുള്ള ശ്രമങ്ങൾക്ക് തീവ്രമായ എതിർപ്പുകൾ നേരിടേണ്ടി വരികയും സ്വന്തമായി ഭൂമി കൈവശമില്ലാത്ത താമസക്കാർ മുനിസിപ്പാലിറ്റിക്കും സർക്കാരിനും ഭൂമിയുടെ പട്ടയാവകാശത്തിനായി അപേക്ഷ നൽകുകയും ചെയ്തു. കോർപ്പറേഷന്റെ ഒഴിപ്പിക്കലിനെതിരായി രണ്ടു കേസുകൾ (ഒഎസ് നമ്പർ 1043/2019 ഉം 1142/2024-ഉം) എറണാകുളം മുൻസിഫ് കോടതിയിൽ ബാക്കി നിൽക്കുകയാണ്. 2026 ജനുവരി മുതൽ പ്രാബല്യത്തോടെ ശമ്പളത്തിൽ നിന്നോ മറ്റ് ആനുകൂല്യങ്ങളിൽ നിന്നോ (പെൻഷൻകാരിൽ നിന്നും) 76 കണ്ടിൻജന്റ് ജീവനക്കാരുടെയും പെൻഷൻകാരുടെയും വീട്ടുവാടക അലവൻസ് തിരിച്ചു പിടിക്കാൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളതായും സർക്കാർ പ്രസ്താവിച്ചു.

2012-ൽ ക്വാർട്ടേഴ്സിന്റെ അനധികൃതമായ കൈവശം വയ്ക്കൽ തിരിച്ചറിഞ്ഞതുമുതൽ, റെക്കോർഡുകൾ പരിപാലിക്കുന്നതുൾപ്പെടെയുള്ള ശരിയായ രീതിയിലുള്ള ക്വാർട്ടേഴ്സ് നടത്തിപ്പ് സംവിധാനം നടപ്പിലാക്കുന്നതിൽ കോർപ്പറേഷൻ അധികാരികളുടെ ഭാഗത്തു

ണ്ടായ ഉപേക്ഷ കാരണം ഈ ദിവസം വരെയും അനധികൃതമായ കൈവശം വയ്ക്കലും അനുവദനീയമല്ലാത്ത എച്ച്ആർഎയുടെ വിതരണവും ഉണ്ടായി എന്നുള്ള സത്യം നിലനിൽക്കുന്നു.

## 6.4 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ അംഗീകാരമില്ലാത്ത സ്ഥാപനം വഴി പ്ലാൻ പ്രോജക്ടുകൾ നടപ്പിലാക്കിയത്

**ഓപ്പൺ ടെൻഡർ സമ്പ്രദായം സ്വീകരിക്കാതെ, അംഗീകാരമില്ലാത്ത 'ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെന്റ് ആൻഡ് ഡെവലപ്മെന്റ് സെന്റർ' (എച്ച്ആർഇഡിസി) മുഖേന തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്ലാൻ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പദ്ധതികളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുകയും ₹1.13 കോടിയുടെ അനാവശ്യ ചെലവിന് ഇടയാക്കുകയും ചെയ്തു.**

2013-ലെ സ്റ്റോർ പർച്ചേസ് മാനുവൽ (എസ്പിഎം) ഖണ്ഡിക 7.11 പ്രകാരം, കരാറിന്റെ പ്രതീക്ഷിത മൂല്യം ₹10 ലക്ഷമോ അതിലധികമോ ആണെങ്കിൽ ഓപ്പൺ ടെൻഡർ രീതി സ്വീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ, അഞ്ചു ലക്ഷം രൂപയ്ക്ക് മുകളിൽ ഉള്ള എല്ലാ ടെൻഡറുകൾക്കും വകുപ്പുകളിലും ബോർഡുകളിലും പബ്ലിക് സെക്ടർ സ്ഥാപനങ്ങളിലും ഇ-പ്രൊക്യൂർമെന്റ് നിർബന്ധമാക്കിക്കൊണ്ട് 2015 മെയ് മാസത്തിൽ കേരളസർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് നിർവഹിക്കാത്തതും, ഗുണഭോക്തൃ സമിതികൾ, അംഗീകൃത അസോസിയേഷനുകൾ, അക്രഡിറ്റഡ് ഏജൻസികൾ എന്നിവ വഴിയോ അല്ലെങ്കിൽ ഡെപ്പോസിറ്റ് വർക്കുകളായോ നിർവഹിക്കാത്തതുമായ എല്ലാ പ്രവൃത്തികളും ടെൻഡർ ചെയ്യണമെന്നാണ് പ്ലാൻ രൂപീകരണ മാർഗ്ഗരേഖകളിൽ[100] വ്യക്തമാക്കുന്നത്. എന്നാൽ, തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ, ഹ്യൂമൻ റിസോഴ്സ് എംപ്ലോയ്മെൻറ് ആന്റ് ഡെവലപ്മെന്റ് സെന്റർ (എച്ച്ആർഇഡിസി) എന്ന പേരിൽ ഒരു സ്ഥാപനം രൂപീകരിക്കുകയും, സ്റ്റോർ പർച്ചേസ് മാനുവൽ വ്യവസ്ഥകൾ പാലിക്കാതെ പ്ലാൻ പ്രോജക്ടുകൾ ഇവർ വഴി നടപ്പിലാക്കുകയും ചെയ്തു. ഇത് താഴെ നൽകിയിരിക്കുന്നത് പോലെ പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾക്കും അധിക ചെലവുകൾക്കും ഇടയാക്കി:

### I. സർക്കാർ അനുമതിയില്ലാതെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ഒരു സ്ഥാപനം രൂപീകരിച്ചത്

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ 1998 മുതൽ വിവിധ പ്ലാൻ പ്രോജക്ടുകളുടെ ഭാഗമായി റിപ്രോഗ്രാഫിക് സെന്റർ, കമ്പ്യൂട്ടർ പരിശീലന കേന്ദ്രം, അക്ഷയ കേന്ദ്രങ്ങൾ, ബുക്ക് ബൈൻഡിംഗ് യൂണിറ്റ്, വുമൺ ഐടി പാർക്ക് തുടങ്ങിയ വിവിധ സ്ഥാപനങ്ങൾ ആരംഭിച്ചിരുന്നു. ഈ കേന്ദ്രങ്ങൾ നിയന്ത്രിച്ചിരുന്നത് 1998-ൽ രൂപീകരിച്ച "വ്യവസായ പ്രോജക്ടുകളുടെ മാനേജ്മെന്റ് കമ്മിറ്റി" ആയിരുന്നു. എന്നാൽ 2015 ഓഗസ്റ്റിൽ മുനിസിപ്പൽ കൗൺസിൽ എച്ച്ആർഇഡിസി എന്നൊരു പുതിയ സ്ഥാപനം രൂപീകരിക്കുകയും മുകളിൽ പറഞ്ഞ എല്ലാ സ്ഥാപനങ്ങളെയും ഇതിന് കീഴിലാക്കുകയും ചെയ്തു. മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച ബൈലോ പ്രകാരം, മേയർ ചെയർപേഴ്സണായും, ഡെപ്യൂട്ടി മേയർ വൈസ് ചെയർപേഴ്സണായും, കോർപ്പറേഷൻ സെക്രട്ടറി സെക്രട്ടറിയായും, കോർപ്പറേഷനിലെ സൂപ്പർവൈസർ കേഡറിലുള്ള ഒരു ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്ററായും, ഒരു വിദഗ്ധൻ ഡയറക്ടറായും, കോർപ്പറേഷന്റെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിക്കുന്ന മറ്റ് 10 പേർ അംഗങ്ങളായുമുള്ള 15 അംഗ ഡയറക്ടർ ബോർഡാണ് എച്ച്ആർഇഡിസിയുടെ ഭരണം നിർവ്വഹിക്കുന്നത്.

എന്നാൽ, എച്ച്ആർഇഡിസി രൂപീകരിക്കുന്നതിന് മുൻപായി തിരുവനന്തപുരം കോർപ്പറേഷൻ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിരുന്നില്ല എന്ന് ഓഡിറ്റിൽ

---

[100] ജിഒ(എംഎസ്) നമ്പർ 17/2018/എൽഎസ്ജിഡി തീയതി 02/02/2018 ഖണ്ഡിക 11.2(3)(ഇ)

കണ്ടെത്തി. 2015 ഒക്ടോബറിൽ ഈ ബൈലോ കേരളസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും, സർക്കാർ ഇതിന് അനുമതി നൽകിയില്ല(2024 നവംബർ). കെഎം നിയമം, 1994ലെ സെക്ഷൻ 572(1) പ്രകാരം, സർക്കാർ അംഗീകരിച്ച് സ്ഥിരീകരിച്ചാൽ മാത്രമേ ഒരു ബൈലോ പ്രാബല്യത്തിൽ വരികയുള്ളൂ. മാത്രമല്ല, നിലവിലുള്ള യാതൊരു നിയമങ്ങൾക്കോ ചട്ടങ്ങൾക്കോ കീഴിൽ എച്ച്ആർഇഡിസി രജിസ്റ്റർ ചെയ്തിട്ടുമില്ല. അതിനാൽ, നിയമപരമായ യാതൊരു അധികാരവുമില്ലാതെയാണ് എച്ച്ആർഇഡിസി പ്രവർത്തിച്ചിരുന്നത്. എച്ച്ആർഇഡിസിക്ക് സ്വതന്ത്രമായ നിലനിൽപ്പ് ഇല്ലാതിരുന്നിട്ടും, അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും, പ്രത്യേക വാർഷിക അക്കൗണ്ടുകൾ തയ്യാറാക്കുകയും, കോർപ്പറേഷൻ ഏല്പിച്ച പ്ലാൻ ഫണ്ട് പദ്ധതികളും തനത് ഫണ്ട് പദ്ധതികളും താഴെ പറയുന്ന രീതിയിൽ നടപ്പിലാക്കുകയും ചെയ്തതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

### *ജീവനക്കാരുടെ നിയമനം*

എച്ച്ആർഇഡിസിയിൽ 42 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് ഓഡിറ്റിൽ കണ്ടെത്തി (2024 ഫെബ്രുവരി) എന്നാൽ, ഈ ജീവനക്കാരെ തെരഞ്ഞെടുത്തത് യാതൊരുവിധ പൊതു പരസ്യങ്ങളും നൽകാതെയാണ്. മാത്രമല്ല, ജീവനക്കാരുടെ നിയമനത്തിനായുള്ള യാതൊരു മാനദണ്ഡങ്ങളും ബൈലോയിൽ നിശ്ചയിച്ചിട്ടുമില്ലായിരുന്നു. എച്ച്ആർഇഡിസി ഡയറക്ടർ ഇവരെ ആദ്യം ട്രെയിനികളായി നിയമിക്കുകയും, ഒരു നിശ്ചിത കാലയളവിന് ശേഷം കൗൺസിൽ തീരുമാനം നേടിയതിനുശേഷം കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുമായിരുന്നു ചെയ്തത്. ശമ്പളക്കാരായ സ്ഥിരം ജീവനക്കാർക്ക് പുറമെ, ആവശ്യാനുസരണം പീസ് റേറ്റ്/ദിവസവേതന അടിസ്ഥാനത്തിൽ അഞ്ച് കരാർ ജീവനക്കാരും 74 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും ഇവിടെ ജോലി ചെയ്തിരുന്നു. ഇവരുടെ ശമ്പള/ വേതന ചെലവുകൾ എച്ച്ആർഇഡിസി സ്വന്തം വരുമാനത്തിൽ നിന്നാണ് കണ്ടെത്തിയത്.

### *പ്രത്യേക കണക്കുകൾ സൂക്ഷിക്കൽ*

എച്ച്ആർഇഡിസി സ്വന്തമായി പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുകയും അതിലൂടെ ലഭിക്കുന്ന വരുമാനം ഈ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും ചെയ്തു. എച്ച്ആർഇഡിസിയുടെ എല്ലാ ചെലവുകളും സെക്രട്ടറി/മേയർ എന്നിവരാണ് അംഗീകരിച്ച് നൽകിയിരുന്നത്. എച്ച്ആർഇഡിസി സ്വന്തമായി ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകൾ (ബാലൻസ് ഷീറ്റ്, റെസീപ്റ്റ് ആൻഡ് പേയ്മെന്റ് അക്കൗണ്ട്, ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട്) തയ്യാറാക്കുകയും ചാർട്ടേഡ് അക്കൗണ്ടന്റുമാരെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ബാങ്ക് അക്കൗണ്ടുകളിലെ ഇടപാടുകളോ ബാക്കി തുകയോ കോർപ്പറേഷന്റെ ഔദ്യോഗിക ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റുകളിൽ ഉൾപ്പെടുത്തിയിരുന്നില്ല.

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ എച്ച്ആർഇഡിസിയുടെ ആകെ വരുമാനത്തിന്റെ 4.66 ശതമാനം മുതൽ 28 ശതമാനം വരെ കോർപ്പറേഷന്റെ പ്ലാൻ ഫണ്ടിൽ നിന്നായിരുന്നു. ഇത് ഏകദേശം ₹0.19 കോടി മുതൽ ₹1.38 കോടി വരെയാണ് (ആകെ തുക ₹3.49 കോടി).

## II. എച്ച്ആർഇഡിസി മുഖേന പ്രോജക്ടുകൾ നടപ്പിലാക്കൽ

2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ കോർപ്പറേഷൻ തങ്ങളുടെ പ്ലാൻ പ്രോജക്ടുകളായ വൊക്കേഷണൽ സ്കിൽ ട്രെയിനിംഗ്, സ്കൂളുകളിലെ സ്കൂൾ സ്റ്റുഡന്റ് മാനേജ്മെന്റ് സിസ്റ്റം (എസ്എംഎസ്), സ്കൂളുകളിലെ കമ്പ്യൂട്ടർ മെയിന്റനൻസ് തുടങ്ങിയവ എച്ച്ആർഇഡിസിയെയാണ് ഏല്പിച്ചത്. ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്(ഡിസിഎ), ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ്, പിജിഡിസിഎ, മറ്റ് ഹ്രസ്വകാല കോഴ്സുകൾ എന്നിവ നടത്തുന്നതിനായി എച്ച്ആർഇഡിസി ഐഎച്ച്ആർഡിയുമായി കരാറിൽ ഏർപ്പെട്ടു. ഐഎച്ച്ആർഡിയിലെ അധ്യാപകരാണ് ക്ലാസുകൾ നടത്തിവന്നിരുന്നത്. ഐഎച്ച്ആർഡിയുടെ സ്ഥാപനങ്ങളിൽ ക്ലാസുകൾ

നടത്തുന്നതിനായി നിശ്ചയിച്ചിരുന്ന മൊത്തം ഫീസിൽ, ഐഎച്ച്ആർഇഡിയും എച്ച്ആർഇഡിസിയും യഥാക്രമം 60:40 എന്ന അനുപാതത്തിൽ ഫീസ് പങ്കിട്ടെടുത്തു. പരിശീലനത്തിനായി എച്ച്ആർഇഡിസി.-യുടെ സൗകര്യങ്ങൾ ഉപയോഗിച്ചതിനാൽ ഇതിൽ 40 ശതമാനം ഫീസ് എച്ച്ആർഇഡിസി കൈവശം വച്ചു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ, പ്ലാൻ ഫണ്ട് വിനിയോഗിച്ച് കോർപ്പറേഷൻ ഏൽപ്പിച്ച പരിശീലന പരിപാടികൾ നടത്തിയതിനുള്ള ഫീസിനത്തിൽ എച്ച്ആർഇഡിസി-യ്ക്ക് ₹55.53 ലക്ഷം ലഭിച്ചു. കോർപ്പറേഷന്റെ സ്വന്തം സൗകര്യങ്ങൾ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിച്ചിട്ടും, പരിശീലന ചെലവിന്റെ 40 ശതമാനം എച്ച്ആർഇഡിസിക്ക് നൽകിയത് സാമ്പത്തിക ഔചിത്യത്തിനും ധനകാര്യ മിതവ്യയ തത്വങ്ങൾക്കും വിരുദ്ധമാണെന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, കോർപ്പറേഷൻ എച്ച്ആർഇഡിസി വഴി നടപ്പിലാക്കിയ പ്ലാൻ ഫണ്ട് പ്രോജക്ടുകളായ 'സ്കൂൾ സ്റ്റുഡന്റ് മാനേജ്മെന്റ് സിസ്റ്റം(എസ്എംഎസ്), 'സ്കൂളുകളിലെ കമ്പ്യൂട്ടർ മെയിന്റനൻസ്' എന്നിവയിൽ താഴെ പറയുന്ന പ്രകാരം ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും കാര്യക്ഷമതയില്ലായ്മയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:

### III. സ്കൂൾ സ്റ്റുഡന്റ് മാനേജ്മെന്റ് സിസ്റ്റം (എസ്എംഎസ്) പ്രോജക്ട്

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ 2018-19 കാലയളവിൽ കോർപ്പറേഷൻ പരിധിയിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എൽകെജി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ₹65 ലക്ഷം അടങ്കൽ തുകയുള്ള സ്കൂൾ സ്റ്റുഡന്റ് മാനേജ്മെന്റ് സിസ്റ്റം (എസ്എംഎസ്) എന്ന പദ്ധതി രൂപീകരിച്ചു. വിദ്യാർത്ഥികൾക്ക് ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്യുക, ഐകെഎം വികസിപ്പിച്ച സോഫ്റ്റ്‌വെയർ മുഖേന വിദ്യാർത്ഥികളുടെ പഠനപ്രോഗ്രസ് രക്ഷിതാക്കൾക്ക് എസ്എംഎസ് ആയി കൈമാറുക എന്നിവ പദ്ധതിയുടെ ഭാഗമായിരുന്നു. മണക്കാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസ് പ്രിൻസിപ്പലിനെയായിരുന്നു ഈ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിരുന്നത്.

കേരളസർക്കാരിന്റെ നിർദ്ദേശാനുസരണം (2015 ഓഗസ്റ്റ്), 'സോഫ്റ്റ്‌വെയർ സജ്ജമാക്കലും എസ്എംഎസ് മുഖേന രക്ഷിതാക്കാൾക്ക് സന്ദേശങ്ങൾ അയയ്ക്കലും' എന്ന പ്രവൃത്തി കോർപ്പറേഷൻ ഐകെഎമ്മിനെ ഏൽപ്പിച്ചിരുന്നു. എന്നാൽ, റിപ്രോഗ്രാഫിക് സെന്റർ വഴി കോർപ്പറേഷന്റെ പ്രിന്റിംഗ് ജോലികൾ ഏറ്റെടുക്കാൻ സർക്കാരിൽ നിന്നും മുൻപ് ലഭിച്ച അനുമതിയുടെ (2005 മാർച്ച്) അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡുകളുടെ അച്ചടി ചുമതല കോർപ്പറേഷൻ എച്ച്ആർഇഡിസിയെ ഏൽപ്പിച്ചു.

എച്ച്ആർഇഡിസിയെ ഏൽപ്പിച്ച പ്രവൃത്തിയിൽ വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുക, ഫോട്ടോകൾ സ്കാൻ ചെയ്ത് അപ്‌ലോഡ് ചെയ്യുക, ടാഗ് സഹിതമുള്ള ഐഡന്റിറ്റി കാർഡുകൾ ഓരോന്നും ₹120 നിരക്കിൽ വിതരണം ചെയ്യുക എന്നിവ ഉൾപ്പെട്ടിരുന്നു. 2018-19 കാലയളവിൽ ഐ.ഡി. കാർഡുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട് എച്ച്ആർഇഡിസിക്ക് ₹50.02 ലക്ഷം അനുവദിച്ചു. തുടർന്ന് 2019-20[101], 2021-22, 2022-23 വർഷങ്ങളിലും പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പ് എച്ച്ആർഇഡിസിക്ക് തന്നെ നൽകിക്കൊണ്ട് കോർപ്പറേഷൻ പ്രോജക്ട് തുടർന്നു. 2021-22, 2022-23 വർഷങ്ങളിൽ നിരക്ക് ഒരു കാർഡിന് ₹80 + 18 ശതമാനം ജിഎസ്ടി ആയി കുറച്ചിരുന്നു. 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ആകെ 1,41,490 ഐഡി കാർഡുകൾ വിതരണം ചെയ്ത വകയിൽ എച്ച്ആർഇഡിസിക്ക് ₹1.65 കോടി കോർപ്പറേഷൻ നൽകി.

[101] കോവിഡ്-19 മഹാമാരിയെ തുടർന്നുള്ള സാഹചര്യത്തിൽ 2020-21 വർഷത്തിൽ ഐഡി കാർഡുകൾ വിതരണം ചെയ്തിരുന്നില്ല.

ഓഡിറ്റ് പരിശോധനയിൽ, റിപ്രോഗ്രാഫിക് സെന്ററിൽ ഐഡി കാർഡുകൾ അച്ചടിക്കുന്നതിനു പകരം, 2018-19 മുതൽ 2022-23 വരെയുള്ള കാലയളവിൽ ഈ പ്രവൃത്തി സ്വകാര്യ ഏജൻസികൾക്ക് ഔട്ട്സോഴ്സ് ചെയ്തതായി കണ്ടെത്തി. ഇതിനായി ഒരു കാർഡിന് കേവലം ₹15 മുതൽ ₹24 വരെയുള്ള വളരെ കുറഞ്ഞ നിരക്കിലാണ് എച്ച്ആർഇഡിസി കരാർ നൽകിയിരുന്നത്. എന്നാൽ, തിരുവനന്തപുരം നഗരസഭയിൽ നിന്ന് ഇതേ പ്രവൃത്തിക്കായി ഈടാക്കിയിരുന്നത് കാർഡ് ഒന്നിന് ₹80 മുതൽ ₹120 വരെയായിരുന്നു (ജിഎസ്ടി ഒഴികെ). ഓപ്പൺ ടെൻഡർ നടപടികളിലൂടെയാണ് എച്ച്ആർഇഡിസിക്ക് ഇത്രയും കുറഞ്ഞ നിരക്കുകൾ ലഭ്യമായതെന്ന് ഓഡിറ്റ് കണ്ടെത്തി. ഈ ഓഡിറ്റ് നിരീക്ഷണത്തിന് മറുപടിയായി, എച്ച്ആർഇഡിസി നൽകിയ ചെലവുകളുടെ വിശദവിവരങ്ങൾ **പട്ടിക 6.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 6.1: എച്ച്ആർഇഡിസി നൽകിയ ചെലവുകളുടെ വിഭജനം**

| വിശദാംശങ്ങൾ | വർഷം | | | |
|---|---|---|---|---|
| | 2018-19 | 2019-20 | 2021-22 | 2022-23 |
| ഒരു ഐഡി കാർഡ് അച്ചടിക്കുന്നതിനുള്ള ചെലവ് (₹) | 15 | 15 | 24 | 24 |
| ഒരു അക്കാദമിക് വർഷത്തേക്ക് ഓരോ കാർഡിനുമുള്ള പ്രതിദിന മേൽനോട്ട ചാർജ് (₹) | 15 | 15 | 0 | 0 |
| ഡാറ്റ ശേഖരണം, ഫോട്ടോ അപ്‌ലോഡിംഗ്, ഓരോ കാർഡിനുമുള്ള ഡാറ്റാ എൻട്രി ചാർജുകൾ (₹) | 20 | 20 | 20 | 20 |
| ഫോറം അച്ചടി, ഓരോ കാർഡിനുമുള്ള ഡാറ്റ ശേഖരണത്തിനും വിതരണം ചെയ്യുന്നതിനുമുള്ള ഗതാഗത ചാർജുകൾ ഓരോ ഐഡി കാർഡിനും (₹) | 29 | 29 | 7 | 7 |
| ഓരോ കാർഡിനുമുള്ള ഫിക്സിംഗ്, സോർട്ടിംഗ്, പാർക്കിംഗ് ഓരോ കാർഡിനും (₹) | 25 | 25 | 9 | 9 |
| ഓരോ കാർഡിനുമുള്ള ഭരണച്ചാർജുകളും ഓഫീസ് ചെലവുകളും ഓരോ കാർഡിനും (₹) | 16 | 16 | 20 | 20 |
| ഓരോ ഐഡി കാർഡിനുമുള്ള നിരക്ക് (₹) | 120 | 120 | 80 | 80 |
| ജിഎസ്ടി (₹) | 0 | 22 | 14 | 14 |
| എച്ച്ആർഇഡിസി അവകാശപ്പെട്ട ഓരോ ഐഡി കാർഡിനുമുള്ള മൊത്തം തുക (₹) | 120 | 142 | 94 | 94 |

*(ഉറവിടം: എച്ച്ആർഇഡിസി നൽകിയ വിശദാംശങ്ങൾ)*

ഓരോ ഐഡി കാർഡിനും ₹80 മുതൽ ₹120 വരെ ഈടാക്കിയിരുന്നതിൽ, അച്ചടിച്ച ഐ.ഡി. കാർഡിന്റെയും ടാഗിന്റെയും യഥാർഥ അച്ചടിച്ചെലവ് വെറും ₹15 മുതൽ ₹24 വരെ മാത്രമായിരുന്നുവെന്ന് കാണപ്പെട്ടു. എന്നാൽ, ദൈനംദിന നിരീക്ഷണം, ഗതാഗതം, ഫിക്സിംഗ്/സോർട്ടിംഗ്/പാക്കിംഗ് ചാർജുകൾ, ഭരണച്ചെലവുകൾ എന്നിവ ഉൾപ്പെടെയുള്ള അനുബന്ധ ചെലവ് ₹99.84 ലക്ഷം ആയിരുന്നു. ഇത് അച്ചടിച്ചെലവായ ₹30.57 ലക്ഷത്തിന്റെ ഏകദേശം മൂന്നിരട്ടിയായിരുന്നു. 2021-22, 2022-23 വർഷങ്ങളിൽ നിരീക്ഷണം, ഗതാഗതം, ഫിക്സിംഗ്/സോർട്ടിംഗ്/പാക്കിംഗ് എന്നീ ഇനങ്ങളിൽ ഈടാക്കിയ ചാർജുകളിൽ ഗണ്യമായ കുറവ് ഉണ്ടായി. എന്നാൽ മുൻവർഷങ്ങളിൽ ഇതേ ഇനങ്ങൾക്ക് ഉയർന്ന നിരക്കുകൾ ഈടാക്കിയതിനുള്ള കാരണങ്ങളോ ന്യായീകരണങ്ങളോ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഗതാഗതം, പ്രതിദിനപരിശോധന, ഫിക്സിംഗ്, സോർട്ടിംഗ്, പാക്കിംഗ് തുടങ്ങിയ ഇനങ്ങൾക്കായി ജിഎസ്ടി ഉൾപ്പെടെ ₹71.34 ലക്ഷം എച്ച്ആർഇഡിസി കോർപ്പറേഷനിൽ നിന്ന് ക്ലെയിം ചെയ്തിരുന്നു. എന്നാൽ, ഗതാഗതം, പ്രതിദിനപരിശോധന, ഫിക്സിംഗ്, സോർട്ടിംഗ്, പാക്കിംഗ് എന്നിവ എച്ച്ആർഇഡിസി നിർവഹിച്ചതായി തെളിയിക്കുന്ന രേഖകളൊന്നും ലഭ്യമായിരുന്നില്ല. കൂടാതെ, കോർപ്പറേഷനിൽ നിന്ന് ക്ലെയിം ചെയ്ത തുകയുമായി കൃത്യമായി പൊരുത്തപ്പെടുന്ന വിധത്തിൽ ഓരോ വർഷത്തെയും ഘടകാനുസൃത

ചെലവിന്റെ വിശദാംശങ്ങൾ പിന്നീട് എച്ച്ആർഇഡിസി തയ്യാറാക്കിയതായി ഓഡിറ്റ് നിരീക്ഷിച്ചു.

കൂടാതെ, ഡാറ്റാ ശേഖരണം, ഡാറ്റാ എൻട്രി, ഫോട്ടോ അപ്‌ലോഡിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഓരോ ഐഡി കാർഡിനും ₹20 വീതം എച്ച്ആർഇഡിസി ക്ലെയിം ചെയ്തിരുന്നു. എന്നാൽ, കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എജ്യുക്കേഷൻ (കൈറ്റ്) 2011ൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച സമ്പൂർണ സ്കൂൾ മാനേജ്മെന്റ് സോഫ്റ്റ്‌വെയറിൽ വിദ്യാർത്ഥികൾക്ക് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള സൗകര്യം ഉൾപ്പെടുത്തിയിരുന്നതായി ഓഡിറ്റ് കണ്ടെത്തി. കൂടാതെ, സ്റ്റാൻഡേർഡ് ഒന്ന് മുതൽ 12 വരെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും വിവരങ്ങൾ സമ്പൂർണ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നത് എല്ലാ സ്കൂളുകൾക്കും നിർബന്ധമാക്കി കേരളസർക്കാർ 2017 മെയ് മാസത്തിൽ നിർദ്ദേശം നൽകിയിരുന്നു. നിലവിലുണ്ടായിരുന്ന ഡാറ്റാബേസ് പ്രയോജനപ്പെടുത്താതെ വിവരശേഖരണവും ഡാറ്റാ എൻട്രിയും ആവർത്തിച്ചതിനാൽ ജിഎസ്ടി ഉൾപ്പെടെ ₹31.95 ലക്ഷത്തിന്റെ ഒഴിവാക്കാനാകുമായിരുന്ന അധിക ചെലവ് ഉണ്ടായി.

ടെൻഡർ നടപടിക്രമം സ്വീകരിക്കുകയും സമ്പൂർണ സോഫ്റ്റ്‌വെയറിലുള്ള ഡാറ്റ ഉപയോഗിക്കുകയും ചെയ്തിരുന്നെങ്കിൽ, കോർപ്പറേഷന് ഓരോ ഐഡി കാർഡും ₹31 മുതൽ ₹44 വരെ (അച്ചടി ചെലവ്+ഭരണച്ചെലവ്) നിരക്കിൽ അച്ചടിക്കാൻ സാധിക്കുമായിരുന്നു എന്നും, നാല് വർഷത്തെ മൊത്തം ചെലവ് ജിഎസ്ടി ഉൾപ്പെടെ ₹1.65 കോടിക്ക് പകരം ₹51.95 ലക്ഷം മാത്രമായി കുറക്കാമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിച്ചു. ഇതിന്റെ വിശദാംശങ്ങൾ **അനുബന്ധം 6.1**ൽ നൽകിയിരിക്കുന്നു.

എച്ച്ആർഇഡിസിയുടെ സെക്രട്ടറി, ചെയർപേഴ്സൺ എന്നീ സ്ഥാനങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് കോർപ്പറേഷൻ സെക്രട്ടറി, മേയർ എന്നിവർ കരാറുകാരുടെ തെരഞ്ഞെടുപ്പും ഐഡികാർഡുകളുടെ അച്ചടിയുമായി ബന്ധപ്പെട്ട ബില്ലുകളുടെ അടവും അംഗീകരിച്ചതിനാലും അച്ചടിപ്പണി എച്ച്ആർഇഡിസിയെ ഏൽപ്പിക്കുന്നതിനും യഥാർത്ഥ ചെലവിനേക്കാൾ പലമടങ്ങ് അധികമായി കണക്കാക്കിയ തുക എച്ച്ആർഇഡിസിയ്ക്ക് അനുവദിക്കുന്നതിന് അനുമതി നൽകിയതിനാലും കോർപ്പറേഷൻ സെക്രട്ടറി, മേയർ എന്നിവർ എച്ച്ആർഇഡിസി ഈടാക്കിയ അമിത നിരക്കുകളെ കുറിച്ച് ബോധവന്മാരായിരുന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ഇപ്രകാരം, ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ ഐഡി കാർഡുകളുടെ അച്ചടിപ്പണി എച്ച്ആർഇഡിസിയെ ഏൽപ്പിച്ചതിനാൽ, അച്ചടിക്കായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് ₹1.13 കോടി അധികമായി ചെലവഴിക്കേണ്ടിവന്നു.

## IV. സ്കൂളുകളിലെ കമ്പ്യൂട്ടർ പരിപാലനം

സർക്കാർ വകുപ്പുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും വാർഷിക പരിപാലന കരാറുകൾ (എഎംസി) നിയന്ത്രിക്കുന്നതിനായി കേരളസർക്കാർ 2005 ഡിസംബറിൽ നയപരമായ മാർഗ്ഗനിർദ്ദേശങ്ങൾ[102] പുറപ്പെടുവിച്ചിരുന്നു. മാർഗനിർദ്ദേശങ്ങൾ പ്രകാരം, എഎംസി ഏൽപ്പിക്കുന്ന സ്ഥാപനം കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതായിരിക്കണം. കൂടാതെ, പരിപാലനം നടത്തുന്ന ഉപകരണങ്ങളുടെ ഒറിജിനൽ ഇക്വിപ്മെന്റ് മാനുഫാക്ചറർ (ഒഇഎം) ബ്രാൻഡിന്റെ അംഗീകൃത സർവീസ് ദാതാവായിരിക്കണമെന്നും ഒഇഎം സർട്ടിഫൈഡ് എഞ്ചിനീയർമാരും ടെക്നീഷ്യൻമാരും ഉൾപ്പെടെയുള്ള സാങ്കേതിക ജീവനക്കാർ സ്ഥാപനത്തിൽ ഉണ്ടായിരിക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ 2018-19, 2019-20, 2021-22 വർഷങ്ങളിൽ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള 118 സർക്കാർ സ്കൂളുകളിലെ 1446 കമ്പ്യൂട്ടറുകളുടെ വാർഷിക പരിപാലനത്തിനായി "സ്കൂളുകളിലെ കമ്പ്യൂട്ടർ പരിപാലനം" എന്ന പദ്ധതി

---

[102] ജിഒ(പി) നമ്പർ: 26/2005/ഐറ്റിഡി തീയതി 24.12.2005-വിവരസാങ്കേതിക വകുപ്പ്

രൂപീകരിക്കുകയും പദ്ധതിക്കായി ഓരോ വർഷവും ₹25 ലക്ഷം വീതം വകയിരുത്തുകയും ചെയ്തു. പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായി തിരുവനന്തപുരം മണക്കാട് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ഗേൾസിലെ പ്രിൻസിപ്പലിനെ ആണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച്, കമ്പ്യൂട്ടറുകളുടെ പരിപാലന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിന് പ്രത്യേകമായതും യോഗ്യതയുള്ളതുമായ ജീവനക്കാർ എച്ച്ആർഇഡിസിക്ക് ഇല്ലാതിരുന്നിട്ടും, കോർപ്പറേഷൻ ഈ പ്രവൃത്തി എച്ച്ആർഇഡിസിയെ ഏൽപ്പിച്ചു. കൂടാതെ, സർക്കാർ മാർഗനിർദേശങ്ങളിൽ നിഷ്കർഷിച്ചിരുന്ന വ്യവസ്ഥകൾ ഒന്നും തന്നെ എച്ച്ആർഇഡിസി പാലിച്ചിരുന്നില്ല. മാത്രമല്ല, സംസ്ഥാന സർക്കാർ ഒരു അക്രഡിറ്റഡ് ഏജൻസി ആയി എച്ച്ആർഇഡിസിയെ അംഗീകരിച്ചിരുന്നില്ല. കൂടാതെ, പ്രവൃത്തികൾ ശരിയായ രീതിയിൽ നടപ്പാക്കാൻ കോർപ്പറേഷനും എച്ച്ആർഇഡിസിയും തമ്മിൽ യാതൊരു കരാറിലും ഏർപ്പെട്ടിട്ടിരുന്നില്ല. ആദ്യത്തെ രണ്ട് വർഷം 118 സ്കൂളുകളിലായി 1446 കംപ്യൂട്ടറുകളുടെയും മൂന്നാമത്തെ വർഷം 66 സ്കൂളുകളിലായി 869 കംപ്യൂട്ടറുകളുടെയും പരിപാലനം എഎംസിയിൽ ഉൾപ്പെട്ടിരുന്നു. പ്രസ്തുത കാലയളവിലെ എഎംസിക്കു വേണ്ടി ₹64.25 ലക്ഷം[103] കോർപ്പറേഷൻ ചെലവാക്കി.

എഎംസിയെ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നയമാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, എഎംസിക്കു കീഴിലുള്ള കംപ്യൂട്ടറുകളുടെയും ഉപകരണങ്ങളുടെയും മാസം തോറുമുള്ള പരിശോധനയും ത്രൈമാസിക പ്രിവന്റീവ് മെയിന്റനൻസും എഎംസിയുടെ ചുമതലയുള്ള സ്ഥാപനം നിർബന്ധമായും നടത്തേണ്ടതാണ്. എന്നാൽ, 118 സ്കൂളുകളിലായി എഎംസിയിൽ ഉൾപ്പെട്ട 1446 കംപ്യൂട്ടറുകളിൽ 2018-19,2019-20 വർഷങ്ങളിൽ യഥാക്രമം 32ഉം 7ഉം സ്കൂളുകൾ മാത്രമേ എച്ച്ആർഇഡിസി സന്ദർശിച്ചുള്ളൂ. ഇതുകാരണം ഗണ്യമായ എണ്ണം കമ്പ്യൂട്ടറുകൾ ശ്രദ്ധിക്കപ്പെട്ടില്ല. 2021-22-ൽ, 66 സ്കൂളുകളിൽ 22 സ്കൂളുകളിൽ മാത്രമേ എച്ച്ആർഇഡിസി എഎംസി പ്രവർത്തനങ്ങൾ നടത്തിയുള്ളൂ. അങ്ങനെ, 2018-2019, 2019-20, 2021-22 എന്നീ വർഷങ്ങളിൽ യഥാക്രമം 86, 46, 44 എണ്ണം സ്കൂളുകളിലേക്ക് ഒരു സന്ദർശനം പോലും നടത്താതെ തന്നെ എച്ച്ആർഇഡിസിക്ക് എഎംസി ചാർജ്ജുകൾ നൽകി. ഇത് പ്രവൃത്തി എച്ച്ആർഇഡിസിക്ക് ഏൽപ്പിച്ചതിനുശേഷമുള്ള കോർപ്പറേഷന്റെ നിരീക്ഷണത്തിന്റെ അഭാവം സൂചിപ്പിക്കുന്നു.

സ്കൂളുകളിലെ കമ്പ്യൂട്ടറുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ 2023 ജനുവരിയിൽ നൽകിയ മറുപടിയിൽ, എച്ച്ആർഇഡിസി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനമായതിനാൽ പദ്ധതികൾ നേരിട്ട് നിർവഹിക്കുന്നത് അനുവദനീയമാണെന്നും, അതിന് വികസന സെമിനാർ, ജില്ലാ ആസൂത്രണ സമിതി, കോ-ഓർഡിനേഷൻ കമ്മിറ്റി എന്നിവയുടെ അംഗീകാരം ലഭിച്ചിരുന്നുവെന്നും അറിയിച്ചു. കൂടാതെ, ഒരു വർഷ ദൈർഘ്യമുള്ള എൻഐഇഎൽഐടി ഹാർഡ്‌വെയർ കോഴ്സ് പഠിക്കുന്ന വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള അവസരമായും ഈ പ്രവർത്തനം എച്ച്ആർഇഡിസി വിനിയോഗിച്ചിരുന്നുവെന്ന് സർക്കാർ വ്യക്തമാക്കി. എല്ലാ സ്കൂളുകളും സന്ദർശിക്കാൻ കഴിയാതിരുന്നതിന് കാരണം, സമയ പരിമിതിയും, ചെറിയ കുട്ടികൾ കമ്പ്യൂട്ടറുകൾ പരുക്കനും അശ്രദ്ധാപൂർവവും കൈകാര്യം ചെയ്തതിനെ തുടർന്ന് ഉണ്ടായ പരാതികളുടെ അമിതമായ എണ്ണവുമാണെന്ന് സർക്കാർ വിശദീകരിച്ചു.

എച്ച്ആർഇഡിസി ഒരു സ്വതന്ത്ര സ്ഥാപനമെന്ന നിലയിൽ പ്രസ്തുത പ്രോജക്ടുകൾ നിർവഹിച്ചതിനാലും പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ കോർപ്പറേഷന് ലഭിക്കേണ്ടിയിരുന്ന പ്രയോജനങ്ങൾ യഥാവിധി കൈമാറ്റപ്പെട്ടിട്ടില്ലാത്തതിനാലും മറുപടി സ്വീകാര്യമല്ല. കൂടാതെ, എച്ച്ആർഇഡിസി ഒരു അംഗീകൃത ഏജൻസിയോ, ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രോജക്ടുകൾ ഏൽപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥാപനമോ അല്ല. മാത്രമല്ല കോഴ്സ് പൂർത്തിയാക്കാത്ത ട്രെയിനി

[103] 2018-19ൽ ₹24.91 ലക്ഷം, 2019-20ൽ ₹24.57 ലക്ഷം, 2021-22ൽ ₹14.77 ലക്ഷം

വിദ്യാർത്ഥികളെ കമ്പ്യൂട്ടർ പരിപാലന ജോലികൾക്ക് നിയോഗിച്ചതിലൂടെ സർവീസിംഗ് പ്രവർത്തനങ്ങളിൽ കാലതാമസം, കമ്പ്യൂട്ടർ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമതയിലെ കുറവ്, ഹാർഡ്‌വെയറുകളുടെ ആയുസ്സിലെ കുറവ് തുടങ്ങിയവ ഉണ്ടാകാൻ സാധ്യതയുണ്ട്.

അതിനാൽ, സർക്കാർ നിർദേശങ്ങൾ പാലിക്കുന്നതിലും എച്ച്ആർഇഡിസി മുഖേന സേവനങ്ങൾ കാര്യക്ഷമമായും യഥാവിധിയും നിർവഹിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിലും കോർപ്പറേഷൻ സെക്രട്ടറിയും നിർവഹണ ഉദ്യോഗസ്ഥനും വീഴ്ച വരുത്തിയതിന്റെ ഫലമായി, പ്രോജക്ടുകളുടെ നിർവഹണം ഉദ്ദേശിച്ച ഫലം കൈവരിക്കാതെ പോകുകയും ₹1.13 കോടിയുടെ അധിക ചെലവ് കോർപ്പറേഷന് ഉണ്ടാകുകയും ചെയ്തു.

ഈ ഖണ്ഡികയുമായി ബന്ധപ്പെട്ട സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല (2026 ഫെബ്രുവരി.

## 6.5 തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ കുടിവെള്ള പദ്ധതിയിൽ ₹71.41 ലക്ഷത്തിന്റെ നിഷ്ഫലമായ ചെലവ്

**തിരുവനന്തപുരം നഗരസഭ നടപ്പാക്കിയ കുടിവെള്ള പദ്ധതിയിൽ ആവശ്യമായ സാധ്യതാ പഠനം നടത്താതിരുന്നതും അപര്യാപ്തമായ ആസൂത്രണവും നിർവഹണത്തിലെ അലംഭാവവും മൂലം സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ കുടിവെള്ളം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാനാകാതെ, ₹71.41 ലക്ഷത്തിന്റെ പദ്ധതി ചെലവ് നിഷ്ഫലമായി.**

കുടുംബശ്രീ മിഷനുമായി സഹകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റിവേഴ്സ് ഓസ്മോസിസ് (ആർഒ) കുടിവെള്ള ഉത്പാദന പ്ലാന്റുകൾ സ്ഥാപിച്ച് കുടിവെള്ള വിതരണം വർദ്ധിപ്പിക്കുന്നതിനായി കേരളസർക്കാർ ഉത്തരവുകൾ[104] പുറപ്പെടുവിച്ചിരുന്നു. സർക്കാർ ഉത്തരവുകൾ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീയിൽ നിന്ന് അഞ്ച് അംഗങ്ങളടങ്ങുന്ന ഒരു കുടുംബശ്രീ യൂണിറ്റിനെ തിരഞ്ഞെടുക്കുകയും, ആർഒ പ്ലാന്റ് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം, ലൈസൻസ് എന്നിവ ലഭ്യമാക്കുകയും വേണം. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ് തെരഞ്ഞെടുത്ത കുടുംബശ്രീ യൂണിറ്റാണ് വഹിക്കേണ്ടത്.

ഈ വ്യവസ്ഥകൾക്ക് അനുസൃതമായി, തിരുവനന്തപുരം കോർപ്പറേഷൻ 2019-20ലെ വാർഷിക പദ്ധതിയിൽ (സ്ത്രീ ഘടക പദ്ധതി) "കോർപ്പറേഷനിലെ വനിതാ കുടുംബശ്രീ കൂട്ടായ്മകൾക്ക് തൊഴിൽ സൃഷ്ടിക്കുന്നതിനുള്ള കുടിവെള്ള പദ്ധതി" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചു. പദ്ധതിക്കായി വികസന ഫണ്ട് (ജനറൽ)-ൽ നിന്ന് ₹75 ലക്ഷം വകയിരുത്തുകയും, കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തുകയും ചെയ്തു. ബോർവെല്ലിൽ നിന്നും സമീപ പ്രദേശങ്ങളിലെ ലഭ്യമായ മറ്റ് ജലസ്രോതസ്സുകളിൽ നിന്നുമുള്ള വെള്ളം ആർഒ സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച്, ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ കുടിവെള്ളം ലഭ്യമാക്കുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. അതനുസരിച്ച്, കോർപ്പറേഷൻ നിർദ്ദേശിച്ച രണ്ട് സ്ഥലങ്ങളിൽ നിന്ന് മണ്ണന്തല വാർഡിലെ വയമ്പച്ചിറ കുളത്തിനടുത്തുള്ള സ്ഥലം കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (ഡിഎംസി) പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുത്തു. നിർവഹണ ഉദ്യോഗസ്ഥന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, ഡിഎംസി കുടുംബശ്രീ, ₹75 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും, ആ തുക 2020 മാർച്ചിൽ കോർപ്പറേഷൻ ഡിഎംസിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തു.

[104] 2017 ഒക്ടോബർ 07ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജിഒ (ആർടി) നമ്പർ 3244/2017/എൽഎസ്ജിഡിയും 2018 സെപ്റ്റംബർ 28ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ജിഒ (ആർടി) നമ്പർ 2526/2018/എൽഎസ്ജിഡിയും

നിർവഹണ ഉദ്യോഗസ്ഥനും ഡിഎംസിയും തമ്മിൽ 2020 മെയ് മാസത്തിൽ ഒരു കരാർ ഒപ്പുവച്ചു.

ഡിഎംസിയുടെ കീഴിലുള്ള കുടുംബശ്രീ യൂണിറ്റായ തിരുവനന്തപുരം പാലോട്ടുള്ള മെസ്സേഴ്സ് നന്മ യുവശ്രീ ഗ്രൂപ്പിനെ, ₹75 ലക്ഷം അടങ്കലിൽ 2020 ജൂലൈയിൽ ഈ പ്രവൃത്തി ഡിഎംസി എൽപ്പിച്ചു. 171.2 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണവും, ആർ.ഒ പ്ലാന്റ് , ലബോറട്ടറി ഉപകരണങ്ങൾ, ജനറേറ്റർ എന്നിവയുടെ സ്ഥാപനവും ₹69.57 ലക്ഷം[105] ചെലവിൽ പൂർത്തിയാക്കി. 2022 ജനുവരിയിൽ ഡിഎംസി താക്കോൽ കോർപ്പറേഷന് കൈമാറി. ഇതുകൂടാതെ, വൈദ്യുതി കണക്ഷൻ എടുക്കുന്നതിനായി ₹99,500 ഡിഎംസി ചെലവഴിക്കുകയും, ബാക്കി തുകയായ ₹4.43 ലക്ഷം 2022 ജൂലൈയിൽ കോർപ്പറേഷന് തിരികെ നൽകുകയും ചെയ്തു. തുടർന്ന്, ഭൂഗർഭജല വകുപ്പ് (ജിഡബ്ല്യുഡി) മുഖേന ₹0.84 ലക്ഷം ചെലവിൽ കോർപ്പറേഷൻ ഈ സ്ഥലത്ത് ഒരു കുഴൽക്കിണർ നിർമ്മിക്കുകയുണ്ടായി (2022 ജൂലൈ).

2024 സെപ്റ്റംബറിലും 2025 ജൂലൈയിലും നടത്തിയ സംയുക്ത ഭൗതിക പരിശോധനകളിൽ, കുടിവെള്ള ഉൽപ്പാദന പ്ലാന്റ് പ്രവർത്തനരഹിതമാണെന്നും കെട്ടിടം ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്നും ഓഡിറ്റിൽ കണ്ടെത്തി. ഇതുമായി ബന്ധപ്പെട്ട്, പദ്ധതി നടപ്പിലാക്കുന്നതിൽ തിരുവനന്തപുരം നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായ ഇനിപ്പറയുന്ന വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടു.

i. സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരു കുടുംബശ്രീ യൂണിറ്റ് തിരഞ്ഞെടുത്ത് ആർഒ പ്ലാന്റിനായുള്ള സ്ഥലം, കെട്ടിടം, ലൈസൻസ് എന്നിവ ഒരുക്കുകയും പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ് തെരഞ്ഞെടുത്ത കുടുംബശ്രീ യൂണിറ്റ് വഹിക്കുകയും വേണം. എന്നാൽ, ആർഒ പ്ലാന്റിന്റെ സ്ഥാപനം, പ്രവർത്തനം എന്നിവ ഏറ്റെടുക്കാൻ താൽപ്പര്യമുള്ള ഒരു കുടുംബശ്രീ യൂണിറ്റിനെ മുൻകൂട്ടി കണ്ടെത്താതെ, കോർപ്പറേഷൻ കുടുംബശ്രീ ഡിഎംസി മുഖേന കെട്ടിട നിർമ്മാണവും ആർഒ പ്ലാന്റിന്റെ സ്ഥാപനവുമായി മുന്നോട്ടുപോയി. പദ്ധതിയുടെ മുഴുവൻ ചെലവും കോർപ്പറേഷൻ തന്നെ വഹിക്കുകയും ചെയ്തു. തൽഫലമായി, ആർഒ പ്ലാന്റ് സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ യൂണിറ്റ് വഹിക്കേണ്ടിയിരുന്ന ₹19.76 ലക്ഷം രൂപ കോർപ്പറേഷന് അധിക ബാധ്യതയായി.

ii. പദ്ധതി ആരംഭിക്കുന്നതിന് മുമ്പ്, വാണിജ്യാടിസ്ഥാനത്തിലുള്ള ആർഒ പ്ലാന്റിനായി ആവശ്യമായ കുടിവെള്ള ലഭ്യത സംബന്ധിച്ച് കോർപ്പറേഷൻ സാധ്യതാ പഠനം നടത്തിയിരുന്നില്ല. ആർഒ പ്ലാന്റിന്റെ നിർമ്മാണത്തിന് ശേഷമാണ് ബോർവെൽ നിർമ്മാണത്തിനായി ഭൂഗർഭജല വകുപ്പിന് അപേക്ഷ സമർപ്പിച്ചത്. കുഴൽക്കിണർ നിർമ്മാണവും അതിന്റെ ജലലഭ്യതാ പരിശോധനാ റിപ്പോർട്ടുമായി ബന്ധപ്പെട്ട ഭൂഗർഭജല വകുപ്പിന്റെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും, പദ്ധതി പ്രദേശത്ത് നിർമ്മിച്ച കുഴൽക്കിണറിൽ ആർഒ പ്ലാന്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജലം ലഭിക്കുകയില്ലെന്ന് ബോധ്യപ്പെട്ടു. പദ്ധതി പ്രദേശത്ത് ഭൂഗർഭജല ഖനനം നടത്തിയ ശേഷം, ആർഒ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ കുടിവെള്ളം ലഭിക്കാനുള്ള സാധ്യത വളരെ കുറവാണെന്നും അവിടെ ഭൂഗർഭജല ഖനനത്തിനായുള്ള സംവിധാനം നിർമ്മിക്കുന്നത് പ്രായോഗികമല്ലെന്നും ഭൂഗർഭ ജലവകുപ്പ് കോർപ്പറേഷനെ അറിയിച്ചു. എന്നാൽ, ഭൂഗർഭജല ഖനന സംവിധാനത്തിനായി അനുയോജ്യമായ മറ്റ് ബദൽ സ്ഥലങ്ങളൊന്നും തന്നെ ഇതുവരെ കോർപ്പറേഷൻ കണ്ടെത്തിയില്ല (2025 ജൂൺ).

[105] സിവിൽ പ്രവൃത്തി - ₹35.93 ലക്ഷം, വൈദ്യുതികരണം - ₹11.99 ലക്ഷം, ആർഒ പ്ലാന്റ് - ₹19.76 ലക്ഷം, എസി - ₹1.89 ലക്ഷം

പ്ലാന്റിന്റെ പ്രവർത്തനം മൂന്നു വർഷത്തേക്ക് ഡിഎംസിയെ ഏൽപ്പിക്കാൻ കോർപ്പറേഷൻ കൗൺസിൽ തീരുമാനിച്ചിരുന്നെങ്കിലും (2022 ജനുവരി), ജലലഭ്യത ഇല്ലാത്തത് മൂലവും പ്ലാന്റിലേക്കു അനുയോജ്യമായ റോഡ് സൗകര്യമില്ലാത്തതിനാലും ഡിഎംസി പ്ലാന്റിന്റെ ചുമതല ഏറ്റെടുത്തില്ലെന്നു ഓഡിറ്റ് നിരീക്ഷിച്ചു.

**iii.** ഭൂഗർഭ ജലവകുപ്പ് ₹0.84 ലക്ഷം ചെലവഴിച്ച് ബോർവെൽ നിർമ്മിച്ചതുമായി ബന്ധപ്പെട്ട രേഖകൾ കോർപ്പറേഷൻ ഫയലുകളിൽ ഉണ്ടായിരുന്നുവെങ്കിലും, സംയുക്ത ഭൗതിക പരിശോധനയ്ക്കിടെ കോർപ്പറേഷൻ അധികാരികൾക്ക് ബോർവെല്ലിന്റെ സ്ഥാനം  കണ്ടെത്താൻ കഴിഞ്ഞില്ല. ജിഡബ്ല്യുഡി രേഖകളും ഭൗതിക പരിശോധനാ റിപ്പോർട്ടും പരസ്പരം വിരുദ്ധമായിരിക്കുന്നതിനാൽ, സൈറ്റിൽ ബോർവെൽ നിലവിലുണ്ടോയെന്ന് ഓഡിറ്റിന് സ്ഥിരീകരിക്കാൻ കഴിഞ്ഞില്ല. കൂടാതെ, അത് നിലവിലുണ്ടായിരുന്നാലും 30 മാസത്തിലധികമായി ഉപേക്ഷിക്കപ്പെട്ട നിലയിൽ തുടരുന്നതിനാൽ ബോർവെൽ പുനരുദ്ധാരണം ഏറെ അസാധ്യമാണ്. കൂടാതെ, കെട്ടിടത്തിൽ സ്ഥാപിച്ചിരുന്ന ആർഒ പ്ലാന്റിന്റെ ലബോറട്ടറി ഉപകരണങ്ങളും ജനറേറ്ററും പ്രവർത്തന സജ്ജമാക്കിയിരുന്നില്ല; വൈദ്യുതി കണക്ഷൻ വിച്ഛേദിക്കപ്പെട്ട നിലയിലുമായിരുന്നു.

ഇപ്രകാരം, കൃത്യമായ സാദ്ധ്യതാ പഠനം നടത്താത്തതിനാലും, ആസൂത്രണത്തിലെ പോരായ്മകൾ മൂലവും, പദ്ധതി നിർവ്വഹണത്തിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ വരുത്തിയ വീഴ്ച കാരണവും ₹71.41 ലക്ഷം ചെലവഴിച്ച് നിർമ്മിച്ച ആസ്തി പൂർണ്ണമായും നിഷ്ഫലമായിത്തീർന്നു. ആർഒ പ്ലാന്റിന്റെ പിൻവശത്തെ 2.5 സെന്റ് സ്ഥലത്ത് നടത്തിയ രണ്ട് സംയുക്ത ഭൗതിക പരിശോധനകളിലും കുഴൽക്കിണർ കണ്ടെത്താൻ കഴിയാത്തതിനാൽ, അതിന്റെ നിർമ്മാണത്തെക്കുറിച്ച് കൃത്യമായ ഉറപ്പ് നൽകാൻ ഓഡിറ്റിന് സാധ്യവുമല്ല. കൂടാതെ, കെട്ടിടത്തിന്റെയും പ്ലാന്റിന്റെയും നിർമ്മാണം പൂർത്തിയായി മൂന്ന് വർഷം കഴിഞ്ഞിട്ടും, സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ കുറഞ്ഞ ചെലവിൽ കുടിവെള്ളം ലഭ്യമാക്കുക എന്നീ പദ്ധതിയുടെ യഥാർത്ഥ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പദ്ധതി പൂർണ്ണമായി പരാജയപ്പെട്ടു.

ഈ ഖണ്ഡികയിന്മേലുള്ള സർക്കാരിന്റെ മറുപടി ലഭ്യമായിട്ടില്ല (2026 ഫെബ്രുവരി).

# അദ്ധ്യായം VII
# നഗര തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്

## ആമുഖം

എഴുപത്തിനാലാം ഭരണഘടനാ ഭേദഗതി നിയമം, 1992 (എഴുപത്തിനാലാം സിഎഎ) നഗര തദ്ദേശ സ്ഥാപനങ്ങളെ (യുഎൽബി) നഗരഭരണകൂടത്തിന്റെ മൂന്നാമത്തെ തലം ആയി അംഗീകരിക്കുകയും സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് അവയെ പ്രാപ്തമാക്കാൻ അവയ്ക്ക് പ്രത്യേകമായ പൊതുചുമതലകൾ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. എഴുപത്തിനാലാം സിഎഎയുടെ ചുവടുപിടിച്ച് പാസ്സാക്കിയ കേരളാ മുനിസിപ്പാലിറ്റി നിയമം, 1994 (കെഎം നിയമം, 1994), സംസ്ഥാനത്തെ യുഎൽബികൾക്ക് സ്വയംഭരണ സ്ഥാപനങ്ങളായി പ്രവർത്തിക്കാൻ ആവശ്യമായ അധികാരങ്ങൾ നല്കി അവരെ ശാക്തീകരിച്ചു. മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും സ്ഥാപിക്കുന്നതുവഴി ആസൂത്രിത വികസനത്തിലും തദ്ദേശഭരണത്തിലും പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുക എന്നതാണ് കെഎം നിയമം, 1994 ലക്ഷ്യമാക്കുന്നത്. ജില്ലാ കേന്ദ്രീകൃത സമീപനത്തോടെയുള്ള യുഎൽബികളുടെ പ്രവർത്തനാധിഷ്ഠിത ഓഡിറ്റ്, ഭരണഘടനയുടെ എഴുപത്തിനാലാമത് ഭേദഗതിയിലൂടെ നിയുക്തമായ ചുമതലകൾ എത്രമാത്രം ഫലപ്രദമായി ഈ സ്ഥാപനങ്ങൾ നിർവ്വഹിക്കുന്നു എന്ന് വിലയിരുത്തുന്നു.

## 7.1 നഗര തദ്ദേശ സ്ഥാപനങ്ങളിലെ കശാപ്പുശാലകളുടേയും ഇറച്ചിക്കടകളുടേയും പ്രവർത്തനം

ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243ഡബ്ല്യു, പന്ത്രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മുനിസിപ്പാലിറ്റികൾക്ക് അധികാരം നൽകുന്നു. പന്ത്രണ്ടാം പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു നിയുക്ത ചുമതലയാണ് അറവുശാലകളുടെയും തോലുറപ്പണിശാലകളുടെയും നിയന്ത്രണം. കെഎം നിയമം, 1994 പ്രകാരം, മൃഗങ്ങളെ കശാപ്പുചെയ്യുന്നതും മാംസം വിൽക്കുന്നതും നിയന്ത്രിക്കുന്നത് നഗര തദ്ദേശ സ്ഥാപനങ്ങളുടെ (യുഎൽബികൾ) ഒരു അനിവാര്യ ചുമതലയാണ്. ശുചിത്വമുള്ള മാംസം ഉൽപ്പാദിപ്പിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് ഉറപ്പാക്കുന്നതിന് എല്ലാ യുഎൽബികളും കശാപ്പുശാല സ്ഥാപിക്കേണ്ടതാണ്. കെഎം നിയമം, 1994ലെ 452 മുതൽ 455 വരെയുള്ള വകുപ്പുകളിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും പരിപാലിക്കുന്നതിലും യുഎൽബികളുടെ പങ്കും ഉത്തരവാദിത്തങ്ങളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. കശാപ്പുശാലകളുടെ പര്യാപ്തതയും കശാപ്പുശാലകളുടെ പ്രവർത്തനത്തിൽ വിവിധ ചട്ടങ്ങൾ പാലിക്കുന്നതും വിശകലനം ചെയ്യുന്നതിനാണ് 'കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം' സംബന്ധിച്ച പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് ഏറ്റെടുത്തിട്ടുള്ളത്.

### 7.1.1 ഓഡിറ്റ് ലക്ഷ്യങ്ങൾ

ഓഡിറ്റ് ലക്ഷ്യങ്ങൾ താഴെപ്പറയുന്നവ വിലയിരുത്തുക എന്നതായിരുന്നു.

- യുഎൽബികൾ അവരുടെ അധികാരപരിധിയിൽ ആവശ്യത്തിന് കശാപ്പുശാലകൾ ആസൂത്രണം ചെയ്ത് നിർമ്മിച്ചിട്ടുണ്ടോ
- മൃഗങ്ങളെ കശാപ്പുചെയ്യുന്നതും മാംസം വിൽക്കുന്നതും കശാപ്പ് മാലിന്യങ്ങൾ സംസ്കരിക്കുന്നതും നിലവിലുള്ള ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്നുണ്ടോ
- കശാപ്പുശാലകളുടെയും, ഇറച്ചിക്കടകളുടെയും ശരിയായ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാൻ യുഎൽബികളിലെ നിരീക്ഷണ സംവിധാനം പര്യാപ്തമായിരുന്നോ

### 7.1.2 ഓഡിറ്റ് മാനദണ്ഡങ്ങൾ

താഴെപ്പറയുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയിൽ നിന്നുമാണ് ഓഡിറ്റ് മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുള്ളത്:

- കേരള മുനിസിപ്പാലിറ്റി നിയമം, 1994
- കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ (കശാപ്പുശാല) ചട്ടങ്ങൾ, 2001
- ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ, 2016
- കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മുതലായവ പുറപ്പെടുവിച്ച ചട്ടങ്ങളും ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും

### 7.1.3 ഓഡിറ്റ് വ്യാപ്തിയും പ്രവർത്തനരീതിയും

2015 മാർച്ചിൽ അവസാനിച്ച വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കുറിച്ചുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിൽ, 'നഗര തദ്ദേശസ്ഥാപനങ്ങളുടെ പരിസ്ഥിതി ശുചിത്വ പരിപാലനം' എന്നതിനെക്കുറിച്ചുള്ള അനുവർത്തന ഓഡിറ്റിൽ, 'അറവുശാലകളുടെ നടത്തിപ്പും പരിപാലനത്തിലുമുള്ള വീഴ്ച' എന്നതിനെക്കുറിച്ച് ഖണ്ഡിക 3.2.2.3 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (എൽഎഫ്എസി) (2019–2021) അതിന്റെ അറുപത്തിയൊമ്പതാം റിപ്പോർട്ടിൽ കശാപ്പുശാലകളുടെ പ്രവർത്തനവും പരിപാലനവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർശനമായി പാലിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

ആലപ്പുഴ ജില്ലയിലെ നാല് മുനിസിപ്പാലിറ്റികളിലും, ഇടുക്കി ജില്ലയിലെ രണ്ട് മുനിസിപ്പാലിറ്റികളിലും 2021–22 മുതൽ 2023–24 വരെയുള്ള കാലയളവിൽ 'യുഎൽബികളിലെ കശാപ്പുശാലകളുടെയും ഇറച്ചിക്കടകളുടെയും പ്രവർത്തനം' എന്ന വിഷയത്തിൽ ഒരു പ്രവർത്തനാധിഷ്ഠിത ഓഡിറ്റ് നടത്തി.

ഓഡിറ്റ് ചെയ്ത യുഎൽബികളിൽ സൂക്ഷിച്ചിരുന്ന രേഖകളുടെ/പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, ഓഡിറ്റ് അന്വേഷണങ്ങൾ പുറപ്പെടുവിക്കൽ, സംയുക്ത ഭൗതിക പരിശോധനകൾ നടത്തൽ തുടങ്ങിയവ ഓഡിറ്റ് പ്രവർത്തനരീതിയിൽ ഉൾപ്പെടുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി), മൃഗസംരക്ഷണ ഡയറക്ടറേറ്റ്, ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ്, ഇൻഫർമേഷൻ കേരള മിഷൻ (ഐകെഎം), ശുചിത്വ മിഷൻ എന്നിവയിൽ നിന്നും വിവരങ്ങൾ ശേഖരിച്ചു.

## ഓഡിറ്റ് കണ്ടെത്തലുകൾ

### 7.1.4 സംസ്ഥാനത്തെ കശാപ്പുശാലകളുടെ സ്ഥിതി

കെഎം നിയമം, 1994ലെ സെക്ഷൻ 452 പ്രകാരം, യുഎൽബികൾ പൊതു കശാപ്പുശാലകളായി ഉപയോഗിക്കുന്നതിന് മതിയായ സ്ഥലങ്ങൾ നൽകേണ്ടതും, യുഎൽബിക്ക് അനുയോജ്യമെന്ന് തോന്നുന്ന നിരക്കിൽ വാടകയും ഫീസും ഈടാക്കേണ്ടതുമാണ്. സംസ്ഥാനം, തിരഞ്ഞെടുത്ത ജില്ലകൾ, തിരഞ്ഞെടുത്ത യുഎൽബികൾ എന്നിവയിലെ കശാപ്പുശാലകളുടെ എണ്ണം **പട്ടിക 7.1**ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.1: യുഎൽബികളിലെ കശാപ്പുശാലകളുടെ എണ്ണം**

| | സർക്കാർ | സ്വകാര്യ ഉടമസ്ഥത | ആകെ |
|---|---|---|---|
| **സംസ്ഥാനം** | 14 | 1 | 15 |
| **തിരഞ്ഞെടുത്ത ജില്ലകൾ** | | | |
| ആലപ്പുഴ | 1 | 0 | 1 |
| ഇടുക്കി | 1 | 0 | 1 |
| **തിരഞ്ഞെടുത്ത യുഎൽബികൾ** | | | |
| ആലപ്പുഴ | 0 | 0 | 0 |
| ഇടുക്കി | 1 | 0 | 1 |

*(ഉറവിടം: എൽഎസ്ജിഡി പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നൽകിയ വിവരങ്ങൾ)*

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടും കശാപ്പുശാലകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ നിർദ്ദേശിക്കുകയും (2009 സെപ്റ്റംബർ) കശാപ്പുശാലകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമുള്ള ഒരു മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും (2010 ഒക്ടോബർ), കേരളത്തിലെ 93 യുഎൽബികളിൽ 78 എണ്ണത്തിലും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനും, ശുചിത്വമുള്ള രീതിയിൽ മാംസം സംസ്കരിക്കുന്നതിനും, ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങളുള്ള കശാപ്പുശാലകൾ ഇല്ലായിരുന്നു.

### 7.1.5 കേരളാ മുനിസിപ്പാലിറ്റി കശാപ്പുശാല നിയമങ്ങൾ രൂപകൽപ്പന ചെയ്യാതിരിക്കൽ

പന്ത്രണ്ടാം ഷെഡ്യൂൾ പ്രകാരം അറവുശാലകളുടെയും തോലുറപ്പണിശാലകളുടെയും നിയന്ത്രണം ഒരു അനിവാര്യ ചുമതലയാണ്. പഞ്ചായത്ത് പ്രദേശങ്ങളിലെ കശാപ്പുശാലകളെ നിയന്ത്രിക്കുന്നതിനായി പഞ്ചായത്ത് രാജ് (കശാപ്പുശാലകളും, ഇറച്ചിക്കടകളും) നിയമങ്ങൾ, 1996 രൂപീകരിച്ചിട്ടുണ്ടെങ്കിലും, നഗരപ്രദേശങ്ങൾക്കായി കെഎം നിയമം, 1994 പ്രകാരം അനുബന്ധമായ നിയമം രൂപീകരിച്ചിട്ടില്ല. നഗരകാര്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച (2022 ഏപ്രിൽ) കരട് നിയമങ്ങൾ മൂന്ന് വർഷത്തിലേറെയായിട്ടും (2025 സെപ്റ്റംബർ) സർക്കാരിൽ തീർപ്പാക്കാതെ കിടക്കുകയാണ്.

### 7.1.6 സാമ്പത്തിക സ്ഥിതി

2021-22 മുതൽ 2023-24 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ യുഎൽബികൾ കശാപ്പുശാലകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കുന്നതിനും/ നിർമ്മാണത്തിനുമായി വകയിരുത്തിയ ഫണ്ടുകളും അവയുടെ ചെലവും **പട്ടിക 7.2**ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 7.2: സംസ്ഥാനത്തെ യുഎൽബികൾ വകയിരുത്തിയ ഫണ്ടിന്റെയും ചെലവിന്റെയും വിശദാംശങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | വകയിരുത്തിയത് | ചെലവ് |
|---|---|---|
| 2021-22 | 1.31 | 0.15 |
| 2022-23 | 2.05 | 0.68 |
| 2023-24 | 0.45 | 0.16 |
| **ആകെ** | **3.81** | **0.99** |

*(ഉറവിടം: ഐകെഎം നൽകിയ ഡാറ്റ)*

സംസ്ഥാനത്തെ കശാപ്പുശാലകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണത്തിനും/പരിപാലനത്തിനുമായി യുഎൽബികൾ വളരെ തുച്ഛമായ തുക മാത്രമേ നീക്കിവച്ചിരുന്നുള്ളൂവെന്ന് മുകളിലുള്ള ഡാറ്റ വെളിപ്പെടുത്തുന്നു.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2008 ഡിസംബറിലും 2009 ഓഗസ്റ്റിലും പുറപ്പെടുവിച്ച ഉത്തരവുകൾ പാലിച്ചുകൊണ്ട്, എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ അധികാരപരിധിയിൽ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനോ, അടുത്തുള്ള പഞ്ചായത്തുകളുമായി ചേർന്ന് പൊതുവായ കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനോ ഉള്ള സാധ്യതകൾ പരിഗണിക്കുന്നതിന് അടിയന്തര നടപടികൾ ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാർ 2009 സെപ്റ്റംബറിൽ നിർദ്ദേശിച്ചു. കൂടാതെ, 2010 ഒക്ടോബറിൽ കശാപ്പുശാലകളുടെ നിർമ്മാണത്തിനായി ശുചിത്വ മിഷൻ മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചു. എന്നിരുന്നാലും, തിരഞ്ഞെടുത്ത ഒരു യുഎൽബിയും കശാപ്പുശാലകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയോ മാംസത്തിന്റെ ആവശ്യകത വിലയിരുത്തുന്നതിനോ പ്രതിദിനം കശാപ്പ് ചെയ്യേണ്ട മൃഗങ്ങളുടെ എണ്ണം നിർണ്ണയിക്കുന്നതിനോ വേണ്ടി ഒരു സർവ്വേയോ പഠനമോ നടത്തിയിട്ടില്ല. ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ (ഡിഎഎച്ച്ഒ) നൽകിയ ഡാറ്റ പ്രകാരം, തിരഞ്ഞെടുത്ത യുഎൽബികളിൽ കശാപ്പ് ചെയ്യപ്പെട്ട മൃഗങ്ങളുടെ എണ്ണം **പട്ടിക 7.3**ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.3: തിരഞ്ഞെടുത്ത യുഎൽബികളിൽ കശാപ്പ് ചെയ്യപ്പെട്ട മൃഗങ്ങളുടെ എണ്ണം**

| വർഷം | ആലപ്പുഴ | ഇടുക്കി |
|---|---|---|
| 2021–22 | 4549 | 4412 |
| 2022–23 | 4362 | 4288 |
| 2023–24 | 5249 | 4375 |
| **ആകെ** | **14160** | **13075** |

*(ഉറവിടം : ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർ നൽകിയ ഡാറ്റ)*

ആലപ്പുഴ ജില്ലയിലെ തിരഞ്ഞെടുത്ത യുഎൽബികളിൽ 2021–2024 കാലയളവിൽ 14,160 മൃഗങ്ങളെ കശാപ്പ് ചെയ്തെങ്കിലും, ജില്ലയിലെ തിരഞ്ഞെടുത്ത ഒരു യുഎൽബിയിലും കശാപ്പുശാലകൾ ഉണ്ടായിരുന്നില്ല. ഇടുക്കി ജില്ലയിലെ കട്ടപ്പന മുനിസിപ്പാലിറ്റിയിൽ ഒരു കശാപ്പുശാല മാത്രമേ പ്രവർത്തിച്ചിരുന്നുള്ളൂ. എന്നാൽ, 2024 ഒക്ടോബറിൽ അറ്റകുറ്റപ്പണികൾക്കായി മുനിസിപ്പാലിറ്റി ഈ സൗകര്യം അടച്ചുപൂട്ടി.

അനുയോജ്യമായ ഭൂമിയുടെ ലഭ്യതക്കുറവാണ് പദ്ധതികൾ രൂപീകരിക്കാത്തതിന് കാരണമെന്ന് ആലപ്പുഴ, ചേർത്തല മുനിസിപ്പാലിറ്റികൾ പ്രസ്താവിച്ചു.

### 7.1.7 കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയുടെ പ്രവർത്തനം

കട്ടപ്പന മുനിസിപ്പാലിറ്റി 1,095 മെട്രിക് ടൺ വാർഷിക മാംസ ആവശ്യകത നിറവേറ്റുക എന്ന ലക്ഷ്യത്തോടെ അടുത്തുള്ള പഞ്ചായത്തുകളുടെയും[106] സർക്കാർ ഏജൻസികളുടെയും[107] സാമ്പത്തിക സഹായത്തോടെ, 2014ൽ ₹240.13 ലക്ഷം ചെലവിൽ പുളിയൻമലയിൽ ഒരു ആധുനിക കശാപ്പുശാല നിർമ്മിച്ചു. ശാസ്ത്രീയമായി കശാപ്പ് ചെയ്യുന്നതിനായി ₹178.66 ലക്ഷം ചെലവിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ചു. 2019 മാർച്ച് വരെ മുനിസിപ്പാലിറ്റി നേരിട്ട് നടത്തിയിരുന്ന ഈ കശാപ്പുശാല 2019–2025 കാലയളവിൽ ഒരു കരാറുകാരന് പാട്ടത്തിന്[108] നൽകി.

കശാപ്പുശാലയുടെ പ്രവർത്തനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

[106] വണ്ടൻമേട്, കാഞ്ചിയാർ ജിപികൾ

[107] പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, പഞ്ചായത്ത് ഡയറക്ടറേറ്റ്, ഇടുക്കി ജില്ലാ പഞ്ചായത്ത്, ശുചിത്വ മിഷൻ

[108] പ്രതിവർഷം ₹9.20 ലക്ഷം (2019–20), ₹11.50 ലക്ഷം (2020–21), ₹11.85 ലക്ഷം (2021–22), ₹13.03 ലക്ഷം (2022–23), ₹14.99 ലക്ഷം (2023–24) നിരക്കിൽ

- മുനിസിപ്പാലിറ്റിയിൽ വെറ്ററിനറി ഡോക്ടർ ലഭ്യമായിരുന്നെങ്കിലും, നിയമം/ചട്ടങ്ങൾ അനുശാസിക്കുന്ന കശാപ്പിന് മുൻപും പിൻപും ഉള്ള പരിശോധനകൾ നടത്തിയിരുന്നില്ല.

- യന്ത്രങ്ങളുടെ പരിപാലനത്തിനായി മുനിസിപ്പാലിറ്റി വാർഷിക പരിപാലന കരാറിൽ ഏർപ്പെട്ടിരുന്നില്ല. പരിപാലനത്തിന്റെ അഭാവം മൂലം യന്ത്രങ്ങൾ പ്രവർത്തനരഹിതമാവുകയും, അതുകാരണം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് അശാസ്ത്രീയമായ തറനിരപ്പിലുള്ള കശാപ്പിലേക്ക് നയിക്കുകയും ഉണ്ടായി.

- കെഎം നിയമം 1994ലെ സെക്ഷൻ 453 പ്രകാരം, കശാപ്പുശാലയുടെ ഉടമ കശാപ്പുശാലകൾ ശുചിത്വത്തോടെ നിലനിർത്തുന്നതിനും മാലിന്യ സംസ്കരണത്തിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതും, അല്ലാത്തപക്ഷം ലൈസൻസുകൾ റദ്ദാക്കപ്പെടേണ്ടതുമാണ്. സംയുക്ത ഭൗതിക പരിശോധനയിൽ (2024 മെയ്), കശാപ്പുശാലയും പരിസരവും വൃത്തിഹീനമാണെന്നും കേടുപാടുപറ്റിയ തറയും ചുമരുകളും, കൂട്ടിയിട്ടിരിക്കുന്ന മൃഗാവശിഷ്ടങ്ങൾ, കെട്ടിക്കിടക്കുന്ന രക്തം, അനുചിതമായ മാലിന്യ സംസ്കരണം തുടങ്ങിയവയും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മാംസത്തിന്റെ ഗുണനിലവാരത്തിലും ശുചിത്വത്തിലും വീഴ്ച വരുത്തുന്ന രീതിയിൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ കരാറുകാരൻ പരാജയപ്പെട്ടിട്ടും, കരാറുകാരനെതിരെ യുഎൽബി ഒരു ശിക്ഷാ നടപടിയും സ്വീകരിച്ചില്ല.

- ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) ലൈസൻസ് നിർബന്ധമായിരുന്നെങ്കിലും, കശാപ്പുശാലയ്ക്ക് ലൈസൻസ് ഉണ്ടായിരുന്നില്ല.

- 2001ലെ മൃഗങ്ങൾക്കെതിരായ ക്രൂരത തടയൽ (കശാപ്പുശാല) ചട്ടങ്ങളിൽ വിഭാവനം ചെയ്തിട്ടുള്ള അവശ്യ സൗകര്യങ്ങളായ സ്വീകരണ സ്ഥലം അല്ലെങ്കിൽ മൃഗങ്ങൾക്കുള്ള വിശ്രമ സ്ഥലങ്ങൾ, വെറ്ററിനറി പരിശോധന സ്ഥലം, രോഗബാധ സംശയിക്കപ്പെടുന്ന മൃഗങ്ങൾക്കായി ഐസൊലേഷൻ പെൻ മുതലായവ ഇല്ലായിരുന്നു.

**ചിത്രം 7.1**ലും **ചിത്രം 7.2**ലും കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയുടെ ചിത്രങ്ങൾ കാണിച്ചിരിക്കുന്നു.



*ചിത്രം 7.1: ഉരുമ്പെടുത്ത യന്ത്രങ്ങൾ, മൃഗശരീരത്തിൽ നിന്ന് മുറിക്കുന്ന മാംസം ഭാഗികമായി തറയിൽ സ്പർശിക്കുന്നു*



*ചിത്രം 7.2: വൃത്തിഹീനമായ ചുമരുകളും ഉപയോഗശൂന്യമായ കൺവെയർ ബെൽറ്റും*

കശാപ്പുശാലകളുടെ പ്രവർത്തനവും പരിപാലനവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന എൽഎഫ്എസിയുടെ ശിപാർശ (2021 ജനുവരി) മുനിസിപ്പാലിറ്റി പാലിച്ചിട്ടില്ലെന്ന് മുകളിൽ പറഞ്ഞ പോരായ്മകൾ വെളിപ്പെടുത്തി.

ഇത് ഓഡിറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ, കട്ടപ്പന മുനിസിപ്പാലിറ്റി അറ്റകുറ്റപ്പണികൾക്കായി കശാപ്പുശാല അടച്ചുപൂട്ടി (2024 ഒക്ടോബർ). അതിനുശേഷം, കട്ടപ്പന മുനിസിപ്പാലിറ്റിയുടെ

മാംസ ആവശ്യങ്ങൾ നിറവേറ്റുന്നത് ചക്കുപള്ളം ഗ്രാമപഞ്ചായത്തിലെ കശാപ്പുശാല വഴിയാണ്, അതിനും കെഎസ്പിസിബിയുടെ അനുമതി ഉണ്ടായിരുന്നില്ല.

### 7.1.8 പന്നികൾക്കായി പ്രത്യേക അറവുശാലയുടെ അഭാവം

കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടം, 1996ലെ ചട്ടം 4 അനുസരിച്ച്, പന്നികളെ കശാപ്പ് ചെയ്യുന്നതിന് പ്രത്യേക കശാപ്പുശാലകളോ സ്ഥലങ്ങളോ ഉണ്ടായിരിക്കണം, അവ സാധാരണ കശാപ്പുശാലകളിൽ നിന്ന് കുറഞ്ഞത് 90 മീറ്റർ അകലെയായിരിക്കണം. എന്നാൽ, ഖണ്ഡിക 7.1.5ൽ പറഞ്ഞിരിക്കുന്നതുപോലെ, മുനിസിപ്പാലിറ്റികളിൽ മൃഗങ്ങളെ കശാപ്പ് ചെയ്യുന്നത് നിയന്ത്രിക്കുന്നതിന് സർക്കാർ ഒരു നിയമവും രൂപപ്പെടുത്തിയിട്ടില്ല. ഈ നിയന്ത്രണപരമായ അപര്യാപ്തത അനധികൃത കശാപ്പും നിയമവിരുദ്ധ മാംസ വിൽപനയും ഫലപ്രദമായി തടയുന്നതിൽ മുനിസിപ്പൽ അധികാരികൾക്ക് പരിമിതികൾ സൃഷ്ടിക്കുന്നു.

ഡിഎഎച്ച്ഡ് നൽകിയ ഡാറ്റ പ്രകാരം, 2023-24-ൽ ആലപ്പുഴ[109], ഇടുക്കി[110] ജില്ലകളിലെ തിരഞ്ഞെടുത്ത നാല് യുഎൽബികളിലായി യഥാക്രമം 85 പന്നികളെയും 138 പന്നികളെയും കശാപ്പുചെയ്തിരുന്നു. എന്നാൽ, തിരഞ്ഞെടുത്ത ഒരു യുഎൽബിയിലും പന്നികൾക്കായി പ്രത്യേക കശാപ്പുശാലകൾ ലഭ്യമായിരുന്നില്ല. അനധികൃത കശാപ്പ് നടക്കുന്നുണ്ടെന്നും പന്നിയിറച്ചിയുടെ ഭക്ഷ്യയോഗ്യത വെറ്ററിനറി സർജന്മാർ ഉറപ്പാക്കിയിട്ടിരുന്നില്ലെന്നും ഇത് സൂചിപ്പിക്കുന്നു.

### 7.1.9 നിലവിലുള്ള കശാപ്പുശാലകൾ അടച്ചുപൂട്ടുന്നതും ബദൽ സ്ഥലങ്ങൾ കണ്ടെത്താത്തതും

നിലവിലുള്ള കശാപ്പുശാലകളുടെ നവീകരണത്തിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ (2010) അനുസരിച്ച്, തിരഞ്ഞെടുത്ത മൂന്ന് മുനിസിപ്പാലിറ്റികൾ കശാപ്പുശാലകളുടെ നവീകരണത്തിനായുള്ള പദ്ധതികൾ ഏറ്റെടുത്തു. ഏറ്റവും അടുത്തുള്ള താമസസ്ഥലത്ത് നിന്ന് കശാപ്പുശാലയിലേക്കു കുറഞ്ഞത് 90[111] മീറ്റർ ദൂരം നിലനിർത്തണമെന്ന മലിനീകരണ നിയന്ത്രണ ബോർഡ് പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ (2017 മാർച്ച്) യുഎൽബികൾക്ക് പാലിക്കാൻ കഴിയാത്തതിനാൽ, ആധുനികവൽക്കരണം പൂർത്തിയാക്കാനും കശാപ്പുശാലകൾ പ്രവർത്തനക്ഷമമാക്കാനും കഴിഞ്ഞില്ല. എന്നാൽ, ബദൽ സ്ഥലങ്ങൾ യുഎൽബികൾ കണ്ടെത്തിയില്ല. തുടർന്നുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നതുപോലെ, യന്ത്രങ്ങൾ നിഷ്ക്രിയമായി കിടക്കുന്നത്, കശാപ്പുശാലയെ എംസിഎഫ്/പകൽവീടാക്കി മാറ്റിയത് മുതലായവ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

---

[109] ആലപ്പുഴ ജില്ലയിലെ ആലപ്പുഴ (45), ചെങ്ങന്നൂർ (1), ചേർത്തല (39) മുനിസിപ്പാലിറ്റികളിൽ

[110] തൊടുപുഴ മുനിസിപ്പാലിറ്റി

[111] 2022 ജൂൺ 10 മുതൽ 25 മീറ്ററായി പരിഷ്കരിച്ചു

### 7.1.9.1 കശാപ്പുശാലയെ മെറ്റീരിയൽ ശേഖരണ സൗകര്യമാക്കി മാറ്റിയത്




*ചിത്രം 7.3 : ആലപ്പുഴയിൽ എംസിഎഫ് ആയി ഉപയോഗിക്കുന്ന കശാപ്പുശാല*

ആലപ്പുഴ മുനിസിപ്പാലിറ്റി 2007ൽ വാഴിച്ചേരി വാർഡിൽ 280 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു ആധുനിക കശാപ്പുശാല കെട്ടിടം നിർമ്മിച്ചു. എന്നാൽ, ഏറ്റവും അടുത്തുള്ള വാസസ്ഥലത്തു നിന്ന് കുറഞ്ഞത് 90 മീറ്റർ ദൂരം പാലിക്കാതിരുന്നതിനാലും പൊതു റോഡുകൾക്ക് സമീപമായതിനാലും പൊതുജനങ്ങളുടെ പ്രതിഷേധത്തെത്തുടർന്ന് കശാപ്പുശാല പ്രവർത്തിപ്പിക്കാൻ കഴിഞ്ഞില്ല. എന്നിരുന്നാലും, ഈ സൗകര്യം മാറ്റിസ്ഥാപിക്കാൻ മുനിസിപ്പാലിറ്റി ഒരു മുൻകൈയും എടുത്തില്ല. പിന്നീട് കെട്ടിടം അജൈവ മാലിന്യങ്ങൾക്കായുള്ള മെറ്റീരിയൽ ശേഖരണസൗകര്യമാക്കി മാറ്റി (2024 മെയ്). സംയുക്ത ഭൗതിക പരിശോധനയിൽ യന്ത്രങ്ങൾ തുരുമ്പിച്ചതായും കേടുപാടുകൾ സംഭവിച്ചതായും കണ്ടെത്തി.

### 7.1.9.2 മാവേലിക്കര മുനിസിപ്പാലിറ്റി കശാപ്പുശാലയെ പകൽവീട്ടും അങ്കണവാടിയുമായി മാറ്റിയത്

മാവേലിക്കര മുനിസിപ്പാലിറ്റി പുതിയകാവ് മാർക്കറ്റ് വാർഡിൽ ₹9.50 ലക്ഷം ചെലവിൽ 2008ൽ നിർമ്മിച്ച കശാപ്പുശാല, ₹62.30 ലക്ഷം ചെലവിൽ ആധുനിക കശാപ്പുശാലയാക്കി നവീകരിക്കാൻ തീരുമാനിച്ചു (2015 ഏപ്രിൽ). 2015 ഡിസംബറിൽ പ്രവൃത്തി ടെൻഡർ ചെയ്തെങ്കിലും, ഏറ്റവും അടുത്തുള്ള താമസസ്ഥലത്ത് നിന്ന് കുറഞ്ഞത് 90 മീറ്റർ ദൂരം എന്ന മാനദണ്ഡം കശാപ്പുശാല കെട്ടിടം പാലിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചില്ല. കശാപ്പുശാലയ്ക്ക് അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്താൻ മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചെങ്കിലും (2018 മാർച്ച്) ബദൽ സ്ഥലം കണ്ടെത്തിയില്ല. 2020 ഫെബ്രുവരിയിൽ ടി പദ്ധതി റദ്ദാക്കി. സംയുക്ത ഭൗതിക പരിശോധനയിൽ (2024 ഓഗസ്റ്റ്) കെട്ടിടത്തിൽ ഒരു 'പകൽ വീട്ടും' ഒരു 'അങ്കണവാടിയും' പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

### 7.1.9.3 ചേർത്തല മുനിസിപ്പാലിറ്റിയിൽ ₹6.93 ലക്ഷം രൂപയുടെ നിഷ്ഫല ചെലവ്

ചേർത്തല മുനിസിപ്പാലിറ്റി, സ്വകാര്യ ബസ് സ്റ്റാൻഡിന് സമീപമുള്ള (വാർഡ് 28) കശാപ്പുശാല നവീകരിക്കുന്നതിനായി ₹19.98 ലക്ഷം ചെലവിൽ ഒരു പദ്ധതി രൂപീകരിച്ചു (2006–07). ഈ പ്രവൃത്തി മെസ്സേഴ്സ് സിൽക്കിന് നൽകുകയും 2007 ജൂലൈയിൽ ഒരു കരാറിൽ ഏർപ്പെടുകയും ചെയ്തു. ഇലക്ട്രിക് ഹോയിസ്റ്റ്, ഇറ്റിപി ടാങ്ക് മുതലായവ നിർമ്മിക്കുന്നതിനായി 2009 മേയിൽ മെസ്സേഴ്സ് സിൽക്കിന് ₹6.93 ലക്ഷം നൽകി. മെസ്സേഴ്സ് സിൽക്ക് നിരക്ക് പരിഷ്കരണം ആവശ്യപ്പെടുകയും പ്രവൃത്തി പൂർത്തിയാക്കാതിരിക്കുകയും ചെയ്തതിനാൽ, മെസ്സേഴ്സ് സിൽക്കിന്റെ റിസ്കിലും ചെലവിലും (റിസ്ക് & കോസ്റ്റ്) പ്രവൃത്തി പുനർ ടെൻഡർ ചെയ്യാൻ സംസ്ഥാന സർക്കാർ മുനിസിപ്പാലിറ്റിക്ക് നിർദ്ദേശം നൽകി (2010 ഡിസംബർ). സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാൻ ഭൂമി അപര്യാപ്തമായിരുന്നതിനാലും, വാണിജ്യ സ്ഥലങ്ങൾക്ക് (ബസ് സ്റ്റാൻഡിന് സമീപം) സമീപമായതിനാലും, യുഎൽബി തുടർനടപടികളൊന്നും സ്വീകരിച്ചില്ല. ഓഡിറ്റ് നടത്തിയ സംയുക്ത ഭൗതിക പരിശോധനയിൽ (2024 സെപ്റ്റംബർ), തുരുമ്പിച്ച യന്ത്രങ്ങളോട് കൂടി കെട്ടിടം ജീർണ്ണിച്ച അവസ്ഥയിലാണെന്നും ഇതുമൂലം ₹6.93 ലക്ഷം ചെലവഴിച്ചത് നിഷ്ഫലമായെന്നും കണ്ടെത്തി.

**ചിത്രം 7.4**ലും **ചിത്രം 7.5**ലും ചേർത്തല മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയുടെ ചിത്രങ്ങൾ കാണിച്ചിരിക്കുന്നു.




*ചിത്രം 7.4: ജീർണ്ണിച്ച കെട്ടിടം*




*ചിത്രം 7.5: തുരുമ്പിച്ച യന്ത്രങ്ങൾ*

അങ്ങനെ, ആലപ്പുഴ, മാവേലിക്കര, ചേർത്തല മുനിസിപ്പാലിറ്റികളിലെ കശാപ്പുശാലകൾ പ്രവർത്തനക്ഷമമാക്കാനോ കശാപ്പുശാലകൾക്കുവേണ്ടി ബദൽ സ്ഥലങ്ങൾ കണ്ടെത്താനോ മുനിസിപ്പാലിറ്റികൾക്ക് കഴിഞ്ഞില്ല.

### 7.1.10 ₹6.52 ലക്ഷം ചെലവഴിച്ചിട്ടും പദ്ധതി ആരംഭിക്കാത്തത്

തൊടുപുഴ മുനിസിപ്പാലിറ്റി, മുനിസിപ്പൽ പ്രദേശത്ത് ഒരു കശാപ്പുശാല നിർമ്മിക്കാൻ തീരുമാനിക്കുകയും (2018 ഓഗസ്റ്റ്), മെസ്സേഴ്സ് സെന്റർ ഫോർ ഫാമിംഗ് ആൻഡ് ഫുഡ് പ്രോസസിംഗ് മുഖേന ₹5.07 കോടിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡിപിആർ) തയ്യാറാക്കുകയും ഇതിനായി ₹6.52[112] ലക്ഷം ചെലവഴിക്കുകയും ചെയ്തു. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) ധനസഹായം ആവശ്യപ്പെട്ട് മുനിസിപ്പാലിറ്റി അപേക്ഷിച്ചെങ്കിലും കിഫ്ബി ആവശ്യപ്പെട്ട നിർദ്ദിഷ്ട ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും റവന്യു സ്കെച്ചും ഹാജരാക്കാൻ മുനിസിപ്പാലിറ്റിക്ക് കഴിഞ്ഞില്ല. അതിനാൽ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ₹91.08 ലക്ഷം ചെലവിൽ ആധുനിക കശാപ്പുശാല സ്ഥാപിക്കാൻ മുനിസിപ്പാലിറ്റി തീരുമാനിക്കുകയും (2023 ഒക്ടോബർ) ഡിപിആർ തയ്യാറാക്കുന്നതിനായി താൽപര്യപത്രം ക്ഷണിക്കുകയും ചെയ്തു (2023 നവംബർ). ഡിപിആർ തയ്യാറാക്കുന്നതിനായി ഒറ്റ ടെൻഡർ മാത്രം ലഭിച്ചതിനാൽ, മുനിസിപ്പൽ കൗൺസിൽ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്യാൻ തീരുമാനിച്ചു (2024 ജനുവരി). എന്നാൽ തുടർ പുരോഗതി ഒന്നും കൈവരിക്കാനായില്ല (2025 സെപ്റ്റംബർ).

അങ്ങനെ, തൊടുപുഴ മുനിസിപ്പാലിറ്റി ഡിപിആർ തയ്യാറാക്കുന്നതിനായി ചെലവഴിച്ച ₹6.52 ലക്ഷം, മുനിസിപ്പാലിറ്റിക്ക് കശാപ്പുശാലയുടെ നിർമ്മാണം നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിനാൽ നിഷ്ഫലമായി തുടർന്നു (2025 ഒക്ടോബർ).

### 7.1.11 ഇറച്ചിക്കടകളുടെ പ്രവർത്തനം

എല്ലാ അനധികൃത മാംസ വിൽപന കേന്ദ്രങ്ങളും അടിയന്തിരമായി അടച്ചുപൂട്ടണമെന്ന് സംസ്ഥാന സർക്കാർ (2009 സെപ്റ്റംബർ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിരുന്നു. തിരഞ്ഞെടുത്ത യുഎൽബികളിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകളുടെ വിശദാംശങ്ങൾ **പട്ടിക 7.4**ൽ നൽകിയിരിക്കുന്നു.

[112] ഡിപിആർ: ₹6.02 ലക്ഷം, മണ്ണ് സർവേ: ₹37,993, ഭൂമി സർവേ: ₹9,600, പരസ്യം: ₹2,940

**പട്ടിക 7.4: തിരഞ്ഞെടുത്ത യുഎൽബികളിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾ**

| യുഎൽബിയുടെ പേര് | പ്രവർത്തിക്കുന്ന ഇറച്ചിക്കടകളുടെ എണ്ണം | | |
|---|---|---|---|
| | അംഗീകൃതം | അനധികൃതം | ആകെ |
| ആലപ്പുഴ | 31 | 0 | 31 |
| ചേർത്തല | 0 | 7 | 7 |
| മാവേലിക്കര | 0 | 2 | 2 |
| ചെങ്ങന്നൂർ | 0 | 1 | 1 |
| തൊടുപുഴ | 0 | 14 | 14 |
| കട്ടപ്പന | 4 | 0 | 4 |
| **ആകെ** | **35** | **24** | **59** |

*(ഉറവിടം: തിരഞ്ഞെടുത്ത യുഎൽബികൾ നൽകിയ വിവരങ്ങൾ)*

തിരഞ്ഞെടുത്ത യുഎൽബികളിലെ ഇറച്ചിക്കടകളുടെ പ്രവർത്തനത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് നിരീക്ഷിച്ചു:

- **പട്ടിക 7.4**ൽ കാണിച്ചിരിക്കുന്നത് പോലെ, തിരഞ്ഞെടുത്ത യുഎൽബികളിലെ 59 ഇറച്ചിക്കടകളിൽ 24 എണ്ണം അനധികൃതമായിരുന്നു. അനധികൃത ഇറച്ചിക്കടകൾക്ക് നിയമ വ്യവസ്ഥകൾ പാലിക്കാൻ നോട്ടീസുകൾ നൽകിയതല്ലാതെ, അനധികൃത ഇറച്ചിക്കടകൾ അടച്ചുപൂട്ടാൻ യുഎൽബികൾ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

ഇറച്ചിക്കടകളുടെ ചിത്രങ്ങൾ **ചിത്രം 7.6**ലും **ചിത്രം 7.7**ലും കാണിച്ചിരിക്കുന്നു.




***ചിത്രം 7.6: ചേർത്തലയിൽ വൃത്തിഹീനമായ സാഹചര്യങ്ങളിൽ ഇറച്ചിക്കടയുടെ മുൻവശത്ത് തൂക്കിയിട്ട് വിൽക്കുന്ന മാംസം***




***ചിത്രം 7.7: ചേർത്തലയിലെ ഇറച്ചിക്കടയുടെ പരിസരത്തെ വൃത്തിഹീനമായ അന്തരീക്ഷം***

- പത്തനംതിട്ട ജില്ലയിലെ ഏലത്തൂരിലെ ഒരു സ്വകാര്യ കശാപ്പുശാലയിൽ നിന്ന് പ്രതിദിനം ഏകദേശം 2,000 കിലോഗ്രാം മുതൽ 2,500 കിലോഗ്രാം വരെ മാംസം ലഭിക്കുമെന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ മുനിസിപ്പാലിറ്റി 31 ഇറച്ചിക്കടകൾക്ക് ലൈസൻസ് നൽകി. മുനിസിപ്പാലിറ്റിയിൽ നിന്ന് 60 കിലോമീറ്റർ അകലെയാണ് ഈ സ്വകാര്യ കശാപ്പുശാല. ഓഡിറ്റ് സ്വകാര്യ കശാപ്പുശാലയുടെ സംയുക്ത ഭൗതിക പരിശോധന നടത്തുകയും (2024 മെയ്) ദിവസം ഒരു കന്നുകാലിയെ മാത്രമേ അവിടെ കശാപ്പ് ചെയ്യാറുള്ളൂവെന്നും കണ്ടെത്തി. കശാപ്പുശാലയ്ക്ക് പ്രതിദിനം 2,500 കിലോഗ്രാം മാംസം എന്ന മാംസ

വിൽപനക്കാരുടെ ആവശ്യകത നിറവേറ്റാനുള്ള ശേഷി ഉണ്ടായിരുന്നില്ല. അതിനാൽ, അനധികൃത ഉറവിടങ്ങളിൽ നിന്നോ അനധികൃത കശാപ്പ് വഴിയോ ഇറച്ചിക്കടകൾ മാംസം സ്വീകരിച്ചിരുന്നുവെന്നും ലൈസൻസ് നൽകുന്നതിന് മുമ്പ് ഈ കടകളിലേക്ക് വരുന്ന മാംസത്തിന്റെ ഉറവിടം യുഎൽബി ഉറപ്പാക്കിയിട്ടില്ലെന്നും വ്യക്തമാണ്.

### 7.1.12 നിരീക്ഷണം

#### *7.1.12.1 യുഎൽബികളുടെ പരിശോധനയും ശിക്ഷാ നടപടിയും*

താഴെ വിശദീകരിച്ചിരിക്കുന്നത് പോലെ യുഎൽബികളുടെയും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിന്റെയും കെഎസ്പിസിബിയുടെയും പരിശോധനയുടെ അഭാവം ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു:

- കെഎം നിയമം, 1994ലെ സെക്ഷൻ 453 പ്രകാരം, മാലിന്യ സംസ്കരണത്തിന് ആവശ്യമായ ക്രമീകരണങ്ങളില്ലാതെയും വൃത്തിഹീനമായ രീതിയിലും കശാപ്പുശാല പ്രവർത്തിക്കുകയാണെങ്കിൽ ലൈസൻസ് റദ്ദാക്കാൻ സെക്രട്ടറിക്ക് അധികാരമുണ്ട്. കെഎം നിയമം, 1994ലെ സെക്ഷൻ 476 പ്രകാരം, വിൽക്കുന്നതോ വിൽപനയ്ക്കായി ഏതെങ്കിലും സ്ഥലത്തേക്ക് കൊണ്ടുവരുന്നതോ ആയ മൃഗം, മാംസം, മാംസഭാഗങ്ങൾ മുതലായവ പരിശോധിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. കൂടാതെ, നിയമത്തിലെ സെക്ഷൻ 477 പ്രകാരം, സെക്രട്ടറിക്കോ അദ്ദേഹം അധികാരപ്പെടുത്തിയ ഏതൊരു വ്യക്തിക്കോ എപ്പോൾ വേണമെങ്കിലും കശാപ്പുശാലകളിലും ഇറച്ചിക്കടകളിലും അറിയിപ്പ് കൂടാതെ പരിശോധന നടത്താം. ഓഡിറ്റ് കാലയളവിൽ ആലപ്പുഴ മുനിസിപ്പാലിറ്റി ഇറച്ചിക്കടകളിൽ പതിവായി പരിശോധന നടത്തിയിരുന്നെങ്കിലും, ഖണ്ഡിക 7.1.11ൽ വിശദമാക്കിയതുപോലെ അവർ വിൽപന നടത്തുന്ന മാംസത്തിന്റെ ഉറവിടത്തിന്റെ കൃത്യത യുഎൽബി ഉറപ്പാക്കിയിരുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. മാവേലിക്കര, കട്ടപ്പന മുനിസിപ്പാലിറ്റികൾ ഓഡിറ്റ് കാലയളവിൽ നാല് മുതൽ പത്ത് വരെ പരിശോധനകൾ നടത്തിയെങ്കിലും, അനധികൃത ഇറച്ചിക്കടകൾക്കെതിരെ ഫലപ്രദമായ ഒരു നടപടിയും സ്വീകരിച്ചില്ല. തൊടുപുഴ മുനിസിപ്പാലിറ്റിയുടെ അധികാരപരിധിയിൽ 14 അനധികൃത ഇറച്ചിക്കടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവർ ഒരു പരിശോധനയും ഓഡിറ്റ് കാലയളവിൽ നടത്തിയില്ല.
- കെഎം നിയമം, 1994ലെ നാലാം ഷെഡ്യൂൾ പ്രകാരം അനധികൃത കശാപ്പിന് ₹5,000 നിരക്കിൽ പിഴ ചുമത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, ആലപ്പുഴ, കട്ടപ്പന മുനിസിപ്പാലിറ്റികൾ മാത്രമാണ് പിഴ ചുമത്തിയത്.

#### *7.1.12.2 ഭക്ഷ്യസുരക്ഷാ ഓഫീസറുടെ പരിശോധനകൾ*

ഭക്ഷ്യസുരക്ഷയും മാനദണ്ഡങ്ങളും നിയമം, 2006ലെ സെക്ഷൻ 42(1) പ്രകാരം, ഭക്ഷ്യ ബിസിനസുകൾ പരിശോധിക്കുക, സാമ്പിളുകൾ ശേഖരിക്കുക, വിശകലനത്തിനായി ഭക്ഷ്യ അനലിസ്റ്റിന് അയയ്ക്കുക എന്നിവയാണ് ഭക്ഷ്യസുരക്ഷാ ഓഫീസറുടെ (എഫ്എസ്ഒ) ഉത്തരവാദിത്തം. കൂടാതെ, ഭക്ഷ്യസുരക്ഷയും മാനദണ്ഡങ്ങളും ചട്ടം, 2011ലെ ചട്ടം 4(iii) പ്രകാരം ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, കൈകാര്യം ചെയ്യൽ, പാർക്കിംഗ്, വിൽപന എന്നിവയ്ക്കായി ലൈസൻസ് നേടിയിട്ടുള്ള എല്ലാ ഭക്ഷ്യസ്ഥാപനങ്ങളിലും നിരന്തരമായി പരിശോധന നടത്തുകയും ലൈസൻസിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടത് ഭക്ഷ്യ സുരക്ഷാ ഓഫീസറുടെ ചുമതലയാണ്. എന്നാൽ, ഉൽപ്പാദിപ്പിക്കുന്നതോ വിൽക്കുന്നതോ ആയ മാംസത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കശാപ്പുശാലകളിലോ ഇറച്ചിക്കടകളിലോ പതിവ് പരിശോധനകൾ നടത്തിയിരുന്നില്ലെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. പ്രത്യേക ഡ്രൈവുകൾ, പരാതികൾ ലഭിക്കുമ്പോൾ അല്ലെങ്കിൽ പ്രത്യേക അവസരങ്ങളിൽ മാത്രമായി പരിശോധനകൾ പരിമിതപ്പെടുത്തി.

ജീവനക്കാരുടെ കടുത്ത ക്ഷാമം കാരണം സംസ്ഥാനത്തുടനീളമുള്ള കശാപ്പുശാലകളിലും ഇറച്ചിക്കടകളിലും പതിവായി പരിശോധന നടത്തുന്നത് പ്രായോഗികമല്ലെന്ന് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ (2025 ജൂൺ) വ്യക്തമാക്കി. എന്നാൽ, ഇടുക്കിയിലെ കശാപ്പുശാലയിൽ വൃത്തിഹീനവും തറയിലുള്ള കശാപ്പും, ഇടുക്കിയിലും ആലപ്പുഴയിലും പ്രവർത്തിക്കുന്ന ഇറച്ചിക്കടകളിൽ അനധികൃതമായ കശാപ്പും ഓഡിറ്റ് കണ്ടെത്തിയതിനാൽ മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ, 2021-2024 കാലയളവിൽ ഇടുക്കി, ആലപ്പുഴ ജില്ലകളിലെ തിരഞ്ഞെടുത്ത യുഎൽബികളിൽ ഒരു കശാപ്പുശാലയും 59 ഇറച്ചിക്കടകളും പ്രവർത്തിച്ചിരുന്നെങ്കിലും എഫ്എസ്ഒ യഥാക്രമം ഒന്നും 21 ഉം പരിശോധനകൾ മാത്രമേ നടത്തിയിട്ടുള്ളൂ, ഇത് സൂചിപ്പിക്കുന്നത് വർഷത്തിൽ ഒരു പരിശോധന പോലും കശാപ്പുശാലകളിലും ഇറച്ചിക്കടകളിലും എഫ്എസ്ഒ നടത്തിയിരുന്നില്ല എന്നാണ്.

### 7.1.12.3 മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരീക്ഷണത്തിന്റെ അഭാവം

വായു, ജല മലിനീകരണം സംബന്ധിച്ച പ്രസക്തമായ നിയമങ്ങൾ പാലിക്കുന്നത് നിരീക്ഷിക്കാനുള്ള ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുള്ള മുഖ്യ ഏജൻസിയാണ് കെഎസ്പിസിബി. കെഎസ്പിസിബി പുറപ്പെടുവിച്ച സർക്കുലർ[113] (2017 ഒക്ടോബർ) പ്രകാരം, റെഡ് കാറ്റഗറി വ്യവസായങ്ങൾ ആറ് മാസത്തിലൊരിക്കലും ഓറഞ്ച് കാറ്റഗറി വ്യവസായങ്ങൾ വർഷത്തിലൊരിക്കലും പരിശോധിക്കണം. 2021-2024 കാലയളവിൽ കെഎസ്പിസിബി കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയിൽ ഒരു പരിശോധന (ഫെബ്രുവരി 2024) മാത്രമേ നടത്തിയിട്ടുള്ളൂവെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാല വിവിധ ചട്ടങ്ങൾ ലംഘിച്ച് വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് പ്രവർത്തിച്ചിരുന്നതെങ്കിലും, പതിവ് പരിശോധനകളുടെ അഭാവത്തിൽ, ഓഡിറ്റ് കാലയളവിൽ കെഎസ്പിസിബി ഒരു നോട്ടീസും നൽകുകയോ പിഴ ചുമത്തുകയോ ചെയ്തിട്ടില്ല.

കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയിൽ 2024 ഫെബ്രുവരിയിൽ കെഎസ്പിസിബി പരിശോധന നടത്തിയ ശേഷം, കെഎസ്പിസിബി 2028 ഡിസംബർ 31 വരെ സമ്മതപത്രത്തിന്റെ സാധുത പുതുക്കി നൽകിയതായി (2024 ജൂൺ) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. സംയുക്ത ഭൗതിക പരിശോധനയിൽ (2024 മെയ്) ഖണ്ഡിക 7.1.7ൽ വിശദമാക്കിയതുപോലെ, പ്രവർത്തനരഹിതമായ യന്ത്രങ്ങൾ, അശാസ്ത്രീയമായി തറനിരപ്പിലെ കശാപ്പ്, വൃത്തിഹീനമായ പരിസരം, അശാസ്ത്രീയമായ മാലിന്യ സംസ്കരണം തുടങ്ങിയ വീഴ്ചകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഓഡിറ്റ് ഇത് ചൂണ്ടിക്കാണിച്ചപ്പോൾ, അറ്റകുറ്റപ്പണികൾക്കായി കട്ടപ്പന മുനിസിപ്പാലിറ്റി കശാപ്പുശാല അടച്ചു (2024 ഒക്ടോബർ). അതിനാൽ, സമ്മതപത്രം പുതുക്കിയപ്പോൾ, മുകളിൽ പറഞ്ഞ പോരായ്മകൾ കെഎസ്പിസിബി അവഗണിച്ചുവെന്ന് വ്യക്തമാണ്.

### 7.1.13 ഉപസംഹാരം

സംസ്ഥാന സർക്കാർ യുഎൽബികളോട് കശാപ്പുശാലകൾ സ്ഥാപിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും, 93 യുഎൽബികളിൽ 78 എണ്ണത്തിനും അവയുടെ അധികാരപരിധിയിൽ അംഗീകൃത കശാപ്പുശാലകളില്ലായിരുന്നു. നിയമങ്ങളിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിട്ടുള്ള നിർബന്ധിത വെറ്ററിനറി പരിശോധനകൾ നടത്തിയിരുന്നില്ല, കൂടാതെ കട്ടപ്പന മുനിസിപ്പാലിറ്റിയിലെ കശാപ്പുശാലയിൽ മാലിന്യ സംസ്കരണ സൗകര്യങ്ങൾ പോലുള്ള അവശ്യ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. ആലപ്പുഴ, മാവേലിക്കര, ചേർത്തല മുനിസിപ്പാലിറ്റികൾ കശാപ്പുശാലകളുടെ നവീകരണത്തിനായി പദ്ധതികൾ രൂപീകരിച്ചെങ്കിലും സ്ഥലങ്ങൾ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ ഉപേക്ഷിച്ചു. എന്നാൽ പ്രസ്തുത നിയമങ്ങൾക്കനുസൃതമായി അനുയോജ്യമായ സ്ഥലം യുഎൽബികൾ കണ്ടെത്തിയില്ല. കൂടാതെ, നാല് യുഎൽബികളിലായി പ്രവർത്തിക്കുന്ന 24 അനധികൃത ഇറച്ചിക്കടകൾ

[113] കെഎസ്പിസിബി സർക്കുലർ പി.സി.ബി/എച്ച്.ഒ/സർക്കുലർ-01/03/2017/സി തീയതി 2017 ഒക്ടോബർ 10

അടച്ചുപൂട്ടാൻ ഫലപ്രദമായ നടപടികളൊന്നും സ്വീകരിച്ചില്ല. വിൽപനക്കാർ മാംസം ശേഖരിച്ച ഉറവിടം ഉറപ്പാക്കാതെ ആലപ്പുഴ മുനിസിപ്പാലിറ്റി ഇറച്ചിക്കടകൾക്ക് ലൈസൻസ് നൽകിയതായി ഓഡിറ്റ് കണ്ടെത്തി.

### 7.1.14 ശിപാർശകൾ

